Unfinished കമ്മിറ്റി റിപ്പോർട്ടിനെ സംബന്ധിച്ച് സ്പെസിഫിക്കായിട്ട് റൂളിൽ പറയുന്നുണ്ട്. പക്ഷേ പരമാവധി ചെയ്യാവുന്ന കാര്യങ്ങൾ ചെയ്യേണ്ടതുമാണ്. അത് ചെയർ കാണാതിരിക്കുന്നില്ല. ചട്ടപ്രകാരം അതിനുള്ള പ്രൊവിഷനുണ്ട്. ഒന്നും നഷ്ടപ്പെട്ടു പോകുന്നില്ല, ഇത് തുടർച്ചയായിട്ട് തന്നെ പോകുന്നതാണ്. കാലാവധി തീർന്നാൽപോലും പുതിയ കമ്മിറ്റിയിലേയ്ക്ക് പാസ് ഓൺ ചെയ്യും. റിപ്പോർട്ടുകൾ മാത്രമല്ല പറയുന്നത്. Unfinished ആയിട്ടുള്ള കാര്യങ്ങൾ, എവിഡൻസ് എടുക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പുതിയ കമ്മിറ്റിയിലേക്ക് ഹാന്റ് ഓവർ ചെയ്യണമെന്ന് സ്പെസിഫിക്കായിട്ട് റൂൾസിൽ പറയുന്നുണ്ട്. അത് നഷ്ടപ്പെടുന്നതല്ല എന്നുള്ള കാര്യം ചെയർ ഓർമ്മിപ്പിക്കുകയാണ്.

X ധനകാര്യം

വോട്ട് ഓൺ അക്കൗണ്ട് ചർച്ചയും വോട്ടെടുപ്പും

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, "ഈ ഉപക്ഷേപത്തോടനുബന്ധിച്ചുള്ള പട്ടികയിലെ മൂന്നാം കോളത്തിൽ യഥാക്രമം കാണിച്ചിരിക്കുന്ന സംഖ്യകളിൽ കവിയാത്ത തുകകൾ പ്രസ്തുത പട്ടികയിലെ രണ്ടാം കോളത്തിൽ ചേർത്തിട്ടുള്ള അനുയോജ്യമായ ഡിമാന്റ് ഹെഡ്ഡുകൾ അനുസരിച്ച് 2001-2002 സാമ്പത്തിക വർഷത്തിന്റെ ആദ്യത്തെ നാല് മാസത്തേക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിന് വേണ്ടിയോ ചെലവ് ചെയ്യുന്നതിലേയ്ക്കോ ആയി ഗവർണ്ണർക്ക് നൽകണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു."

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

ഉപക്ഷേപത്തിനുള്ള ഭേദഗതികൾ

ധനാഭ്യർത്ഥന നമ്പർ VII

(48) ശ്രീ. പി. കെ. കെ. ബാവ : മുദ്രപത്രങ്ങളും രജിസ്ട്രേഷനും എന്ന VII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 12,67,45,000 ഉറുപ്പികയിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

ധനാഭ്യർത്ഥന നമ്പർ XLII

(351) ശ്രീ. പി. ജെ. ജോയി : വിനോദസഞ്ചാരം എന്ന XLII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 19,13,73,000 ക. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷവേദിയിൽ ശ്രീ. എളമരം കരീം]

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, വോട്ട് ഓൺ അക്കൗണ്ട്സിന് അനുകൂലമായിട്ടുള്ള ഒരു നിലപാടെടുക്കാൻ ബുദ്ധിമുട്ടുണ്ട്. എന്റെ കൈയിൽ ഒരു പുസ്തകമുണ്ട്. "കേരളം ഐശ്വര്യത്തിന്റെ പാതയിൽ" ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഇ.കെ. നായനാർ അച്ചടിച്ചിറക്കിയതാണ്. .....ബഹളം ..... ആ 50 കോടി രൂപ ഗവൺമെന്റിന്റെ ഔദാര്യവുമൊന്നുമല്ല. അത് പ്രതിബദ്ധതയുള്ള ഒരു ജനപ്രതിനിധിയുടെ കഠിനാദ്ധ്വാനത്തിന്റെ ഫലമാണ്. അതുവച്ച് ആരും മുതലെടുക്കണ്ട. അത് വേറെ കാര്യം. അത് പറഞ്ഞ് എന്റെ സമയം കളയാൻ നോക്കണ്ട. ഈ 'ഐശ്വര്യത്തിന്റെ പാതയിൽ' മുഖ്യമന്ത്രി ഒട്ടേറെ വീരവാദങ്ങളൊക്കെ മുഴക്കുന്നുണ്ട്. പ്രമുഖമായിട്ടുള്ള ഒന്ന് വോട്ട് ഓൺ അക്കൗണ്ടുമായി ബന്ധപ്പെടുത്തുക തന്നെയാണ്. ഒറ്റ ദിവസം പോലും ട്രഷറി പൂട്ടാതെ നോക്കി. പണ്ട് ഒരു പാവത്താന്റെ പെട്ടി കള്ളൻ കട്ടുകൊണ്ടുപോയി. അരയിലൊക്കെ തപ്പി നോക്കി, താക്കോൽ അവിടെ ഉണ്ടെന്ന് ഉറപ്പിച്ചിട്ട് മണ്ടൻ പറഞ്ഞു. പെട്ടി കൊണ്ടുപോയിയെങ്കിൽ പൊയ്ക്കോട്ടെ, താക്കോൽ എന്റെ കൈയ്യിലുണ്ടല്ലോ എന്ന് പറഞ്ഞതുപോലെയാണ്. ലണ്ടനിലൊക്കെ പോയി വരുന്ന മണ്ടന്മാരൊക്കെയാണ് ഈ വിഭാഗത്തിൽപ്പെടുന്നത്. ട്രഷറി മുഖ്യമന്ത്രി ഭദ്രമായിട്ട് സൂക്ഷിച്ചുവച്ചിരിക്കുകയാണ്: അവിടെ ആരും കയറി അശുദ്ധമാക്കണ്ട. പണം കിട്ടേണ്ടവർ അത് കിട്ടാത്തതിന്റെ പേരിൽ ആത്മഹത്യ ചെയ്താൽ അവിടെ കുടുംബത്തിന് ആളില്ലാതെ പോയി, നാട് ഭരിച്ച് മുടിക്കുന്നവർക്ക് ഒരു പോറൽ പോലും ഇല്ല. പട്ടാളക്കാരന്റെ വിധവയ്ക്കുപോലും കൊടുത്തത് വണ്ടിച്ചെക്കാണ്. ട്രഷറി ബിൽ പാസ്സാക്കിക്കൊടുക്കാൻ പ്രത്യേക ഉത്തരവുണ്ടാക്കാനായിട്ട് ഇവിടെ ഇപ്പോൾ എജന്റുമാർ ഉണ്ട്. അങ്ങനെ ഒരു പുതിയ തൊഴിലാളി വർഗ്ഗം ഉയർത്തെഴുന്നേറ്റിരിക്കുകയാണ്. മുഖ്യമന്ത്രിയുടെ ഭാഷയിൽ അദ്ദേഹം നയിക്കുന്ന എല്ലാപേരും തുറന്ന പുസ്തകങ്ങളാണ്. ആർക്കും ഒന്നും വായിക്കാതിരിക്കാൻ പറ്റില്ല. തുറന്ന പുസ്തകങ്ങൾ.

12.00 Noon] 10 സി.പി.എം. കാർക്ക് കഠിനതടവ്. പൊതുമുതൽ നശിപ്പിച്ചതിന് ഒരു കൊല്ലം. പോലീസിനെ തടഞ്ഞുവച്ചതിന് ഒരു കൊല്ലം. മാരകായുധങ്ങളുമായി അക്രമിച്ചതിന് ആറു മാസം. നിയമവിരുദ്ധമായി സംഘം ചേരുകയും പിരിഞ്ഞുപോകാൻ പറഞ്ഞിട്ടും അനുസരിക്കാതിരിക്കുകയും ചെയ്തതിന് ഒരു മാസം. ഒക്കെ കഠിനതടവാണ്. ബഹുമാനപ്പെട്ട മെമ്പർമാർ ഒന്നു കേൾക്കൂ. ഇതിലെ 6-ാം പ്രതി പഞ്ചായത്തു മെമ്പറായിരുന്നു. 9-ാം പ്രതി മുനിസിപ്പാലിറ്റിയിലെ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനായിരുന്നു. 12-ാം പ്രതി ജില്ലാ പഞ്ചായത്ത് അംഗമായിരുന്നു. ഒന്നാം പ്രതി ഇപ്പോഴും എം.എൽ.എ ആണ്. മനസ്സിലായല്ലോ കാര്യങ്ങളൊക്കെ. 1-ാം പ്രതിയാണല്ലോ നേതാവ് പ്രതി. എം.എൽ.എ. അക്രമം കാണിച്ചതിന് സ്വന്തം എം.എൽ.എ യെ കോടതി ശിക്ഷിച്ചതൊന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഒരിക്കലും ഓർമ്മ വരില്ല. ലഹളയുണ്ടായതിന്റെ മൂലകാരണത്തിന്റെ പേരും പറഞ്ഞ് ഇന്ത്യ ഇതുവരെ കണ്ടിട്ടില്ലാത്ത വിധം കള്ളക്കേസ് ഉണ്ടാക്കാൻ ഇവിടെ യാതൊരു പഞ്ഞവുമില്ല. എം.എൽ.എ. യേയും ജില്ലാ പഞ്ചായത്ത് അംഗത്തിനേയും മുനിസിപ്പൽ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനേയും പഞ്ചായത്ത് മെമ്പറേയും പാർട്ടി

LIBRARY ARCHIVES Kerala Legislative Assembly

സഖാക്കളേയുമൊക്കെ ബഹുമാനപ്പെട്ട കോടതി കഠിന തടവിന് ശിക്ഷിച്ചാലും 'കമാ' എന്ന് ഒരക്ഷരം മിണ്ടാൻ പാടില്ല. മിണ്ടാൻ ഇവിടെ വേറെ എന്തെല്ലാം വിഷയങ്ങളുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചാലക്കുടിയിൽ നിന്നു പ്രസംഗിച്ചു. 'പറശ്ശിനിക്കടവിൽ പാമ്പു ചത്തു; അതിനാണോ ഇത്ര ലഹള? എന്തൊരു ജന്തുസ്നേഹം. എന്നിട്ട് അദ്ദേഹം പറഞ്ഞത് എന്താണെന്നോ? തുടർന്ന് പറഞ്ഞത്, ക്രിസ്തുമസിനും റംസാനും എത്ര മൃഗങ്ങൾ ചത്തു. കോട്ടയത്തും എറണാകുളത്തും ആയിരക്കണക്കിന് ചത്തില്ലേടോ? ഇതാണ് മുഖ്യമന്ത്രിയുടെ പ്രതികരണം. കേരളത്തെ നടുക്കിയ പറശ്ശിനിക്കടവ് സംഭവവുമായിട്ട് ബന്ധപ്പെടുത്തി അതിനോട് അനുബന്ധമായി കേരളാ മുഖ്യമന്ത്രി പൊതുയോഗത്തിൽ സംസാരിച്ചതാണ് ഞാൻ ഇവിടെ പറഞ്ഞത്. ഇത്രയ്ക്ക് നിസ്സംഗതയോടെ നിർമ്മമതയോടെ നിർവികാരമായി കാര്യങ്ങൾ വീക്ഷിക്കാനാൻ വേറെയാർക്കും കഴിയില്ല..... ചിരിക്കണ്ട. ഞാൻ സത്യം പറഞ്ഞതാണ്. ഞാൻ കേട്ടതാണ് .....വേറെ കാര്യങ്ങൾ പറഞ്ഞ് ചിരിക്കാതെ ഞാൻ ഈ പറയുന്നതൊക്കെ ഒന്നു കേട്ടിട്ട്, ചിരിച്ച് വിട്ടാല്ലേ. വേണ്ട നിർദ്ദേശങ്ങൾ കൊടുത്താൽ വേണ്ടില്ലായിരുന്നു. ഖജനാവ് കാലിയാക്കിയിട്ട് ജനങ്ങളുടെ കുടിവെള്ളംപോലും മുട്ടിച്ചിരിക്കുകയാണ്. അത് മറക്കണ്ട. സാമ്പത്തിക ഇടപാട് പൂർണ്ണമായും ട്രഷറിവഴി ആക്കാനായിട്ട് വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം കൊടുത്തു. മുൻപ് ഒന്നും അങ്ങനെയായിരുന്നില്ല. ട്രഷറിയിൽ നിന്നും തുക പിൻവലിക്കും, ബാങ്കിൽ നിക്ഷേപിക്കും. അത്യാവശ്യം വരുമ്പോൾ എടുത്ത് ചെലവാക്കും. ഈ പറഞ്ഞ പുതിയ നിർദ്ദേശം നിങ്ങളുടെ സർക്കാർ കൊടുത്തതുകൊണ്ട് പണികളൊക്കെ വളരെവളരെ പതുക്കെയാണ് പോകുന്നത്. ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി ഇവിടെയിരിപ്പുണ്ടല്ലോ. അദ്ദേഹത്തിന് അറിയാം. എത്ര കഷ്ടപ്പാടുണ്ട് ഇത്തിരി വെള്ളം കിട്ടാനെന്ന്..... ഒരു ദുസൂചനയുമില്ല. എല്ലാ സദ്സൂചനകൾ മാത്രം. വാട്ടർ അതോറിറ്റിയുടെ പണി മന്ദഗതിയിലായാൽ ഒരു വർഷം വൈകിയാൽ ചെലവ് 30 ശതമാനം കൂടും. 3 വർഷം വൈകിയാൽ ചെലവ് ഇരട്ടിയാകും. ഓരോ വർഷവും ചെലവാക്കുന്നതിനനുസരിച്ച് അടുത്ത വർഷത്തെ വിഹിതം നിശ്ചയിക്കപ്പെടുന്ന കേന്ദ്ര പദ്ധതികൾ ഉൾപ്പെടെയുള്ളതൊക്കെ അവതാളത്തിൽ കിടക്കുകയാണ്. ആദിവാസി കോളനികളിൽവരെ കുടിവെള്ള പദ്ധതി മുടങ്ങുകയാണ്. ഗവൺമെന്റിന്റെ പുതിയ സാമ്പത്തിക എർപ്പാട് നിമിത്തം. എന്നിട്ടാണ് വോട്ട് ഓൺ അക്കൗണ്ടും കൊണ്ട് സഭയ്ക്കകത്ത്. ജനങ്ങൾ ഇതൊക്കെ അറിയുന്നുണ്ട് അവരും പത്രമൊക്കെ വായിക്കുന്നവരാണ്. കണ്ണൂരിൽ ചെയ്തതുപോലെ പത്രക്കെട്ട് പുഴയിലെറിഞ്ഞതുകൊണ്ടൊന്നും ജനം ഇതൊന്നും അറിയാതിരിക്കില്ല..... അറിയാം. അറിയാം. പിണറായിയുടെ അടവുനയം പിഴച്ചുപോയി എന്നുള്ളതും ജനങ്ങൾക്ക് അറിയാം. പത്രക്കെട്ട് വലിച്ചെറിഞ്ഞത് ആരെന്നുള്ളത് കണ്ണൂർകാർക്ക് അറിയാമല്ലോ. ഞാൻ പറഞ്ഞു കേൾപ്പിക്കണോ? അതിവിടെ കൃത്യമായിട്ട് പറയണമായിരിക്കും. അല്ലേ? മാർക്സിസ്റ്റ് മന്ത്രിമാരുടേയും കൂട്ടു മന്ത്രിമാരുടേയുമൊക്കെ പ്രവർത്തനങ്ങൾ സി.പി.എം. വിലയിരുത്തിയപ്പോൾ ഞങ്ങളുമൊക്കെ അറിയുന്നുണ്ട് ആ വിലയിരുത്തലുകൾ. അത് എല്ലാവരും, എല്ലാവരേയും എല്ലാ കാര്യങ്ങളും അറിയിക്കുന്നുണ്ട്. പത്രം ഓഫീസുകളുടെ മുൻപിൽ ട്രോഫി വലിച്ചെറിഞ്ഞതുകൊണ്ടൊന്നും ഒരു കാര്യവുമില്ല. 'അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

അരിശം തീരാഞ്ഞ് അവൻ ആ പുരയുടെ ചുറ്റും മണ്ടി നടന്നു,' എന്നൊക്കെ പറയുന്നതുപോലെ മണ്ടിനടക്കുമ്പോൾ അതിനു മുൻപ് കെട്ടിയ പെണ്ണിനെ മടികൂടാതെ കിട്ടിയ വടി കൊണ്ടൊന്നു കൊടുത്തു. അപ്പോൾ ട്രോഫി എറിഞ്ഞതുകൊണ്ട് കിട്ടിയ നേട്ടം അതുമാത്രം. പറശ്ശിനിക്കടവിലെ ചീങ്കണ്ണിയെ കെട്ടിമുറുക്കുമ്പോൾ. ..... പടം എന്റെ കൈയ്യിലുണ്ട്. ആവശ്യമുള്ളവർക്കൊക്കെ നോക്കാം. ചീങ്കണ്ണിയെ കെട്ടിമുറുക്കി വച്ചിരിക്കുകയാണ്. അങ്ങനെ കെട്ടിമുറുക്കുമ്പോൾ പറമ്പിക്കുളത്തും കോടനാട്ടും തട്ടേക്കാടും, മുത്തങ്ങയിലും ഒക്കെ മൃഗശാലകൾ പ്രവർത്തിക്കുന്നത് എങ്ങനെയെന്ന് അറിയാവുന്ന ജനം വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും എന്ന് പഴമൊഴി പറയും. ആളുകൾ കാര്യങ്ങൾ അറിഞ്ഞുവരുന്നുണ്ട്. ചാത്തന്നൂർ മാത്രമൊന്നുമല്ല. ബഹുമാന്യപ്പെട്ട എക്സൈസ് വകുപ്പു മന്ത്രിയുടെ പാലക്കാട്ടെ കൊഴിഞ്ഞാംപാറയിൽ ഭൂമിക്കടിയിലെ വ്യാജമദ്യ നിർമ്മാണ കേന്ദ്രത്തിൽ എ.സി. റും വരെയുണ്ട് എന്ന അരമന രഹസ്യം അങ്ങാടിപ്പാട്ടായി. തഹസീൽദാർമാരെയൊന്നും സസ്പെന്റ് ചെയ്തതുകൊണ്ട് കാര്യം പൂർണ്ണമാകില്ല. എന്താണ് സസ്പെന്റ് ചെയ്തത് എന്ന് എല്ലാവർക്കും അറിയാം. ഇങ്ങനെ കുറച്ചുപേരെ സസ്പെന്റു ചെയ്താലേ, ഇലക്ഷൻ വരികയാണ്, പ്രൊമോഷൻ കാത്തുനിൽക്കുന്ന സഖാക്കൾക്ക് ആ പോസ്റ്റിൽ കയറി ഇരിക്കാൻ പറ്റൂ. അതിനുവേണ്ടി നടത്തുന്ന ഒരു ഏർപ്പാടിനെക്കുറിച്ചും ആളുകളൊക്കെ പറഞ്ഞു തുടങ്ങിയിട്ടുണ്ട്. നിയമസഭയുടെ ശ്രദ്ധയ്ക്ക് ഞാനൊന്ന് ഇങ്ങനെ വിഷയീഭവിപ്പിക്കുന്നുവെന്നേയുള്ളൂ. മക്കൾക്കും മരുമക്കൾക്കുമൊക്കെ ജപ്പാൻ, ജർമ്മനി, ചൈന തൊട്ടിങ്ങോട്ട്, കായംകുളം വരെ എന്തെങ്കിലുമൊക്കെ ബന്ധമുണ്ടെങ്കിൽ എല്ലാവരും അറിയും. മരുമകനല്ല, അച്ഛനോ, അമ്മയോ ആയാലും അറസ്റ്റ് ചെയ്യുമെന്ന് വീമ്പിളക്കിയിട്ട് പ്രയോജനമൊന്നുമില്ല. കക്കാനും കയറാനുമൊക്കെ ഏറെ കാര്യങ്ങളോ, പ്രകോപനങ്ങളോ വേണ്ടാത്തവർ ഒക്കെ പ്രസംഗങ്ങളിലൂടെ ഇങ്ങനെ കത്തിക്കയറും എന്ന് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഒരു കത്തിക്കയറ്റം അവസാനിപ്പിക്കാനുള്ള കാലമൊക്കെ ആയി. എഴുകോൺ പോലീസ് സ്റ്റേഷനിൽ പി.സി. ആയിട്ട് നിയമനം ലഭിച്ച ഒരു കോൺസ്റ്റബിളിന് സർക്കാർ ഉദ്യോഗത്തിൽ പ്രവേശിച്ചതിനു ശേഷം ഒരു മഹാ ഭാഗ്യം കിട്ടി. സ്വന്തം സ്റ്റേഷനിൽ, അദ്ദേഹം പ്രവർത്തിക്കുന്ന സ്റ്റേഷനിൽ അതുവരെ പ്രദർശിപ്പിച്ച് വച്ചിരുന്ന റൗഡി ലിസ്റ്റിൽ നിന്നും സ്വന്തം പേര് നീക്കിക്കളയാനുള്ള മഹാഭാഗ്യം ഈ സർക്കാർ ഉദ്യോഗസ്ഥന് ഈ സർക്കാർ ഉണ്ടാക്കിക്കൊടുത്തു. അദ്ദേഹം ബ്രാഞ്ച് സെക്രട്ടിയായിരുന്നു. സർക്കാർ ഉദ്യോഗസ്ഥൻ ആകുന്നതിനു മുൻപ് അയാൾ മാർക്സിസ്റ്റ് പാർട്ടിയുടെ ബ്രാഞ്ച് സെക്രട്ടറിയായിരുന്നു എന്ന് എല്ലാവർക്കും അറിയാം. കള്ളനെ കാവൽ ഏൽപ്പിക്കുന്ന പരിപാടി അല്ലെങ്കിലും സർക്കാരിന് അപരിചിതമൊന്നുമല്ല. ഇത് ആദ്യത്തെ ഏർപ്പാടൊന്നുമല്ല. തിരുവനന്തപുരത്ത് എ.കെ.ജി. സെന്റർ ഉണ്ടല്ലോ. എ.കെ.ജി. സെന്ററിൽ ഭൂമി അളന്നു തിട്ടപ്പെടുത്തികൊടുത്തത് ഒരു സർവ്വകലാശാല ഉദ്യോഗസ്ഥനായിരുന്നു. കേരള സർവ്വകലാശാലയുടെ ഒരു താഴ്ന്ന തട്ടിലുള്ള ഉദ്യോഗസ്ഥൻ. ഉയർന്നവനൊന്നുമല്ല. റിട്ടയർ ചെയ്ത് 12 കൊല്ലം കഴിഞ്ഞതിനുശേഷം ഈ ഉദ്യോഗസ്ഥനെ കേരളാ സർവ്വകലാശാലയുടെ എസ്റ്റേറ്റ് ഓഫീസർ ആക്കിയത് ഈ സർക്കാരാണ്.

LIBRARY ARCHIVES Kerala Legislative Assembly

കേരള സർവ്വകലാശാല ഭൂമി അളന്ന് തിട്ടപ്പെടുത്തണമെന്ന അവകാശവാദം ഉന്നയിക്കുമ്പോൾ പണ്ട് ആ ഭൂമി എ.കെ.ജി. സെൻററിന് ഒപ്പിച്ചുകൊടുത്തവൻ തന്നെ എസ്റ്റേറ്റ് ഓഫീസർ ആയിരിക്കുക. എന്നാൽ അല്ലേ ആ സർവ്വകലാശാലയുടെ ഭൂമി അളന്നുതിട്ടപ്പെടുത്തുമ്പോൾ എങ്ങനെയൊക്കെയാകണമെന്ന് നിശ്ചയിക്കാൻ പറ്റൂ. ശമ്പളം കൊടുക്കാൻ കാശില്ലാതെ കഷ്ടപ്പെടുമ്പോൾ അബ്കാരികളുടെ കിസ്ത് കുടിശിക ..... ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി ശ്രദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ശ്രീ. കണാരേട്ടൻ അദ്ദേഹത്തെ ഞാൻ പറയുന്നതൊന്ന് കേൾക്കാൻ സമ്മതിക്കണം. നമ്മൾ കാശില്ലാതെ കഷ്ടപ്പെടുകയാണ്. കാശ് എവിടെനിന്ന് ഉണ്ടാക്കാം. അങ്ങ് പ്രസംഗിക്കും, ഞാൻ പാരാവാരത്തിലാണ്. കാറ്റാണ്, കൊടുംകാറ്റാണ്, വള്ളം അങ്ങോട്ടുമിങ്ങോട്ടുമാണ്. എപ്പോഴാണ് മറിയുക എന്നറിയില്ല. എന്നാലും ഞാൻ പോകുകയാണ് എന്നൊക്കെ. അബ്കാരികളുടെ കിസ്ത് കുടിശ്ശിക 100 കോടിയിലധികം കയറിപ്പോകുന്നുണ്ട്. പിന്നേയും ലേലത്തിൽ അതേ അബ്കാരികൾ വരും. സോൾവൻസിയായിട്ട് കാണിച്ചിരിക്കുന്ന വസ്തുക്കൾ വേണമെങ്കിൽ റവന്യൂ റിക്കവറി നടത്താം. നടത്തുന്നില്ല. കരാറുകാർക്ക് കോടതിവഴി സ്റ്റേ നൽകാനുള്ള അവസരം കൊടുക്കണമെന്ന് പാർട്ടിക്ക് നിർബന്ധമുണ്ട്. ഈ സർക്കാരിന്റെ കീഴിലുള്ള അവസാനത്തെ സമ്മേളനമാണല്ലോ ഇത്. ഇപ്പോൾ സി.പി.എം. എന്നുപറയുന്നത് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് മണിച്ചൻസ് ആയി അധഃപതിച്ചിരിക്കുകയാണ്. ആ അധഃപതനം ഇവിടെ സാമ്പത്തിക പ്രതിസന്ധിയുണ്ടാക്കുന്നു. ഖജനാവിൽ പണമില്ലെങ്കിൽ എന്താണ്? പണം വേണ്ടിടത്ത് വന്നുകൂടുന്നുണ്ട്. അതുമതി. ഖജനാവിലേയ്ക്ക് പണം വരുത്താൻ ആർക്കും തയ്യാറെടുപ്പില്ല. ഒരു ശ്രദ്ധയുമില്ല. കള്ളുഷാപ്പുകളുടെ ലേലം പോയത് 125 കോടിരൂപയ്ക്ക് എന്നു കണ്ടപ്പോൾ അന്നത്തെ ഡി.ജി.പി., സർക്കാരിന് മുന്നറിയിപ്പു കൊടുത്തു. അവിശ്വസനീയമായ തുകയ്ക്കാണ് കള്ളുഷാപ്പ് ലേലം പോയത്. ഇതിനകത്തെ രഹസ്യമെന്താണെന്ന് അറിയണമെന്നുള്ള മുന്നറിയിപ്പ് സർക്കാർ അവഗണിച്ചു. അതിന്റെ ദുരന്തഫലമാണ് കേരളത്തെ മുഴുവൻ കണ്ണീർ കുടിപ്പിച്ചതും, ജനങ്ങളെ കരയിച്ചതും. ജനം അത് മറക്കുകയില്ല. സ്ത്രീകൾക്കും ദുർബലജനവിഭാഗങ്ങൾക്കുമൊക്കെ എന്തു സംരക്ഷണമാണ് ഇവിടെ കൊടുക്കുന്നത്. പി.ഇ. ഉഷമാരുടെ ചരിത്രങ്ങൾ ഇവിടെ ആവർത്തിക്കപ്പെടുകയല്ലേ. എത്ര ഓഫീസുകൾ കയറിയിറങ്ങിയിട്ടും പി.ഇ. ഉഷയ്ക്ക് ന്യായം അനുവദിച്ചുകിട്ടുന്നില്ല. കണ്ണൂരിൽ അസ്നയ്ക്കു പിന്നാലെ ഇന്നലെ പാലക്കാട് കോട്ടായി എന്നു പറയുന്ന സ്ഥലത്ത് രമ്യ എന്നുപറയുന്ന പിഞ്ചുപെൺകുട്ടി ബോംബേറിൽ പരിക്കേറ്റ് കിടക്കുകയാണ്. ചാവക്കാട് ഒരു പട്ടികജാതിക്കാരനെ നഗ്നനാക്കി നടുറോഡിലൂടെ വലിച്ചിഴച്ചു. ചോദിക്കാൻ ആരുമില്ല. ആഗോളവൽക്കരണത്തെക്കുറിച്ചും ഉദാരവൽക്കരണത്തെ കുറിച്ചും നാം ഇഷ്ടംപോലെ പറഞ്ഞതല്ലേ. ഇനി നമുക്ക് ആഗോളഗദ്ഗദങ്ങൾ ആകാം. ബോൾഗാട്ടിയും ചൈത്രയും മസ്ക്കറ്റുമൊക്കെ ഉദ്ഘാടന മാമാങ്കങ്ങൾക്ക് വേദിയായിക്കോട്ടെ. ചൈത്രത്തിലെ 14 മുറികളും 2 കോൺഫറൻസ് ഹാളുകളും വാടകയ്ക്കു കൊടുക്കാതെ മറ്റാവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തി കൊണ്ടിരിക്കുകയാണ്. ഇതിന്റെ പേരിൽ വരുന്ന നഷ്ടം എത്രയാണ് ?

LIBRARY ARCHIVES Kerala Legislative Assembly

എ.സി. റൂമിന് ഒരു ദിവസത്തെ വാടക 1,200 രൂപയാണ്. എന്നുപറഞ്ഞാൽ ഒരൊറ്റ റൂം വാടകയ്ക്ക് കൊടുക്കാതെ മറ്റാവശ്യങ്ങൾക്കു ഉപയോഗിച്ചാൽ സർക്കാരിന് ഒരുവർഷം കൊണ്ട് ഒരു റൂമിനു വരുന്ന നഷ്ടം 10 ലക്ഷം രൂപയാണ്. അത്തരത്തിൽ 14 മുറികളും രണ്ട് കോൺഫറൻസ് ഹാളുകളും ചൈത്രത്തിൽ മാത്രമുണ്ട്. അത് അന്വേഷിക്കണം. കോവളം 'സമുദ്ര' യുടെ ഭൂസ്വത്തുക്കൾ സംബന്ധിച്ച റവന്യൂ രേഖകളെപ്പറ്റിയുള്ള ഗതിവിഗതികളെക്കുറിച്ച് സർക്കാരിന് എന്താണ് പറയാനുള്ളത്. ഞങ്ങൾക്ക് ഒന്നേ പറയാനുള്ളൂ. 'ടാജി'നും 'ഒബ്റോയി' ക്കും 'ലീല' യ്ക്കും 'വെൽക്കം ഗ്രൂപ്പിനും' ഒക്കെ നല്ലകാലം. ബഹുമാനപ്പെട്ട മന്ത്രിക്ക് അങ്ങയുടെ ഓഫീസർ എഴുതിത്തന്ന ഒരു ഫീച്ചർ ഇംഗ്ലീഷ് പ്രസിദ്ധീകരണത്തിൽ വന്നതിങ്ങനെയാണ്. 'നിങ്ങൾ വീട്ടിൽതന്നെ ഇരുന്നാൽമതി, നിങ്ങളുടെ ശമ്പളം വീട്ടുപടിക്കൽ എത്തിച്ചുതരാം, ഇതുമാത്രമാണ് സ്ഥാപനത്തെ രക്ഷിക്കാനുള്ള ഏക മാർഗ്ഗം'. ഒരു എം.ഡി. ഇങ്ങനെ എഴുതിക്കൊടുത്ത് ഇംഗ്ലീഷ് പ്രസിദ്ധീകരണത്തിൽ പ്രസിദ്ധീകരിപ്പിച്ച് നാട്ടുകാരെക്കൊണ്ട് വായിപ്പിച്ചാൽ ഇത്തരം എം.ഡി. മാർ ഭരിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ എങ്ങനെ നന്നാകും. ഇത്തരം പൊതുമേഖലാ സ്ഥാപനങ്ങളെ കടിഞ്ഞാണിടാത്ത സർക്കാരിന്റെ വോട്ട് ഓൺ അക്കൗണ്ടിനെ എന്തു വിശ്വസിച്ചാണ് പാസ്സാക്കി കൊടുക്കുന്നത്. കേരളം മുഴുവനും കൊട്ടിഘോഷിക്കുന്ന ജനകീയാസൂത്രണത്തെ സംബന്ധിച്ച്, സംസ്ഥാന ആസൂത്രണ ബോർഡിലെ സെക്രട്ടറിയുടെ ഓഫീസിലെ നോട്ടീസ് ബോർഡിൽ ബോർഡിന്റെ ജോയിന്റ് സെക്രട്ടറിക്കെഴുതിയ ഒരു കത്ത് പ്രദർശിപ്പിച്ചുകൊണ്ട് ജീവനക്കാർക്ക് താക്കീതുകൊടുത്തിട്ടുണ്ട്. ഇതുപോലെയൊന്നും കാണിക്കരുതെന്നു പറഞ്ഞു. അതുപോലെ പി.ഡബ്ല്യൂ.ഡി. ഓഫീസർമാർ ആരെങ്കിലും സത്യം വെളിപ്പെടുത്തിയാൽ അവർക്കും കിട്ടും ആ താക്കീത്. ഈ സത്യം വെളിപ്പെടുത്താൻ ഒരു ഗവൺമെന്റ് ഓർഡറുണ്ട്. ജി.ഒ. (ആർ.റ്റി) നം. 224/2001 പി.ഡബ്ല്യൂ.ഡി. തീയതി 27-2-2001. അത് വായിച്ചുനോക്കണം. തൊടുപുഴ നിയോജകമണ്ഡലത്തിൽ 15 കോടിരൂപയുടെ സ്പെഷ്യൽ സാങ്ഷൻ. ഫിനാൻസ് സംബന്ധിച്ചുള്ള നിബന്ധനകൾ കാറ്റിൽപ്പറത്തികൊണ്ട് തൊടുപുഴ പാലത്തിന്റെ രണ്ടര കിലോമീറ്റർ നീളം വരുന്ന അപ്രോച്ച് റോഡുകൾക്ക് ടെന്ററില്ലാതെ വർക്ക് കൊടുത്തു. ഇങ്ങനെയൊക്കെയുള്ള കാര്യങ്ങളാണ് ധാരാളം നടക്കുന്നത്. 'കേരളം ഐശ്വര്യത്തിന്റെ പാതയിൽ' എന്ന പുസ്തകം പൊക്കിപ്പിടിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തുന്ന വിലയില്ലാത്ത പ്രസ്താവനകളെ അതർഹിക്കുന്ന പുച്ഛത്തോടുകൂടി കേരളം പുറംകാലുകൊണ്ട് തട്ടിയെറിയും. പതിനായിരം കോടി രൂപയുടെ കടഭാരം, നിത്യനിദാന ചെലവുകൾക്കുപോലും പണമില്ലാത്ത അവസ്ഥ, ഇതൊക്കെയായിരുന്നു അന്നത്തെ കേരളത്തിന്റെ ചിത്രമെന്ന് സമാധാനിപ്പിച്ച് ഈ സ്ഥിതി തരണം ചെയ്ത് ഐശ്വര്യപൂർണ്ണമായ കേരളം കെട്ടിപ്പടുക്കാനുള്ള പ്രവർത്തനങ്ങൾ എത്രത്തോളം നിർവ്വഹിച്ചുവെന്ന് നോക്കുമ്പോൾ എനിക്ക് സംതൃപ്തി തരുന്ന നിരവധി കാര്യങ്ങൾ മനസ്സിൽ തെളിഞ്ഞുകാണുന്നുണ്ട്. അദ്ദേഹം മനസ്സിൽ കവടി നിരത്തിവച്ചുകാണുന്ന കാര്യങ്ങൾ എന്തൊക്കെയാണ്. വളരെ പ്രമുഖമായ ഫലപ്രദമായ ധനമാനേജ്മെന്റിലൂടെ നേരത്തെ പതിനായിരത്തിലേറെ കോടിരൂപയുടെ കടബാധ്യതയുണ്ടായിരുന്നത് കൊടുത്തുതീർത്ത് കേരളത്തെ

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തികപ്രശ്നത്തിൽ നിന്ന് രക്ഷപ്പെടുത്തി. മുഖ്യമന്ത്രി ഡി.പി.ഇ.പി. സ്കൂളിലാണോ പഠിച്ചത്? 10000 കോടി രൂപ കടമുണ്ടായിരുന്നത് കൊടുത്തു തീർത്തുവെന്ന് അദ്ദേഹം അവകാശപ്പെടുന്നത് എങ്ങനെയാണ്? കടമിപ്പോൾ 23,000 കോടിരൂപയായി. 10,000 കോടി രൂപ എന്നുപറയുന്നത്. യു.ഡി.എഫ്. സർക്കാർ രണ്ടുപ്രാവശ്യം ഭരിച്ച കാലഘട്ടമുൾപ്പെടെ കേരളമുണ്ടായ കാലംമുതൽ കഷ്ടിച്ച് 5 ദശകങ്ങളോളം വരുന്ന കാലത്തിലെ കടമാണ്. 5 വർഷംകൊണ്ട് 10000 കോടിരൂപ 23000 കോടിരൂപയായി മാറി. ഇനി തിരിച്ചു വരികയില്ല എന്നു മാർക്സിസ്റ്റ് പാർട്ടിക്ക് ഉറപ്പുണ്ട്. അതുകൊണ്ടാണ് അവർ ഒന്നാം നിരക്കാരെയൊക്കെ മാറ്റിനിർത്തിയിട്ട് രണ്ടാം നിരക്കാരെ മാത്രം വച്ച് ഒരടിയടിക്കാമെന്ന് വിചാരിക്കുന്നത്. അതായത് കാക്ക പറന്നാൽ, കരിയില അനങ്ങിയാൽ പിന്നെ കൊടിയുംപിടിച്ച് സമരം ചെയ്യാം അടുത്ത അഞ്ചുവർഷക്കാലം. അതിനാണ് അവരെ പറഞ്ഞുവിടുന്നത്. അല്ലെങ്കിൽ വന്ന് പ്രതിപക്ഷത്തിരിക്കണ്ട എന്ന വിചാരത്തിന്റെ പുറത്തായിരിക്കാം. അങ്ങനെ വരുമ്പോൾ പറയാൻ ഇനി ഇഷ്ടംപോലെയൊക്കെ കാര്യങ്ങളുണ്ടെങ്കിലും കാശില്ലാകാലത്ത് 27 പുസ്തകമോ വർണ്ണ പോസ്റ്ററുകളോ എന്തു വേണമെങ്കിലും അടിച്ചോട്ടെ. ഇലക്ട്രിസിറ്റി ബോർഡിൽ ഒന്നിനും വേണ്ടാത്ത കൺസ്യൂമർ കാർഡടിച്ച് കാശ് കളഞ്ഞോട്ടെ. കോടികൾ അങ്ങനെ പൊയ്ക്കോട്ടെ. സമയമില്ലാത്തതുകൊണ്ട് ഞാൻ കൂടുതൽ പറയാതെ ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ പൊന്നോമന പുത്രനാക്കാൻ നോക്കിയ കേരളത്തിലെ കവി ഒ.എൻ.വി. കുറുപ്പ് കഴിഞ്ഞയാഴ്ച എഴുതിയ ഒരു കവിതയിലെ ചില വരികൾ ഓർമ്മപ്പെടുത്തുകയാണ്.

'തൊപ്പി ഊരുക, തല താഴ്ത്തുക.
ഇനിയിരുന്ന് അൽപം ആലോചിക്കുക
ഇതാരുടെ പാപക്കൂലി'

ഈ പാപക്കൂലിക്ക് അനുമതി നൽകാനാവില്ല. അതുകൊണ്ട് ഈ പാപക്കൂലിയെ ഈ വോട്ട് ഓൺ അക്കൗണ്ടിനെ ശക്തിയുക്തം എതിർക്കുന്നു.

ശ്രീമതി എൻ. കെ. രാധ : ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ പിൻതാങ്ങുകയാണ്. വരുന്ന നാലു മാസത്തേയ്ക്കുള്ള സർക്കാരിന്റെ ചെലവിനു വേണ്ടിയാണ് വോട്ട് ഓൺ അക്കൗണ്ട്. ഈ വോട്ട് ഓൺ അക്കൗണ്ട്സ് സമ്പ്രദായം അവസാനിപ്പിച്ച് ഫുൾ ബഡ്ജറ്റ് അവതരിപ്പിക്കുന്ന രൂപത്തിലുള്ള സംവിധാനത്തെക്കുറിച്ച് ആലോചിക്കേണ്ടതാണ്. വരുന്ന നാലും മാസവും ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് തന്നെയായിരിക്കും കേരളത്തിന്റെ ചെലവു വഹിക്കേണ്ടിവരുന്നത്. അതുകൊണ്ട് ഒരിക്കൽകൂടി ഈ വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുകയാണ്. അപ്പുറത്തുനിന്നും ബഹുമാനപ്പെട്ട സാവിത്രി ലക്ഷ്മണൻ ഇവിടെ സംസാരിക്കുകയുണ്ടായി. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ജനങ്ങളോട് പ്രതിബദ്ധതയുള്ള ഒരു ഗവൺമെന്റാണ്. ഗവൺമെന്റ് പറഞ്ഞ കാര്യങ്ങൾ ഒന്നൊന്നായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഐശ്വര്യ പൂർണ്ണമായ കേരള സംസ്ഥാനം കെട്ടിപ്പടുക്കുമെന്ന് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

ജനങ്ങളോട് പറഞ്ഞ കാര്യങ്ങളാണ്. അതൊക്കെ ഒന്നൊന്നായി നിർവ്വഹിച്ചു കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട സാവിത്രി ലക്ഷ്മണന്റെ നിയോജക മണ്ഡലത്തിൽ 50 കോടിരൂപയുടെ വികസന പ്രവർത്തനങ്ങൾ നടന്നുവെന്ന് അവർതന്നെ പറയുന്നുണ്ട്. അത് നടത്താൻ സാധിച്ചത് ഇടതുപക്ഷ ജനാധിപത്യമുന്നണി അധികാരത്തിലിരുന്നതുകൊണ്ടാണ്. ഇവിടത്തെ സാമ്പത്തിക പ്രതിസന്ധിയെ സംബന്ധിച്ച് പറഞ്ഞില്ലേ. ഈ സാമ്പത്തിക പ്രതിസന്ധി ഉണ്ടായിരുന്നിട്ടുകൂടി ബഹുമാനപ്പെട്ട എം.എൽ.എ യുടെ നിയോജകമണ്ഡലത്തിൽ തന്നെ 50 കോടിരൂപയുടെ വികസനപ്രവർത്തനങ്ങൾ നടത്താൻ സാധിച്ചിട്ടുണ്ട്. കക്ഷി രാഷ്ട്രീയത്തിനതീതമായല്ലേ പ്രവർത്തനം നടത്തിയത്. എല്ലാ ആളുകളേയും ഒരേ രൂപത്തിൽ കണ്ടുകൊണ്ടുതന്നെയാണ് ഈ വികസന പ്രവർത്തനങ്ങൾ എല്ലാ നിയോജകമണ്ഡലത്തിലും നടത്താൻ സാധിച്ചത്. അപ്പുറത്തിരിക്കുന്ന ബഹുമാനപ്പെട്ട അംഗങ്ങളോട് ചോദിക്കുകയാണ്, നിങ്ങളുടെ സ്ഥിതി വളരെ വളരെ ദയനീയമാണ്. കോൺഗ്രസ് വളരെ ദയനീയമായ രൂപത്തിലേയ്ക്ക് മാറിക്കൊണ്ടിരിക്കുകയാണ്. പശ്ചിമ ബംഗാളിൽ 24 വർഷമായി ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റാണ് ഭരിക്കുന്നത്. അവിടെയുണ്ടായ സംഭവം നിങ്ങൾ കണ്ടിട്ടുണ്ടല്ലോ. അവിടെയുള്ള എട്ട് എം.എൽ.എ മാർ ഇപ്പോൾ തൃണമൂൽ കോൺഗ്രസ്സിലേയ്ക്ക് പോയിരിക്കുകയാണ്. എന്തുകൊണ്ടാണ് ഇങ്ങനെ പോകുന്നതെന്ന് നിങ്ങൾ സ്വയം പരിശോധിച്ചു നോക്കൂ. എന്തുകൊണ്ടാണ് എട്ട് എം.എൽ.എ മാർ തൃണമൂൽ കോൺഗ്രസ്സിലേയ്ക്ക് പോയത് ? തൃണമൂൽ കോൺഗ്രസ്സിലേയ്ക്ക് പോകാനുണ്ടായിട്ടുള്ള സാഹചര്യമെന്നു പറയുന്നത്, നിങ്ങളുടെ ജനവിരുദ്ധ നയങ്ങൾ തന്നെയാണ്. 1971-77 കാലഘട്ടത്തിൽ നിങ്ങൾ അവിടെ നടപ്പിലാക്കിക്കൊണ്ടിരുന്ന അർദ്ധ ഫാസിസ്റ്റ് ഭരണത്തിന്റെ ഭാഗമായി, ജനവിരുദ്ധ നയങ്ങളുടെ ഭാഗമായിട്ടു തന്നെയാണ് കോൺഗ്രസ്സിലുള്ള പല ആളുകളും തൃണമൂലിലേയ്ക്ക് പോയ്ക്കൊണ്ടിരിക്കുന്നത്. ഇപ്പോൾ കേരളത്തിന്റെ സ്ഥിതി എന്താണ് ? കേരളത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, മോചനയാത്ര നടത്തിയിട്ടുണ്ട്. മോചന യാത്ര നടത്തിയതുകൊണ്ടൊന്നും ഇവിടെ ഒന്നും ഉണ്ടാകാൻ പോകുന്നില്ല. മോചനയാത്ര നടത്തിയ സന്ദർഭത്തിൽ നിങ്ങൾ പറഞ്ഞിരിക്കുന്ന ഓരോ കാര്യങ്ങളും .....കേന്ദ്രം ഭരിച്ചുകൊണ്ടിരിക്കുന്ന ബി.ജെ.പി. ഗവൺമെന്റിനെതിരെ ഒരക്ഷരം പറയാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ ? ഒരക്ഷരം ബി. ജെ. പി. ഗവൺമെന്റിനെതിരെ പറയാൻ നിങ്ങൾക്കു കഴിഞ്ഞിട്ടില്ല. ഇവിടെ പറയുന്നതെന്താണ് ? ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റിനെതിരായിട്ടാണ് ശക്തമായ രൂപത്തിൽ നിങ്ങൾ എല്ലാ പ്രദേശങ്ങളിലും പ്രസംഗിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ വിലക്കയറ്റമുണ്ട്. വിലക്കയറ്റത്തെപ്പറ്റി പറയാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ ? കേരളത്തിൽ ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് ഭരിക്കുന്നതിന്റെ ഭാഗമായി വിലക്കയറ്റം തടഞ്ഞുനിർത്താൻ സാധിച്ചിട്ടുണ്ട്. വിലക്കയറ്റത്തെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഒരു സ്ഥലത്തു പോലും പ്രസംഗിച്ചതായി എനിക്കു മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. കാർഷിക മേഖലയിൽ വിലയിടിവുണ്ട്. ഇന്ത്യാ രാജ്യത്തെ 80 ശതമാനത്തോളം ആളുകൾ ജീവിക്കുന്നത് കാർഷികമേഖലയെ അടിസ്ഥാനമാക്കിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

കാർഷികോൽപ്പന്നങ്ങളുടെ വില ഭീമമായ രൂപത്തിൽ തകർന്നുകൊണ്ടിരിക്കുകയാണ്. വിലയിടിവിന് ഉത്തരവാദി ആരാണ് ? വിലയിടിവിനുത്തരവാദി കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി. യുടെ നേതൃത്വത്തിലുള്ള ഗവൺമെന്റാണ്. അതിനെതിരെ ഒരക്ഷരം പറയാൻ നിങ്ങൾ തയ്യാറായിട്ടുണ്ടോ ? എന്തുകൊണ്ടാണ് നിങ്ങൾ പറയാൻ തയ്യാറാകാത്തത് ? വരാനിരിക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ ഇവരുമായിട്ടുള്ള ബാന്ധവം ഉറപ്പിക്കണം. അതിന്റെ ഭാഗമായിട്ടാണ് ഒരക്ഷരം പറയാത്തത്. കഴിഞ്ഞ തവണ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പിൽ നിങ്ങൾ ബി.ജെ.പി. യുമായി വോട്ടുകച്ചവടം നടത്തിക്കൊണ്ടാണ് തെരഞ്ഞെടുപ്പിനെ നേരിട്ടത്. തെരഞ്ഞെടുപ്പിനെ നേരിട്ട സന്ദർഭങ്ങളിൽ എന്താണുണ്ടായത് ? 88 നിയോജകമണ്ഡലങ്ങളിലാണ് ഇടതുപക്ഷജനാധിപത്യ മുന്നണിക്ക് ഭൂരിപക്ഷമുണ്ടായത്. 1996-ൽ 80 നിയോജക മണ്ഡലത്തിലാണ് ഇടതുപക്ഷജനാധിപത്യ മുന്നണിക്ക് ഭൂരിപക്ഷമെങ്കിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കു നടന്ന തെരഞ്ഞെടുപ്പിൽ 88 നിയോജകമണ്ഡലങ്ങളിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി വൻപിച്ച ഭൂരിപക്ഷത്തോടുകൂടി ജയിച്ചു കഴിഞ്ഞിരിക്കുകയാണ് എന്നാണ് ഇത് കണക്കാക്കുന്നത്. നിങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ജനവിരുദ്ധനയങ്ങളാണ് ഈ രൂപത്തിൽ ജനങ്ങളെ ചിന്തിപ്പിക്കാൻ വഴി തെളിയിച്ചിട്ടുള്ളത്. ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആറു ഉപതെരഞ്ഞെടുപ്പുകൾ ഇവിടെ നടന്നു. ആറു ഉപതെരഞ്ഞെടുപ്പുകളിലും ഇടതുപക്ഷജനാധിപത്യ മുന്നണിക്ക് വൻപിച്ച ഭൂരിപക്ഷമുണ്ടാക്കാൻ സാധിച്ചു. അവിടെ നിന്നാണ് ജനപ്രതിനിധികൾ തെരഞ്ഞെടുക്കപ്പെട്ടു വന്നത്. നിങ്ങളോട് പ്രതിബദ്ധതയുള്ള ആളുകളാണെങ്കിൽ ആറു ഉപതെരഞ്ഞെടുപ്പുകളിൽ ഏതെങ്കിലുമൊരു സ്ഥലത്ത് നിങ്ങൾ വരുമായിരുന്നല്ലോ ? എന്തുകൊണ്ടാണ് വരാൻ കഴിയാതെ പോയിട്ടുള്ളത്. നിങ്ങളുടെ ഈ സമീപനമാണ് അതിനു കാരണം. ആ സമീപനത്തിന്റെ ഭാഗമായിട്ടാണ് ജനങ്ങൾ നിങ്ങളിൽ നിന്ന് അകന്നുകൊണ്ടിരിക്കുന്നത്. തമിഴ്നാട്ടിൽ നിങ്ങൾ നോക്കൂ. 34 വർഷമായി തമിഴ്നാട്ടിൽ കോൺഗ്രസ്സിന് എത്തിനോക്കാൻ സാധിച്ചിട്ടില്ല. കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം അങ്ങേയറ്റം തകർന്നു തരിപ്പണമാകുന്ന ഒരു സ്ഥിതി വിശേഷം ഇന്ത്യാ രാജ്യത്തുണ്ടാകാൻ പോകുന്നു. അതിനെക്കാളും കൂടുതൽ കേരള സംസ്ഥാനത്തുണ്ടാകാൻ പോകുന്നു. അതുകൊണ്ട് നിങ്ങൾ കരുതിയിരിക്കണം. നിങ്ങൾ മോചനയാത്ര നടത്തിയതുകൊണ്ടോ, നിങ്ങൾ എന്തുമലക്കം മറിഞ്ഞുകഴിഞ്ഞാലും നിങ്ങൾക്കു തിരിച്ചു വരാൻ കഴിയാത്ത ഒരു അവസ്ഥാവിശേഷം ഇവിടെയുണ്ടാക്കിയിരിക്കുന്നത് ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് അഞ്ചുവർഷക്കാലം ഇവിടെ നടപ്പിലാക്കിയ ഒട്ടേറെ ജനോപകാരപ്രദമായ നടപടികളുടെ ഫലമായിട്ടാണ്. അതു നിങ്ങൾക്ക് നിഷേധിക്കാൻ കഴിയുമോ ? ബി.ജെ.പി. ഭരിക്കുന്നതിന്റെ ഭാഗമായി കേന്ദ്രഗവൺമെന്റ് കേരളത്തെ എല്ലാ രൂപത്തിലും തളർത്താൻവേണ്ടിയുള്ള, പദ്ധതിവിഹിതങ്ങൾ നൽകുന്ന കാര്യത്തിലൊക്കെ തന്നെ ചിറ്റമ്മനയം ആണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അങ്ങനെ സാമ്പത്തിക പ്രതിസന്ധി ഉണ്ടായിട്ടുപോലും അതിനെ തരണം ചെയ്തുകൊണ്ടാണ് ഈ ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

മുന്നോട്ടുപോകുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന സന്ദർഭത്തിൽ പൊതുവിതരണ ശൃംഖല മെച്ചപ്പെടുത്താനുള്ള നടപടിയാണ് ആദ്യമായി സ്വീകരിച്ചിട്ടുള്ളത്. പൊതുവിതരണ ശൃംഖല മെച്ചപ്പെടുത്തിയതിന്റെ ഭാഗമായി പാവപ്പെട്ട ആളുകൾക്ക് റേഷൻ കൊടുക്കാനുള്ള സൗകര്യമുണ്ടായി. റേഷൻ കടകളിൽക്കൂടി, മാവേലി സ്റ്റോറുകളിൽക്കൂടിയൊക്കെ റേഷൻ വിതരണം നടത്താൻ സാധിച്ചിട്ടുണ്ട്. ബി.ജെ.പി. എടുത്തിട്ടുള്ള നിലപാടിന്റെ ഭാഗമായി, ഇവിടെ റേഷൻ സംപ്രദായം തന്നെ ഇല്ലാതാക്കാനുള്ള നടപടിയാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ആളുകൾക്കായി റേഷൻ പരിമിതപ്പെടുത്തണമെന്നു പറയുമ്പോൾ മൊത്തത്തിൽ റേഷൻ സമ്പ്രദായം തന്നെ ഇല്ലാതാകുന്ന നടപടിയാണുള്ളത്. ഭക്ഷ്യസബ്സിഡി എടുത്തുകളഞ്ഞു. ഈ പ്രതിസന്ധിയിലും ബഹുമാനപ്പെട്ട ക്ഷേമ്യവകുപ്പുമന്ത്രി ശ്രീ. ചന്ദ്രശേഖരൻ നായരും ഇടതുപക്ഷ ജനാധിപത്യമുന്നണിയും വളരെ വലിയ കാഴ്ച്ചപ്പാടോടുകൂടിയുള്ള പ്രവർത്തനങ്ങളാണ് ഇതിന്റെ ഭാഗമായി നടപ്പിലാക്കിയിട്ടുള്ളത്. മാവേലി സ്റ്റോറുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ വേണ്ടി 210 കോടി രൂപയാണ് കൊടുത്തിരിക്കുന്നത്. 16 കിലോ അരി വീതം പ്രതിമാസം കൊടുക്കാൻ വേണ്ടി 370 കോടി രൂപയാണ് കൊടുക്കാൻ സാധിച്ചിട്ടുള്ളത്. പുതിയ മാവേലി സ്റ്റോറിന് അടുത്ത സാമ്പത്തിക വർഷത്തേയ്ക്ക് 50 കോടി രൂപ നീക്കി വച്ചു കഴിഞ്ഞിരിക്കുകയാണ്. പൊതുവിതരണ ശൃംഖല മെച്ചപ്പെടുത്തികൊണ്ട് ഈ ഗവൺമെന്റ് പാവപ്പെട്ട ജനവിഭാഗങ്ങളെ സംരക്ഷിക്കാനാവശ്യമായ രൂപത്തിലുള്ള നടപടികളുമായാണ് മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ടാണ് ജനങ്ങൾക്ക് ഈ ഗവൺമെന്റിനോട് അങ്ങേയറ്റം ആത്മവിശ്വാസം വർദ്ധിച്ചുകൊണ്ടിരിക്കുന്നത്. 1991-96 കാലഘട്ടത്തിൽ നിങ്ങൾ ഭരിക്കുകയുണ്ടായി. യു.ഡി.എഫ്. ഭരിച്ചിരുന്ന സന്ദർഭത്തിൽ ഇവിടെയുള്ള അനുഭവമെന്താണ് ? വെറും 17 മെഗാവാട്ട് വൈദ്യുതി മാത്രമാണ് നിങ്ങൾക്ക് ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുള്ളത്. കേരളത്തിൽ നൂറു ശതമാനവും പവർകട്ടായിരുന്നു. ലോഡ്ഷെഡ്ഡിംഗ്, പവർകട്ട് എന്നിവയൊക്കെ തന്നെ ജനങ്ങളെ ഇരുട്ടിലേയ്ക്ക് തള്ളിനീക്കുകയായിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വളരെയധികം കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞു. 876 മെഗാവാട്ട് വൈദ്യുതി പുതിയതായി ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. അപ്പുറത്തിരിക്കുന്ന ആളുകൾ സംസാരിച്ച സന്ദർഭത്തിൽ, 110 കെ.വി. സബ്സ്റ്റേഷനെ സംബന്ധിച്ച ഒട്ടേറെ പ്രവർത്തനങ്ങളെക്കുറിച്ച് പറയുകയുണ്ടായി. ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി തന്നെ ഓരോ രംഗത്തും നടത്തിയിട്ടുള്ള മെച്ചപ്പെട്ട പ്രവർത്തനത്തെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്. സബ്സ്റ്റേഷനുകൾ പ്രവർത്തിപ്പിക്കുന്ന കാര്യത്തിൽ, താപനിലയങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യത്തിൽ നിങ്ങൾ കല്ലിട്ടിട്ടുള്ള പദ്ധതികളൊക്കെ തന്നെ അവസാനം പൂർത്തീകരിക്കേണ്ടതായ ചുമതല കമ്മീഷൻ ചെയ്യാനുള്ള ഉത്തരവാദിത്വം ഏറ്റെടുത്തു നടപ്പിലാക്കിയിട്ടുള്ളത് ആരാണ് ? കായംകുളം താപനിലയം നിങ്ങൾ തറക്കല്ലിട്ടു പോയതാണ്. തറക്കല്ല് മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളൂ. ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മാത്രമാണ് കായംകുളം പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. അതിനുശേഷമാണ് കമ്മീഷൻ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തത്. സമയബന്ധിതമായി ഈ പ്രവർത്തനങ്ങളൊക്കെ നടപ്പിലാക്കുന്ന കാര്യത്തിൽ ഈ ഗവൺമെന്റിന് ഏറ്റവും നല്ല പ്രവർത്തനം, സ്തുത്യർഹമായ പ്രവർത്തനം നടത്താൻ കഴിഞ്ഞിട്ടുണ്ട്. സമയബന്ധിതമെന്നു ഞാൻ പറഞ്ഞത്, സമയത്തിനു മുൻപു തന്നെ വൈദ്യുത പദ്ധതികൾ രാഷ്ട്രത്തിനു സമർപ്പിച്ചിട്ടുള്ള സംഭവങ്ങളാണ് നമുക്കു കാണാൻ കഴിഞ്ഞിട്ടുള്ളത്. കോഴിക്കോട് ജില്ലയിലുള്ള ഒളവണ്ണ ഡീസൽ നിലയത്തിന്റെ പ്രവർത്തനം വളരെ പെട്ടെന്ന് പറഞ്ഞ ഡേറ്റിനു മുൻപു തന്നെ കമ്മീഷൻ ചെയ്യാനുള്ള പ്രവർത്തനത്തിന് കഴിഞ്ഞിട്ടുണ്ട്. ഇച്ഛാശക്തിയോടുകൂടി പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റ് ഈ സംസ്ഥാനം ഭരിക്കുന്നതിന്റെ ഭാഗമായിട്ടാണ് അതിന് കഴിഞ്ഞിട്ടുള്ളതെന്നു കാണാൻ കഴിയും. കേരളത്തിന്റെ ക്രമസമാധാന നില നല്ല നിലയിൽ മുന്നോട്ടു പോകുകയാണ്. അത്തരമൊരു സ്ഥിതിവിശേഷം നമുക്കു കാണാൻ കഴിയും. ഏതെങ്കിലുമൊരു വർഗ്ഗീയകലാപം ഇവിടെ ഉണ്ടായോ ? വർഗ്ഗീയകലാപത്തിൽ ആരെങ്കിലും മരിച്ചിട്ടുണ്ടോ ? അതു നിങ്ങൾക്കു പറയാൻ കഴിയുമോ ? നിങ്ങൾ ഭരിക്കുന്ന സന്ദർഭത്തിൽ എത്ര വർഗ്ഗീയ കലാപങ്ങൾ ആണ് ഇവിടെ നടന്നിട്ടുള്ളത് ? ആ വർഗ്ഗീയകലാപത്തിൽ നിരവധിയാളുകൾ ആ കാലഘട്ടത്തിൽ മരണപ്പെട്ടിട്ടില്ലേ ? നിങ്ങൾ അതു പരിശോധിച്ചുനോക്കൂ. നിങ്ങൾ പല സ്ഥലങ്ങളിലും വർഗ്ഗീയകലാപങ്ങളുണ്ടാക്കാൻ വേണ്ടിയുള്ള ശ്രമങ്ങൾ നടത്തി. വൈക്കത്ത് ടി.വി. പുരത്ത് നടന്നിട്ടുള്ള സംഭവം അതാണ്. പൂന്തുറയിൽ നടന്നിട്ടുള്ള സംഭവം, ശിവഗിരിയിൽ നടന്നിട്ടുള്ള സംഭവം എന്നിവയൊക്കെ അതു തന്നെയാണ്. അവിടെയൊക്കെ തന്നെ കലാപങ്ങളുണ്ടാക്കാനുള്ള ശ്രമങ്ങൾ നടത്തിയെങ്കിലും സന്ദർഭോചിതമായി ഈ ഗവൺമെന്റ് ഇടപെട്ടതിന്റെ ഭാഗമായി ഒരൊറ്റ വർഗ്ഗീയകലാപങ്ങളും സംസ്ഥാനത്തുണ്ടാക്കാൻ സാധിച്ചിട്ടില്ല. ബഹുമാനപ്പെട്ട സാവിത്രിടീച്ചർ സംസാരിക്കുന്ന സന്ദർഭത്തിൽ ജന്തു സ്നേഹം പ്രകടിപ്പിച്ചു. അപാരമായിട്ടുള്ള സ്നേഹമാണ് അവർ പ്രകടിപ്പിച്ചത്. പറശ്ശിനിക്കടവിൽ ചീങ്കണ്ണി മരിച്ചതും മറ്റു ജന്തുക്കൾ മരിച്ചതുമൊക്കെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പറശ്ശിനിക്കടവിൽ ജന്തുക്കളെ വളർത്താനുള്ള അനുവാദം ആരാണ് കൊടുത്തിട്ടുള്ളത് ? ആരും കൊടുത്തിട്ടില്ല. കേന്ദ്രഗവൺമെന്റ് പാമ്പിനെ വളർത്താൻവേണ്ടി മാത്രമാണ് പറശ്ശിനിക്കടവിൽ അനുവാദം കൊടുത്തിട്ടുള്ളത്. അതിന് വിരുദ്ധമായി എടുത്തിട്ടുള്ള നിലപാടാണ് മൃഗങ്ങളെ വളർത്താൻവേണ്ടിയുള്ള ശ്രമങ്ങൾ ആരംഭിച്ചത്. അതിന്റെ ഭാഗമായി ആയിരക്കണക്കിന് രൂപയുണ്ടാക്കാൻവേണ്ടിയുള്ള ശ്രമങ്ങളാണ് അവിടെ ആരംഭിച്ചിട്ടുള്ളത്. എന്നിട്ട് കേരളാ ഗവൺമെന്റാണ് ഇതിനെല്ലാം ഉത്തരവാദി എന്നു പറഞ്ഞുകൊണ്ട് അവരെ പഴി ചാരുന്ന സമീപനം ശരിയല്ലെന്നുള്ളതാണ് എനിക്കു പറയാനുള്ളത്. ജന്തുസ്നേഹം ഇവർക്ക് കൂടിപ്പോയിരിക്കുകയാണ്. അതേ സമയം നിരവധി മനുഷ്യർ ഇവിടെ മരിച്ചുവീഴുകയാണ്. യു.ഡി.എഫ്. ഭരിക്കുന്ന സന്ദർഭത്തിലാണ് 11 ആളുകളെ നിഷ്ഠൂരമായി വെടിവച്ചു കൊന്നിട്ടുള്ളത്. അന്ന് ഒരക്ഷരം പറയാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടില്ല. അങ്ങനെ പല സ്ഥലത്തും നിരവധി ആർ.എസ്.എസ്സുകാരും ബി.ജെ.പി. ക്കാരും നടത്തിക്കൊണ്ടിരിക്കുന്ന കൊലപാതകങ്ങൾ നമുക്കു കാണാൻ കഴിയുന്നുണ്ട്. അസ്ന എന്നു പറയുന്ന പെൺകുട്ടി ആരാണ് ? ഒരു കോൺഗ്രസ്സുകാരന്റെ വീട്ടിലെ കുട്ടിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അസ്നയ്ക്കുണ്ടായിട്ടുള്ള അനുഭവത്തിൽ നമുക്കെല്ലാവർക്കും പ്രയാസമുണ്ട്. പക്ഷെ അസ്നയെ ഉപദ്രവിച്ച ആളുകളെ സംബന്ധിച്ച് ഒരക്ഷരം പറയാൻ നിങ്ങൾ തയ്യാറായിട്ടുണ്ടോ ? ബോംബേറിൽ അസ്നയ്ക്ക് അംഗഭംഗം പറ്റിയതിനെതിരായി ഒരക്ഷരം പറയാൻ നിങ്ങൾ തയ്യാറായിട്ടുണ്ടോ ? ജന്തുസ്നേഹം വളരെ രൂക്ഷമായി കാണിക്കുന്ന സന്ദർഭത്തിൽ മനുഷ്യരെ ഈ രൂപത്തിൽ കടന്നാക്രമണം നടത്തുന്നവർക്കെതിരായി ഒരു അക്ഷരം പോലും പറയാൻ കഴിയാത്ത ആളുകളാണ് അവിടെ ഇരിക്കുന്നത്. അത് എന്തുകൊണ്ടാണെന്ന് എനിക്കു വളരെ വ്യക്തമായി അറിയാം. അതുകൊണ്ടു തന്നെയാണ് ഈ ബാന്ധവം. വർഗ്ഗീയ ശക്തികളുമായുള്ള, വിഘടന ശക്തികളുമായുള്ള ബാന്ധവം ഉറപ്പിക്കുവാൻ വേണ്ടിയുള്ള പ്രവർത്തനത്തിന്റെ ഭാഗമായിട്ടാണ് ഇതിനെതിരെ ഒരക്ഷരം പോലും പറയാൻ നിങ്ങൾ തയ്യാറാകാത്തത് എന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ തന്നെ ഈ ഗവൺമെന്റ് വന്നതിനുശേഷം നടപ്പിലാക്കിയിട്ടുള്ള ഒട്ടേറെ പ്രവർത്തനങ്ങൾ, നിരവധി മേഖലകളിൽ പണിയെടുക്കുന്ന ആളുകളെ സംബന്ധിച്ചിടത്തോളം അവരുടെ ക്ഷേമനിധികൾ ഉറപ്പു വരുത്തുന്ന കാര്യത്തിൽ, അവർക്ക് പെൻഷൻ കൊണ്ടുവരുന്ന കാര്യത്തിലൊക്കെ തന്നെ ഈ ഗവൺമെന്റ് ഏറ്റവും നല്ല പ്രവർത്തനമാണ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പരിമിതിക്കകത്തു നിന്നുകൊണ്ട് തന്നെയാണ് ഇത്തരം പ്രവർത്തനങ്ങൾ ഈ ഗവൺമെന്റ് നടപ്പിലാക്കിയിട്ടുള്ളത്. അപ്പോൾ എന്തു തന്നെ വന്നാലും കേരളത്തിലെ ഉൽബുദ്ധരായ ജനങ്ങൾ ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റിനെ കൊണ്ടുവരണം. ആ ഗവൺമെന്റിനോട് അങ്ങേയറ്റത്തെ പ്രതിബദ്ധതയുണ്ടായതിന്റെ ഭാഗമായിട്ട് ഈ ഗവൺമെന്റ് തന്നെ വീണ്ടും വരണമെന്ന് ആഗ്രഹിക്കുന്നതായിട്ട് നമുക്ക് കാണാൻ കഴിയും. ബി.ജെ.പി. ഗവൺമെന്റ് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ജനദ്രോഹകരമായിട്ടുള്ള നടപടികൾ, കാർഷികോല്പന്നങ്ങളുടെ വിലയിടിവിനുത്തരവാദികളായിട്ടുള്ള, ഉദാരവൽക്കരണവും സ്വകാര്യവൽക്കരണവും ആഗോളവൽക്കരണവും നടപ്പാക്കിയതിന്റെ ഭാഗമായിട്ടാണ് എല്ലാ കാർഷികോല്പന്നങ്ങളുടെയും വില ഭീമമായി ഇടിഞ്ഞുകൊണ്ടിരിക്കുന്നത്. അതിനെതിരെ ഒരക്ഷരം പറയാൻ കഴിയാത്ത ആളുകൾ, അവരോടുകൂടി ചേർന്നുകൊണ്ട് വോട്ടു കച്ചവടം നടത്തിക്കൊണ്ട് അധികാരത്തിൽ വരാനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ബാബറി മസ്ജിദ് പൊളിച്ച്, പതിനാല് ക്രൈസ്തവ പുരോഹിതന്മാരെ കൊലപ്പെടുത്തിയ, ഹൈന്ദവ വിശ്വാസിയായ മഹാത്മാഗാന്ധിയെ വെടിവച്ചു കൊന്നിട്ടുള്ള നാഥൂറാം വിനായക് ഗോഡ്സേയുടെ പാർട്ടിയുമായി കൂട്ടു കൂടാനുള്ള ശ്രമകരമായിട്ടുള്ള പ്രവർത്തനമാണ് നിങ്ങളുടെ ഭാഗത്തു നിന്നുണ്ടായിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെയാണ് അവർക്കെതിരെ ഒരക്ഷരം പോലും ഉരിയാടാൻ നിങ്ങൾക്ക് കഴിയാതെ പോയിട്ടുള്ളത്. അതുകൊണ്ട് ഈ രൂപത്തിലൊക്കെ പോയിക്കഴിഞ്ഞിരുന്നാലും കേരളത്തിലെ പ്രബുദ്ധരായ ജനങ്ങൾ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റിനെ തന്നെ വീണ്ടും അധികാരത്തിൽ കൊണ്ടുവരും. അതിൽ യാതൊരു സംശയവും നിങ്ങൾക്ക് വേണ്ട എന്നു മാത്രം പറഞ്ഞുകൊണ്ട് ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ അനുകൂലിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുകയാണ്. ഇവിടെ ബഹുമാന്യനായ ധനകാര്യമന്ത്രി ഈ വർഷത്തെ ബഡ്ജറ്റ് അവതരിപ്പിച്ചത് കേന്ദ്ര ബഡ്ജറ്റ് വരുന്നതിനു തൊട്ടു മുൻപാണ്. അതുകൊണ്ട് തന്നെ ഈ തവണ അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ടിൽ, ധനകാര്യമന്ത്രിക്ക് കേന്ദ്ര ബഡ്ജറ്റിന്റെ എഫക്ട് ഒന്നും കണക്കിലെടുക്കാൻ കഴിഞ്ഞിട്ടില്ല. കഴിയുമായിരുന്നോ എന്നുള്ളത് വേറെ കാര്യമാണ്. അതുകൊണ്ടുതന്നെ കേന്ദ്ര ബഡ്ജറ്റ് സംസ്ഥാനത്തെ എങ്ങനെ ബാധിക്കുമെന്ന്, കേന്ദ്രത്തിന്റെ സാമ്പത്തിക നയങ്ങൾ നമ്മളെ എങ്ങനെ ബാധിക്കുമെന്ന് നോക്കി യഥാർത്ഥ സ്വഭാവത്തോടുകൂടിയ ഒന്നും തന്നെ അവതരിപ്പിച്ചിട്ടില്ല. പ്രതിപക്ഷ നേതാക്കന്മാരൊക്കെ പറഞ്ഞതുപോലെ പതിവിൻപടി ഒരു പ്രസംഗം, അത്രയൊക്കെയല്ലേ ചെയ്യാൻ കഴിയൂ എന്നുള്ള തരത്തിലാണ് ബഡ്ജറ്റ് തന്നെ ധനകാര്യമന്ത്രി അവതരിപ്പിച്ചത്. ഓഹരി വിൽപ്പന, വൈദ്യുതി സ്വകാര്യവൽക്കരണം, അതുപോലെ സബ്സിഡി കുറയ്ക്കൽ അങ്ങനെയുള്ള കേന്ദ്ര ബഡ്ജറ്റിലെ നിരവധി കാര്യങ്ങളൊക്കെ എങ്ങനെ നമ്മളെ ബാധിക്കുമെന്നുള്ളതിനെക്കുറിച്ച് ഒന്നും ഇതിനകത്തു വന്നിട്ടില്ല. ഗുണമുള്ള കുറച്ചു കാര്യങ്ങൾ കേന്ദ്ര ബഡ്ജറ്റിൽ വന്നിട്ടുണ്ട്. കസ്റ്റംസ് ഡ്യൂട്ടി 70 ശതമാനം ആക്കിയതും നബാർഡിന്റെ പലിശ കുറച്ചതുമൊക്കെ കൊപ്ര, നാളികേരം, തേയില, കാപ്പി തുടങ്ങിയ കാർഷികോല്പന്നങ്ങൾക്ക് ഗുണം ചെയ്യുമോ അതോ വലത്തെ കൈ കൊണ്ട് കൊടുത്ത് ഇടത്തെ കൈ കൊണ്ട് എടുത്തു കളയുമോ എന്നറിയില്ല. അതൊക്കെ എങ്ങനെ നമ്മളെ ബാധിക്കും ഈ വക കാര്യങ്ങളുടെ സാമ്പത്തിക ചിത്രം വരച്ചുകാണിക്കാൻ വേണ്ടി ഈ ബഡ്ജറ്റിൽ അവസരം ഉണ്ടായിട്ടില്ല. അതിനെക്കുറിച്ചൊന്നും പറഞ്ഞിട്ടില്ല. പറയാതെ പോയി. മുൻപ് അവതരിപ്പിച്ചതായതുകൊണ്ട് അതിനവസരം ഉണ്ടായിട്ടില്ല. അതുപോലെ തന്നെ പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം നശിപ്പിക്കുന്നു എന്നു പറഞ്ഞിട്ടു കാര്യമില്ല. അനവധി കാര്യങ്ങൾ ഇവിടെ ഇങ്ങനെ വന്നിരിക്കുകയാണ്. വളരെ അടിസ്ഥാനപരമായ ഒരു ചെയിഞ്ചാണ് നടന്നുകൊണ്ടിരിക്കുന്നത്. ഈ അടിസ്ഥാനപരമായ ചെയിഞ്ചു നടന്നുകൊണ്ടിരിക്കുമ്പോൾ നമ്മൾ ഇങ്ങനെ ഏതാണ്ട് ഒരു ഒട്ടകപക്ഷിയുടെ നയം എടുക്കുന്ന രീതിയിലാണ് പോകുന്നത്. ഇന്നു രാവിലെ വൈദ്യുതി മന്ത്രി ഇവിടെ പറഞ്ഞ കാര്യം അവർ നടപ്പാക്കാൻ പോകുകയാണ്. വൈദ്യുതി സ്വകാര്യവൽക്കരണം നടക്കും. ആഗോളാടിസ്ഥാനത്തിലുള്ള വ്യവസായം, ഗാട്ട് കരാർ ഇതൊക്കെ ഇന്ത്യയിൽ വന്നു. അത് അതിന്റെ വഴിക്കുപോകും. വിമർശനം അതിന്റെ വഴിക്കുപോകും. നിങ്ങൾ അതു ഏതാണ്ട് അക്സപ്റ്റു ചെയ്തതുപോലെയാണ് തോന്നുന്നത്. മൗനാനുവാദമെന്ന് ഞാൻ അതിനെ വിശേഷിപ്പിക്കുന്നില്ല. ഏതായാലും ശരി കാര്യങ്ങൾ അതിന്റെ വഴിക്കുപോകും. അതൊന്നും കാണാതെ, അതൊന്നും കണക്കിലെടുക്കാതെ ഇന്ത്യയിലെ യാഥാർത്ഥ്യം, ലോകത്തുള്ള യാഥാർത്ഥ്യം ഇതൊന്നും കണക്കിലെടുക്കാതെയുള്ള ഒരു പോക്കാണ് നമ്മുടെ സാമ്പത്തിക രംഗത്ത് നടക്കുന്നതെന്നു ചൂണ്ടിക്കാണിക്കാൻ വേണ്ടിയാണ് ഞാൻ ഇത് എടുത്തു പറഞ്ഞത്. വളരെ അപൂർണ്ണമായ ഒരു സമീപനമാണ് ഇതെന്നു പറയാതിരിക്കുവാൻ നിർവ്വാഹമില്ല. അങ്ങനെ വളരെ അപൂർണ്ണമായ,

യാഥാർത്ഥ്യങ്ങളോട് ഒട്ടും തന്നെ ബന്ധമില്ലാത്ത ഒരു സമീപനം ഗവൺമെന്റ് എടുത്തു പോകുന്നു. ഇവിടെ ബഡ്ജറ്റ് പ്രസംഗം തന്നെ, കേവലം ഒരു രാഷ്ട്രീയ രേഖ മാത്രമാണ് എന്ന് പറയുന്നതിൽ എനിക്ക് ഖേദമുണ്ട്. കുറെയൊക്കെ രാഷ്ട്രീയരേഖയാകാം. പക്ഷെ എല്ലാം ആ രീതിയിൽ കണ്ടാൽ നമ്മുടെ സാമ്പത്തിക ചിത്രം, കേന്ദ്ര ഗവൺമെന്റിന്റെ നയം, അതുകൊണ്ട് നമ്മുടെ ഇന്നത്തെ സ്ഥിതിയിൽ എടുത്തു പറയേണ്ട കാര്യങ്ങൾ ഒന്നും കണക്കിലെടുക്കാതെ പോയാൽ കഴിഞ്ഞ നാലഞ്ചു വർഷക്കാലമുണ്ടായതുപോലെയുള്ള അപകടങ്ങൾ ഉണ്ടാകുമെന്നാണ് ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുന്നത്. ധനകാര്യവകുപ്പുമന്ത്രി ഏറ്റവും വലിയ തമാശ പറഞ്ഞത് എന്നാണ് അദ്ദേഹത്തിന്റെ പ്രസംഗത്തിലുള്ള അവകാശവാദം കേട്ടപ്പോൾ എനിക്കു തോന്നുന്നത്. ഏറ്റവും വലിയ ഒരു താമാശ എന്താണെന്നു വച്ചാൽ ഈ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് ധനകാര്യവകുപ്പുമന്ത്രി പറഞ്ഞു "ഐശ്വര്യപൂർണ്ണമായ ഒരു കേരളം കെട്ടിപ്പടുക്കുവാനുള്ള പരിശ്രമത്തിൽ വളരെ മുന്നോട്ടു പോകാൻ ഈ ഗവൺമെന്റിനു കഴിഞ്ഞു എന്ന്. സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിന് ഭദ്രമായ, ഉറച്ച ഒരു അടിത്തറ പാകിയത് ഈ കാലയളവിലാണെന്നുള്ള വസ്തുത ചരിത്രം രേഖപ്പെടുത്തും". ഇന്നത്തെ സ്ഥിതിയിൽ ഇങ്ങനെ ഒരു ചിത്രം രേഖപ്പെടുത്തും. ഇന്നത്തെ സ്ഥിതിയിൽ ഇങ്ങനെ ഒരു ചരിത്രം രേഖപ്പെടുത്താൻ പോകുന്നുണ്ടോ എന്നുള്ളതാണ് പ്രശ്നം. ഏതു നിലയിലാണ് സാമ്പത്തിക ഭദ്രത നമ്മുടെ സംസ്ഥാനത്തിന് കൈ വന്നത്? ഒരു പാട് മന്ത്രിമാർ ഇരിക്കുന്നുണ്ട്. ഒരുപാട് വകുപ്പുകൾ ഇവിടെയുണ്ട്. ഏതെങ്കിലുമൊരു പ്രത്യേക വകുപ്പിന്റെ പ്രവർത്തനം വിലയിരുത്തിയതായി നിങ്ങൾക്ക് പറയാൻ പറ്റുമോ ? ചരിത്രത്തിലെ ഏറ്റവും വലിയ തകർച്ച അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. വ്യാവസായിക ചരിത്രത്തിൽ ഏറ്റവും വലിയ തകർച്ചയാണ് സംഭവിച്ചിട്ടുള്ളത് എന്നുള്ളത് ഒരു വസ്തുതയാണ്. ആ വസ്തുതയെക്കുറിച്ച് അധികം ആളുകൾ ഒന്നും പറയുന്നില്ല. പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റത്തെക്കുറിച്ചു പറഞ്ഞു. ഇപ്പോഴും നമുക്ക് പഴയതു പറഞ്ഞ് അഭിമാനിക്കാമെന്നല്ലാതെ അങ്ങനെ ഒന്ന് ഇപ്പോൾ ഉണ്ടോ ? കാരണമെന്തെങ്കിലുമാകട്ടെ. ചരിത്രം ഇതു രേഖപ്പെടുത്താൻ പോകുന്നില്ല. ഈ ഗവൺമെന്റിന്റെ കാലത്ത് സാമ്പത്തിക ഭദ്രത വന്നോ ? ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് വന്നോ ? ഉണ്ടായില്ല. ഇൻഫർമേഷൻ ടെക്നോളജി, വ്യവസായവകുപ്പ് കൈകാര്യം ചെയ്തു ചെയ്തു എവിടേയും എത്തുന്നില്ല എന്നു കണ്ടപ്പോൾ അവസാനം മുഖ്യമന്ത്രിയുടെ കീഴിൽ ഒരു വകുപ്പുണ്ടാക്കി ഒന്നു ശ്രമിച്ചു നോക്കി എന്നല്ലാതെ എന്താണ് ? ഇൻഫർമേഷൻ ടെക്നോളജിയിൽ ഒരു ഇഞ്ചു മുന്നോട്ടു പോകാൻ കഴിഞ്ഞിട്ടില്ല. സാമ്പത്തികമായ ഭദ്രത കൈവരിച്ചിരിക്കുന്നു എന്നാണ് ഈ പ്രസംഗത്തിൽ പറഞ്ഞത്. ഏതു നിലയ്ക്കാണെന്ന് എനിക്കറിയില്ല. പിന്നെ അന്നന്നോടത്തെ കാര്യങ്ങൾ വളരെ സുഗമമായി പോകുന്നു. ആ നിലയ്ക്കാണോ പറഞ്ഞതെന്നു എനിക്കറിയില്ല. അങ്ങനെയാണെങ്കിൽ ഇന്നത്തെ സ്ഥിതി എന്താണ് ? ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അവകാശവാദം എങ്ങനെ ഉന്നയിച്ചു എന്ന് എനിക്കറിയില്ല. കാരണം ട്രഷറിയിൽ ഇതുവരെ നടക്കാത്തതൊക്കെ നടക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അടിപിടി നടക്കുകയാണ്. അവിടെ പോയി ആളുകൾ ബഹളം വയ്ക്കുകയാണ്. ചെറിയ ചെറിയ ബില്ലുകൾ പോലും പാസ്സാക്കാൻ പറ്റുന്നില്ല. ജീവനൊടുക്കുന്ന വിഷയം വരെ ഉണ്ടായിക്കൊണ്ടിരിക്കുന്നു. നമ്മുടെ സംസ്ഥാനം ഇനി ഒരു സ്റ്റെപ്പ് അങ്ങോട്ടു ഈ രീതിയിൽ മുന്നോട്ടു വച്ചാൽ എല്ലാം തകരും. ഇവിടെ ഇപ്പോൾ ശമ്പളം മാത്രം മുടങ്ങാതെ കൊടുക്കുന്നുണ്ട്. അതുമാത്രം വന്നു കഴിഞ്ഞിട്ടില്ല. ഭാഗ്യം. അതുകൂടാതെ കഴിഞ്ഞുപോകാം. കഴിഞ്ഞ കൊല്ലങ്ങളെയൊക്കെ അപേക്ഷിച്ച് ഉള്ള ഭദ്രത മുഴുവൻ ഇല്ലാതായ സ്ഥിതിയാണ് ഈ കഴിഞ്ഞ അഞ്ചുവർഷം കൊണ്ടുണ്ടായത്. ആർക്കും അതു നിഷേധിക്കാൻ കഴിയുകയില്ല. ഒരു രംഗത്തും ഒരു വകുപ്പിലും ആ തരത്തിലുള്ള ഒരു നേട്ടവും കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല. വൈദ്യുതി രംഗത്ത് ഉല്പാദനം വർദ്ധിച്ചു എന്ന് അവകാശവാദം ഉന്നയിച്ചു. എല്ലാവർക്കും അറിയാം. ലോംഗ്ടേം പ്രോജക്ടാണു വൈദ്യുതി പദ്ധതിയിലുള്ളത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തു തുടങ്ങി വയ്ക്കുന്നു, പിന്നീട് അഞ്ചാറു വർഷം കഴിഞ്ഞുവരുമ്പോൾ സ്വാഭാവികമായി എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അതു ഉദ്ഘാടനം ചെയ്യും. ഇപ്പോൾ നിങ്ങൾ ആരംഭിച്ച വല്ലതുമുണ്ടെങ്കിൽ അടുത്ത ഗവൺമെന്റിന്റെ കാലത്ത് അതു പൂർത്തിയാകും. അങ്ങനെ മെഗാവാട്ട് കുറച്ചൊക്കെ കൂട്ടിയെന്നല്ലാതെ ഒരു പെർഫോമൻസും ഈ ഗവൺമെന്റിന്റെ കാലത്തുണ്ടായിട്ടില്ല എന്നാണ് എനിക്ക് പറയാനുള്ളത്. പിന്നെ ഫിഗറുകൾ വച്ചു നോക്കുകയാണെങ്കിൽ വളരെ ക്ലിയറാണ്. ഞാൻ കണക്കിന്റെ ഡീറ്റെയിൽസിലേയ്ക്കു പോകുന്നില്ല. എളുപ്പം നോക്കാവുന്ന കാര്യങ്ങളാണ്. ഇപ്പോൾ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ അവസാനത്തെ ബഡ്ജറ്റിൽ ബഹുമാന്യനായ എന്റെ സുഹൃത്ത് ശ്രീ. ടി. ശിവദാസമേനോൻ മുൻപ് പറഞ്ഞ വാചകങ്ങളുണ്ട്. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ നിന്നും പോയപ്പോഴുള്ള അവസാന ബഡ്ജറ്റിനെക്കുറിച്ച് വിലയിരുത്തുമ്പോൾ അതിന്റെ സാമ്പത്തിക ഭദ്രത എത്ര ? കമ്മി എത്ര ? വരുമാനമെങ്ങനെയുണ്ടാക്കി, ചെലവ് എങ്ങനെ കുറച്ചു എന്നൊക്കെ നോക്കിയാണ് ഒരു ഗവൺമെന്റിന്റെ പ്രവർത്തനത്തെ വിലയിരുത്തേണ്ടത് എന്ന് അദ്ദേഹത്തിന്റെ പ്രാരംഭ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിരുന്നു. ഇപ്പോൾ അഞ്ച് കൊല്ലം കഴിഞ്ഞ് തിരിഞ്ഞുനോക്കുമ്പോൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അന്ന് പറഞ്ഞതിന്റെ കടകവിരുദ്ധമായി അദ്ദേഹം തിരിച്ചുകൊണ്ടുവന്നു. ഞാൻ ഇത് പറയുവാൻ കാരണം അന്ന് യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്ന റവന്യൂകമ്മി കുറച്ചൊന്ന് കൂടിയത് വച്ചിട്ട്, അദ്ദേഹത്തിന്റെ കണക്കിൽത്തന്നെ 1991-1996-ൽ എണ്ണൂറ്റി ഇരുപത് കോടിയിൽ ശിഷ്ടമുണ്ടായിരുന്ന കമ്മി ലേശമൊന്ന് കൂടി ആയിരത്തി എഴുന്നൂറ്റി ഒന്നുകോടിയോ മറ്റോ ആയപ്പോൾ അതിനെ രൂക്ഷമായി അന്നത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ അദ്ദേഹം വിവരിക്കുകയുണ്ടായി. അന്ന് ആയിരത്തിൽ ശിഷ്ടം കോടി രൂപയുണ്ടായിരുന്ന കമ്മി ഇപ്പോൾ ഈ അഞ്ച് വർഷത്തിനിടയിൽ ഒരു കാലത്തുമില്ലാത്തവിധം മൂന്ന് ഇരട്ടിയായി. അതായത് 3231.77 കോടി രൂപ ഇപ്പോൾ കമ്മിയാണ്. കമ്മി ഒരു അളവുകോലായി നിങ്ങൾ എടുത്തുവെങ്കിൽ അങ്ങയുടെ പ്രസംഗം തന്നെയെടുത്താൽ, അങ്ങയുടെ അവകാശവാദം തന്നെ എടുത്താൽ, ഈ പറഞ്ഞ കാലത്തിനുള്ളിൽ ആ

LIBRARY ARCHIVES Kerala Legislative Assembly

അളവുകോൽ വച്ചാൽ കമ്മിയിൽ നിങ്ങൾ റിക്കാർഡ് സൃഷ്ടിച്ചു. അപ്പോൾ സാമ്പത്തിക ഭദ്രത കൈവരിച്ചുവെന്ന് പ്രസംഗത്തിൽ അവകാശപ്പെടുന്നതിന്റെ കാര്യമെന്താണ്? അതുപോലെ കമ്മിയെക്കുറിച്ച് പറയുമ്പോൾ അസാധാരണമായ സംഗതികൾ ഇവിടെയുണ്ട്. നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ സാരമായി ബാധിക്കുന്ന, ഇന്ന് ഇവിടെ രാവിലെ പറഞ്ഞ ഒരു കാര്യം കോൺട്രാക്ടർമാർക്ക് കൊടുക്കേണ്ട കുടിശ്ശിക 1090 കോടി രൂപയാണെന്നാണ്. ഏതായാലും നന്നേ മോശമില്ലാത്ത ഫിഗർ തന്നെ. ഇതൊക്കെ കണക്കിന്റെ കളിയാണല്ലോ? പക്ഷെ എന്തുതന്നെയായാലും ശരി ഏതു കാലത്തേയും അപേക്ഷിച്ച് കോൺട്രാക്ടർമാർക്ക് കുടിശ്ശിക കൊടുക്കാൻ ബാക്കികിടക്കുകയാണ്. കോ-ഓപ്പറേറ്റീവ് രംഗത്ത് ഒരു കാലത്തും സംഭവിക്കാത്ത കാര്യങ്ങൾ ഈ കാലയളവിൽ ഉണ്ടായിരിക്കുന്നു. കോ- ഓപ്പറേറ്റീവ് ബാങ്കുകളിൽ നിന്നും കടമെടുത്ത് ആ കോ-ഓപ്പറേറ്റീവ് ബാങ്കുകളുടെ ഭദ്രത കളഞ്ഞതല്ലാതെ ഈ സംസ്ഥാനത്ത് ഭദ്രതയുണ്ടാക്കിയെന്നുപറയുന്നത് എങ്ങനെയാണ്? കോ-ഓപ്പറേറ്റീവ് ബാങ്കുകളുടെ ഭദ്രത പോയിരിക്കുകയാണ്. സഹകരണ രംഗത്തുനിന്ന് കിട്ടാവുന്നിടത്തോളം കടമെടുത്തതു കാരണം സഹകരണ ബാങ്കുകളിൽ പ്രതിസന്ധി വന്നിട്ടുണ്ട്. പാവപ്പെട്ട കൃഷിക്കാർക്ക് കിട്ടിക്കൊണ്ടിരുന്ന സൗകര്യങ്ങൾ ഇല്ലാതായിരിക്കുകയാണ്. ഗവൺമെന്റ് സഹകരണബാങ്കുകളിൽ നിന്നൊക്കെ കടമെടുത്തിരിക്കുകയാണ്. ഏതായാലും ആയിരത്തി അഞ്ഞൂറോളം കോടി രൂപ സഹകരണ ബാങ്കുകളിൽ നിന്നും ലോൺ എടുത്തിട്ടുണ്ട്. നമുക്ക് അളവുകോലും സൂചനയുമൊന്നുമില്ലെങ്കിൽ സാമ്പത്തിക ഭദ്രത തകർന്നിരിക്കുന്നു എന്നുള്ളതിന് വേറെ തെളിവുവല്ലതും വേണോ? അത് അസാധാരണമായ നടപടിയല്ലേ? സഹകരണബാങ്കിൽ നിന്നും പണം കടമെടുത്തത് ഏത് അളവുകോൽ വച്ചാണെന്ന് അറിഞ്ഞുകൂടാ, എന്തായാലും അസാധാരണമാംവിധം ഈ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മോശമായിട്ടുണ്ട്. കമ്മിവച്ച് നോക്കിയാലും അതുപോലെതന്നെ കുടിശ്ശികവച്ച് നോക്കിയാലും സഹകരണ ബാങ്കുകളിൽ നിന്നും കടമെടുത്ത അസാധാരണമായ നടപടി നോക്കിയാലും ഇവിടെ നമ്മൾ വിഷമത്തിലാണെന്ന് കാണാൻ കഴിയും. എഫിഷ്യൻസിയുണ്ടെന്ന് പറയുന്നു, പക്ഷെ റവന്യൂ പിരിവ് രംഗത്ത് എന്തെങ്കിലും നേട്ടമുണ്ടായിട്ടുണ്ടോ? യാതൊരു നേട്ടവും ഉണ്ടായിട്ടില്ല. കാർഷികമേഖലയിൽ വരുമാനം കുറഞ്ഞുവെന്ന് അദ്ദേഹം സമ്മതിക്കുന്നു. സി. ആന്റ് എ.ജി. യുടെ റിപ്പോർട്ടിൽത്തന്നെ ഓരോ രംഗത്തുമുണ്ടായ പിരിവിന്റെ കുറവിനെക്കുറിച്ച് വിമർശിച്ചിട്ടുണ്ട്. സെയിൽസ് ടാക്സ് ആകട്ടെ, എക്സൈസ് വരുമാനമാകട്ടെ, മോട്ടോർ ടാക്സ് ആകട്ടെ, എന്തിനധികം, ഭൂനികുതിയനിത്തിൽ 151.96 കോടി രൂപ സ്റ്റേ കൊടുത്തതിനെ കുറിച്ച് സി. ആന്റ് എ.ജി. റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. അങ്ങനെ പിരിവിലും വലിയ കാര്യമായ നേട്ടമുണ്ടായില്ല എന്നുമാത്രമല്ല, സർവ്വകാലാടിസ്ഥാനത്തിലുള്ള കുറവ് വന്നിട്ടുണ്ട്. ഇങ്ങനെ മുണ്ടുമുറുക്കി ഉടുക്കേണ്ട ഒരു കാലത്ത് ചെലവ് ചുരുക്കാൻ വല്ല നടപടിയും ഇവിടെ ഉണ്ടായോ? ഞാൻ അതിന്റെ വിശദാംശങ്ങളിലോട്ടൊന്നും പോകുന്നില്ല. ആഡംബരത്തിൽ യാതൊരു കുറവും ഇവിടെ വന്നതായി നമുക്കൊന്നും അറിയില്ല. യാതൊരു വിധ ആഡംബരവും കുറഞ്ഞിട്ടില്ല. മന്ത്രിമാരുടെ വിദേശയാത്രകൾ കുറഞ്ഞിട്ടുണ്ടോ? മറ്റ്

LIBRARY ARCHIVES Kerala Legislative Assembly

ആഡംബര വസ്തുക്കൾ വാങ്ങുന്ന കാര്യത്തിൽ കുറവുവന്നിട്ടുണ്ടോ ? ഒരു കുറവും ഈ കാലയളവിൽ വന്നിട്ടില്ല. മൊത്തം കടബാദ്ധ്യത ഒറ്റച്ചാട്ടത്തിന് കുതിച്ചുയർന്നതല്ലാതെ ഒന്നും വന്നിട്ടില്ല. 1996-ലുണ്ടായിരുന്ന മൊത്തം കടബാദ്ധ്യത പതിനായിരത്തി അറുന്നൂറ്റി എഴുപത്തി മൂന്നുകോടി രൂപയായിരുന്നത് ഇപ്പോൾ ഇരുപതുകോടിയെന്നോ ഇരുപത്തിമൂന്ന് കോടി രൂപയെന്നോ ഒരു കണക്കുപറയുന്നത് കേട്ടു. എന്തായാലും കടബാദ്ധ്യതയുടെ ഒരു കുതിച്ചുചാട്ടം സംസ്ഥാനത്തിനുണ്ടായത് ഈ കാലഘട്ടത്തിലാണ്. സാമ്പത്തിക ഭദ്രതയുണ്ടെന്ന് തമാശ രൂപത്തിൽ പറഞ്ഞിട്ട് വല്ല കാര്യവുമുണ്ടോ ? നമ്മുടെ സ്റ്റേറ്റ് വലിയ വിഷമതയിലാണെന്നുള്ളതിന് ഏറ്റവും വലിയ ഒരു ഉദാഹരണമാണ് മൊത്തം കടബാദ്ധ്യത ഇങ്ങനെ കൂടിയിരിക്കുന്നത്. പൊതുയോഗ പ്രസംഗങ്ങളിലൊക്കെ ഞങ്ങൾ ജനങ്ങളോട് പറഞ്ഞുകൊണ്ടിരിക്കുകയാണ് നിങ്ങൾ ഓരോരുത്തരും വലിയ സംഖ്യയ്ക്ക് കടക്കാരായിക്കൊണ്ടിരിക്കുന്നു. നിങ്ങൾ അറിയാതെ നിങ്ങൾ കടക്കാരാകുന്നു. ഇത് വെറുതെ പറയുന്നതാണോ ? ഇവിടെ ലഭ്യമായിട്ടുള്ള കണക്കനുസരിച്ചല്ലേ പറയുന്നത്. യു.ഡി.എഫ്. ഗവൺമെന്റ് ഭരിച്ചിരുന്ന കാലത്ത് ഒരാൾക്കുള്ള പ്രതിശീർഷ കടം 3253 രൂപ ആയിരുന്നത് ഇപ്പോൾ 6771 രൂപയാണ്. പലിശമാത്രം ഒരാൾക്ക് 603 രൂപ വരും. ഇങ്ങനെയുള്ള സ്ഥിതിയിൽ എന്ത് ഭദ്രതയാണുള്ളത് ? യാതൊരു ഭദ്രതയുമില്ല. അതുകൊണ്ടുതന്നെ വലിയ വിഷമ സ്ഥിതിയിലാണ് ജനങ്ങൾ. അവർ കടക്കാരായിരിക്കുന്നു. അതുപോലെതന്നെ സർക്കാർ ഇവിടെ സന്ദർഭത്തിനൊത്ത് ഉയരുന്നുണ്ടോ? വ്യവസായ വികസനത്തിനുവേണ്ടി 507 കോടി രൂപ കടമെടുത്തു. 13.75 ശതമാനം പലിശയാണ്, എന്നിട്ട് ആ പണം വ്യവസായാവശ്യത്തിന് ഉപയോഗിച്ചില്ല. ഇത്ര വലിയ പലിശയ്ക്ക് എടുക്കുന്ന പണം ഉൽപ്പാദന മേഖലയിൽ നിക്ഷേപിക്കാതെ യാതൊരുവിധ ഭദ്രതയുമില്ലാതെ അതെടുത്ത് വേറെ ആവശ്യങ്ങൾക്ക് ഉപയോഗിക്കുകയാണ്. പലിശ എത്ര കൂടുതലാണെന്നോ, ഇത് സാമ്പത്തിക രംഗത്ത് വൻപിച്ച തകരാർ സൃഷ്ടിക്കുമെന്നോ, നോക്കിയിട്ടില്ല. ഈ തുക വ്യവസായാവശ്യത്തിന് ഉപയോഗിച്ചതേയില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവകാശപ്പെടുന്നത് 16.81 ശതമാനമായി ജി.ഡി.പി. വർദ്ധിച്ചുവെന്നാണ്. എന്റെ സുഹൃത്ത് ശ്രീ. കെ. എം. മണി കഴിഞ്ഞദിവസം പ്രസംഗിച്ചപ്പോൾ അത് ഇൻഫ്ളേഷൻ കൊണ്ടുണ്ടായതാണെന്ന് പറഞ്ഞു. എന്തുകൊണ്ടോ ആകട്ടെ ഞാൻ സാധാരണ ലേമാൻ പോയിന്റ് ഓഫ് വ്യൂവിൽനിന്നുകൊണ്ട് പറയട്ടെ, ഇവിടെ ജി.ഡി.പി. വർദ്ധിച്ചതായി നമുക്ക് തോന്നുന്നില്ല. ഒരു രംഗത്തും ഇത് പ്രതിഫലിച്ചിട്ടില്ല. വ്യവസായ രംഗത്ത് പ്രതിഫലിച്ചിട്ടില്ല, കൃഷി രംഗത്ത് പ്രതിഫലിച്ചിട്ടില്ല, മറ്റ് വികസന രംഗത്തൊന്നും പ്രതിഫലിച്ചിട്ടില്ല. ഇവിടത്തെ മൊത്തം സാമ്പത്തിക ഭദ്രതയിൽ ഒരു വളർച്ചയുണ്ടായതായി ഒരു ലേമാന് ഇപ്പോൾ ഫീൽ ചെയ്യുന്നുണ്ടോ ? എന്തായാലും ശരി ഇവിടത്തെ ഒരു പൗരനും ഇതുവരെ അങ്ങനെയൊന്നും തോന്നിയിട്ടില്ല. ഇവിടെ സാമ്പത്തിക രംഗത്ത് ഒരു വളർച്ചയും ഉണ്ടായിട്ടില്ല. ഇടതുപക്ഷമുന്നണി ഗവൺമെന്റിന്റെ ഈ ഭരണകാലത്ത് സാധാരണ തൊഴിൽ ചെയ്ത് ജീവിക്കുന്നവർ, മുറുക്കാൻ കച്ചവടക്കാർ, ഓട്ടോറിക്ഷാ തൊഴിലാളികൾ തുടങ്ങി ആർക്കെങ്കിലും സാമ്പത്തികമായ ഒരു വളർച്ച ഉണ്ടായതായി ഫീൽ ചെയ്തിട്ടുണ്ടോ ; ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

ജി.ഡി.പി. യിൽ ഉണ്ടെന്ന് പറയുന്നത് അയഥാർത്ഥ്യമാണ്. പിന്നെ സാമ്പത്തിക ഭദ്രത നന്നാക്കാൻ വേണ്ടി മൂലധന നിക്ഷേപം വർദ്ധിപ്പിച്ചു എന്നാണ് പറയുന്നത്. എവിടെയാണ് മൂലധന നിക്ഷേപം ? പൊയ്ക്കൊണ്ടിരിക്കുന്ന വർഷത്തേക്കാൾ വരുംവർഷം മൂലധന നിക്ഷേപം കുറച്ചിരിക്കുകയാണ്. മൂലധന നിക്ഷേപം 831 കോടിയിൽ ശിഷ്ടം ഉണ്ടായിരുന്നത് ഇപ്പോൾ 768 കോടിയിൽ ശിഷ്ടമായി. എല്ലാ നിലയ്ക്കും ഒരു പോളിസി തകരാറ്, ഒരു എഫിഷ്യൻസി ഇല്ലായ്മ, മാനേജ്മെന്റ് തകരാറുമൂലം ഈ അഞ്ചു വർഷം സംസ്ഥാനത്തെ കാര്യമായി ബാധിച്ചിരിക്കുകയാണ്. യാതൊരു സംശയവുമില്ല. പിന്നെ നിങ്ങളുടെ താത്വിക സമീപനത്തെ ഞാൻ വിമർശിക്കുകയാണ്. നിങ്ങളുടെ താത്വിക സമീപനത്തിന് ഈ സ്റ്റേറ്റ് വലിയ വില കൊടുക്കേണ്ടി വന്നിരിക്കുകയാണ്. എന്ത് തത്വമാണ് നിങ്ങൾ സ്വീകരിച്ചിരിക്കുന്നതെന്ന് എനിക്ക് അറിയില്ല. നോബൽ പ്രൈസ് ജേതാവ് സാമ്പത്തിക വിദഗ്ദ്ധൻ അമർത്യാസെന്നിനെ നിങ്ങൾ ഇവിടെ ക്ഷണിച്ചു കൊണ്ടുവരികയും നമ്മുടെ സംസ്ഥാനത്തിനെ മാത്രമായി കൂപമണ്ഡൂകത്തിന്റെ നയം സ്വീകരിക്കാൻ പറ്റുകയില്ലെന്ന് അദ്ദേഹം വിമർശിക്കുകയുമുണ്ടായി. വാസ്തവത്തിൽ കൂപമണ്ഡൂകമെന്നു പറയുന്നത് എന്താണെന്നു വച്ചാൽ ലോകമാകുന്ന കിണറ്റിൽ ഇപ്പോൾ നമ്മളാകുന്ന തവള മാത്രമേ അങ്ങനെയുള്ളൂ. ഇത് നടക്കുമോ ? കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലില്ല, ചൈനയിലില്ല, സൗത്ത് ഈസ്റ്റ് രാജ്യങ്ങളിലൊന്നുമില്ല, ബംഗാളിലില്ല, ഇന്ത്യയിലെ മറ്റൊരു സ്റ്റേറ്റിലുമില്ല, കേരളം മാത്രം ഇത്തരത്തിലൊരു സമീപനം സ്വീകരിച്ചുകൊണ്ടുപോകുന്നത് നമ്മളെ വലിയ രീതിയിൽ ബാധിച്ചിരിക്കുകയാണ്. ഇതിന്റെ ഒരു ദുരന്തഫലം ഈ അഞ്ചു കൊല്ലക്കാലംകൊണ്ട് നമ്മുടെ സംസ്ഥാനം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ലിബറലൈസേഷനെ നിങ്ങൾ എപ്പോഴും ഒരു രക്ഷാ കവചമായി ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ വിലക്കയറ്റം ഉണ്ടായാലും ശരി, കേന്ദ്ര നടപടികൾ വന്നാലും ശരി എല്ലാം ലിബറലൈസേഷന്റെ ഫലമാണെന്നുള്ള രീതിയിൽ നിയമസഭയിലും പൊതുജനങ്ങളുടെ ഇടയിലും നിങ്ങൾ നിർബാധം ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. ആ ലിബറലൈസേഷൻ എന്നുള്ളത് നമുക്ക് വേണ്ടായെന്ന് വയ്ക്കുക. നമ്മൾ അതിനോട് യോജിക്കുന്നില്ലായെന്ന് വയ്ക്കുക. എന്നാലും ലിബറലൈസേഷൻ എന്നുള്ളത് ഒരു വസ്തുതയാണ്. അത് ഇൻഫർമേഷൻ ടെക്നോളജിയുമായി ബന്ധപ്പെട്ട വസ്തുതയാണ്. ലോകത്താകെ നടന്നുകൊണ്ടിരിക്കുന്ന ഒരു കാര്യമാണ്. ഇവിടെ മറ്റൊരു ഇൻഡസ്ട്രിയൽ റവല്യൂഷൻ എന്നു പറയുന്ന ഐ.റ്റി. മേഖലയിൽ ശാസ്ത്രീയമായി വന്നുകൊണ്ടിരിക്കുന്ന പുരോഗതിയുമായി ബന്ധപ്പെട്ട് ലോകത്ത് എല്ലാപേരും അവനവന്റെ സ്ഥിതി അതിനനുസരിച്ച് അഡ്ജസ്റ്റ് ചെയ്യുമ്പോൾ നമ്മൾ നമ്മുടെ സ്ഥിതി അതിനനുസരിച്ച് അഡ്ജസ്റ്റ് ചെയ്യാതെ ഇവിടെ താത്വികമായ സമീപനം സ്വീകരിച്ചുകൊണ്ട് ഞാനൊന്നുമറിഞ്ഞില്ലേ രാമനാരായണാ എന്നു പറഞ്ഞുകൊണ്ട് ഒറ്റയിരുപ്പ് ഇരുന്നാൽ എന്ത് സംഭവിക്കുമോ അതാണ് ഈ സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്നത്. നമ്മുടെ അയൽ സംസ്ഥാനങ്ങൾ ലിബറലൈസേഷൻ വന്നപ്പോൾ ഇൻഫർമേഷൻ ടെക്നോളജി, അതുപോലുള്ള മറ്റ് മേഖലകളിലും മുന്നോട്ടുപോയി. കർണ്ണാടക സംസ്ഥാനം IT യിലും ബയോ ടെക്നോളജിയിലും കുറെ കാര്യങ്ങൾ ചെയ്തു. യു.ഡി.എഫ്.

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിന്റെ കാലത്ത് ഇൻഡസ്ട്രിയൽ പോളിസി കൊണ്ടുവരുന്നതിനായി ആലോചിച്ച് കുറെ കാര്യങ്ങൾ ചെയ്യുകയുണ്ടായി. അന്ന് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് നമ്മുടെ സംസ്ഥാനം മുന്നിലായിരുന്നു. അതു കഴിഞ്ഞ് വാസ്തവത്തിൽ രണ്ടു നാലു കൊല്ലക്കാലം നിങ്ങൾ ഒന്നും ചെയ്തില്ല. നിങ്ങൾക്ക് ഒരു പോളിസിയും ഉണ്ടായില്ല എന്നു മാത്രമല്ല ഇതിനോടുള്ള താത്വികമായ സമീപനംകൊണ്ട് മുഖം തിരിഞ്ഞു നിന്നതുകൊണ്ട് സംഭവിച്ചത് എന്താണെന്നുവച്ചാൽ കേരളത്തിന് ഏറ്റവും അനുയോജ്യമായ ഐ.ടി. രംഗത്ത് ഒരിഞ്ചുപോലും മുന്നോട്ടുപോകാൻ കഴിഞ്ഞില്ല. സോഫ്റ്റ് വെയർ രംഗത്ത് കർണ്ണാടക ഒരുപാട് മുന്നോട്ടുപോയി. അതുപോലെ ഓരോ സ്റ്റേറ്റും ഓരോ മേഖലയിൽ മുന്നോട്ടു പോയി. തമിഴ്നാട് സർവ്വീസ് രംഗത്ത് മുന്നോട്ടുപോയി. ഭരണ രംഗത്ത് എഫിഷ്യൻസി ഉണ്ടാകുന്ന കാര്യത്തിൽ ആന്ധ്ര മുന്നോട്ടുപോയി. മഹാരാഷ്ട്ര വ്യവസായങ്ങളുടെ എഫിഷ്യൻസി വർദ്ധിപ്പിച്ചുകൊണ്ട് ഇ-കോമേഴ്സിന്റെ കാര്യത്തിൽ മുന്നോട്ടുപോയി. എഡ്യൂക്കേഷന്റെ കാര്യത്തിൽ നമ്മൾ മുന്നിലായിരുന്നു. ആ രംഗത്ത് ഇൻഫർമേഷൻ ടെക്നോളജി ഉപയോഗിച്ചുകൊണ്ട് മുന്നോട്ടുപോയിരുന്നുവെങ്കിൽ അന്ന് കേരളത്തിന് ലിറ്ററസിയിൽ ഒന്നാം സ്ഥാനം ഉണ്ടായിരുന്നു എന്നു പറഞ്ഞതുപോലെ എഡ്യൂക്കേഷന്റെ കാര്യത്തിലും ഇന്ന് കേരളത്തിന് ഒന്നാം സ്ഥാനം നിലനിർത്താമായിരുന്നു. വിദ്യാഭ്യാസ രംഗത്ത് നമുക്ക് യാതൊരു പരിഷ്ക്കാരങ്ങളും ഉണ്ടായില്ല. നേരത്തെ വിഭാവനംചെയ്ത ഇ.ടി. മുഹമ്മദ് ബഷീർ സൂചിപ്പിച്ചതുപോലെ, കുട്ടികളെ എക്സ്ക്കർഷന് കൊണ്ടുപോകുന്നതുപോലെ പോളിസി സംബന്ധിച്ച് ബംഗാളിലേയ്ക്ക് പോകേണ്ട സമയമാണോ ഇപ്പോൾ ? എഡ്യൂക്കേഷൻ രംഗത്ത് വളരെയധികം മുന്നോട്ടുപോയി തിരിഞ്ഞുനോക്കേണ്ട സമയമാണ്. വാസ്തവത്തിൽ ഇൻഫർമേഷൻ ടെക്നോളജി ആഗോളാടിസ്ഥാനത്തിൽ ഉള്ള ഒരു ഡിസിപ്ലിനാണ്. അത് വളരെയധികം മുന്നോട്ടുപോയി പാരമ്യത്തിൽ എത്തിനിൽക്കേണ്ട സമയമായിരുന്നു ഇത്. എന്നിട്ടും നമ്മുടെ സംസ്ഥാനത്ത് ഒരു ടെക്നോളജി കോളേജുപോലും അനുവദിച്ചിട്ടില്ല. അതുപോലെ മറ്റ് വിദ്യാഭ്യാസ രംഗങ്ങളിൽ നടക്കുമായിരുന്ന ഒരുപാട് കാര്യങ്ങൾ, പുതിയ സ്ഥാപനങ്ങളെ അവഗണിച്ചു, കോഴ്സുകൾ അവഗണിച്ചു, ഒന്നും ഉണ്ടായില്ല. എന്നിട്ട് ഇവിടെ ചെയ്തത് എന്താണ്? സാധാരണ മട്ടിൽ കുറെ +2 ഉണ്ടായി. അതിന് 300 കോടി രൂപ ചെലവഴിച്ചു. ആ 300 കോടി രൂപ എന്തിനാണ് ചെലവഴിച്ചത് ? ഞങ്ങൾക്ക് വ്യക്തമായ കാഴ്ചപ്പാട് ഉണ്ട്, യു.ഡി.എഫ്-ന്റെ കാലത്ത് അൺഎയ്ഡഡിന് കൊടുത്തു. അൺ എയ്ഡഡിനോടു നിങ്ങളുടെ താത്വികമായ സമീപനമെന്താണ് ? ഇത്രയും സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടായ ഈ കാലഘട്ടത്തിൽ 300 കോടി രൂപ ഗവൺമെന്റിലും എയ്ഡഡിലുമായി +2 നുവേണ്ടി ചെലവഴിച്ചു. അതായത് ഗവൺമെന്റ് ഒരു പൈസ പോലും ചെലവഴിക്കാതെ സ്വയം വളരുന്ന ഒരു മേഖലയെക്കുറിച്ച് അഞ്ചുവർഷത്തിന്റെ അവസാനം പഠനം എന്നുപറഞ്ഞ് ഒഴിഞ്ഞുമാറി. ഇതല്ലേ ഉണ്ടായത് ? യു.ഡി.എഫ്. വളരെ വ്യക്തമായ കാഴ്ചപ്പാടോടുകൂടി തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിൽതന്നെ പറഞ്ഞ് ജനങ്ങളെ അഭിമുഖീകരിക്കും, ജനങ്ങൾ യാതൊരു സംശയവും കൂടാതെ അത് സ്വീകരിക്കുമെന്ന് എനിക്ക് ഉറപ്പുണ്ട്. ഈ സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ

LIBRARY ARCHIVES Kerala Legislative Assembly

മേഖലയെ ഇൻഫർമേഷൻ ടെക്നോളജി ഉപയോഗിച്ച് റവല്യൂഷണൈസ് ചെയ്യുന്നതിൽ മുരടിച്ച് താത്വികമായ സമീപനം സ്വീകരിച്ചു. അതിന് വലിയ വിലയാണ് നാം കൊടുക്കാൻ പോകുന്നത്. മറ്റ് വ്യവസായങ്ങളൊന്നും ഇവിടെ നടക്കുകയില്ല. ഇവിടെ പരിസ്ഥിതി പ്രശ്നങ്ങളും മറ്റ് കാര്യങ്ങളുമുണ്ട്. ഈ സംസ്ഥാനത്ത് ഈ രംഗത്ത് നടക്കുമായിരുന്ന വമ്പിച്ച മാറ്റം നിങ്ങൾ കളഞ്ഞുകുളിച്ചു. അതുപോലെ ബയോ-ടെക്നോളജി മേഖലയിലും ഒന്നും നടന്നില്ല. എല്ലാ സംസ്ഥാനങ്ങളും കാര്യമായി മുന്നോട്ടുപോയ്ക്കൊണ്ടിരിക്കുകയാണ്. അതുപോലെ വിനോദസഞ്ചാരം അതൊക്കെ ഞാൻ വിടുകയാണ്. അത്തരത്തിലുള്ള ഒരുപാട് മേഖലകളെ അവഗണിച്ചു. വ്യവസായത്തിന്റെ കാര്യം പറയേണ്ട. ഞങ്ങൾ ഇൻഡസ്ട്രിയൽ പോളിസി കൊണ്ടുവന്ന് ചില പൊതുമേഖലാ സ്ഥാപനങ്ങളെയൊക്കെ നന്നാക്കാൻ നോക്കി, റി-സ്ട്രക്ച്ചറിഗ് ബോർഡ് നിലനിർത്തി, എന്നൊക്കെയാണ് പറയുന്നത്. നിങ്ങളുടെ നേട്ടങ്ങളായി ഇപ്പോഴും പറയുന്നത് വ്യവസായ നയത്തിൽ കൊണ്ടുവന്ന അടിസ്ഥാന സൗകര്യത്തിനുവേണ്ടി ഉണ്ടാക്കിയ കിൻഫ്രാ, അതുപോലെ റീ-സ്ട്രക്ച്ചറിംഗ് ബോർഡ്, ഞങ്ങൾ ഉണ്ടാക്കിയ ടെക്നോ പാർക്കിൽ നാല് വ്യവസായം വന്നു. ഇതൊക്കെയാണ്. നേട്ടങ്ങൾ പറയണം. വേണ്ടായെന്ന് ഞാൻ പറയുന്നില്ല. അടിസ്ഥാന സൗകര്യത്തിനുവേണ്ടി ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റ് ഞങ്ങൾ ഉണ്ടാക്കി. അതൊക്കെ പോകട്ടെ, ഒരു പൊതുമേഖലാ സ്ഥാപനങ്ങളുടെ റീ-സ്ട്രക്ച്ചറിംഗ് ഞങ്ങൾ എങ്ങനെ ആണ് കൊണ്ടുവന്നത് ? ഞങ്ങളും വി.ആർ.എസ്. കൊടുത്ത് തൊഴിലാളികളെ പിരിച്ചുവിടാനുള്ള നയം കെൽട്രോണിൽപോലും റീ-സ്ട്രക്ച്ചറിംഗ് ചെയ്യാനുള്ള പദ്ധതിയുടെ ഭാഗമായിട്ടാണ് കൊണ്ടുവന്നത്. ഇപ്പോൾ നിങ്ങളുടെ കാലത്ത് സ്ഥിതി എന്താണ് ? റീ-സ്ട്രക്ച്ചറിംഗിന്റെ യാതൊരു പ്രൊപ്പോസലുമില്ലാതെതന്നെ വി.ആർ.എസ്. നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ഞങ്ങളുടെ നയം തൊഴിലാളി വിരുദ്ധമാണെന്ന് പറഞ്ഞവരാണ് നിങ്ങൾ. ജോയിന്റ് സെക്ടറിലാണെങ്കിലും ശരി, ഏത് മേഖലയിലായാലും ശരി, ഞങ്ങൾ റീ-സ്ട്രക്ച്ചറിംഗ് ബോർഡ് ഉണ്ടാക്കിയതും വി.ആർ.എസ്. കൊടുക്കാനുള്ള പ്രൊപ്പോസൽ വച്ചതുമെല്ലാം പബ്ലിക് സെക്ടർ നന്നാക്കിക്കൊണ്ട് നടപ്പിലാക്കാനാണ്. ഇപ്പോൾ പിരിച്ചുവിടുന്നു. അതിനുതന്നെ കാശ് കൊടുക്കുന്നില്ലായെന്നാണ് പറയുന്നത്. ഇത് ഏറ്റവും വലിയ തൊഴിലാളിവിരുദ്ധ നടപടിയല്ലേ ? പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത് ഒരുതരം നിർജീവനിലയിലാണ്. പൂട്ടണമെന്ന് ഞാൻ പറയുന്നില്ല. അടഞ്ഞുകൊണ്ടിരിക്കുകയാണ്. തുറന്നുവച്ചിരിക്കുന്ന ഇന്നത്തെ ട്രഷറിയുടെ അതേ സ്ഥിതിതന്നെയാണ് പൊതുമേഖലാ സ്ഥാപനങ്ങളിലുമുള്ളത്. എനിക്ക് തോന്നുന്നത് ഇവിടെ യു.ഡി.എഫ് വരികയാണെങ്കിൽ വളരെ കൺസ്ട്രക്ടീവ് ആയിട്ടുള്ള ഒരു അറ്റിറ്റ്യൂഡ് എടുക്കാൻ കഴിയും, നിങ്ങൾ സഹകരിക്കണം. ഇനി യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വിദ്യാഭ്യാസ-വ്യാവസായിക രംഗത്തു കൊണ്ടുവരുന്ന പരിഷ്ക്കാരങ്ങൾക്ക് വരട്ട് തത്വശാസ്ത്രങ്ങളുടെ പേരിൽ ഇനി ഒരു തടസ്സം ഉണ്ടാകരുത്. അതുപോലെ ചില കാര്യങ്ങൾ ഇവിടെ പറയാതിരിക്കാൻ വയ്യ. നാം ഒരു തെരഞ്ഞെടുപ്പിലേയ്ക്ക് പോകുകയാണ്. തെരഞ്ഞെടുപ്പിൽ ആര് ജയിക്കുമെന്നുള്ളതിനെ സംബന്ധിച്ച് ജനങ്ങൾ ഇപ്പോൾ പറഞ്ഞുതുടങ്ങിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഞാനായിട്ട് ആവർത്തിച്ച് പറയേണ്ട കാര്യമില്ല. അതുകൊണ്ടാണ് മോചനയാത്രയെ സംബന്ധിച്ച് ഇടയ്ക്കിടയ്ക്ക് പറഞ്ഞുകൊണ്ടിരിക്കുന്നത്. മോചനയാത്രയിൽ എന്താണ് പറഞ്ഞതെന്ന് അറിയാമോ? ഒരുപാട് യോഗങ്ങൾ നടന്നു. പ്രതിപക്ഷനേതാവ് അതിനെ സംബന്ധിച്ച് സംസാരിക്കുന്നുണ്ട്. അതുകൊണ്ട് ഞാൻ അതിനെക്കുറിച്ച് പറയുന്നില്ല. വർഗ്ഗീയ കലാപം ഇവിടെ ഉണ്ടായില്ല എന്നൊക്കെ പറയുന്നത് ഇവിടെയിരിക്കുന്ന പ്രതിപക്ഷത്തിന്റെ സമീപനം കൊണ്ടുകൂടിയാണ്. പല കാര്യങ്ങളും വർഗ്ഗീയമായി തിരിയാൻ പ്രതിപക്ഷം സമ്മതിക്കാതിരിക്കുന്നതുകൊണ്ടാണ്. നിങ്ങൾ കാര്യങ്ങൾ മനസ്സിലാക്കുക. അത്രയേ എനിക്ക് അതു സംബന്ധിച്ച് പറയാനുള്ളൂ. എന്തെങ്കിലും ഉണ്ടാകുമ്പോൾ അവിടെ സമാധാനം ഉണ്ടാക്കാൻവേണ്ടി ഞങ്ങൾകൂടി രംഗത്തുവരുന്നു. ബാബറി മസ്ജിദ് തകർന്ന ആ കാലഘട്ടത്തിൽ, ഏറ്റവും കലുഷിതമായ അന്തരീക്ഷത്തിൽ യു.ഡി.എഫ്. ഭരിച്ചിരുന്നപ്പോൾ ഇന്ത്യയിലൊട്ടാകെ പലതും നടന്നപ്പോൾ ഇവിടെ അത്രയ്ക്കൊന്നും നടന്നില്ല. ഇപ്പോൾ നാദാപുരത്ത് നടന്നത് വർഗ്ഗീയമാണോ അല്ലയോ എന്നൊന്നും ഞാൻ പറയുന്നില്ല. പക്ഷെ ഇപ്പോൾ നാദാപുരത്ത് നടന്ന കാര്യങ്ങളെ സംബന്ധിച്ച് എനിക്ക് ഒരു തരം ബിട്രേയ്ഡ് ഫീലിങ് ആണ് ഉള്ളത്. ഈ പ്രശ്നം ഇവിടെ ഉണ്ടായി, അത് മറ്റുതരത്തിൽ ചിത്രീകരിക്കപ്പെടാതിരിക്കാൻ വേണ്ടി അശ്രാന്ത പരിശ്രമം ചെയ്ത കൂട്ടത്തിലാണ് നമ്മളൊക്കെ. നിയമസഭാ പാർട്ടി ലീഡർ എന്നുള്ള നിലയ്ക്ക് വിനീതനായ ഞാൻ അവിടെ പോയി പ്രശ്നം കൈകാര്യം ചെയ്യേണ്ട കാര്യമൊന്നുമില്ല. അവിടത്തെ പ്രശ്നങ്ങൾ കണ്ടപ്പോൾ പന്തിയല്ലെന്ന് തോന്നിയതുകൊണ്ടാണ് അവിടത്തെ ജില്ലാ സെക്രട്ടറി പി.കെ.കെ. ബാവയും ഞാനുമൊക്കെപോയി പ്രശ്നങ്ങൾ കൈകാര്യം ചെയ്തത്. ബഹു.മുഖ്യമന്ത്രി അവിടെ സമാധാന യോഗം വിളിച്ചുകൂട്ടിയപ്പോൾ ഞങ്ങളൊക്കെ സജീവമായി പങ്കെടുത്തത് അതുകൊണ്ടാണ്. അതുകഴിഞ്ഞ് ഒരു സമാധാനജാഥ നടത്തി, അതിൽപ്പോലും മുനീറും ഞാനും പങ്കെടുത്തത് അതുകൊണ്ടാണ്. ശിഹാബ്തങ്ങൾ പോയി സന്ദർശനം നടത്തിയപ്പോൾ സന്തോഷിന്റേയും മൊയ്തുഹാജിയുടെയും വീട്ടിൽ ഒരുപോലെ പോയത് അതുകൊണ്ടാണ്. അങ്ങനെയാണ് അത് നിന്നുപോയത്. പക്ഷേ ഇതെല്ലാം കഴിഞ്ഞ്, വൈകുന്നേരം വരെ വെള്ളം കോരി വൈകുന്നേരം കുടമിട്ട് ഉടയ്ക്കുന്ന പരിപാടി എന്റെ ബഹുമാനപ്പെട്ട സുഹൃത്ത് ശ്രീ. കണാരൻ ചെയ്യരുതായിരുന്നു. അദ്ദേഹം ഇവിടെവന്ന് പറഞ്ഞു അവിടെ നടന്നത് വർഗ്ഗീയ സമരമല്ല, വർഗ്ഗ സമരമാണ് എന്ന്. അങ്ങനെയൊന്നും അദ്ദേഹം പറഞ്ഞുകാണുകയില്ലായെന്നാണ് ഞാൻ പ്രത്യാശിക്കുന്നത്. അദ്ദേഹം ഇപ്പോൾ ഇവിടെയില്ല. കാരണം അവിടെ നടന്നത് വർഗ്ഗ സമരമാണോ? എന്താണത്? ടേപ് റിക്കാർഡർ കൊണ്ടുപോയതും, കക്കലും, കൊള്ളയടിക്കലും സ്ത്രീകളെ വീട്ടിൽകയറി ഉപദ്രവിച്ചതുമൊക്കെ നടന്നിട്ട് അതിനെ ന്യായീകരിച്ചു കൊണ്ട്, എൻഡോർസ് ചെയ്തുകൊണ്ട്, ആ മേഖലയിൽ ആർക്കും ഇമ്മാതിരി കാര്യങ്ങൾ ചെയ്യാം, അതിനുള്ള ലൈസൻസ് ഉണ്ട് എന്ന് കേരളത്തിന്റെ നിയമസഭാവേദി ഉപയോഗിച്ചുകൊണ്ട് പറയണമായിരുന്നോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. അവിടെ നടന്നത് വർഗ്ഗ സമരമല്ല, മറ്റതാണെന്ന് ഞാൻ പറയുന്നില്ല. അതുകൊണ്ട് വളരെ

LIBRARY ARCHIVES Kerala Legislative Assembly

മോശമായിപ്പോയി, അക്കാര്യത്തിൽ ഒരുതരം 'ബിട്രേയൽ' സമീപനമാണ് ഇടതുപക്ഷസുഹൃത്തുക്കളിൽ നിന്നും ഉണ്ടായത്. ഇത്തരം സമീപനങ്ങൾ അവിടെ നടന്നുകൊണ്ടിരുന്ന കാര്യങ്ങൾക്ക് ന്യായംകൊടുക്കലായി. അത് വളരെ ഖേദകരമായിപ്പോയി എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇത് തെറ്റായ സമീപനമാണ്. ഇത് പാർട്ടി തിരുത്തേണ്ടതായിരുന്നു. തിരുത്തിയോയെന്ന് എനിക്ക് അറിഞ്ഞുകൂടാ. തിരുത്തിയതായി കാണുന്നില്ല. കേരളത്തിന്റെ വളർച്ചയ്ക്ക്, കേരളത്തെ നേരായ പന്ഥാവിലേയ്ക്ക് കൊണ്ടുപോകാൻ വ്യക്തമായ കാഴ്ചപ്പാടോടുകൂടി വളരെ ഐക്യത്തോടുകൂടിയുള്ള ഒരു പോളിസിയുടെ അടിസ്ഥാനത്തിൽ യു.ഡി.എഫ്. ഒറ്റക്കെട്ടായി നിൽക്കുമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഇതിനെ എതിർക്കുന്നു.

ശ്രീ. ടി. എസ്. ജോൺ : സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. കേരളം ഐശ്വര്യത്തിന്റെ പാതയിലാണ്. കോളേജിന്റെ കാര്യമാണ് ഞാൻ പറഞ്ഞത്. മൂവായിരത്തിൽപ്പരം എഞ്ചിനീയറിംഗ് സീറ്റുകൾ ഉണ്ടായിരുന്നിടത്ത് ഇപ്പോൾ ഒൻപതിനായിരമായി. അഞ്ച് വർഷം കൊണ്ട് ഇന്നും നടന്നില്ല എന്നു പറഞ്ഞതുകൊണ്ടാണ് ഇത് പറയുന്നത്. കേരളം ഐശ്വര്യത്തിന്റെ പാതയിലാണെന്ന് പറഞ്ഞത് കുഴപ്പമായിപ്പോയി എന്നാണ് ബഹുമാനപ്പെട്ട മെമ്പർ ശ്രീമതി സാവിത്രി ലക്ഷ്മണൻ ഇവിടെ പറഞ്ഞത്. ഏത് കാര്യത്തിലാണ് ഐശ്വര്യം ഇല്ലാത്തത് എന്നുള്ളതാണ് പ്രശ്നം. ഞാൻ ചുരുക്കിപ്പറയാം. സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾ ആയിരുന്നല്ലോ എസ്.സി/എസ്.ടി. വിഭാഗങ്ങൾ. സാമ്പത്തികമായും എല്ലാ കാര്യത്തിലും നമ്മൾ വർഷങ്ങളോളം ഇവിടെ ഇരുന്നിട്ടുള്ളവരാണല്ലോ. ശ്രീമതി ഗൗരി അമ്മയ്ക്കറിയാം. 1970-ലൊക്കെ സാമ്പത്തികമായി പിന്നോക്ക വിഭാഗങ്ങൾക്കും അതുപോലെ തന്നെ എസ്.സി/എസ്.ടി. വിഭാഗങ്ങൾക്കും എന്ത് തൊരുക്കമായിരുന്നുവെന്ന്. ലക്ഷം വീട് പദ്ധതിയെന്നു പറഞ്ഞത് ലാട്രിനില്ലാത്ത ലക്ഷം വീട് ഉണ്ടാക്കി കൊടുത്തില്ലേ? ലാട്രിൻ ഇല്ലാത്ത ഒരു ലക്ഷം വീട് ഉണ്ടാക്കികൊടുക്കാൻ എന്ത് ബുദ്ധിമുട്ടുണ്ടായി? ഇന്ന് സാമ്പത്തികമായി എസ്.സി/എസ്.ടി വിഭാഗങ്ങൾക്ക് മെച്ചപ്പെട്ട ഒരു ജീവിത രീതി ഉണ്ടാക്കികൊടുക്കാൻ കഴിഞ്ഞ 5 വർഷക്കാലത്ത് ഈ ഗവൺമെന്റിന് കഴിഞ്ഞു. കഴിഞ്ഞ 5 വർഷം കൊണ്ട് പാവപ്പെട്ടവന്റെ ജീവിതത്തിൽ വലിയ മാറ്റമുണ്ടായി. നമ്മുടെ നാട്ടിൽ എസ്.സി/എസ്.ടി. വിഭാഗങ്ങൾക്ക് കുടിലുപോലും ഉണ്ടായിരുന്നില്ല. നാട്ടിൻ പുറങ്ങളിലുള്ള എല്ലാ വിഭാഗം ആളുകൾക്കും വീടുണ്ടായി. കൂരയില്ലാത്ത ധാരാളം ആളുകൾ ഈ രാജ്യത്തുണ്ടായിരുന്നു. കൂരയില്ലാത്ത ഒരു എസ്.സി/എസ്.ടി. യും ഇന്ന് നമ്മുടെ സംസ്ഥാനത്ത് ഇല്ല. അതാണ് ഈ രാജ്യത്തുണ്ടാക്കിയ നേട്ടം. പിന്നെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ രണ്ട് തവണ വർദ്ധിപ്പിച്ചു. യു.ഡി.എഫ്. അധികാരത്തിലിരുന്നപ്പോൾ എസ്.സി/എസ്.ടി. വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ വർദ്ധിപ്പിച്ചു കൊടുത്തോ? കഴിഞ്ഞ അഞ്ചു വർഷത്തിനകം രണ്ടുപ്രാവശ്യം എസ്.സി/എസ്.ടി. വിഭാഗങ്ങൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഉണ്ടാക്കികൊടുത്തു. അതുപോലെ തന്നെ 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ 5 വർഷംകൊണ്ട് ഈ രാജ്യത്ത് ഉണ്ടാക്കി കൊടുത്തു. എസ്.സി/എസ്.ടി.ക്കു

LIBRARY ARCHIVES Kerala Legislative Assembly

മാത്രമല്ല, പാവപ്പെട്ട കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യങ്ങൾ ഈ രാജ്യത്ത് ഉണ്ടാക്കി കൊടുത്തു. വെള്ളവും വെളിച്ചവും ഹരിജൻ കോളനികളിലെല്ലാം ഉണ്ടായി. മിക്കവാറും എല്ലാ സ്ഥലങ്ങളിലും ഉണ്ടായിക്കൊണ്ടിരിക്കുന്നു. എല്ലാ സ്ഥലങ്ങളിലും ഉണ്ടായി എന്ന് ഞാൻ അവകാശപ്പെടുന്നില്ല. വെള്ളവും വെളിച്ചവും കൊടുക്കുന്നതിനുള്ള പരമാവധി പരിശ്രമങ്ങൾ നടത്തി. ഒന്ന് ചോദിച്ചോട്ടെ, സ്കൂളുകളിൽ ആനിവേഴ്സറികൾക്ക് നമ്മൾ പോകുന്നല്ലോ. 5 വർഷത്തിന് മുൻപും ആനിവേഴ്സറിക്ക് പോയിട്ടുണ്ട്. ഇന്ന് നല്ല ആരോഗ്യവാന്മാരായ കുട്ടികളെയാണ് നമ്മുടെ കൺമുൻപിൽ കാണാൻ കഴിയുന്നത്. നല്ല വെളുത്ത ഉടുപ്പും നിക്കറുമൊക്കെയിട്ട കുഞ്ഞുങ്ങളെ കാണാം. കഴിഞ്ഞ അഞ്ചു വർഷക്കാലത്തെ നേട്ടങ്ങളെക്കുറിച്ച് നിങ്ങൾ എന്താണ് വിലയിരുത്താത്തത് ? അതുപോലെ പഠിക്കുന്ന കുഞ്ഞുങ്ങൾക്ക് ഓണം, ക്രിസ്തുമസ്, റംസാൻ ഇങ്ങനെയുള്ള ആഘോഷവേളകളിൽ അഞ്ചുകിലോ അരി വീതം വീടുകളിൽ എത്തിച്ചു കൊടുക്കുന്നില്ലേ ? വളരെ ആരോഗ്യവാന്മാരായ കുഞ്ഞുങ്ങളെയാണ് നമ്മുടെ സംസ്ഥാനത്തുള്ള സ്കൂളുകളിൽ കാണുന്നത്. പാവപ്പെട്ടവന്റെ ജീവിത രീതിയിൽ വലിയ മാറ്റം ഉണ്ടാക്കാൻ, മെച്ചപ്പെട്ട ഒരു വ്യവസ്ഥിതിയുണ്ടാക്കാൻ കഴിഞ്ഞ അഞ്ചു വർഷക്കാലത്തെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന് കഴിഞ്ഞു എന്നുള്ള ചാരിതാർത്ഥ്യത്തോടുകൂടിയാണ് ഞങ്ങൾ തെരഞ്ഞെടുപ്പിലേയ്ക്ക് പോകുന്നത്. അതുപോലെ തന്നെ 1977-ന് മുൻപ് കൈവശം വച്ചിട്ടുള്ള വനഭൂമിക്ക് പട്ടയം കൃഷിക്കാർക്ക് കൊടുക്കണം എന്നുള്ളതാണ് മുഴുവൻ കൃഷിക്കാരുടേയും ആഗ്രഹം. പലവട്ടം പല പാർട്ടികൾ ഈ രാജ്യത്ത് അധികാരത്തിൽ വന്നു. യു.ഡി.എഫ്. ഒരുപാട് വർഷം അധികാരത്തിൽ വന്നു. പക്ഷേ ആത്മാർത്ഥമായ ഒരു ശ്രമം നടത്തിയില്ല. എന്നാൽ ഈ ഗവൺമെന്റ് കോടതിയിലുണ്ടായിരുന്ന കേസുകൾ മുഴുവനും സമയബന്ധിതമായി തീർത്തു. സമയബന്ധിതമായി പട്ടയം കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞിരിക്കുന്നു. കൃഷിക്കാരുടെ ചിരകാലാഭിലാഷമായ പട്ടയം ഇടുക്കി, കോട്ടയം, പത്തനംതിട്ട ജില്ലയുടെ കിഴക്കൻ മേഖല മുതലായ പ്രദേശങ്ങളിൽ ഉള്ള പട്ടയം കിട്ടാത്ത ലക്ഷോപലക്ഷം കൃഷികാർക്ക് പട്ടയം കിട്ടുന്നു. അങ്ങനെ പട്ടയം കൊടുക്കാൻ കഴിഞ്ഞ ഒരു ഗവൺമെന്റാണ് ഇത്. ഇത് ചെറിയ കാര്യമായിട്ട് കാണുന്നതാണ് ഖേദകരമായിട്ടുള്ളത്. പ്രധാനമായിട്ടും കാർഷിക മേഖലയിൽ തളർച്ചയുണ്ടായിട്ടുണ്ട്. പക്ഷേ കാർഷികോൽപ്പാദനം വർദ്ധിച്ചു. നെൽകൃഷിയുടെയും റബ്ബറിന്റെയും ഉല്പാദനം വർദ്ധിച്ചു. എല്ലാ മേഖലയിലും കാർഷികോൽപ്പാദനം വർദ്ധിച്ചു. പക്ഷേ കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവുമൂലം സാമ്പത്തിക തളർച്ച കൃഷിക്കാരുടെയിടയിൽ ഉണ്ടായി. ഈ വിലയിടിവിന് ഉത്തരവാദി കേരളത്തിലെ ഗവൺമെന്റ് മാത്രമാണ് ? ഒരു ഗവൺമെന്റിനെ സംബന്ധിച്ച് ചെയ്യാൻ കഴിയുന്നിടത്തോളം കാര്യങ്ങൾ ചെയ്തു. 5 ഹെക്ടർ വരെയുള്ള കർഷകരേയും കാർഷികാദായ നികുതിയിൽനിന്നും ഒഴിവാക്കി. റബ്ബർ, കാപ്പി കർഷകരുടെ കാർഷികാദായ നികുതി 20 ഹെക്ടർ വരെ പൂർണ്ണമായി ഒഴിവാക്കി. രണ്ടു ഹെക്ടർ വരെയുള്ള എല്ലാ കൃഷിക്കാർക്കും വൈദ്യുതി സൗജന്യമാക്കി. ഈ മേഖല നേരിടുന്ന ഗുരുതരമായ ബുദ്ധിമുട്ടുകൾ പരിഗണിച്ച് അടുത്ത വർഷത്തേയ്ക്ക് കൂടി നികുതിയിളവ് പൂർണ്ണമായി തുടരാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. അങ്ങനെ സംഘടിതമേഖലയിൽ

LIBRARY ARCHIVES Kerala Legislative Assembly

വിലയിടിവുമൂലം കഷ്ടപ്പെടുന്ന കൃഷിക്കാരെ സഹായിക്കുന്നതിനായി ഗവൺമെന്റിന്റെ ഭാഗത്തു നിന്നും ചെയ്യാൻ കഴിയുന്നത് മുഴുവൻ ചെയ്തു. റബ്ബറിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നു. റബ്ബറിന് വിലയിടിഞ്ഞു. എന്നാൽ റബ്ബർ കൃഷിക്കാർ മറ്റ് കൃഷിയിലേക്ക് മാറണം. റബ്ബർ ഇപ്പോൾ ഭൂ നിയമ ബില്ലിന്റെ പരിധിയിൽപ്പെട്ടു കിടക്കുകയാണ്. ആ പരിധി ഒന്ന് എടുത്തു കളഞ്ഞാൽ കാഷ്യൂ പ്ലാന്റേഷനുവേണ്ടി അത് വിനിയോഗിക്കാം. ഈ വർഷം 2800 കോടി രൂപ നമുക്ക് കാഷ്യൂവിന്റെ എക്സ്പോർട്ട് ഇനത്തിൽ കിട്ടി. കാഷ്യൂ നമ്മുടെ സംസ്ഥാനത്ത് കൂടുതൽ ഉല്പാദിപ്പിക്കാനും റബ്ബർ കൃഷിക്കാരെ ആ മേഖലയിലേയ്ക്ക് തിരിച്ചുവിടാനും ഭൂവിനിയോഗ നിയമത്തിൽ ചില മാറ്റങ്ങൾ വരുത്തേണ്ടതായിട്ടുണ്ട്. അതുപോലെതന്നെ കുട്ടനാടൻ പാടശേഖരങ്ങൾ, കോൾ നിലങ്ങൾ തൃശൂർ, പാലക്കാട് ഒക്കെയുള്ള നിലങ്ങൾ ഇന്ന് കൃഷിചെയ്യാതെ കിടക്കുന്നു, കാര്യമെന്താണ്? അത് സഹകരണ മേഖലയിലും മറ്റും കൃഷിചെയ്ത് പരാജയപ്പെട്ടു. കുട്ടനാടൻ പാടശേഖരങ്ങളേയും, കുട്ടനാട്ടിലെ കോൾ നിലങ്ങളേയും, പാലക്കാട്ടെ നിലങ്ങളെയുമെല്ലാം ഭൂ നികുതി ബില്ലിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയതാണ്. ഇപ്പോഴത്തെ

1 P.M.] ലേറ്റസ്റ്റ് ടെക്നോളജി ഉപയോഗിച്ച് ലാഭകരമായി കാർഷികോൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിയും. ഈ കൃഷിക്കാരെ സഹായിക്കാൻ കഴിയും. അങ്ങനെ ഭൂ നികുതി ബില്ലിലും ചില മാറ്റങ്ങൾ ഉണ്ടാക്കി ഈ കൃഷിക്കാരെ സഹായിക്കാൻ കഴിയണം. കാർഷിക മേഖലയിൽ ഉൽപ്പാദനം വർദ്ധിപ്പിക്കണം. അതുമാത്രമേ കരണീയമായിട്ടുള്ളൂ. അതുകൊണ്ട് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളുമായി കൃഷിക്കാരെ കൂടുതൽ സഹായിക്കേണ്ടതായിട്ടുണ്ട്. സാമ്പത്തിക ബുദ്ധിമുട്ടുകൾ കൊണ്ട് സഹായിക്കാൻ കഴിയുന്നില്ല എന്നുമാത്രമേയുള്ളൂ. ഇന്ന് എല്ലാ മേഖലയിലും, പ്രത്യേകിച്ച് കാർഷിക മേഖലയിൽ കേന്ദ്ര ഗവൺമെന്റിന്റെ ബഡ്ജറ്റുമൂലം വലിയ ഗുണമൊന്നും ഉണ്ടായിട്ടില്ല. കേന്ദ്രഗവൺമെന്റ് ബഡ്ജറ്റുമൂലം കാർഷികോൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യാനുള്ള ലൈസൻസ്, അതിന്റെ ഇറക്കുമതി ചുങ്കം വളരെ കുറച്ചിരിക്കുകയാണ്. അത് സ്വൽപ്പം വർദ്ധിപ്പിച്ചു. കേന്ദ്ര ഗവൺമെന്റ് റബ്ബറായാലും, തേയിലയായാലും മറ്റു കാർഷികോൽപ്പന്നങ്ങളായാലും ഏത് ഉൽപ്പന്നങ്ങളായാലും അത് ഇറക്കുമതി ചെയ്യുന്നതിന് പരമാവധി ഇറക്കുമതി ചുങ്കം ചുമത്താൻ കഴിയണം. 150 മുതൽ 300 ശതമാനംവരെ ഇറക്കുമതി ചുങ്കം വർദ്ധിപ്പിക്കണം, അതിനുവേണ്ടിയുള്ള നടപടികൾക്കായി നമുക്ക് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തേണ്ടതായിട്ടുണ്ട്. റബ്ബറിനെ കാർഷിക ഉൽപ്പന്നമായി മാറ്റാൻ ശ്രമിക്കുമെന്ന് പ്രധാനമന്ത്രി ഇവിടെ പ്രസംഗിച്ച് പോയി, അതും നടത്താൻ കഴിഞ്ഞിട്ടില്ല നിയമസഭയുടെ സമ്മർദ്ദംമൂലം അതും നേടിയെടുക്കേണ്ടതായിട്ടുണ്ട്. കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കാൻ പരമാവധി നമ്മൾ ശ്രമിക്കണം. കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് എല്ലാ മേഖലയിലും വലിയ പുരോഗതി ഉണ്ടായിട്ടുണ്ട് എന്ന് അവകാശപ്പെടുന്നില്ല. വ്യവസായ മേഖലയ്ക്ക് ആവശ്യമായ ഇലക്ട്രിസിറ്റി സപ്ലൈ ചെയ്യാൻ കഴിഞ്ഞു എന്നുള്ളതാണ് വലിയ നേട്ടം. ഇലക്ട്രിസിറ്റി സർപ്ലസാക്കി, അതിന്റെ ഫലമായി വ്യവസായ മേഖല പുഷ്ടിപ്പെടുത്തുവാനുള്ള സാഹചര്യം ഈ ഗവൺമെന്റ് സൃഷ്ടിച്ചു. ആ സാഹചര്യത്തിലൂടെ വ്യവസായവും വളർന്നുവരാൻ പോകുന്നു. അങ്ങനെ ഈ സംസ്ഥാനത്ത് സമസ്ത മേഖലയിലും പുരോഗതി കൈവരിക്കാൻ കഴിഞ്ഞ ഒരു കാലഘട്ടമായിരുന്നു കഴിഞ്ഞ അഞ്ചുവർഷത്തെ കാലഘട്ടം എന്ന് ചരിത്രം വിധി എഴുതും, അതിന് യാതൊരു സംശയവും ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. എ. വി. താമരാക്ഷൻ : സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ ശക്തമായി എതിർക്കുകയാണ്. പത്താം കേരള നിയമസഭയുടെ അവസാന സമ്മേളനത്തിന്റെ തിരശ്ശീല നാളെ വീഴുകയാണ്. പത്താം കേരള നിയമസഭ ചില കാര്യങ്ങളിൽ റിക്കോർഡിട്ട ഒരു നിയമസഭയാണ്. ഇടതുപക്ഷ മുന്നണി ഗവൺമെന്റ് ആദ്യമായി അഞ്ചുവർഷം പൂർത്തിയാക്കാൻ പോകുന്നത് ഈ നിയമസഭയിലാണ്. ബഹുമാനപ്പെട്ട നിയമസഭാ സ്പീക്കറും അഞ്ചുവർഷം നിയമസഭാ സ്പീക്കറായിരിക്കുന്നതും ഈ കാലയളവിൽ മാത്രമാണ്. ഈ റിക്കോർഡ് ഉണ്ടെങ്കിലും കേരളത്തിന്റെ ചരിത്രത്തിൽ ഇന്ന് അധികാരത്തിൽ ഇരിക്കുന്ന ഗവൺമെന്റ് അപമാനമാണ് എന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് തിരുവിതാംകൂറിലും; തിരു-കൊച്ചിയിലും, കേരളത്തിലുമായി പല പ്രഗൽഭന്മാരുടെ നേതൃത്വത്തിൽ ഗവൺമെന്റുകൾ ഉണ്ടായിട്ടുണ്ട്. മഹാനായ പട്ടം താണുപിള്ള, സി. കേശവൻ, ആർ. ശങ്കർ, എ.കെ. ജോൺ, പനംപിള്ളി ഗോവിന്ദമേനോൻ, ഇ.എം.എസ്., സി. അച്യുതമേനോൻ, സി.എച്ച്. മുഹമ്മദ് കോയ, ശ്രീ. കെ കരുണാകരൻ, ശ്രീ. പി.കെ.വി., ശ്രീ. എ.കെ. ആന്റണി തുടങ്ങി 80-ലും 87-ലും ശ്രീ. നായനാരുടേയും നേതൃത്വത്തിൽ ഗവൺമെന്റുകൾ ഉണ്ടാക്കി. 1996-ൽ അധികാരത്തിൽ വന്ന ഇന്നത്തെ ഈ ഗവൺമെന്റ്, ഈ ഗവൺമെന്റിനെ പോലെ ഇത്രയും പിടിപ്പുകെട്ട, ഇത്രയും കഴിവില്ലാത്ത ഒരു ഗവൺമെന്റ് കേരളം കണ്ടിട്ടുണ്ടോ ? ഈ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഇത്രയും പിടിപ്പുകെട്ട കഴിവില്ലാത്ത, അഴിമതിയിൽ മുങ്ങിയ ഒരു ഗവൺമെന്റ് ഈ സംസ്ഥാനം കണ്ടിട്ടില്ല. 57 മാസം ഭരിച്ചുകഴിഞ്ഞപ്പോൾ ഈ നാട്ടിലെ ജനങ്ങൾ തകർന്നു. ഈ നാട് തകർന്നു ഈ സംസ്ഥാനമാകെ കടക്കെണിയിലായി. പ്രതിപക്ഷം രാഷ്ട്രീയമായി കാര്യങ്ങളെ വിമർശിക്കും, അതിനെ രാഷ്ട്രീയമായി കാണണം, രാഷ്ട്രീയമായി ഗവൺമെന്റ് വിമർശിക്കണം. അത് രാഷ്ട്രീയമായി കാണുന്നതിനുപകരം, വിമർശിക്കുന്നവരെ വ്യക്തിപരമായി തേജോവധം ചെയ്യുന്ന ഒരു മുഖ്യമന്ത്രി കേരളത്തിന് അപമാനമല്ലേ ? എത്രയോ മഹാന്മാർ ഇരുന്ന കസേരയാണ് ആ കസേര. 1996-ൽ ഹരിപ്പാട് നിയോജകമണ്ഡലത്തിൽ ഞാൻ ഒരു എക്സിബിഷൻ നടത്തി. സംസ്ഥാന ഗവൺമെന്റിന്റെ പത്തു പൈസപോലും എക്സിബിഷനകത്തില്ല. ഒരു ഉത്സവം നടത്തുന്നതുപോലെ ജനങ്ങളിൽനിന്ന് പണം പിരിച്ചാണ് ആ എക്സിബിഷൻ നടത്തിയത്. ആ എക്സിബിഷനു ശേഷം അതിന്റെ മുഴുവൻ കണക്കുകളും ചാർട്ടേർഡ് അക്കൗണ്ടന്റിനെ കൊണ്ടുതന്നെ ആഡിറ്റ് ചെയ്ത് ബന്ധപ്പെട്ട എല്ലാ കമ്മിറ്റികളിലും അതിന്റെ ഫൈനാൻസ് കമ്മിറ്റി, സ്റ്റിയറിംഗ് കമ്മിറ്റി, എക്സിക്യൂട്ടീവ് കമ്മിറ്റി ഇതിലെല്ലാം ഏകകണ്ഠമായി പാസ്സാക്കി. മിച്ചം ഉണ്ടായിരുന്ന പണവും എങ്ങനെ ചെലവഴിക്കണമെന്ന് കമ്മിറ്റി തീരുമാനിച്ചു. അതെല്ലാം നടന്നതിനുശേഷം ഒരു കള്ളപ്പരാതിയുടെ പേരിൽ, പരാതി ആർക്കെങ്കിലും ഉണ്ടെങ്കിൽ അന്വേഷിക്കണം, അന്വേഷിക്കുകപോലും ചെയ്യാതെ ആ പരാതിക്കാരന്റെ പരാതി മാത്രം എഫ്.ഐ.ആർ. ആക്കി കോടതിയിൽ കൊടുത്തിട്ട് പേപ്പറിൽ വാർത്ത കൊടുക്കുക, 12 ലക്ഷം രൂപ ഞാൻ അപഹരിച്ചു എന്ന്. ഒരു ഗവൺമെന്റ് ചെയ്യാവുന്ന നടപടിയാണോ ഇത് ? മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നും നിർദ്ദേശം കൊടുത്ത് ചെയ്യിപ്പിച്ചതാണിത്. ഒരു പരാതിയുണ്ടെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചശേഷമല്ലേ എഫ്.ഐ.ആർ. കൊടുക്കേണ്ടത്. എല്ലാ മാദ്ധ്യമങ്ങളും, കൈരളി ചാനൽ അത് എട്ടു പ്രാവശ്യം പ്രക്ഷേപണം ചെയ്തു, കേരളത്തിൽ. അതു കഴിഞ്ഞതിനുശേഷം ഞാൻ അതുമായി ബന്ധപ്പെട്ട മുഴുവൻ റിക്കോർഡുകളും മുഖ്യമന്ത്രിക്ക് കൊടുത്തു. ഈ സഭയിലുള്ള എല്ലാ കക്ഷി നേതാക്കന്മാർക്കും കൊടുത്തു. ആഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റിന്റെ കോപ്പിയും കമ്മിറ്റി റിപ്പോർട്ടുകളും അടക്കം മുഴുവൻ റിക്കോർഡുകളും മുഖ്യമന്ത്രിക്കും, കക്ഷിനേതാക്കന്മാർക്കും, സ്പീക്കർക്കും കൊടുത്തു. അതിനു ശേഷം എന്റെ ഓഫീസ് റെയ്ഡ് ചെയ്തു. ആയിക്കൊള്ളട്ടെ, കഴിഞ്ഞ വ്യാഴാഴ്ച എന്റെ വീട് റെയ്ഡ് ചെയ്യാൻ ഓർഡർ വാങ്ങിച്ചു. ഹരിപ്പാട് സബ്-മജിസ്ട്രേറ്റ് ആദ്യം അനുവാദം കൊടുത്തില്ല, അവരെ തെറ്റിദ്ധരിപ്പിച്ചാണ് എന്റെ ഓഫീസ് റെയ്ഡ് ചെയ്യാൻ ഓർഡർ വാങ്ങിയത്. ആ സബ്-മജിസ്ട്രേട്ട് പോയശേഷം വ്യാഴാഴ്ച ഒരു പുതിയ മജിസ്ട്രേട്ട് വന്ന് ചാർജ്ജെടുത്ത് ആ ദിവസംതന്നെ പോലീസ് വീണ്ടും എന്റെ വീട് റെയ്ഡ് ചെയ്യാൻ ഓർഡർ വാങ്ങിച്ചു. എന്നോട് അവിടത്തെ പോലീസ് പറഞ്ഞത് ഞങ്ങൾ നിരപരാധികളാണ് എന്തുചെയ്യാൻ പറ്റും എന്നാണ്. മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നും നിരന്തരമായി വിളിക്കുന്നു എന്നാണ് പറയുന്നത്.

<u>ശ്രീ. എം. വി. ജയരാജൻ</u> : സർ, ഞാൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ വിവരിക്കുന്ന കാര്യം ഇപ്പോൾ കോടതിയുടെ പരിഗണനയിൽ ഇരിക്കുന്ന കാര്യമാണ്. ബഹുമാനപ്പെട്ട അംഗം ഒരു പരാമർശം കൂടി നടത്തുകയുണ്ടായി. ബഹുമാനപ്പെട്ട മജിസ്ട്രേട്ട് കോടതിയെ തെറ്റിദ്ധരിപ്പിച്ചുകൊണ്ട് ഓർഡർ വാങ്ങി എന്ന്. വാസ്തവവിരുദ്ധമായ കാര്യമാണ് ഇത്. കോടതിയുടെ പരിഗണനയിൽ ഇരിക്കുന്ന കാര്യമാണ്, അത് ഇങ്ങനെ സഭയിൽ ഉന്നയിക്കുന്നത് ശരിയാണോ ?

<u>പ്രൊഫ. എ. വി. താമരാക്ഷൻ</u> : ഞാൻ പറഞ്ഞത് സത്യമാണ്. ആദ്യമായി എന്റെ ഓഫീസ് റെയ്ഡ് ചെയ്യാനായി തെറ്റായ ധാരണയിലാണ് ഓർഡർ കൊടുത്തത്. എന്റെ ഓഫീസ് എം.എൽ.എ ഓഫീസാണ്, ആ എം.എൽ.എ. ഓഫീസാണ് റെയ്ഡ് ചെയ്തത്. അതിന്റെ അടിസ്ഥാനത്തിൽ പിന്നീട് അവർ കൊടുത്തില്ല. അതിനുശേഷം പുതിയ സബ്-മജിസ്ട്രേട്ട് വന്ന് ചാർജ്ജെടുത്ത ദിവസം തിരുവനന്തപുരത്ത് നിന്ന്, മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നുള്ള സമ്മർദ്ദം കൊണ്ട് വൈകുന്നേരം 5 മണിക്ക് എന്റെ വീട് റെയ്ഡ് ചെയ്യാൻ ഓർഡർ വാങ്ങിച്ചു. ഞാൻ ഈ വിവരം അറിഞ്ഞപ്പോൾ സംസ്ഥാനത്തെ എല്ലാ പത്രക്കാരേയും വിളിച്ച് ..... (ബഹളം..... ബഹളം.....) എന്നു ഞാൻ പറഞ്ഞില്ല. കോടതിയെ എന്ന് ഞാൻ പറഞ്ഞില്ല, പറയാത്ത കാര്യമാണ്. പോലീസിനെ സമ്മർദ്ദം ചെലുത്തി എന്നാണ് ഞാൻ പറഞ്ഞത്.

<u>മി. ചെയർമാൻ</u> : കോടതിയെ സമ്മർദ്ദം ചെലുത്തി തെറ്റിദ്ധരിപ്പിച്ചു എന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ അത് നോക്കാം. അത് രേഖ നോക്കാം, പ്ലീസ്..... പ്ലീസ്.....

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. എ. വി. താമരാക്ഷൻ : സർ, അതുണ്ടെങ്കിൽ മാറ്റിക്കോട്ടെ, സർ, ഞാൻ പറഞ്ഞിട്ടില്ല. പോലീസിൽ സമ്മർദ്ദം ചെലുത്തി എന്നാണ് ഞാൻ പറഞ്ഞത്.

മി. ചെയർമാൻ : അദ്ദേഹം അത് നിഷേധിക്കുന്നു. രേഖ നോക്കിയിട്ട് വേണ്ടതു ചെയ്യാം.

പ്രൊഫ. എ.വി. താമരാക്ഷൻ : സർ, ഞാൻ പറഞ്ഞത് പോലീസിൽ സമ്മർദ്ദം ചെലുത്തിയെന്നാണ്, കോടതി എന്ന് പറഞ്ഞിട്ടില്ല. പോലീസിൽ സമ്മർദ്ദം ചെലുത്തി ഓർഡർ വാങ്ങി, ഞാൻ എല്ലാ പത്രങ്ങളിലും വിളിച്ചുപറഞ്ഞു, വെള്ളിയാഴ്ച രാവിലെ എന്റെ വീട് റെയിഡു നടത്താൻ വരുന്നുണ്ടെന്ന് ഞാൻ ഏഷ്യാനെറ്റ്, സൂര്യ, എല്ലാപേരെയും വിളിച്ചുപറഞ്ഞു, ഞാൻ ഒരു കാര്യം മുഖ്യമന്ത്രിയെ ഓർമ്മിപ്പിക്കുന്നു. മുഖ്യമന്ത്രിയുടെ പോലീസ് അങ്ങനല്ലാ കേസ് എടുക്കുന്നത്. പത്തു പൈസയുടെ അഴിമതി അതിനകത്തുണ്ടെന്നു തെളിയിച്ചാൽ ഞാൻ എം.എൽ.എ സ്ഥാനം അല്ല, രാഷ്ട്രീയ പ്രവർത്തനം അവസാനിപ്പിക്കാം. ഞാൻ ഈ സഭയ്ക്ക് ഉറപ്പുതരാം. ഞാൻ ഉത്തരവാദിത്വ ബോധത്തോടുകൂടി പറയുകയാണ്. എക്സിബിഷനെ സംബന്ധിച്ച് അന്വേഷിക്കുന്ന മുഖ്യമന്ത്രിയുടെ പോലീസ് എന്തെങ്കിലും ക്രമക്കേട് ഉണ്ടെന്ന് തെളിയിച്ചാൽ ഞാൻ ഈ സഭയിൽ പറയുന്നു. സർ, എന്റെ എം.എൽ.എ. സ്ഥാനമല്ല സംസ്ഥാനത്തിലെ ജനങ്ങളോട് മാപ്പു പറഞ്ഞുകൊണ്ട് എന്റെ രാഷ്ട്രീയപ്രവർത്തനം ഞാൻ അവസാനിപ്പിക്കാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിക്കുന്നു. ഞാൻ ഈ നിയമസഭയിൽ രേഖ വച്ചുകൊണ്ടാണ് ആരോപണം ഉന്നയിച്ചത്. കുടിവെള്ളത്തിന്റെ പേരിൽ, ഒന്ന് അന്വേഷിക്കാമോ, 1966-ന് ശേഷം മുഖ്യമന്ത്രിയുടെ ഭാര്യയുടേയും മക്കളുടേയും മരുമക്കളുടേയും പേരിൽ ഉണ്ടാക്കിയ സമ്പത്തിനെക്കുറിച്ച് ഒന്ന് അന്വേഷിക്കാമോ ? ഹൈക്കോടതിയിൽ കേസ് കിടക്കുകയല്ലേ, ഹൈക്കോടതിയിൽ കിടക്കുകയാണ്. ഞാൻ ഈ പറഞ്ഞതുപോലെ ഇത് മുഖ്യമന്ത്രിയുടെ പോലീസ് അന്വേഷിക്കുക. അന്വേഷിച്ചുകൊള്ളട്ടെ, ഞാൻ വ്യക്തമായ രേഖയുടെ അടിസ്ഥാനത്തിലാണ് പരാതി കൊടുക്കുന്നത്. സി.ബി.ഐ. പോലും പറയുന്നു മുഖ്യമന്ത്രിയുടെ മരുമകൻ പങ്കാളിയാണെന്ന്. അതിൽ ഇടപെട്ടു എന്ന്. ഒന്ന് അന്വേഷിക്കാമോ, പള്ളിവാസൽ, ചെങ്കുളം, പന്നിയാർ എന്നീ വൈദ്യുതി പദ്ധതികളെ കുറിച്ചു പറഞ്ഞു, യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് ഇത് തുടങ്ങിയത്. എന്റെ കയ്യിൽ രേഖയുണ്ട്. യു.ഡി.എഫ്. ഗവൺമെന്റ് കൊടുത്തതിനുശേഷം ബാലാനന്ദൻ കമ്മിറ്റി റിപ്പോർട്ട് കൊടുത്തതിനുശേഷം ഈ ഗവൺമെന്റ് രണ്ടു പ്രാവശ്യമായി രണ്ടു അമെന്റ്മെന്റ് കൊണ്ടുവന്നു എഗ്രിമെന്റിൽ. അതിലാണ് ഈ സംസ്ഥാനത്തെ ഖജനാവിൽ 200 കോടി രൂപയുടെ നഷ്ടമുണ്ടാക്കിയിരിക്കുന്നത്. അന്വേഷിക്കാമോ ? ഞാൻ വെല്ലുവിളിക്കുന്നു, ഒന്ന് അന്വേഷിക്കാമോ ? ഞാൻ എല്ലാ തെളിവുകളും ഹാജരാക്കാം, ഒന്ന് അന്വേഷിക്കാമോ ? ഞാൻ പറഞ്ഞത് ഒരു മുഖ്യമന്ത്രിയും ഈ തരത്തിൽ ചെയ്തിട്ടില്ല, രാഷ്ട്രീയമായി എതിർക്കുന്നവരെ വ്യക്തിപരമായി തേജോവധം ചെയ്യുന്ന ഇത്രയും തരംതാണ രാഷ്ട്രീയ പ്രവർത്തനം 10-ാം കേരള നിയമസഭയിൽ നടത്തിയത് ഈ സംസ്ഥാനത്തിന്

LIBRARY ARCHIVES Kerala Legislative Assembly

അപമാനകരമാണ് എന്ന പരാതി എനിക്ക് ഉണ്ട്. ഇത്രയുമേ ഞാൻ അതേക്കുറിച്ച് പറയുന്നുള്ളൂ. ഞാൻ ഒരു കാര്യം കൂടി പറയാം. ഈ ഗവൺമെന്റിന്റെ കാലത്ത് കന്നുകാലികൾക്ക് പോലും രക്ഷയില്ല. ബഹുമാനപ്പെട്ട ഇ. ചന്ദ്രശേഖരൻ നായർ ഇവിടെയില്ല. അദ്ദേഹം ഇതിനകത്ത് അഴിമതിക്കാരനാണെന്നുള്ള അഭിപ്രായം എനിക്കില്ല. എങ്കിലും അദ്ദേഹത്തിന്റെ വകുപ്പിൽ നടക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ച് ഒന്ന് ഗൗരവപൂർവ്വം പരിശോധിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. സർ, മൃഗസംരക്ഷണ വകുപ്പിൽ സ്വകാര്യ ഏജൻസികൾ വഴി വിദേശത്തുനിന്ന് മരുന്നുകൾ വാങ്ങിയതിൽ വൻ വെട്ടിപ്പ് നടന്നതായി ഇതു സംബന്ധിച്ച രേഖകൾ തെളിയിക്കുന്നു. മലയോരങ്ങളിൽമാത്രം മൃഗങ്ങളിൽ അപൂർവ്വമായി കാണുന്ന തൈലേറിയാഡിസ് എന്ന രോഗത്തിന് കഴിഞ്ഞ മാർച്ചിൽ മൃഗസംരക്ഷണ വകുപ്പ് പതിനഞ്ചുലക്ഷത്തി നാൽപ്പത്തി മൂന്നായിരത്തി അഞ്ഞൂറ് രൂപയുടെ മരുന്നുകളാണ് സ്വകാര്യ ഏജൻസി വഴി വാങ്ങിയത്. 20 എം.എല്ലിന് 1021 രൂപ വിലയുള്ള ബപ്പാറവാകിന എന്ന മരുന്നിന്റെ ഒരു കുപ്പിപോലും ഉപയോഗിച്ചിട്ടില്ല. ഒറ്റ കുപ്പിപോലും ഉപയോഗിച്ചിട്ടില്ല. ആ മരുന്നിന്റെ ഓർഡർ കൊടുക്കുന്നത് തന്നെ ജനുവരി 29-ാം തീയതിയാണ്. സംസ്ഥാന ഗവൺമെന്റിന്റെ ഓർഡറാണ്. ഓർഡർ നമ്പർ ആർ.ടി. 589/2000, ഡേറ്റഡ് 29/1/2000, ആ ദിവസം തന്നെ ഗവൺമെന്റ് ഓർഡർ ഇറക്കിയതിനുശേഷം അനിമൽ ഹസ്ബന്ററി ഡിപ്പാർട്ടുമെന്റും ഓർഡർ കൊടുത്തു. 30-ാം തീയതി മരുന്ന് സപ്ലൈ ചെയ്തു. 29-ാം തീയതി ഓർഡർ കൊടുത്തു. 30-ാം തീയതി സപ്ലൈ ചെയ്യുന്നു. 31-ാം തീയതി കാശും വാങ്ങിച്ചു. അതുപോലെ തന്നെ പശുക്കളുടെ ഗർഭാശയ മുഴകൾക്കുള്ള ഔഷധമായ ഡൈനോ പ്രോസ്റ്റിന്റെ കാലാവധി കഴിഞ്ഞ് രണ്ടായിരം കുപ്പികൾ ബെൽജിയത്തിൽ നിന്ന് ചെന്നൈയിലെ ബോസ്റ്റർലൈറ്റ് മെഡിക്കൽസ് എന്ന സ്ഥാപനം വഴിയാണ് വാങ്ങിക്കൂട്ടിയത്. കുപ്പിയുടെ പുറത്തുള്ള ലേബലിൽ സമയപരിധി തിരുത്തി വിതരണം ചെയ്ത ഡൈനോപ്രോസ്റ്റ് പശുക്കൾക്ക് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുമെന്ന് ചൂണ്ടിക്കാണിക്കുകയുണ്ടായി. ആറു ലക്ഷം രൂപയ്ക്കാണ് ആ മരുന്ന് വാങ്ങിയത്. എക്സ്പൈയറി ഡേറ്റിന്റെ മുകളിൽ വേറെ ലേബർ ഒട്ടിച്ചിരിക്കുന്നു. മിണ്ടാപ്രാണികളായ പശുക്കൾക്ക് വിഷം കലർന്ന മരുന്ന് കൊടുത്താൽ അതിന് സംസാരിക്കാൻ പറ്റുമോ, കഴിയുകയില്ല. മിണ്ടാപ്രാണികളായ പശുക്കൾക്ക് മരുന്നു കൊടുത്തുകഴിഞ്ഞാൽ അവയ്ക്കുണ്ടാകുന്ന അസുഖം എന്താണെന്ന് അറിയാൻ പറ്റുമോ ? സ്വകാര്യ ഏജൻസികൾ വഴി വാങ്ങുന്ന മരുന്നുകളുടെ ഗുണനിലവാരം മൃഗസംരക്ഷണ വകുപ്പിലെ വിദഗ്ദ്ധരും ഡ്രഗ്സ് കൺട്രോളറും ഉറപ്പുവരുത്തിയ ശേഷം മാത്രമേ ഏജന്റിന് പണം കൊടുക്കാവൂ, എന്നചട്ടം ലംഘിച്ചുകൊണ്ടാണ് 29-ാം തീയതി ഗവൺമെന്റ് ഓർഡർ കൊടുക്കുന്നത്. 29-ാം തീയതി തന്നെ ഡിപ്പാർട്ടുമെന്റ് ഓർഡർ കൊടുക്കുന്നു. 30-ാം തീയതി മരുന്ന് സപ്ലൈ ചെയ്യുന്നു. 31-ാം തീയതി കാശ് വാങ്ങിച്ചുകൊണ്ടു പോകുന്നു. 2000 മാർച്ചിൽ നാലു ദിവസത്തിനുള്ളിൽ രണ്ടുകോടി രണ്ടു ലക്ഷത്തി അൻപത്തിയൊൻപതിനായിരത്തി തൊള്ളായിരത്തി ഇരുപത്തിയെട്ടു രൂപയുടെ മരുന്നാണ് ഈ വകുപ്പ് ഇത്തരത്തിൽ വാങ്ങിക്കൂട്ടിയത്. ഞാൻ ബഹുമാനപ്പെട്ട മൃഗസംരക്ഷണ വകുപ്പുമന്ത്രിയോട് പറയുന്നു. അങ്ങ് അറിഞ്ഞുകൊണ്ടാണെന്ന് ഞാൻ പറയുന്നില്ല, അങ്ങ് ഇത് അന്വേഷിക്കണം,

LIBRARY ARCHIVES Kerala Legislative Assembly

വലിയ അഴിമതിയാണ് നടക്കുന്നത്. കാലിത്തീറ്റ കുംഭകോണത്തെപോലും ഞെട്ടിപ്പിക്കുന്ന തരത്തിലുള്ള അഴിമതിയാണ് മൃഗസംരക്ഷണ വകുപ്പിൽ നടന്നുകൊണ്ടിരിക്കുന്നത്. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ രാഷ്ട്രീയ അടിത്തറ തകർന്നിരിക്കുകയാണ്. ആ മുന്നണി പിരിച്ചുവിടണമെന്ന് ഞാൻ ഈ നിയമസഭയിൽ വളരെ ബഹുമാനപുരസ്സരം പറയുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കുണ്ടായിരുന്ന മുഖമുദ്രയെന്നു പറയുന്നത്. അതിന്റെ തത്വാധിഷ്ഠിത രാഷ്ട്രീയ നിലപാട്, അഴിമതിയില്ലാത്ത ഒരു മുന്നണിയെന്നുള്ളതായിരുന്നു. ഇതു രണ്ടും കൈമോശം വന്നിരിക്കുന്നു. ഇപ്പോൾ എങ്ങനെയും അധികാരം വേണം, ആരെ കൂട്ടുപിടിച്ചും എന്തു മാർഗ്ഗത്തിലും എങ്ങനെയും അധികാരം വേണമെന്ന നിലയിലേയ്ക്ക് ഇടതുപക്ഷ മുന്നണി മാറിയിരിക്കുന്നു. രണ്ട്, ലോകത്തിൽ ഒരു ഗവൺമെന്റിനും ഉണ്ടാകാത്ത തരത്തിൽ ഇടതുമുന്നണി ഗവൺമെന്റ് പൂർണ്ണമായി അഴിമതിയിൽ മുങ്ങിക്കിടക്കുന്നു. എല്ലാത്തിലും അഴിമതി, കുടിവെള്ളത്തിലും വൈദ്യുതിയിലും പേര്യമരം മുറിയിലും, പഞ്ചസാരയിലും കന്നുകാലികളുടെ സംരക്ഷണത്തിൽ പോലും..... എല്ലാത്തിലും അഴിമതി. ആ അഴിമിതിയിലൂടെ നാടിനെ കൊള്ളയടിച്ച് നാട്ടിലെ ജനങ്ങളെ ആകെ പാപ്പരാക്കി ഈ സംസ്ഥാനത്തെ തകർത്തു. ഈ ഭരണത്തിൽ നിന്നും ഒരു മോചനമാണ് സർ ഈ സംസ്ഥാനത്തിലെ ജനങ്ങൾ ആഗ്രഹിക്കുന്നത്. അത് വരാൻ പോകുന്ന തെരഞ്ഞെടുപ്പിൽ ഈ സംസ്ഥാനത്തിലെ ജനങ്ങൾ കാണിച്ചുതരും എന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ടി. നാണു മാസ്റ്റർ : സർ, ഇവിടെ ഈ ഗവൺമെന്റിനെ സംബന്ധിച്ച് ജനങ്ങൾക്ക് എല്ലാം അറിയാം. നല്ല വിലയിരുത്തലാണ്. അഞ്ചു കൊല്ലം തികച്ചും ഭരിച്ചില്ലേ, ഇവിടെ ശ്രീ. എ. വി. താമരാക്ഷൻ ചൂണ്ടിക്കാണിച്ചത് ഇടതുപക്ഷ ജനാധിപത്യമുന്നണി പിരിച്ചുവിടണമെന്നാണ്. മുന്നണിയെ പിരിച്ചുവിടാൻ പുതിയ അവതാരമായി യു.ഡി.എഫ്-ൽ അവതരിച്ചിരിക്കുകയാണ്. അത് എങ്ങനെയിരിക്കുമെന്ന് രണ്ടു മാസത്തിനകം എല്ലാപേർക്കും അറിയാം. കാണാൻ പോകുന്നത് അല്ലേ, ഇന്ത്യൻ കോഫീ ഹൗസിൽനിന്ന് വാങ്ങുന്ന ദോശയുടെ പുറത്ത് ചോദിക്കാതെ വട വച്ചു കൊടുക്കുന്നതുപോലെ യു. ഡി. എഫ്.-ന് ഒരു ഭൂഷണം ആണെന്നു കരുതുന്നുണ്ടെങ്കിൽ കൊണ്ടു നടക്കാം. ഇവിടെ അതല്ല പ്രശ്നം, ഈ ഗവൺമെന്റ് കഴിഞ്ഞ അഞ്ചു വർഷക്കാലവും ഐശ്വര്യപൂർണ്ണമായ കേരളം കെട്ടിപ്പടുക്കുമെന്നു ജനങ്ങൾക്കു നൽകിയ വാഗ്ദാനം പൂർത്തിയാക്കി. ഈ ഗവൺമെന്റ് വന്നതിനുശേഷം ശ്രീ. എ. വി. താമരാക്ഷൻ ചൂണ്ടിക്കാണിച്ചതുപോലെ അധികാരത്തിനുവേണ്ടി എന്തും ചെയ്യുമെന്ന് നിങ്ങൾ തെളിയിച്ചില്ലേ. പക്ഷെ നിങ്ങൾക്ക് അധികാരം കിട്ടാൻ പോകുന്നുണ്ടോ. അധികാരം കിട്ടാൻ പോകുന്നില്ല എന്നുമാത്രമല്ല വൻപിച്ച ഭൂരിപക്ഷത്തോടുകൂടി അടുത്ത തെരഞ്ഞെടുപ്പിനുശേഷം ഇടതുപക്ഷ ജനാധിപത്യമുന്നണി ഈ സഭയിൽ കടന്നുവരും, ഒരു തർക്കവും ആ കാര്യത്തിൽ വേണ്ട. ആ വിധത്തിലുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇവിടെ ശ്രീ. കുഞ്ഞാലിക്കുട്ടി ചൂണ്ടിക്കാട്ടിയത് ഈ ഗവൺമെന്റിന് ഒരു ഒട്ടകപ്പക്ഷിയുടെ നയമാണെന്നാണ്. യഥാർത്ഥത്തിൽ ആരാണ് ഒട്ടകപ്പക്ഷി നയം എടുക്കുന്നത് ? ഒട്ടകപ്പക്ഷിയുടെ നയവുമായി നടക്കുന്നത് കേരളത്തിലെ പ്രതിപക്ഷങ്ങളാണ്. നമ്മുടെ സംസ്ഥാനത്തിന്റെ പരിമിതികൾ കാണാതെ അഖിലേന്ത്യാടിസ്ഥാനത്തിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളും ജനങ്ങളുടെ തകർച്ചയും കാണാതെ കേന്ദ്ര ബഡ്ജറ്റിന്റെ പൊള്ളത്തരം കാണാതെ മറ്റ് സംസ്ഥാനങ്ങൾ അവതരിപ്പിച്ചിട്ടുള്ള ധാരാളം കമ്മി ബഡ്ജറ്റുകൾ കാണാതെ ഈ സംസ്ഥാനത്തെ എതിർക്കുകയാണ്. യഥാർത്ഥത്തിൽ വളരെ ബുദ്ധിമുട്ടുകൾ സഹിച്ചുകൊണ്ട് പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് കൂട്ടായ പ്രവർത്തനത്തിലൂടെയല്ലേ ഈ ഗവൺമെന്റ് മുന്നോട്ടു പോകുന്നത്. നിങ്ങൾ പറയുന്ന ഈ ഗവൺമെന്റ് പിടിപ്പുകെട്ട ഗവൺമെന്റാണെന്ന്, അഴിമതിയിൽ മുങ്ങിക്കുളിച്ചു നിൽക്കുകയാണെന്ന്. ഇപ്പോൾ യു.ഡി.എഫ്.ലേയ്ക്ക് ചേക്കേറിയിരിക്കുന്ന എന്റെ സ്നേഹിതർ ബഹുമാന്യരായ എ.വി. താമരാക്ഷനും അതുപോലെ ശ്രീ. ബാബു ദിവാകരനുമൊക്കെ ഇപ്പോൾ ഒന്നും പറയാൻ കഴിയുന്നില്ല. ശ്രീ. ആർ. ബാലകൃഷ്ണപിള്ളയുടെ സ്ഥിതി കണ്ടിട്ട് അവർ ഒന്നും മിണ്ടുന്നില്ല. അതുപോലെ അതിന്റെ നേതാക്കന്മാരുടെ പുറകേ ..... അവർ ചെയ്തിട്ടുള്ള നടപടികളെ വാതോരാതെ ഇങ്ങേപ്പുറത്തിരുന്ന് രണ്ടുമൂന്നു കൊല്ലം എതിർത്തതിനുശേഷം ഇപ്പോൾ അവരെ ജയിലിലേയ്ക്ക് അയച്ചതിനു ശേഷം അതിനുള്ള കളമൊരുക്കിയതിനുശേഷം അവിടെച്ചെന്ന് അവിടെ ഒരു കുഴപ്പവുമില്ലെന്നാണവർ പറയുന്നത്. യഥാർത്ഥത്തിൽ ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം നമ്മുടെ സംസ്ഥാനത്തിലെ മുഴുവൻ ജനങ്ങളേയും സഹായിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നു. കാർഷികമേഖലയിലെ ഉല്പാദനം ഉയർത്തിയിട്ടുണ്ട്. അതുപോലെ കഴിഞ്ഞ പ്രാവശ്യം യു.ഡി.എഫ്. അധികാരത്തിൽ നിന്ന് ഇറങ്ങിപ്പോകുമ്പോൾ ഖജനാവ് കൊള്ളയടിച്ചു. അതിപ്പോൾ ഇവർ പറയുന്നില്ല. 461 കോടി ബാക്കിവച്ചു എന്നാണ് പറയുന്നത്. അതുകൊണ്ട് ഈ ഗവൺമെന്റ് ഖജനാവ് കൊള്ളയടിക്കുകയും കടക്കെണി വർദ്ധിപ്പിക്കുകയും ചെയ്തു എന്നാണ് പറയുന്നത്. അവർ പോയ സമയത്ത് കർഷക തൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മ വേതനം, വിധവാ പെൻഷൻ, വികലാംഗ പെൻഷൻ ഉൾപ്പെടെ നിരവധി പെൻഷനുകൾ എത്രയോ മാസത്തെ ഏകദേശം 204 കോടിയോളം രൂപയുടെ കുടിശ്ശിക വരുത്തിയിട്ടാണ് പോയിരിക്കുന്നത്. 461 കോടി രൂപ ഖജനാവിൽ മിച്ചം വച്ചു എന്നാണവർ പറയുന്നത്. ജനങ്ങൾക്ക് മനസ്സിലാകും ഭരണം എന്തായിരിക്കുമെന്ന്. അതുപോലെയുള്ള നടപടികൾ ആവിഷ്ക്കരിച്ചുകൊണ്ടാണോ ആ ഗവൺമെന്റ് മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. റവന്യൂ കമ്മി വർദ്ധിച്ചു ചെലവ് വർദ്ധിച്ചു. സ്വാഭാവികമായിട്ടും വർദ്ധിക്കും. കുടിശ്ശികയൊക്കെ തീർത്ത ഗവൺമെന്റിന് കൂടുതൽ ബാദ്ധ്യതകൾ ഏറ്റെടുക്കേണ്ടിവരും. ഇപ്പോൾ ഉദാരവൽക്കരണം അത് വളരെ സൗകര്യമാണ്. നല്ലതാണെന്നാണ് ശ്രീമാൻ കുഞ്ഞാലിക്കുട്ടി ഇവിടെ അല്പം മുൻപ് ചൂണ്ടിക്കാട്ടിയത്. ഉദാരവൽക്കരണത്തിന്റെ ഫലമായി ഉണ്ടായിട്ടുള്ള കെടുതികളെ അവർ ഒട്ടകപ്പക്ഷിയുടെ നയം സ്വീകരിച്ചുകൊണ്ട് മറച്ചുവയ്ക്കുകയല്ലേ ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യു.ഡി.എഫ് കഴിഞ്ഞ രണ്ടാഴ്ച മുൻപ് ജാഥ നടത്തിയില്ലേ. ഈ പുതിയ നയങ്ങളുടെ ഫലമായി തകരുന്ന കർഷകരെ ഈ ജാഥയിൽ കണ്ടോ ? അവരെപ്പറ്റി ഒരക്ഷരം മിണ്ടിയോ ? അതുപോലെ കാർഷിക മേഖലയിൽ തകർന്നടിയുന്ന കർഷകരെ കണ്ടില്ലെന്നു മാത്രമല്ല ആ രംഗത്ത് കഷ്ടപ്പെടുന്ന കർഷക തൊഴിലാളികളുടെ അവസ്ഥയെ സംബന്ധിച്ചവർ പറഞ്ഞോ ? തൊഴിലില്ലായ്മ അതിരൂക്ഷമാകാൻ പോകുകയാണ്. ഈ പുത്തൻ സാമ്പത്തിക നയത്തിന്റെ ഫലമായി. അതിനെക്കുറിച്ച് അവർക്കൊന്നും മിണ്ടാനില്ലായിരുന്നു. വ്യാവസായികരംഗത്തു നേരിടുന്ന തകർച്ച, സ്വകാര്യവൽക്കരണത്തിന്റെ ഫലമായി ഉണ്ടായിട്ടുള്ള കുഴപ്പങ്ങൾ, ഇതൊന്നും തന്നെ അവർക്ക് ജനങ്ങളോട് പറയാനില്ല. സ്വകാര്യവൽക്കരണം എന്ന പേരു പറഞ്ഞുകൊണ്ട് പൊതുമേഖലാ സ്ഥാപനങ്ങളെ വില്പന നടത്തി സ്വകാര്യവ്യക്തികളെ ഉയർത്തുന്നതിനുവേണ്ടിയുള്ള നടപടികൾ ആവിഷ്ക്കരിച്ചതാണ് പുത്തൻ സാമ്പത്തിക നയങ്ങളുടെ ഫലമായി ഉണ്ടായത്. അതിനെപ്പറ്റി ജനങ്ങളോട് ഒരക്ഷരം പറയാൻ യു.ഡി.എഫ്. ജാഥ മെനക്കെട്ടില്ല. ജനങ്ങൾ കാണുന്നുണ്ട്. അവർക്കുണ്ടായിരുന്ന ഒരേയൊരു ആവശ്യം മുഖ്യമന്ത്രിസ്ഥാനം കിട്ടണം. ഭരണം പിടിച്ചെടുക്കണം. പക്ഷേ മറ്റു നയങ്ങളെ, ഈ സംസ്ഥാനത്തെ തകർക്കുന്ന, ഇന്ത്യാ രാജ്യത്തെ തകർക്കുന്ന പുതിയ സാമ്പത്തിക നയങ്ങൾ നടപ്പിലാക്കുന്ന കേന്ദ്രഗവൺമെന്റിന്റെ നയത്തിന് എതിരായിട്ട് ഒരൊറ്റയക്ഷരം ശബ്ദിക്കാനുള്ള ആർജ്ജവബോധം അവരുടെ ജാഥയിലുടനീളം ആർക്കും കേൾക്കുവാനോ കാണുവാനോ കഴിഞ്ഞിരുന്നില്ല. അപ്പോൾ അധികാരത്തിന്റെ ഭ്രമത്തതയുമായി, അധികാരത്തിനുവേണ്ടി മാത്രമുള്ള സ്വപ്നവുമായി മുന്നോട്ടു നീങ്ങുകയാണ്. ഇത് ജനങ്ങൾ കാണുന്നുണ്ട്. അതുകൊണ്ടാണ് ഞങ്ങൾ ഇത് പറയുന്നത്. അതേയവസരത്തിൽ ഈ കഴിഞ്ഞ ആഴ്ച ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ആഭിമുഖ്യത്തിൽ മേഖലാജാഥ സംഘടിപ്പിച്ചു കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക നയങ്ങളുടെ ഫലമായി കാർഷികമേഖല തകർന്നു. ആ നയങ്ങളുടെ ഫലമായാണ് കാർഷിക മേഖല തകർന്നതെന്ന് ചൂണ്ടിക്കാണിക്കാൻ യു.ഡി.എഫ്.-ന് കഴിഞ്ഞിട്ടില്ല. അതുൾക്കൊള്ളാൻ അവർക്കു കഴിഞ്ഞിട്ടില്ല. അതുപോലെ തന്നെയാണ് മറ്റു തൊഴിൽ രംഗങ്ങളിൽ വന്നുകൊണ്ടിരിക്കുന്ന വ്യാപകമായ പിരിച്ചുവിടൽ. ഇപ്പോൾ കേന്ദ്ര ബഡ്ജറ്റിലെ നിർദ്ദേശങ്ങളുടെ ഫലമായി അനവധി തൊഴിലാളികളെ പിരിച്ചുവിടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അതിനെക്കുറിച്ച് ഒരക്ഷരം പറയാൻ പ്രതിപക്ഷത്തെ സ്നേഹിതന്മാർ തയ്യാറായിട്ടില്ല. അതിരൂക്ഷമായ തൊഴിലില്ലായ്മ വരാൻ പോകുകയാണ്. വ്യാപകമായി തൊഴിലാളികളെ പിരിച്ചുവിടാൻ പോകുകയാണ്. ഉള്ള തൊഴിലാളികൾ സംരക്ഷിക്കാൻ കഴിയാത്ത സ്ഥിതിയാണ്. പത്തുകൊല്ലംകൊണ്ട് 10 ശതമാനം തൊഴിലാളികളെ പിരിച്ചുവിടാൻ പോവുകയാണ്. തൊഴിൽ രംഗത്തുവന്നുകൊണ്ടിരിക്കുന്ന ഈ അതിരൂക്ഷമായ തൊഴിലില്ലായ്മയുടെ ഫലമായി ഇന്ത്യയിലെ തൊഴിലാളി വർഗ്ഗ യൂണിയനുകൾ എ.ഐ.റ്റി.യു.സി., സി.ഐ.റ്റി.യു. തുടങ്ങിയ യൂണിയനുകളിലെ തൊഴിലാളികൾ, തൊഴിലാളി സംഘടനകൾ, അവർ ആ നയത്തിനെതിരെ ഈ വരുന്ന 12-ാം തീയതി വ്യാപകമായ പണിമുടക്കിനാഹ്വാനം ചെയ്തിരിക്കുകയാണ്. അതിന്

പര്യാപ്തമായ സാഹചര്യമാണ്. കേന്ദ്ര ഗവൺമെന്റിന്റെ നയം കൊണ്ടിവിടെ സംജാതമായിരിക്കുന്നത്. അതേസമയം കേന്ദ്ര ഗവൺമെന്റിന്റെ വിഷമിപ്പിക്കുന്ന സാമ്പത്തിക നയങ്ങൾക്കുള്ളിൽ നിന്നുകൊണ്ടുതന്നെ എല്ലാ വിഭാഗം ആളുകളുടെയും പ്രശ്നങ്ങൾക്കു പരിഹാരം ഉണ്ടാക്കുന്നതിനു തന്നെയാണ് കേരളത്തിലെ ഗവൺമെന്റ് മുന്നോട്ടു പോകുന്നത്. ആ കാര്യത്തിൽ ആർക്കും ഒരു സംശയവും വേണ്ട. അതുകൊണ്ട് ഈ ഗവൺമെന്റ് ജനോപകാരപ്രദങ്ങളായ നടപടികളുമായിട്ട് മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. ഒരൊറ്റ ഉദാഹരണം : ശ്രീമാൻ കുഞ്ഞാലിക്കുട്ടി അതിനെപ്പറ്റി ഒന്നും മിണ്ടിയില്ല. ശ്രീ. എ. വി. താമരാക്ഷൻ മിണ്ടിയില്ല. നമ്മുടെ രാജ്യത്തിന്റെ പൊതുമേഖലാരംഗത്തെ എന്തിന് പി.ഡി.എസ്. സിസ്റ്റത്തിനു വന്നിട്ടുള്ള തകർച്ചപോലും അവർ കാണുന്നില്ല. പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റത്തെ ശക്തിയായി എതിർത്തിട്ടുള്ള, ഇങ്ങേപ്പുറത്തിരുന്നപ്പോൾ എതിർത്ത എന്റെ സ്നേഹിതൻ ശ്രീ. ബാബു ദിവാകരൻ ഇപ്പോൾ അങ്ങേപ്പുറത്തിരിക്കുകയാണ്. ശ്രീ. നാണു മാസ്റ്റർ പറയുന്നത് സത്യമാണ്, നിങ്ങൾക്കങ്ങനെ ഒരു ഗതികേട് പറ്റിപ്പോയെന്നാണ് പ്രിയങ്കരനായ സ്നേഹിതൻ ശ്രീ. ബാബു ദിവാകരൻ അവിടെ ഇരുന്ന് പറയുന്നത്. സംഭവിച്ചതെന്താണ് ? കേന്ദ്ര ഗവൺമെന്റ് സർക്കുലറുകളും ഉത്തരവുകളും പുറപ്പെടുവിക്കുന്നു. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ആളുകൾക്കു മാത്രം മതി പഞ്ചസാരയും റേഷനരിയും മറ്റും. അത് ശരിയാണോ സർ ? അവരുടെ കണക്കനുസരിച്ച് 25 ശതമാനം, യഥാർത്ഥത്തിൽ നമ്മുടെ സംസ്ഥാന സർക്കാരിന്റെ സർവേ പ്രകാരം 42 ശതമാനം പട്ടിണി രേഖയ്ക്കു താഴെ പോകുന്നു. ബാക്കി 17 ശതമാനം പാവങ്ങൾ. ഈ റേഷൻ സംപ്രദായം വേണ്ടായെന്നല്ലേ. അങ്ങനെ കഷ്ടപ്പെടുന്ന ആളുകൾക്ക് സ്റ്റാറ്റ്യൂട്ടറി റേഷൻ സംപ്രദായത്തിന്റെ എല്ലാ ആനുകൂല്യങ്ങളും നിലനിർത്തിക്കൊണ്ട് മുന്നോട്ടു പോകാൻവേണ്ട തീരുമാനം എടുത്തിട്ടുള്ളതാണ് ഈ ഗവൺമെന്റ്. അതുപോലെ തന്നെയുള്ള എല്ലാ കെടുതികളിൽ നിന്നും മറ്റ് സബ്സിഡികളിൽ നിന്നും ഒക്കെയുള്ള സംരക്ഷണം സാധാരണ ആളുകൾക്ക് നൽകിക്കൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ഇതെല്ലാം കാണാതെതന്നെ വെറും ദിവാസ്വപ്നവുമായി മധുരപ്പായസംവച്ച് കുടിക്കാമെന്ന സ്വപ്നവുമായി ഇവിടത്തെ പ്രതിപക്ഷങ്ങൾ നീങ്ങുകയാണ്. അമ്പലപ്പുഴ പാൽപ്പായസം വേണ്ടായെന്ന് വയ്ക്കുക. അങ്ങനെയുള്ള ഒരു സ്ഥിതിയിലേയ്ക്കാണ് നീങ്ങുന്നത്. ഇതെല്ലാം കണ്ടുകൊണ്ടിരിക്കുന്ന കേരളത്തിലെ ജനങ്ങൾ വരുന്ന തെരഞ്ഞെടുപ്പിൽ ശക്തമായ തിരിച്ചടി നൽകും എന്നുള്ള കാര്യത്തിൽ തർക്കം വേണ്ട. ഞാൻ ഒരിക്കൽക്കൂടി ഈ വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഞാൻ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ടിനെ പിന്താങ്ങുകയാണ്. കേരള ഗവൺമെന്റ് ഈ പ്രതിസന്ധികൾക്കുള്ളിൽനിന്നുകൊണ്ട് നമ്മുടെ വികസന പ്രവർത്തനങ്ങൾ മുടങ്ങാതിരിക്കാനും കൂടുതൽ വേഗതയോടുകൂടി അവ നടപ്പിലാക്കുന്നതിനും നാട്ടിലെമ്പാടും വളർന്നു വരുന്ന പുതിയ വികസന സംസ്ക്കാരം അതിന് കൂടുതൽ ആക്കം കൂട്ടിക്കൊണ്ട് കൂടുതൽ ജനകീയമായ പിന്തുണയോടുകൂടി മുന്നോട്ടു കൊണ്ടുപോകാനുമുള്ള നടപടികളാണ് ഈ ഗവൺമെന്റ് എടുത്തുകൊണ്ടിരിക്കുന്നത്. സർക്കാരിനെ സംബന്ധിച്ചിടത്തോളം

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട ധനകാര്യമന്ത്രി കഴിഞ്ഞ ദിവസം ഇവിടെ മറുപടി പറഞ്ഞിട്ടുണ്ട്. ഇവിടെ ഞങ്ങൾ ചൂണ്ടിക്കാണിച്ച ചില കാര്യങ്ങളിൽ വളരെ അനുകൂലമായ തീരുമാനങ്ങൾ ചില നടപടികൾ അദ്ദേഹം പ്രഖ്യാപിച്ചു. കർഷകത്തൊഴിലാളി പെൻഷൻ, അതുപോലെയുള്ള സാമൂഹ്യക്ഷേമ പദ്ധതികൾ സംബന്ധിച്ചെല്ലാമുള്ള കാര്യങ്ങളാണ് അവ. അത് ഈ ഗവൺമെന്റിന്റെ ഒരു പ്രഖ്യാപിത നയമാണ്. പാവപ്പെട്ട ജനങ്ങളോട് കർഷകത്തൊഴിലാളികളോട് വീടും ഭൂമിയും ഇല്ലാതെ കഷ്ടത അനുഭവിക്കുന്ന ജനങ്ങളോട് അതു പോലെയുള്ള അവശത അനുഭവിക്കുന്ന ജനവിഭാഗങ്ങളോടുള്ള പ്രതിബദ്ധത, അത് ഈ ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യമാണ്. അവർക്കെന്തെങ്കിലും ചെയ്യണം. അതിനായിരിക്കണം ഏറ്റവും മുൻഗണന കൊടുക്കേണ്ടത്. അതുകൊണ്ട് കർഷകത്തൊഴിലാളി പെൻഷൻ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ഗവൺമെന്റ് എടുത്ത ശക്തമായ നടപടിയെ ഞാൻ അഭിനന്ദിക്കുകയാണ്. അതിനുവേണ്ടിയാണ് ഞാൻ അതിവിടെ സൂചിപ്പിച്ചത്. വൈദ്യുതി നയവുമായി ബന്ധപ്പെട്ട കേന്ദ്ര ഗവൺമെന്റിന്റെ പുതിയ നയങ്ങൾ ..... വൈദ്യുതിയുടെ കാര്യം ഇവിടെ രാവിലെ ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിൽ ശ്രീ. ആനത്തലവട്ടം ആനന്ദൻ സൂചിപ്പിച്ചു. ബഹുമാനപ്പെട്ട മന്ത്രി അതിനെ സംബന്ധിച്ചുള്ള മറുപടിയും പറഞ്ഞു. കേന്ദ്ര ഗവൺമെന്റിന്റെ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ ഉണ്ടായ പുതിയ നയങ്ങൾ, എത്ര ശക്തമായിട്ടാണ് അത് നടപ്പിലാക്കുന്നത് എന്നതിന്റെ ഏറ്റവും അവസാനത്തെ സൂചനയാണ് ഈ വൈദ്യുതി നയത്തിന്റെ കാര്യത്തിൽ ഉണ്ടായ പുതിയ നയങ്ങളും പുതിയ ബില്ല് അവതരിപ്പിച്ച് പാസ്സാക്കിയ കാര്യങ്ങളും അതുപോലെ തന്നെ പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റഴിക്കാൻ വേണ്ടി നടത്തിക്കൊണ്ടിരിക്കുന്ന അതിശക്തമായ നടപടികൾ..... ഏറ്റവും അവസാനത്തെ ഉദാഹരണമാണ് ഭാരത് അലൂമിനിയം കമ്പനിയെ സംബന്ധിച്ച കാര്യങ്ങൾ. എത്ര തുച്ഛമായ വിലയ്ക്കാണ് ആ സ്ഥാപനം വിറ്റഴിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചത്. പാർലമെന്റിൽ ഇത് സംബന്ധിച്ച് ..... ഞാൻ കഴിഞ്ഞ ദിവസം സംസാരിച്ചപ്പോൾ ചോദിച്ചതാണ് കോൺഗ്രസിന്റെ നിലപാടിനെ സംബന്ധിച്ച്, പാർലമെന്റിൽ വച്ച് നടത്തിയ ചർച്ചയിൽ കോൺഗ്രസ് പാർട്ടിയെ പ്രതിനിധീകരിച്ചുകൊണ്ട് അവിടെ പ്രസംഗിച്ച ശ്രീ. പ്രിയരഞ്ജൻ ദാസ് മുൻഷി, കോൺഗ്രസിന്റെ ഉപനേതാവ് പറഞ്ഞത് ഉദാരവൽക്കരണ നയത്തെ ഞങ്ങൾ എതിർക്കുന്നില്ല. പൊതുമേഖലാ ഓഹരി വിറ്റഴിക്കണമെന്നുതന്നെയാണ് കോൺഗ്രസിന്റെ നയം എന്നാണ്. ഇപ്പോൾ അലൂമിനിയം കമ്പനിയുടെ വിറ്റഴിക്കലുമായി ബന്ധപ്പെട്ട് നടന്ന ചർച്ചയിൽ ശ്രീ. പ്രിയരഞ്ജൻ ദാസ് മുൻഷി, കോൺഗ്രസ് പാർട്ടിയുടെ പാർലമെന്ററി ഉപനേതാവ്, അദ്ദേഹം പാർലമെന്റിൽ കോൺഗ്രസിന്റെ നയം വ്യക്തമാക്കിയതാണ്. തീർച്ചയായിട്ടും ആ പ്രസംഗത്തിന് വളരെ പ്രാധാന്യമുണ്ട്. കോൺഗ്രസിന്റെ നയം ഈ സന്ദർഭത്തിൽ എന്തായിരിക്കും. ഇതിനെക്കുറിച്ച് അറിയാനുള്ള താല്പര്യം എല്ലാ കേന്ദ്രങ്ങളിലും ഉണ്ടായതാണ്. അദ്ദേഹം വ്യക്തമായിട്ട് മറുപടി പറഞ്ഞു. ശ്രീ. പ്രണബ് മുഖർജിയും, ശ്രീ. മൻമോഹൻ സിംഗുമൊക്കെ പലതവണ ആവർത്തിച്ച് പറഞ്ഞിട്ടുള്ള കാര്യങ്ങൾ തന്നെയാണ്. കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത് എന്താണ് ? പണ്ടു കാലങ്ങളിൽ നമ്മുടെ ചില

LIBRARY ARCHIVES Kerala Legislative Assembly

വീടുകളിൽ പൂർവ്വികർ സൂക്ഷിച്ചിരുന്ന വില പിടിപ്പുള്ള വസ്തുക്കളൊക്കെ ഒന്നൊന്നായി കിട്ടുന്ന വിലയ്ക്ക്, അതിന് മൂല്യം നിശ്ചയിക്കാതെ കിട്ടുന്ന വിലയ്ക്ക് വിൽക്കുന്ന, അവ വിറ്റു തുലച്ച് ധൂർത്തടിക്കുന്ന മുടിഞ്ഞ തറവാട്ടിലെ കാരണവർക്ക് തുല്യമാണ് കേന്ദ്രഗവൺമെന്റ് നടപ്പാക്കുന്ന ഓരോ കാര്യങ്ങളും. മോഡേൺ ബ്രഡ് ഫാക്ടറി, നമ്മുടെ കൊച്ചിയിലെ ആ കമ്പനി വിറ്റതുതൊട്ട് തുടങ്ങി അലൂമിനിയം കമ്പനിയുടെ വില്പനവരെയുള്ള കാര്യങ്ങൾ എടുത്താൽ കോടാനുകോടി വരുന്ന സമ്പത്ത് കിട്ടിയ വിലയ്ക്കാണ് വിൽക്കുന്നത്. വില നിശ്ചയിക്കുന്നത് ഒരു കൂട്ടർ. എല്ലാം പ്രധാനമന്ത്രിയുടെ ആഫീസുമായി ബന്ധപ്പെട്ട് അതിന് ഓരോ കമ്മിറ്റികൾ ഉണ്ടാക്കി ഒരു ക്യാബിനറ്റ് മന്ത്രിയേയും വച്ച് വിറ്റു തുലയ്ക്കുകയാണ്. ഈ നടപടികൾ കൂടുതൽ കൂടുതൽ ശക്തമായിരിക്കുന്നു എന്നാണ് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്. അതിന്റെ ഭാഗമാണ് ഇലക്ട്രിസിറ്റി നയം. അവ പരസ്പരം ബന്ധപ്പെട്ടതാണ്. അതിന്റെ ഭാഗമാണ് 10 ശതമാനം തൊഴിലാളികളെ വെട്ടിക്കുറയ്ക്കണമെന്നത്. ബാങ്ക് സ്വകാര്യവൽക്കരണവുമായി ബന്ധപ്പെട്ട കാര്യത്തിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് വച്ച കമ്മീഷനുകളുടെ റിപ്പോർട്ടിലൊക്കെ പറയുന്നത്, ലോകബാങ്ക് വളരെ വ്യക്തമായി പറഞ്ഞിട്ടുള്ളത് 30 ശതമാനം കട്ട് ചെയ്യണമെന്നാണ്. പ്രധാനമന്ത്രി പ്രഖ്യാപിച്ച നയത്തിൽ കേന്ദ്ര ഗവൺമെന്റ് ജീവനക്കാരുടെ അല്ലെങ്കിൽ പൊതുമേഖലയിലെ ജീവനക്കാരുടെ 10% വെട്ടിക്കുറയ്ക്കണമെന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ ലോകബാങ്ക് നിർദ്ദേശിച്ചിരിക്കുന്നത് 30% വെട്ടിക്കുറയ്ക്കണമെന്നാണ്. പബ്ലിക് സെക്ടറിൽ മൂപ്പതിനായിരത്തോളം പേരെ കുറയ്ക്കണം. സെൻട്രൽ ഗവൺമെന്റ് ജീവനക്കാരുടെ എണ്ണം കുറച്ചു കൊണ്ടു വരണം. ഇതും ഈ നയത്തിന്റെ ഭാഗമാണ്. ഈ നയത്തിന്റെ ഭാഗം തന്നെയാണ് നമ്മുടെ ഇറക്കുമതിയും. സർ, കേരളത്തിന്റെ കാർഷിക മേഖലയെ ഏറ്റവും കൂടുതൽ തകർത്തു. ഈ സമയത്ത് ഏറ്റവും കൂടുതൽ ഇവിടെ ചർച്ച ചെയ്ത വിഷയമായതുകൊണ്ട് ഞാൻ അധികമൊന്നും പറയുന്നില്ല. അതും ഈ നയത്തിന്റെ ഭാഗമാണ്. ഇപ്പോൾ അവസാനമായി പറഞ്ഞതെന്താണ് ? അങ്ങേയ്ക്കറിയാമല്ലോ. തൊഴിലാളികളെ സംബന്ധിക്കുന്ന ഏറ്റവും വലിയ സംരക്ഷണം എന്നു പറയുന്നത് ഐ.ഡി. ആക്ടിലുള്ള ചില സംരക്ഷണങ്ങളാണ്. തൊഴിൽ നിയമങ്ങളുടെ സംരക്ഷണമാണ്. ഫാക്ടറി അടച്ചു പൂട്ടുന്നത്, ലോക്കൗട്ട് ചെയ്യുന്നത്, ലേ ഓഫ് ചെയ്യുന്നത്, അതുമായി ബന്ധപ്പെട്ട വിഷയത്തിൽ, ക്ലോഷർ ഉൾപ്പെടുന്ന വിഷയങ്ങളിൽ ഇപ്പോൾ കൊണ്ടുവന്ന നിയമത്തിൽ കേന്ദ്ര ഗവൺമെന്റ് പറയുന്നത് എന്താണ്. ഇനി ആരുടെയും അനുവാദം ഇല്ലാതെ വ്യവസായ സ്ഥാപനങ്ങൾ പൂട്ടാം. ട്രേഡ് യൂണിയൻ രംഗത്ത് പ്രവർത്തിക്കുന്നവർക്കറിയാം. ഒരാളുടെയും അനുവാദം വേണ്ട. നൂറു പേർ എന്നൊരു നിബന്ധന വച്ചിരുന്നത്, അത് നൂറല്ല, ആയിരമായി. ആരുടെയും അനുവാദം ഇല്ലാതെ ഏതു ഫാക്ടറിയും ഏതു വ്യവസായ സ്ഥാപനവും പൂട്ടാം. തൊഴിലാളികൾക്ക് ഒരാനുകൂല്യവും, ഒരു നോട്ടീസുപോലും നൽകാതെ പൂട്ടാനുള്ള അധികാരം കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചു കഴിഞ്ഞു. രണ്ടാം ലേബർ കമ്മീഷൻ ചെയർമാനായി ശ്രീ. രവീന്ദ്രവർമ്മയെ കേന്ദ്ര ഗവൺമെന്റ് നിയമിച്ചപ്പോൾ അതിന്റെ ടേംസ് ഓഫ് റഫറൻസിൽ അതു പരിശോധിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞ വിഷയങ്ങളിൽ പ്രധാനമായിട്ടും ഇതൊക്കെയാണ് പറഞ്ഞത്. ആ കമ്മീഷന്റെ റിപ്പോർട്ട് പാർലമെന്റിൽ വരുന്നതിനു മുൻപായി ചില ഇടക്കാല പ്രഖ്യാപനങ്ങൾ വന്നു. അവരുടെ ചില നിഗമനങ്ങളെ ആയിട്ടുള്ളൂ. റിപ്പോർട്ടു വരുന്നതിനു മുൻപായി തന്നെ പ്രധാനമന്ത്രി പ്രഖ്യാപിച്ചു. ധനകാര്യമന്ത്രി നടപടികൾ എടുത്തു കഴിഞ്ഞു. അങ്ങനെ കേന്ദ്രത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ മാത്രമല്ല, നമ്മുടെ രാജ്യത്തെ തൊഴിൽ വ്യവസായ മേഖലയെ ഏറ്റവും ഗുരുതരമായി ബാധിക്കുന്ന, മൗലികമായി തൊഴിലാളികൾക്ക് പ്രധാനപ്പെട്ടതെന്ന് പറയാവുന്ന തൊഴിൽ സംരക്ഷണം, അതിനാണ് ഏറ്റവും കൂടുതൽ ഭീഷണി നേരിടുന്നത്. ഇപ്പോൾ ഏറ്റവും കൂടുതൽ പ്രചരണം നടക്കുന്നത് തൊഴിലാളികളുടെ എണ്ണം കുറയ്ക്കണം. പബ്ലിക് സെക്ടർ കമ്പനികളുടെ എണ്ണം കുറയ്ക്കണം. തൊഴിലാളികളുടെ നമ്പർ കുറയ്ക്കാൻ പുതിയ സ്കീമുകൾ വരുന്നുണ്ട്. വോളന്ററി റിട്ടയർമെന്റ് സ്കീം. ബാങ്കുകളുടെ കാര്യത്തിൽ അതു പറയുന്നുണ്ട്. ബാങ്കുകൾ പലതും ലാഭകരമായി പ്രവർത്തിക്കുന്നവയാണ്. അവയിലാണ് തൊഴിലാളികളെ ഏറ്റവും കൂടുതൽ കുറച്ചു കൊണ്ടിരിക്കുന്നത്. ലാഭകരമായി പ്രവർത്തിക്കുന്ന, ഏറ്റവും കൂടുതൽ സാമൂഹ്യ ബാദ്ധ്യതകൾ ഉള്ള കമ്മിറ്റ്മെന്റുകൾ നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന പൊതുമേഖലാ ബാങ്കുകളാണ്. ഒരുദാഹരണം മാത്രം പറയാം. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഒരു ലക്ഷം പേരാണ് വി.ആർ.എസ്. നുവേണ്ടി അപേക്ഷ കൊടുത്തു കാത്തിരിക്കുന്നത്. പത്തു പതിനഞ്ചു ലക്ഷം രൂപ ആനുകൂല്യമായിട്ട് പ്രഖ്യാപിക്കുകയല്ലേ. മുപ്പതിനായിരം പേർ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നുമാത്രം വോളന്ററി റിട്ടയർമെന്റ് സ്കീമനുസരിച്ച് പോയിക്കഴിഞ്ഞു. ഇതിന്റെ ഫലമായി അനുഭവ സമ്പത്തുള്ളവരും പരിചയസമ്പന്നരുമായ കഴിവുള്ളവർ, ബാങ്കിന്റെ തലപ്പത്തിരിക്കുന്നവരാണ് കൂടുതൽ കൊഴിഞ്ഞു പോകുന്നത്. ഇതിന്റെ ഫലമായി പതുക്കെ പതുക്കെ പൊതുമേഖലാ ബാങ്കുകൾ ഇല്ലാതാകുന്നു. തമിഴ്നാട്ടിലെ ഒരുദാഹരണം പറയാം. ഞാൻ ഒരു ലേഖനത്തിൽ വായിച്ചതാണ്. അവിടെ ഒരു ഗ്രാമത്തിൽ ഈയിടെ ബാങ്കുകൾ പൂട്ടി പോയതിന്റെ ഫലമായി, ബാങ്കുകൾ പൂട്ടിയ സ്ഥലത്തൊക്കെ അടുത്തദിവസം തന്നെ ബ്ലേഡ് കമ്പനികൾ ആരംഭിച്ചു. സാധാരണക്കാർക്ക് കച്ചവടക്കാർക്ക്, ചെറുകിട വ്യവസായികൾക്ക്, കാർഷികാവശ്യങ്ങൾക്ക്, അതുപോലുള്ള ആവശ്യങ്ങൾക്ക് കടം കൊടുക്കുന്ന, വായ്പ കൊടുക്കുന്ന ചെറിയ പലിശയ്ക്ക് കൊടുക്കുന്ന ബാങ്കുകൾ, ബാങ്കുകൾ പൂട്ടിപ്പോയാൽ പകരം സംവിധാനം അവിടെ വരും.ബാങ്കിംഗ് രംഗത്ത് പ്രവർത്തിക്കുന്ന ട്രേഡ് യൂണിയൻ നേതാവ് എഴുതിയത് വായിച്ചതാണ്. അവിടെയെല്ലാം ബ്ലേഡ് കമ്പനികൾ വന്നു കഴിഞ്ഞു. ഈ നയം തിരുത്താൻ, ഇതിനെതിരായി ശക്തമായി ഒരുമിച്ച് നിന്ന് സംസ്ഥാന ഗവൺമെന്റും നമ്മൾ എല്ലാവരും ഒരുമിച്ചു നിന്നു ശ്രമിക്കണം. അല്ലെങ്കിൽ ഭയാനകമായ ഇരുട്ടുനിറഞ്ഞ വലിയ പ്രയാസം നേരിടുന്ന ഒരു അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ നീങ്ങിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് സംസ്ഥാന താത്പര്യങ്ങൾക്ക്, നമ്മുടെ രാജ്യത്തെ ജനങ്ങളുടെ താല്പര്യങ്ങൾക്ക്, നമ്മുടെ ഫെഡറൽ ഭരണ സംവിധാനം നിലനിർത്തിക്കൊണ്ട് പോകുന്നതിന് ഇതൊക്കെ ആവശ്യമായ കാര്യങ്ങളായതുകൊണ്ടാണ് ഈ നയം തിരുത്താൻവേണ്ടിയുള്ള ശക്തമായ പോരാട്ടങ്ങളെപ്പറ്റി ഇവിടെ ശ്രീ. നാണു മാസ്റ്റർ

LIBRARY ARCHIVES Kerala Legislative Assembly

സൂചിപ്പിച്ചത്. ആ പോരാട്ടം വളർത്തിക്കൊണ്ടുവരണം. ആ പോരാട്ടത്തിൽ ഞങ്ങളോടൊപ്പം നിങ്ങളും ഉണ്ടാകണം. ഞങ്ങൾ മാത്രം പോരാ, ഞങ്ങൾ ശക്തമായി സമരം ചെയ്യുന്നുണ്ട്. അത് പറഞ്ഞാൽ നിങ്ങൾ ചിലപ്പോൾ ചിരിക്കും. ഞങ്ങൾ നിരന്തരമായി ഫൈറ്റ് ചെയ്തുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ 1991 മുതൽ അങ്ങ് ഒരു ട്രേഡ് യൂണിയൻ നേതാവല്ലേ? നമ്മൾ എത്ര സമരങ്ങൾ, പ്രക്ഷോഭങ്ങളാണ് നിരന്തരമായി നടത്തിയത്. അതിനൊന്നും ഫലമില്ലാതെ വരില്ല. കൂടുതൽ മേഖലകളിൽപ്പെട്ട തൊഴിലാളികൾ മുന്നോട്ടു വരണം. ശ്രീ. ജോയി, അങ്ങ് നേതൃത്വം നൽകുന്ന ഐ.എൻ.റ്റി.യു.സി. നമ്മുടെ കൂടെയാണ്. നമുക്കൊപ്പമാണ്. അതുകൊണ്ട് അങ്ങനെ വരണം. വരാൻ വേണ്ടിയാണ് ഞങ്ങൾ നിങ്ങളോടു പറയുന്നത്. വീണ്ടും വീണ്ടും നിങ്ങളോട് പറയുന്നത്. അതുപോലെതന്നെ ഫുഡ് പോളിസി. പഞ്ചസാരയ്ക്കു വില കൂട്ടി. ഇവിടെ ചർച്ച ചെയ്തതാണ്. ഇനി റേഷനെന്നു പറയുന്ന സിസ്റ്റമില്ല. വില ഒന്നായാൽ പിന്നെ ഇവിടെ റേഷൻ ഷോപ്പിൽ ആരാണ് പോകുന്നത്? റേഷൻ ഷോപ്പ് നടത്തുന്ന നല്ല ശതമാനം ആളുകളും നിങ്ങളുടെ കോൺഗ്രസിന്റെ പ്രവർത്തകരാണ്. കേരളത്തിലെ 14,500 ഓളം റേഷൻ കടകളെടുത്താൽ ഞങ്ങൾക്കറിയാം നല്ല ശതമാനവും കോൺഗ്രസിന്റെ പ്രാദേശിക ലീഡേഴ്സിനാണ് ഉള്ളത്. അവരുടെ സ്റ്റേറ്റുമെന്റ് വന്നു. ഞങ്ങളെന്തിനാ തുറന്നു വയ്ക്കുന്നത്? റേഷൻ ഷോപ്പിലെ വിലയും മാർക്കറ്റിലെ വിലയും തമ്മിൽ ഒന്നാണെങ്കിൽ, അല്ലെങ്കിൽ മെച്ചപ്പെട്ട ഗുണമില്ലെങ്കിൽ ആരാണ് റേഷൻ ഷോപ്പിൽ വരുന്നത്. പഞ്ചസാരയുടെ വിലയും കൂടിയപ്പോൾ അതു ഒന്നുകൂടി പ്രകടമായി. ഫുഡ് പോളിസി, ഭക്ഷണക്കാര്യം, കേരളം പോലുള്ള സംസ്ഥാനത്ത്, പണ്ട് റേഷൻ കാര്യത്തിൽ വലിയ സമരവും പ്രക്ഷോഭണവുമൊക്കെ ഉണ്ടായ കാലഘട്ടത്തിൽ, കേരളത്തിലെ എം.പി.മാർ എല്ലാപേരും കൂടി പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധിയുടെ മുൻപിൽ പോയി ശക്തമായി അന്ന് ചർച്ച ചെയ്യുകയും വാദിക്കുകയും ചെയ്തു. നമ്മുടെ ഗവൺമെന്റ് ഉൾപ്പെടെ ചെന്നു. നമ്മുടെ ഭക്ഷ്യകാര്യത്തിൽ, അരിയുല്പാദനത്തിൽ നമ്മൾ പിന്നിലാണെങ്കിൽ നമ്മുടെ ആവശ്യത്തിനുള്ള അരി മറ്റു സ്റ്റേറ്റുകൾ തരണം എന്നൊക്കെ പറയുമ്പോൾ നമ്മൾ ഉല്പാദിപ്പിക്കുന്ന കാർഷികവിഭവങ്ങൾ, നാണ്യവിളകൾ വഴി എത്രയോ സമ്പത്ത് ഇന്ത്യാ രാജ്യത്തിനുണ്ടാക്കിക്കൊടുക്കുന്നു. അതുകൊണ്ട് നമുക്കു തരാൻ ബാദ്ധ്യതയുണ്ട്. ഔദാര്യമല്ല. കേന്ദ്ര ഗവൺമെൻറ് കേരളത്തിൽ സ്റ്റാറ്റ്യൂട്ടറി റേഷൻ നടപ്പാക്കുന്ന ഫുഡ് കോർപ്പറേഷൻ വഴി ഭക്ഷ്യധാന്യങ്ങൾ തരണം എന്നു പറയുമ്പോൾ അത് ഔദാര്യമല്ല. കേന്ദ്ര ഗവൺമെന്റിൽ നിന്നും കേരളത്തിനവകാശപ്പെട്ട കാര്യമാണ്. ഈ രീതിയിൽ കാര്യങ്ങൾ മുന്നോട്ടു പോയാൽ ഈ സംസ്ഥാനത്തിന്റെ കഞ്ഞികുടി മുട്ടിക്കുന്ന സ്ഥിതിവരും. കേരളത്തിലെ ജനങ്ങളുടെ കഞ്ഞികുടി മുട്ടിക്കുന്ന രീതിയിൽപ്പോലും കേന്ദ്ര ഗവൺമെന്റ് മുന്നോട്ടു പോകുമ്പോൾ നാം അതിനെ ഒന്നിച്ചുനിന്നെതിർക്കേണ്ടേ? ആ സമയത്ത് ഇതിന്റെയൊക്കെ കുറ്റക്കാരും, കാരണക്കാരും ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണെന്നു പറഞ്ഞ് നിങ്ങൾ ജാഥ നടത്തിയാൽ മതിയോ? അതിന് രാഷ്ട്രീയ ഉദ്ദേശം വച്ചുകൊണ്ട് ഈ ഗവൺമെന്റിനെതിരെ അപവാദ പ്രചരണം നടത്തിയാൽ മതിയോ? അത് ആലോചിക്കണം. അതിനുവേണ്ടിയാണ്

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ പറയുന്നത്. കോൺഗ്രസ് ജാഥ നടത്തിയതിനെക്കുറിച്ച് ഞങ്ങൾ ഒരുപാട് പറഞ്ഞുവെന്ന് നിങ്ങൾ പറയും. ശ്രീ. കാർത്തികേയനോട് കോൺഗ്രസ് ഉപനേതാവിനോട് ഞാൻ ചോദിക്കുകയാണ്. നിങ്ങൾ 24 ദിവസം ജാഥ നടത്തി. ആ ജാഥയിൽ നിങ്ങൾ ബി.ജെ.പി. യെകുറിച്ച് ഒരു വാക്കുച്ചരിച്ചില്ല. ഒരു യോഗത്തിലും ഉച്ചരിച്ചില്ല. 140 സ്ഥലങ്ങളിൽ ശ്രീ. എ.കെ. ആന്റണി പ്രസംഗിച്ചു. ഒരു സ്ഥലത്തുപോലും ബി.ജെ.പി. യെക്കുറിച്ചോ കേന്ദ്ര ഗവൺമെന്റ് നയങ്ങളെക്കുറിച്ചോ നിങ്ങൾ ഒരു വാക്കുപോലും പറഞ്ഞില്ല. ഇപ്പോൾ ഞാൻ പറയുന്നത് ഒരു ജാഥ കൂടി വരികയാണ്. ഇതിന്റെ പിന്നാലെ ഒരു ജാഥ കൂടി തുടങ്ങി. അവിടെ നിന്നും തന്നെയാണ് ഈ ജാഥയും വരുന്നത്. ഇത് മോചനയാത്രയാണെങ്കിൽ അത് പരിവർത്തന യാത്ര. ആ പോസ്റ്ററുപോലും ഒന്നല്ലേ. രണ്ടിന്റേയും പോസ്റ്ററുകൾ ഒന്നല്ലേ. പത്മനാഭന്റെ പോസ്റ്ററും നിങ്ങളുടെ മോചനയാത്രയുടെ പോസ്റ്ററും എടുത്തൊന്ന് നോക്കെന്റെ കാർത്തികേയാ.

ശ്രീ. ജി. കാർത്തികേയൻ : സർ, 137 സ്ഥലത്തും ഗാന്ധി പാർക്കിലും ശ്രീ. എ.കെ. ആന്റണിയുടെ നേതൃത്വത്തിൽ മോചനയാത്ര വന്നപ്പോൾ നിരവധി നേതാക്കളുടെ പ്രസംഗങ്ങൾ നടന്നു. കേന്ദ്രഗവൺമെന്റിന്റെ തെറ്റായ നയങ്ങൾക്കും കേരളാ ഗവൺമെന്റിന്റെ തെറ്റായ നയങ്ങൾക്കുമെതിരെ ജനങ്ങളുടെ മനഃസാക്ഷിയുണർത്തുന്നതിനുവേണ്ടി നടത്തിയതായിരുന്നു ഐക്യജനാധിപത്യമുന്നണിയുടെ മോചനയാത്രയിലെ എല്ലാ പ്രസംഗങ്ങളും പ്രവർത്തനങ്ങളും. അത് ഈ സംസ്ഥാന സർക്കാരിനെതിരെയും കേന്ദ്ര സർക്കാർ നയങ്ങൾക്കെതിരെയും ആയിരുന്നു. ജനങ്ങളുടെ മുൻപിൽ ആ പ്രചരണം സത്യമായി നിൽക്കെ, നിയമസഭയ്ക്കകത്തു അതിന്റെ പ്രൊട്ടക്ഷൻ ഉപയോഗിച്ചുകൊണ്ട് അങ്ങനെ പറഞ്ഞില്ലെന്നു പറയുന്നത് ഓർഡറിലോണോ ? എന്നാൽ അദ്ദേഹത്തിന്റെ പ്രസ്താവന അസത്യവുമാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ : നിങ്ങൾ അങ്ങനെ പറയാൻവേണ്ടിത്തന്നെയാണ് ഞങ്ങൾ പറഞ്ഞത്. നിങ്ങൾ അങ്ങനെ പ്രസംഗിക്കണം. അല്ലാതെ നിങ്ങൾ പ്രസംഗിക്കണ്ട എന്നു വച്ചല്ല പറഞ്ഞത്. ഈ നയങ്ങൾക്കെതിരായി നിങ്ങൾ പ്രസംഗിക്കാൻ വേണ്ടിയാണ് പറയുന്നത്. ഞങ്ങൾ ഇവിടെ ഇതൊക്കെ പറയുമ്പോൾ ബംഗാളിലും യു.പി.യിലും നിങ്ങളുടെ എം.എൽ.എ മാർ ഒരുമിച്ചു കോൺഗ്രസ്സിൽ നിന്നും ബി.ജെ.പി. യിൽ പോയി. നിങ്ങളുടെ ഒരുപാട് ലീഡേഴ്സ് അങ്ങനെ പോയി. അതൊക്കെ നമ്മൾ ഈ സഭയിൽ എത്രയോ പറഞ്ഞതാണ്. കഴിഞ്ഞ ദിവസം ഞങ്ങൾ പറഞ്ഞില്ലേ, ബംഗാളിൽ നിങ്ങൾ ഈ കളിക്കുന്ന കളി തീക്കളിയാണെന്ന്. കഴിഞ്ഞ ദിവസം ഇവിടെ പറഞ്ഞില്ലേ, അപ്പോഴും നിങ്ങൾ പറഞ്ഞതെന്താണ് ? ബംഗാളിൽ പോകില്ല. ഇപ്പോൾ കാർത്തികേയനൊപ്പം പ്രവർത്തിച്ചിരുന്ന ആളുകൾ, അവിടത്തെ കെ.പി.സി.സി. യിലെ സെയ്ഫുദ്ദീൻ ഇപ്പോൾ ഒരു വിഷയമല്ലേ ? അതിന് മറുപടി നിങ്ങൾ പറയണം. നിങ്ങളുടെ പാർട്ടിയുടെ ബംഗാളിലെ ഏറ്റവും സമുന്നതരായ നേതാക്കൾ, എം.എൽ.എ. മാർ നിയമസഭാ തെരഞ്ഞെടുപ്പിന്റെ വാതുക്കൽ വച്ചല്ലേ കൂട്ടത്തോടെ തൃണമൂൽ കോൺഗ്രസ്സ്, ബി.ജെ.പി. പാർട്ടികളിലേയ്ക്കു പോയത് ? അതു നിഷേധിക്കാൻ കഴിയുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ജോയി : സർ, അങ്ങു പ്രസംഗത്തിൽ പറഞ്ഞല്ലോ, കോൺഗ്രസ്സ് ബംഗാളിൽ കൂട്ടത്തോടെ മമതാ കോൺഗ്രസ്സിൽ ചേർന്നുവെന്ന്. മാർക്സിസ്റ്റു പാർട്ടിയുടെ കിരാതമായ അക്രമത്തിനും അതുപോലെ തന്നെ നടപടികൾക്കും കോൺഗ്രസ്സ് കൂട്ടുനിൽക്കാത്തതിൽ പ്രതിഷേധിച്ചാണ് ചില വ്യക്തികൾ പോയത് എന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. പി. രാജേന്ദ്രൻ : ഇപ്പോൾ ശ്രീ. പി.ജെ. ജോയി പറഞ്ഞപ്പോൾ ക്ലിയറായി. കേരളത്തിൽ നിങ്ങൾ വളർത്തിക്കൊണ്ടു വരുന്ന കമ്മ്യൂണിസ്റ്റുവിരോധം, ഈ ഗവൺമെന്റിനോടുള്ള വിരോധം വളർത്തികൊണ്ടുവന്ന് കൂടെ നിൽക്കുന്ന അണികൾ നാളെ ബി.ജെ.പി യുടെ കൂടാരത്തിൽ പോകാനുള്ള വഴി ഒരുക്കുകയല്ലേ ചെയ്തത്?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, അങ്ങയുടെ നേതാവ് കേരളത്തിലെ മുഴുവൻ ജനങ്ങളും ബഹുമാനിച്ചിരുന്ന മഹത്വ്യക്തിയായ അച്യുതമേനോന്റെ 'ആത്മകഥാപരം' എന്നു വിശേഷിപ്പിക്കാവുന്ന ഒരു പുസ്തകം പുറത്തു വന്നല്ലോ ? അച്യുതമേനോന്റെ തെരഞ്ഞെടുപ്പു കഥകൾ, ആ പുസ്തകത്തിൽ അച്യുതമേനോൻ അന്ധമായ കോൺഗ്രസ്സ് വിരോധം പറഞ്ഞുകൊണ്ട് പറയുന്നത്, നമ്മുടെ സഖാക്കൾ ബി.ജെ.പി. ക്ക് ഇന്ത്യയിൽ കടന്നുവരാൻ വഴി യൊരുക്കുമെന്നാണ്. അത് അങ്ങ് വായിച്ചിട്ടുണ്ടോ ? കോൺഗ്രസ്സാണ് ബി.ജെ.പി. ക്ക് വഴിയൊരുക്കിയത് എന്നു പറയുന്ന അങ്ങ്, അങ്ങയുടെ നേതാവ് തന്നെ, നിങ്ങളുടെ നയം ബി.ജെ.പി. ക്ക് വരാൻ വഴിയൊരുക്കാനാണെന്നു പറഞ്ഞത് ഓർത്തുകൊണ്ടാണോ ഇപ്പോൾ സംസാരിക്കുന്നത് ?

ശ്രീ. കെ. പി. രാജേന്ദ്രൻ : ഞാൻ ആ വിഷയത്തിലേയ്ക്ക് വരികയാണ്. കോൺഗ്രസ്സ് അന്ധമായ കമ്മ്യൂണിസ്റ്റുവിരോധം വളർത്തിക്കൊണ്ടുവന്ന് ഈ രാജ്യത്തെ മതന്യൂനപക്ഷങ്ങൾക്കും അതുപോലുള്ള മറ്റ് വിഭാഗങ്ങൾക്കും എല്ലാം സംരക്ഷണം നൽകാൻ വർഗ്ഗീയ ഫാസിസ്റ്റു ശക്തികൾക്കൊത്ത് പടവെട്ടുന്ന കോൺഗ്രസ്സ്, അതിനുവേണ്ടി പ്രവർത്തിക്കുന്ന ഞങ്ങളെപ്പോലെയുള്ള പ്രസ്ഥാനങ്ങളെ നീക്കം ചെയ്യാൻ, അല്ലെങ്കിൽ ദുർബലപ്പെടുത്താൻ ശ്രമിച്ചാൽ അതൊക്കെ അപകടങ്ങൾ ഉണ്ടാക്കും. അതാണ് ബംഗാളിലും യു.പി.യിലും കണ്ടത്. അതിനുള്ള മറുപടി നേരെ ചെന്ന് ബി. ജെ. പി. യിൽ ചേക്കേറലല്ല.

ശ്രീ. എം. വി. ജയരാജൻ : ഇവിടെ അങ്ങു പറഞ്ഞല്ലോ, ബി.ജെ.പി യിലേയ്ക്ക് കോൺഗ്രസ്സ് കൂട്ടത്തോടെ പോകുകയാണെന്ന്. കേരളത്തിൽ ഒരു തൃണമൂൽ കോൺഗ്രസ്സ് രൂപീകരിക്കാൻ വേണ്ടി ചില കോൺഗ്രസ്സുകാർ നേതൃത്വം കൊടുത്തത് അങ്ങേയ്ക്കറിയാമോ ? യു.പി. യിൽ കമ്മ്യൂണിസ്റ്റുകാർ കൂടുതലുണ്ടെന്ന് കാർത്തികേയൻ പോലും പറയുമോയെന്ന് എനിക്കറിയില്ല. ആ യു.പി.യിൽ കൂട്ടത്തോടെ കോൺഗ്രസ്സുകാർ ബി.ജെ.പി.യിൽ പോയി. അതു അച്യുതമേനോന്റെ ഈ പറയുന്ന നിർദ്ദേശം കേട്ടിട്ടു പോയതാണോ ? അച്യുതമേനോൻ യു.പി.യിൽ പോയി രാഷ്ട്രീയ പ്രവർത്തനം നടത്തിയിട്ടില്ല. കൂട്ടത്തോടെ കോൺഗ്രസ്സ് ബി.ജെ.പി.യിൽ പോയി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ക്. പി. രാജേന്ദ്രൻ : ഞാൻ അതു തന്നെയാണ് പറയുന്നത്, കോൺഗ്രസ്സുകാർ ബി.ജെ.പി. യിൽ പോയി, ബി.ജെ.പിയിൽ ചേർന്നു. ബി.ജെ.പി. ശക്തിപ്പെടണമെന്ന് ആഗ്രഹിക്കുന്നവരല്ല ഞങ്ങൾ. നിങ്ങളുടെ പ്രസ്ഥാനങ്ങൾ ദുർബലമായി ബി.ജെ.പി. ശക്തിപ്പെടണമെന്ന് ചിന്തിക്കുകയോ അതിനുവേണ്ടി എണ്ണയൊഴിച്ചു കൊടുക്കുകയോ ചെയ്യുന്നവരല്ല ഞങ്ങൾ. ബി.ജെ.പി. പറഞ്ഞാൽ ഇപ്പോൾ അതുപോലെ പ്രവർത്തിക്കുന്നതാരാണ് ? ആർ.എസ്.എസ്. അല്ലേ ? ബി.ജെ.പി. നമ്മുടെ ഭരണഘടന പുനരവലോകനം ചെയ്ത ഒരു സമിതിയാണ്. ഇവിടെ ചോദിച്ചതുകൊണ്ട് ഓർമ്മ വന്നതാണ്. പാർലമെന്റ് നിയമസഭയൊന്നുമില്ല, കരട് പ്രസിദ്ധീകരിച്ചു.. ആർ.എസ്.എസ്. ന്റെ നാഗ്പൂർ ഹെഡ്ക്വാർട്ടേഴ്സിൽ നിന്ന് ഭരണഘടന മാറ്റാനുള്ള കരട് അവരുടെ ഘടകങ്ങൾക്ക് അയച്ചു കൊടുത്തു. പ്രസിദ്ധപ്പെടുത്തിയിട്ടില്ല. അതിൽ ലോക്സഭയും രാജ്യസഭയും ഒന്നുമില്ല. അതിനുപകരം ഗുരുസഭ, രക്ഷാസഭ ഒക്കെയാണുള്ളത്. വോട്ട് ഒന്നും എല്ലാവർക്കുമില്ല. അതൊക്കെ ഇനം തിരിച്ച് ആര് വോട്ടു ചെയ്യണം, ആരൊക്കെ മെമ്പർമാരാകണം, എന്നൊക്കെ തീരുമാനമെടുക്കണം, ഏതൊക്കെ കാര്യങ്ങൾ ചർച്ച ചെയ്യാം. ഏതൊക്കെ ചർച്ച ചെയ്യാൻ പാടില്ല, എന്താണ് അന്തിമമായ തീരുമാനം എന്നൊക്കെ നിഷ്ക്കർഷിക്കുന്ന ഭരണഘടനയുടെ കരട് അവർ തയ്യാറാക്കി ഘടകകക്ഷികൾക്ക് അയച്ചുകൊടുത്തു. അവർ ആർ.എസ്.എസ്.കാരാണ്. ആർ.എസ്.എസ്. പോലുള്ള വർഗ്ഗീയ ഫാസിസ്റ്റു ശക്തികൾ ഇവിടെ വളർന്നു വരാൻ പാടില്ല. അങ്ങനെ ഞങ്ങൾ ശക്തമായി പ്രവർത്തിക്കുന്നതു കൊണ്ടാണല്ലോ മറ്റു സ്റ്റേറ്റുകളിലൊക്കെ ബി. ജെ. പി. വന്നിട്ടും കേരള നിയമസഭയിൽ ഒരാൾക്കുപോലും കടന്നു വരാൻ കഴിയാത്തത്. നിങ്ങൾ അതിന് അവസരം ഒരുക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. പ്രതിപക്ഷനേതാവ് സഭയിൽ വന്നതുകൊണ്ട് ഞാൻ അദ്ദേഹത്തോട് നാലഞ്ചു ചോദ്യങ്ങൾ ചോദിക്കുകയാണ്. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ അതിനെപ്പറ്റി വിശദീകരണം കിട്ടാൻവേണ്ടിയാണ്. ഇവിടെ ശ്രീ. കാർത്തികേയൻ നൽകിയ വിശദീകരണം നന്നായി പറയാൻ വേണ്ടിത്തന്നെയാണ് ഞാൻ ചോദിക്കുന്നത്. ശ്രീ എ. കെ ആന്റണി മോചനയാത്ര നടത്തിയത് എന്തുകൊണ്ടാണ് ? 'വി' വേണ്ടായെന്നു വച്ചതിന് ഞങ്ങൾക്കു തൃപ്തികരമായ വിശദീകരണം കിട്ടിയാൽ മതി. മോചനയാത്രയിൽ 'വി' എന്താണ് ഒഴിവാക്കിയത് ? അവിടെ ലളിതമായ അങ്ങയുടെ വിശദീകരണം കിട്ടാൻവേണ്ടിയാണ്. 24 ദിവസം എന്നും, നൂറ്റിമുപ്പത്തിയേഴു യോഗങ്ങൾ എന്നുമാണ് ഞങ്ങൾക്കു കിട്ടിയ മറുപടി. അങ്ങ് ഒരിടത്തും ബി.ജെ.പി. യെക്കുറിച്ചോ കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങളെക്കുറിച്ചോ വിശദീകരിക്കുന്നില്ല. പക്ഷേ ശ്രീ. കാർത്തികേയൻ പറയുന്നത്, എല്ലാ സ്ഥലത്തും ആവർത്തിച്ച് പ്രസംഗിച്ചത് മുഴുവൻ അതാണെന്ന്. എന്താണ് സർ ശരിക്കും പ്രസംഗിച്ചത് ? മൂന്നാമത്തെ ചോദ്യം നിങ്ങളുടെ മോചനയാത്രയുടേയും ബി.ജെ.പി. ഇപ്പോൾ ആരംഭിച്ച പരിവർത്തനയാത്രയുടെയും വരവൊക്കെ ഏതാണ്ട് ഒന്നാണല്ലോ ? എന്താണ് സർ ? മോചനയാത്രയിൽ നിങ്ങൾ അച്ചടിച്ചിറക്കിയ പോസ്റ്ററും, ഞാൻ വളരെ ഉള്ളിൽത്തട്ടി പറയുന്നതാണ്. പ്രകോപിപ്പിക്കാൻ വേണ്ടി പറയുന്നതല്ല. നിങ്ങൾ അച്ചടിച്ച് കേരളം മുഴുവൻ

LIBRARY ARCHIVES Kerala Legislative Assembly

വ്യാപകമായി ഇറക്കിയ എ.കെ. ആന്റണിയുടെ മനോഹരമായ ചിത്രമുള്ള പോസ്റ്ററും ഇപ്പോൾ പത്മനാഭൻ പരിവർത്തനയാത്രയുമായി ഇറക്കിയിട്ടുള്ള പോസ്റ്ററും ഒന്നെടുത്തു നോക്കൂ. എന്താണ് ഈ സാദൃശ്യം. ഞാൻ പ്രകോപിപ്പിക്കുവാൻ വേണ്ടി പറയുന്നതല്ല. ഇപ്പോൾ പരിവർത്തന ജാഥ അതേ സ്ഥലത്ത് ആരംഭിക്കുന്നു. ശ്രീപത്മനാഭൻ പ്രസംഗിക്കുന്ന ഒരു സ്ഥലത്തും പ്രസംഗത്തിൽ കേരളത്തിലെ കോൺഗ്രസ്സിനെക്കുറിച്ചോ യു.ഡി.എഫ്. നെക്കുറിച്ചോ ഒരു വാക്കും പറഞ്ഞിട്ടില്ല. എന്താണ് സർ, വല്ല സാദൃശ്യവുമുണ്ടോ ? ഒന്നുമില്ല. ഒരു വാക്കുപോലും അദ്ദേഹം ഒരു സ്ഥലത്തും പ്രസംഗിക്കുന്നതായി ഞങ്ങൾക്ക് കേൾക്കാൻ കഴിഞ്ഞിട്ടില്ല. ബംഗാളിലെ പ്രതിപക്ഷ നേതാവ്, കോൺഗ്രസ്സിലെ ദേശീയ ലീഡറാണ്. ദേശീയ വർക്കിംഗ് കമ്മിറ്റി മെമ്പർ എന്നുമാത്രമല്ല ഞങ്ങൾ മനസ്സിലാക്കിയിടത്തോളം എല്ലാവർക്കും അറിയാവുന്നതും അവിടത്തെ ഏറ്റവും പ്രധാനപ്പെട്ട, സോണിയാജി കഴിഞ്ഞാൽ അടുത്തയാൾ, ബംഗാളിൽ അവിടത്തെ കെ.പി.സി.സി. നേതൃത്വം മൊത്തത്തിൽ അങ്ങോട്ടു പോകുന്നത് നിങ്ങളുടെ നേതൃത്വം ചർച്ച ചെയ്തില്ലേ ? കോൺഗ്രസ്സ് ബംഗാളിൽ ബി.ജെ.പി. യുടെ തൃണമൂൽ സഖ്യത്തിൽ ചേരുന്നതിനുള്ള ഒരു മാനദണ്ഡം എ.ഐ.സി.സി., നേതൃത്വത്തിലുണ്ടായിരുന്നു എന്നതായിരുന്നു. ഞാൻ അതിന്റെ മറുപടി കിട്ടാൻ വേണ്ടിയാണ് അതുതന്നെയാണ് പറയുന്നത്. യു.പി. ഉൾപ്പെടെയുള്ള പല സ്ഥലങ്ങളിലും കോൺഗ്രസ്സ് പാർട്ടി ശക്തമായ നിലപാടുകൾ എടുത്തില്ല എന്ന വിമർശനം കോൺഗ്രസ്സിന്റെ നേതാക്കൾ തന്നെ ഉന്നയിച്ചിട്ടുള്ള വിഷയമാണ്. ഇത്തരം കാര്യങ്ങളിൽ വ്യക്തമായി നിങ്ങൾ ബി.ജെ.പി. ക്ക് വർഗ്ഗീയ ഫാസിസ്റ്റു ശക്തികൾക്കെതിരായി പ്രവർത്തിക്കുകയാണ് എന്നു പറയുന്നതിനുപകരം പ്രവർത്തനത്തിൽ കാണിക്കുകയാണ് വേണ്ടത്. അങ്ങ് നേതൃത്വം നൽകുന്ന കേരളത്തിൽ അങ്ങയുടെ നേരിട്ടുള്ള നേതൃത്വത്തിലുള്ള കോൺഗ്രസ്സിന്റെയും യു.ഡി.എഫ്-ന്റെയും നേതൃത്വത്തിലുള്ള ഈ സംസ്ഥാനത്ത് ബി.ജെ.പി. വർഗ്ഗീയ ഫാസിസ്റ്റു ഭരണത്തിനെതിരായി, ജനങ്ങളെ കണ്ണീർ കുടിപ്പിക്കുന്ന കുഞ്ഞുമക്കളുടെ കഞ്ഞികുടി പോലും മുട്ടിക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക നയങ്ങൾക്കെതിരായി അങ്ങയുടെ നേതൃത്വത്തിൽ ഏതു തരത്തിലുള്ള സമരമാണ് കേരളത്തിൽ നടത്തുന്നത്, നടത്താൻ ഉദ്ദേശിക്കുന്നത്, ഇത്തരം കാര്യങ്ങളിൽ താങ്കളുടെ ഒരു വിശദീകരണം കിട്ടണമെന്നുകൂടി ഞാൻ പറയുകയാണ്. ഒരു പോയിന്റു കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി മറുപടി പറഞ്ഞപ്പോൾ ട്രഷറികളുടെ കാര്യം ഇവിടെ സൂചിപ്പിച്ചല്ലോ. കർഷകത്തൊഴിലാളി പെൻഷന്റെ കാര്യത്തിൽ അങ്ങ് എടുത്ത നിലപാടിൽ കേരളത്തിലെ മുഴുവൻ പാവപ്പെട്ട തൊഴിലാളികളുടെ പിന്തുണ താങ്കൾക്കും ഈ ഗവൺമെന്റിനും ഉണ്ടാകും. അത് മുഴുവൻ കൊടുത്തുതീർക്കുമെന്നും പ്രഖ്യാപനമുണ്ടായി. സ്വാതന്ത്ര്യസമര സേനാനികൾക്കുള്ള പെൻഷൻ 2000 രൂപ എന്നത് 3000 രൂപയായി വർദ്ധിപ്പിച്ചു. നേരത്തെ ആയിരം രൂപ രണ്ടായിരം രൂപയായി വർദ്ധിപ്പിച്ചത് ഈ നായനാർ സർക്കാരാണ്. അവരുടെ ചികിത്സാ കാര്യങ്ങളിൽ തീരുമാനമെടുത്തത് ഈ ഗവൺമെന്റാണ്. ബസ് പാസ് ഉൾപ്പടെ അവരുടെ ആശ്രിതർക്കുള്ള ആനുകൂല്യങ്ങൾ തീരുമാനിച്ചത് ഈ ഗവൺമെന്റാണ്. ഇപ്പോൾ രണ്ടായിരം രൂപ മൂവായിരം രൂപയായി വർദ്ധിപ്പിച്ചതും ഈ ഗവൺമെന്റാണ്. സ്വാതന്ത്ര്യസമര സേനാനികളോട് സഹാനുഭൂതിയും താല്പര്യവുമെടുത്ത ഗവൺമെന്റ് എന്ന നിലയിൽ 2000 രൂപ 3000 രൂപയായി വർദ്ധിപ്പിച്ചത് ട്രഷറികളിൽ നിന്നും കിട്ടാൻ ഒരു തടസ്സമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : കുറച്ചുകൂടി ദയ കാണിക്കണമെന്നാണ് ശ്രീ. ബി. വിജയകുമാറിനോട് എനിക്ക് പറയാനുള്ളത്. ഒരാൾ പ്രസംഗിക്കുകയാണ്, അതിനിടയിൽ ഓരോരോ കമന്റ്, കാരണം, ഞാൻ എന്തെങ്കിലും പറയണം, എത്ര നേരമായി കേൾക്കാൻ തുടങ്ങിയിട്ട് വല്ലിംഗിനൊന്നും ചോദിക്കുന്നതല്ല. കുറച്ച് പ്രായമുള്ള ആൾ എന്ന നിലയ്ക്ക് അദ്ദേഹത്തോട് പറയുകയാണ് ഈ ഒരു രീതി ശരിയല്ല ..... ബഹളം .....

മി. ചെയർമാൻ : അദ്ദേഹം പറഞ്ഞ സ്പിരിറ്റ് ഉൾക്കൊള്ളണം.

ശ്രീ. കെ. പി. രാജേന്ദ്രൻ : സ്വാതന്ത്ര്യ സമരസേനാനികളുടെ പെൻഷൻ രണ്ടായിരം രൂപ മൂവായിരം രൂപയായി വർദ്ധിപ്പിച്ചത് കിട്ടുന്നതിനുവേണ്ടി ട്രഷറികളിൽ ഇപ്പോൾ ഉള്ള തടസ്സം നീക്കി അടുത്ത ആഴ്ച തന്നെ അത് കൊടുക്കുവാനുള്ള നടപടിയുണ്ടാകണം. അല്ലെങ്കിൽ അത് പ്രായോഗികമാക്കണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. കേരളത്തിലെ ജനങ്ങൾ വളരെ പ്രതീക്ഷയോടുകൂടി കാണുന്ന അവർക്കുവേണ്ടി വളരെ പ്രതിബദ്ധതയോടുകൂടി കാര്യങ്ങൾ ഇവിടെ അവതരിപ്പിക്കുകയും അതിനാവശ്യമായ ചെലവുകളും കാര്യങ്ങളും നയിച്ചു മുന്നോട്ടു പോകുന്ന കേരളാ ഗവൺമെന്റിന് ജനങ്ങളുടെ എല്ലാ വിധത്തിലുള്ള പിന്തുണയും ഉണ്ട് എന്നുകൂടി ഇവിടെ പറഞ്ഞുകൊണ്ട് ഞാൻ ഒന്നുകൂടി ഇതിനെ പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. ബി. വിജയകുമാർ : സർ, ഞാൻ .....ബഹളം..... ഇവിടെ ..... ബഹളം .....

മി. ചെയർമാൻ : അങ്ങേയ്ക്കു അവസരം തരാം.....പ്ലീസ്.....
ശ്രീ. സി. എഫ് തോമസ് ..... ബഹളം .....
പ്ലീസ്..... ബഹളം .....ബഹളം .....
ശ്രീ. സി. എഫ്. തോമസ്, അങ്ങ് പ്രസംഗിക്കൂ, മൈക്കുണ്ട്, ...
പ്ലീസ്.....

ശ്രീ. സി. എഫ്. തോമസ് : ഞങ്ങൾക്ക് ..... ബഹളം.....

മി. ചെയർമാൻ : പ്ലീസ് ..... ശ്രീ. വിജയകുമാർ പ്ലീസ് ബി. സീറ്റഡ് ..... ബഹളം ..... അദ്ദേഹത്തിന് മൈക്ക് കൊടുത്തിരിക്കുകയാണ്.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, പോയിന്റ് ഓഫ് ഓർഡർ, I want a ruling സർ, ഇവിടെ ഒരാളുടെ പ്രസംഗം കഴിഞ്ഞു. എന്നെ disturb ചെയ്തു കൊണ്ടിരുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയെന്നു മാത്രം. അദ്ദേഹം വലിയ പ്രതിജ്ഞ നടത്തുന്നു. ആയിക്കോട്ടെ, എനിക്ക് വിരോധമില്ല. 20 മിനിട്ട് പ്രസംഗിക്കുവാൻ സമയം കൊടുക്കണം, അദ്ദേഹം പറയുന്നതിൽ എനിക്ക് യാതൊരു വിരോധവുമില്ല. അതെല്ലാം ചട്ടപ്രകാരം വേണമെന്നേ പറഞ്ഞുള്ളൂ.....ബഹളം..... ശ്രീ. വിജയകുമാർ ഇത്രയും ഉച്ചത്തിൽ പറഞ്ഞതുകൊണ്ട് ഒന്നും ഇവിടെ മുങ്ങാൻ പോകുന്നില്ല. കാര്യം ഞാൻ പറയാം. എന്തെങ്കിലും ഇങ്ങനെ കാണിക്കാമെന്നാണോ ?

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ : പ്ലീസ്, പ്ലീസ്..... ശ്രീ. സി.എഫ്. തോമസ് .....

ശ്രീ. ബി. വിജയകുമാർ : .....ബഹളം .....ഇങ്ങനെ .....

ശ്രീ. ടി. ശിവദാസമേനോൻ : ശ്രീ. വിജയകുമാറിന്റെ ശബ്ദം കേൾക്കുമ്പോൾ തെറിക്കുന്ന ആളൊന്നുമല്ല.

മി. ചെയർമാൻ : പ്ലീസ്, വിജയകുമാർ .....

ശ്രീ. ടി. ശിവദാസമേനോൻ : ഇതിലും വലിയ വിജയകുമാറിനെ കണ്ടിട്ടുള്ള ആളാണ് ഞാൻ. നിങ്ങളുടെ ആ കളിയൊന്നും ഞങ്ങളുടെ അടുത്ത് വേണ്ട.

മി. ചെയർമാൻ : പ്ലീസ് ..... പ്ലീസ് ..... ശ്രീ. സി.എഫ്. തോമസ്.....

ശ്രീ. സി. എഫ്. തോമസ് : സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ എതിർക്കുകയാണ്. ഭരണ കക്ഷിയെടുക്കുന്ന സമീപനത്തെ കുറിച്ച് വളരെ മിതമായ ഭാഷയിൽ ഞങ്ങൾക്ക് പറയാനുള്ളത് പറയുന്നു. 58 മാസമായി ഈ നിയമസഭയിൽ ഇതുപോലെയുള്ള ചർച്ചകൾ നടന്നപ്പോൾ അന്നെല്ലാം തുടർച്ചയായിട്ട് കേട്ടത് ഇപ്പോൾ ഭരണകക്ഷിയിൽനിന്നു കേട്ട ആ സമീപനം തന്നെയാണ്. ഇത് കേരള നിയമസഭയാണല്ലോ. കേന്ദ്ര പാർലമെന്റിൽ ഇതുപോലെ വോട്ട് ഓൺ അക്കൗണ്ട് നടത്തുമ്പോൾ, ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ നടത്തേണ്ട പ്രസംഗങ്ങൾ ആ ഒരു ശൈലി, നമ്മുടെ ഈ കേരളത്തിന്റെ സമഗ്ര വികസനത്തെ സംബന്ധിച്ചും ഐശ്വര്യ പൂർണ്ണമായ കേരളത്തിന്റെ രചനയെ കുറിച്ചുമൊക്കെ ചർച്ച ചെയ്യേണ്ട ഈ സഭ എപ്പോഴെങ്കിലും ഭരണ കക്ഷിയുടെ ഭാഗത്തുനിന്നും കേരളത്തിന്റെ പ്രശ്നങ്ങളും അതിന് ഇവിടത്തെ ഗവൺമെന്റ് എന്തു ചെയ്യുന്നുവെന്നും ഇവിടത്തെ ഗവൺമെന്റ് സമീപനം എന്താണെന്നും ഇപ്പോഴത്തെ പരിമിതികൾ നിങ്ങൾ പറയുന്നതുപോലെയുണ്ടെന്നുമുള്ള വാദഗതിക്കുവേണ്ടി സമ്മതിച്ചാൽ തന്നെ ആ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് എന്താണ് നമ്മുടെ ഗവൺമെന്റ് ചെയ്യേണ്ടത് എന്നും അല്ലെങ്കിൽ നമ്മൾ ഒരുമിച്ച് എന്താണ് ചെയ്യേണ്ടതെന്നുമുള്ള ഒരു സമീപനമെടുത്തിട്ടുണ്ടോ ? ഇന്നത്തെ പ്രസംഗങ്ങളെല്ലാം ഞങ്ങൾ കേട്ടു. ഇന്ന് മുഴുവൻ പറഞ്ഞത് കേന്ദ്രത്തിന്റെ സാമ്പത്തിക നയത്തെപ്പറ്റിയാണ്. ആഗോളവൽക്കരണത്തെക്കുറിച്ചും ഉദാരവൽക്കരണത്തെക്കുറിച്ചും പറഞ്ഞു. അവസാനം ശ്രീ. രാജേന്ദ്രൻ കേരളത്തിന്റെ കാര്യത്തെക്കുറിച്ച് ഒന്നുമാത്രം ഇവിടെ സൂചിപ്പിച്ചു. ഇവിടത്തെ ട്രഷറിയിൽനിന്നും സ്വാതന്ത്ര്യ സമര സേനാനികൾക്കുള്ള പെൻഷൻ 2000 രൂപ 3000 രൂപയാക്കി വർദ്ധിപ്പിച്ചു കൊടുക്കാൻ നൽകിയ നിർദ്ദേശം പ്രായോഗികം ആകുന്നില്ലെന്നു മാത്രം പറഞ്ഞു. കേരളത്തിലെ പ്രശ്നത്തെക്കുറിച്ച് വേറൊന്നും പറഞ്ഞില്ല. അദ്ദേഹം പറഞ്ഞത്, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ച് വി.ആർ. എസ്സിനെ കുറിച്ച്, കേന്ദ്ര ഗവൺമെന്റിന്റെ ഉദാരവൽക്കരണനയം, അതല്ലാതെ വേറൊരു സമീപനവുമില്ല. കാർഷിക മേഖലയെക്കുറിച്ച് അങ്ങ് പറഞ്ഞല്ലോ, നിലവിലുള്ള നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

നിലനിറുത്താൻ ഞങ്ങളൊക്കെ കൂടെയുണ്ട്. വി.ആർ. എസ്സിന്റെ കാര്യത്തിൽ കേന്ദ്രത്തിന്റെ സമീപനത്തോട് നിങ്ങൾക്കുള്ള എതിർപ്പുപോലെ ഞങ്ങൾക്കുമുണ്ട്. അതൊക്കെ തർക്കമില്ലാത്ത വിഷയമാണ്. പക്ഷേ ഒരു വലിയ വ്യത്യാസമുണ്ട്, നിങ്ങൾ പറയുന്ന ഈ കാര്യത്തിനു പുറമെ കേരളത്തിലുള്ളവർക്ക് തൊഴിൽ ഇതുപോലെ പ്രധാനപ്പെട്ടതല്ലേ ? നമ്മുടെ നാട്ടിൽ പുത്തനായി പെരുകിവരുന്ന തൊഴിലില്ലാത്ത ചെറുപ്പക്കാരുടെയും യുവതികളുടെയും യുവാക്കളുടെയും ഒക്കെ അവസ്ഥയെന്താണ് ? നിങ്ങൾ അധികാരത്തിൽ കയറുമ്പോൾ ഗാട്ട് കരാർ ഉണ്ടായിരുന്നില്ലേ, നിങ്ങൾ അധികാരത്തിൽ കയറുമ്പോൾ വേൾഡ് ട്രേഡ് ഓർഗനൈസേഷൻ ഉണ്ടായിരുന്നില്ലേ ? ആ പരിമിതികളൊക്കെ വച്ചുകൊണ്ട് ഗവർണ്ണറുടെ ആദ്യത്തെ നയപ്രഖ്യാപന പ്രസംഗത്തിലും അതിനുമുൻപുള്ള പ്രകടനപത്രികയിലും ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിയുടെ ആദ്യത്തെ ബഡ്ജറ്റ് പ്രസംഗത്തിലും ഒക്കെ തൊഴിലില്ലായ്മയെക്കുറിച്ച് നിങ്ങൾ പറഞ്ഞു. നിങ്ങൾക്ക് എന്തു മാറ്റം കൊണ്ടുവരാൻ സാധിച്ചു ? നിങ്ങൾ വി. ആർ. എസ്സിനെ കുറിച്ച് പറഞ്ഞു, നിങ്ങളുടെ കൂടെ ഞങ്ങളുമുണ്ട്. പക്ഷേ അഞ്ച് കൊല്ലം മുൻപ് നിങ്ങൾ കേരളത്തിൽ അധികാരത്തിൽ വരുമ്പോൾ 32 ലക്ഷം തൊഴിലില്ലാത്ത ചെറുപ്പക്കാർ ഉണ്ടായിരുന്നു. ആ ചെറുപ്പക്കാരെക്കുറിച്ച് നിങ്ങളുടെ വികാരമെന്താണ് ? ഡി. വൈ. എഫ്. ഐ യുടെ നേതാക്കളും എ.ഐ.എസ്.എഫിന്റെ നേതാക്കളും ഇവിടെയുണ്ടല്ലോ, ഇതുപോലെയുള്ള ബഡ്ജറ്റുകളിലും വോട്ട് ഓൺ അക്കൗണ്ടുകളിലും എപ്പോഴെങ്കിലും ഫലപ്രദമായ നിർദ്ദേശം വച്ചുകൊണ്ട് കേരളത്തിലെ ചെറുപ്പക്കാരുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ വേണ്ട സ്റ്റെപ്പ് സ്വീകരിക്കുകയുണ്ടായോ ? വോട്ട് ഓൺ അക്കൗണ്ട് ഇവിടെയിരിപ്പുണ്ട്. എന്താണ് വോട്ട് ഓൺ അക്കൗണ്ട്, നാല് മാസത്തേയ്ക്കുള്ളതല്ലേ ?

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

അഞ്ചു വർഷമായിട്ട് ഈ സഭയിൽ ഈ കാര്യത്തെക്കുറിച്ച് ഒരു ബഡ്ജറ്റ് നിർദ്ദേശങ്ങളും അല്ലെങ്കിൽ നയപ്രഖ്യാപനത്തിൽ പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കാൻ ഒരു ശ്രമവും നടത്താതെ പിരിയാൻ രണ്ടു മാസം മാത്രമുള്ളപ്പോൾ ഇപ്പോഴും കേന്ദ്ര ഗവൺമെന്റിന്റെ വിഷയവും പറഞ്ഞുകൊണ്ടിരുന്നാൽ വല്ല പ്രയോജനവുണ്ടോ ? ഇത് ഈ സംസ്ഥാനത്തിന്റെ പ്രശ്നമാണ്.

2 P.M.] ഞങ്ങൾ നടത്തിയ മോചന യാത്രയെക്കുറിച്ച് നിങ്ങൾ പറഞ്ഞല്ലോ. മോചനയാത്ര കടന്നുപോയ സ്ഥലങ്ങളിലൊക്കെ ഞങ്ങൾ ഒരു കാര്യം പറഞ്ഞു. ഔദ്യോഗികമായി യു.ഡി.എഫ് പ്രകടനപത്രിക ഇതുവരെ ഇറക്കിയിട്ടില്ല എങ്കിലും ഞങ്ങൾ ഒരു കാര്യം പറഞ്ഞു. ഇപ്പോൾ ശ്രീ. ടി. നാണു മാസ്റ്ററും ശ്രീ. രാജേന്ദ്രനുമൊക്കെ പറഞ്ഞതുകൊണ്ട് ഞാൻ പറയുകയാണ്. തകർന്ന കാർഷിക മേഖലയെക്കുറിച്ച് മോചനയാത്രയിൽ എന്തുപറഞ്ഞു എന്ന് നിങ്ങൾ ചോദിച്ചു. തകർന്നുകിടക്കുന്ന കാർഷികമേഖലയെക്കുറിച്ചാണ് പ്രതിപക്ഷവും ഇവിടെയിരിക്കുന്ന പ്രധാനപ്പെട്ട കക്ഷി നേതാക്കളും ഏറ്റവും പ്രധാനമായി പറഞ്ഞത്. ഞങ്ങൾ അധികാരത്തിൽ വരികയാണെങ്കിൽ ചെയ്യുന്നത് കേരളത്തിന്റെ തകർന്ന കാർഷിക മേഖലയെ രക്ഷിക്കാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

നടപടി സ്വീകരിക്കും എന്നാണ് ശ്രീ. എ. കെ. ആന്റണിയും, ശ്രീ. കുഞ്ഞാലിക്കുട്ടിയും ശ്രീ. കെ.എം. മാണിയും ശ്രീമതി ഗൗരിയമ്മയും പ്രൊഫ. എ. വി. താമരാക്ഷനുമൊക്കെ പ്രസംഗിച്ചത്. നിങ്ങൾ ചെയ്യാത്ത കാര്യമാണ്. ബഡ്ജറ്റ് പ്രസംഗത്തിന്റെ ആദ്യവും നയപ്രഖ്യാപനത്തിന്റെ ആദ്യവും കേരളത്തിലെ പ്രധാനപ്പെട്ട കാർഷിക വിളയായ നാളികേരത്തെക്കുറിച്ച് നിങ്ങൾ പറഞ്ഞല്ലോ. എന്തു ചെയ്തു നിങ്ങൾ ? ഇനി ഞങ്ങൾ ചെയ്യാൻ പോകുകയാണ്. നിങ്ങളെക്കൊണ്ട് ചെയ്യാൻ പറ്റാത്ത കാര്യം. നാളികേര സംഭരണത്തിനുവേണ്ടി നാഫെഡ് വന്നിട്ട് 10 ഗോഡൗണുകൾ എങ്കിലും ശരിയാക്കികൊടുക്കാൻ സാധിച്ചോ നിങ്ങൾക്ക് ? നാളികേര കർഷകരുടെ പ്രശ്നപരിഹാരത്തിനു നാളികേര വിലത്തകർച്ച നേരിടാൻവേണ്ടി കൃഷിമന്ത്രിയും ഞാനും വ്യക്തിപരമായി വളരെ അടുപ്പക്കാരാണ്. പക്ഷേ ഒരു കാര്യം, നിങ്ങൾക്ക് ഇതിനെക്കുറിച്ച് വല്ല ഭാവനയുമുണ്ടോ ? പാവപ്പെട്ട നാളികേര കർഷകർ ഈ സംസ്ഥാനത്ത് 30 ലക്ഷത്തോളം പേരുണ്ട്. അവർ നാളികേരത്തിന് വിലയിടിഞ്ഞപ്പോൾ കൊപ്ര സംഭരണം നടത്തി. കൊപ്ര കൃഷിക്കാരന്റെ കൈയിലുണ്ടോ ? ആരാണ് കൊപ്ര ഉണ്ടാക്കുന്നത് ? തമിഴ്നാട്ടിൽനിന്നും ഇവിടെ കൊപ്ര ഇറക്കി. ഇടനിലക്കാർ മുഴുവൻ കാശും കൊണ്ടുപോയി. കേരളത്തിലെ കൃഷിക്കാർക്ക് 5 കൊല്ലംകൊണ്ട് ഒന്നും കിട്ടിയില്ല. കുത്തനെ വിലയിടിഞ്ഞു. നമ്മുടെ പ്രധാനമന്ത്രി കുമരകത്തുവന്ന് പ്രഖ്യാപനം നടത്തി, ഇന്നത്തെ പത്രത്തിൽ അദ്ദേഹം പറയുന്നു, നികുതികൾ, ഇറക്കുമതി ചുങ്കം കൂട്ടും എന്ന്. എന്തെങ്കിലും സ്റ്റെപ് ഈ ഗവൺമെന്റ് കാര്യമായി എടുത്തോ ? ഇല്ല. കൊപ്ര ക്വിന്റലിന് 3250 രൂപ എന്നുള്ള അപര്യാപ്തമായ വില ഉയർത്താൻ കേന്ദ്ര ഗവൺമെന്റിൽ ശക്തമായി നടത്തിയ സമ്മർദ്ദത്തിൽ നിങ്ങൾ പൂർണ്ണമായിട്ടും പരാജയപ്പെട്ടില്ലേ ? പാമോയിലിന്റെ കാര്യം പോകട്ടെ, അത് എല്ലാവരും ഉപയോഗിക്കുന്നതാണ് എന്നെങ്കിലും പറയാം. വെളിച്ചെണ്ണയുടെ ഇറക്കുമതി ചുങ്കം ഇപ്പോൾ എത്രയാണെന്നറിയാമോ ? അതെങ്കിലും 300 ശതമാനമായി, അല്ലെങ്കിൽ 200 ശതമാനമായി ഉയർത്താൻ എന്തെങ്കിലും കാര്യമായ നടപടി നിങ്ങൾ സ്വീകരിച്ചോ ? ഇവിടെയിരുന്നുകൊണ്ട് ചുമ്മാ ഫാക്സ് അയയ്ക്കുകയാണ്. റബ്ബറിന്റെ കാര്യം, ഞാൻ വളരെ ബഹുമാനത്തോടുകൂടി ചോദിക്കുകയാണ്, ബഹുമാനപ്പെട്ട ടി.കെ. രാമകൃഷ്ണൻ ഇവിടെയിരിപ്പുണ്ട്. അദ്ദേഹം കോട്ടയം ജില്ലയിൽനിന്നുള്ള മന്ത്രിയാണ്. ഞാൻ ഓർക്കുന്നു. ശ്രീ. എ. കെ. ആന്റണി ഭരണത്തിൽനിന്നും ഇറങ്ങുന്ന സമയത്ത് കിലോഗ്രാമിന് 67 രൂപ ഉണ്ടായിരുന്ന റബ്ബറിന്റെ വില 55 ആയി കുറഞ്ഞപ്പോൾ കോട്ടയത്തെ റബ്ബർ കർഷകർക്കു നടുവിൽ നിന്നുകൊണ്ട് അതിശക്തമായി പ്രസംഗിച്ച ആളാണ് ബഹുമാന്യനായ ടി. കെ. രാമകൃഷ്ണൻ. അന്ന് കിലോഗ്രാമിന് 67 രൂപ ഉണ്ടായിരുന്നത് 55 രൂപയായി. ഇപ്പോൾ 23 രൂപയാണ്. അതുപോലെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി എത്രയോ പ്രാവശ്യം വോട്ട് ഓൺ അക്കൗണ്ട് 4 മാസത്തേയ്ക്കും ബഡ്ജറ്റ് ഓരോ വർഷത്തേയ്ക്കും അവതരിപ്പിച്ചു. ഒരു 40 കോടി രൂപ നീക്കിവച്ചു 20000 ടൺ റബ്ബർ ശേഖരിക്കാൻ നിങ്ങൾക്ക് സാധിച്ചോ ? എവിടെപ്പോയി ? ഞങ്ങൾ അധികാരത്തിൽ വരികയാണെങ്കിൽ സംസ്ഥാന മന്ത്രിസഭയുടെ തീരുമാനങ്ങളിൽ പ്രധാനപ്പെട്ടത്, നെല്ല് സംഭരിക്കാനും കൊപ്ര സംഭരിക്കാനും വേണ്ട തുക നീക്കിവയ്ക്കും. നിങ്ങളെക്കൊണ്ട് സാധിച്ചില്ല.

LIBRARY ARCHIVES Kerala Legislative Assembly

രഹസ്യമല്ല. ഈ പ്രാവശ്യത്തെ തെരഞ്ഞെടുപ്പിൽ ജനങ്ങൾ നോക്കുന്നത് ഇത്തരം കാര്യങ്ങളാണ്. ഒരു കാര്യം കൂടി പറയട്ടെ, അങ്ങയുടെ പ്രദേശമായ മാവേലിക്കര നെൽകൃഷിയുടെ കേന്ദ്രമാണല്ലോ. കുട്ടനാടൻ നെൽകൃഷിയും, പാടശേഖരങ്ങളും. ബഹുമാനപ്പെട്ട ജി. സുധാകരൻ ഇവിടെയുണ്ട്. ഞാൻ അങ്ങയോട് ചോദിക്കട്ടെ, അവിടെ പാടത്ത് കൊയ്ത്ത് പകുതിയായി. നെല്ലിനു കിട്ടുന്ന വില എത്രയാണെന്നറിയാമോ ? ഒരു ക്വിന്റലിന് 550 രൂപ. പകുതി കൊയ്ത്ത് കഴിഞ്ഞു. 725 രൂപയ്ക്ക് നെല്ലു സംഭരിക്കുമെന്ന് പറഞ്ഞ് കുട്ടനാട്ടിലെ സഹകരണ സംഘങ്ങളെ മുഴുവൻ വിളിച്ചുകൂട്ടിയിട്ട് ഒരു ക്വിന്റൽ എന്നല്ല, ഒരു പറ നെല്ല് ഈ ഒരു മാസമായിട്ട് സംഭരിക്കാൻ നിങ്ങളെക്കൊണ്ട് സാധിച്ചോ? അങ്ങനെ സംഭരിക്കാൻ ബഹുമാനപ്പെട്ട ധനാകാര്യമന്ത്രി വോട്ട് ഓൺ അക്കൗണ്ടിൽ 4 മാസത്തേയ്ക്ക് എത്ര പൈസ നീക്കിവച്ചിട്ടുണ്ട് ? സംഭരണം ഇപ്പോൾ നടക്കേണ്ടതാണ്. ഇനി അടുത്ത ഒരു മാസംകൂടി കഴിഞ്ഞാൽ കർണ്ണാടകയിൽ നിന്നും ഷിമാവോയിൽനിന്നും ആന്ധ്രയിൽ നിന്നുമുള്ള നെല്ല് മില്ലുകളിൽ വരും. അപ്പോൾ ഇവിടെയുള്ള 550 രൂപ 300 രൂപയായി ക്വിന്റലിന് കുറയും. ഇത് എന്തൊരു സർക്കാരാണ് ? എന്തെങ്കിലും സംഭരണം ഉണ്ടോ ? കഴിഞ്ഞ പ്രാവശ്യം സംഭരണം നടത്തിയതിന്റെ കണക്ക് കേൾക്കണോ ? കഴിഞ്ഞ പ്രാവശ്യം സംഭരിക്കും എന്നുപറഞ്ഞതിന്റെ കണക്ക്. ഈ ഗവൺമെന്റ് 10,000 ക്വിന്റൽ നെല്ല് സംഭരിക്കും എന്ന് പറഞ്ഞ് ഇറങ്ങിത്തിരിച്ചിട്ട് സംഭരിച്ചത് 12627 ടൺ. അതിൽ നമ്മുടെ വെയർ ഹൗസിംഗ് കോർപ്പറേഷൻ 104 ടൺ. കൃഷി മന്ത്രി എവിടെപ്പോയി എന്ന് എനിക്കറിയില്ല. എന്താണ് ചെയ്യുന്നത് ? എന്തു കിട്ടി ? ഒന്നര ലക്ഷം ഏക്കർ നിലമുണ്ട്. ശ്രീ. സുധാകരന് അറിയാം. എന്നിട്ട് സംഭരിച്ചത് എത്രയാണെന്നറിയാമോ ? 104 ടൺ വെയർ ഹൗസിംഗ് കോർപ്പറേഷൻ സംഭരിച്ചു. ഇത് എന്ത് വോട്ട് ഓൺ അക്കൗണ്ട് ? എന്ത് ബഡ്ജറ്റാണ് ? തുക എവിടെ ? ഈ സംസ്ഥാനത്തെ പ്രധാനപ്പെട്ട കാർഷികവിളയാണ് നാളികേരം. ഓരോ നാളികേരളത്തിനും 4 രൂപ വച്ച് കുറഞ്ഞപ്പോൾ 2800 കോടി രൂപയുടെ നഷ്ടം കഴിഞ്ഞ രണ്ടുകൊല്ലംകൊണ്ട് വന്നിരിക്കുന്നു. ഒരു കിലോ റബ്ബറിന് 67 രൂപ ഉണ്ടായിരുന്നത് 24 രൂപയായി കുറഞ്ഞപ്പോൾ മൂവായിരം കോടി രൂപയോളം ഈ സംസ്ഥാനത്ത് കുറഞ്ഞിരിക്കുന്നു. കേരളത്തിന്റെ സർക്കുലേഷനിലുള്ള മണിയാണ്. അതാണ് വിട്ടുപോയിരിക്കുന്നത്. പാവപ്പെട്ട നെൽകർഷകർ കെട്ടുതാലിപോലും പണയം വച്ച് പാടശേഖരങ്ങളിൽ ഇറക്കിയ പണം തിരിച്ചുകിട്ടാൻ നിവൃത്തിയില്ലാതെ പാടശേഖരങ്ങൾ ഉപേക്ഷിച്ചുപോകുന്നു. നമ്മുടെ സമ്പദ്ഘടന തകർന്നു തരിപ്പണമായി. വരുമാനമില്ലാതെ, ചെലവിനു മാർഗ്ഗം കാണാതെ കുടുംബങ്ങൾ കരയുമ്പോൾ ഇവിടെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി 4 മാസത്തേയ്ക്ക് ചെലവാക്കാനുള്ള തുകയ്ക്ക് അനുവാദം ചോദിക്കുകയാണ്. നമ്മുടെ കുടുംബങ്ങൾ പട്ടിണിയിൽ നിൽക്കുന്നു. നമ്മുടെ ആളുകൾ ഒരു പൈസയ്ക്കും നിവൃത്തിയില്ലാതെ 10 ടാബ്ലറ്റ് വാങ്ങാൻ എഴുതിക്കൊടുത്താൽ രണ്ടെണ്ണം മെഡിക്കൽ ഷോപ്പിൽനിന്നും വാങ്ങിക്കൊണ്ട്, രോഗചികിത്സയ്ക്ക് പോലും നിവൃത്തിയില്ലാതെ കഴിയുന്ന ഒരു കേരളം രചിച്ച നിങ്ങൾ ഐശ്വര്യ പൂർണ്ണമായ കേരളത്തെക്കുറിച്ച് പ്രസംഗിക്കുന്നു. ഇതുപോലെ ഒരു ഭരണം കേരള നാടു കണ്ടിട്ടില്ല. ഈ ഭരണം പോകേണ്ടത് രാഷ്ട്രീയവുമായി ഇവിടെയിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

കക്ഷികളുടെ ആവശ്യമല്ല. കേരളത്തിലെ മൂന്നു കോടി ജനങ്ങൾ പോളിംഗ് ദിവസത്തിനുവേണ്ടി കാത്തിരിക്കുകയാണ്. വോട്ടർമാർ പോളിംഗ് ദിവസത്തിനുവേണ്ടി കാത്തിരിക്കുന്നു. കഴിഞ്ഞ 5 വർഷമായി ഈ നാട് ഭരിച്ച് മുടിച്ച സർക്കാർ സാമ്പത്തികമായി ഈ കേരളത്തെ തകർത്ത ഈ സർക്കാർ ഇനി ഒരിക്കലും എൽ.ഡി.എഫ്. എന്നുപറഞ്ഞ് ഇനി ഒരിക്കലും സി.പി.എം. എന്നുപറഞ്ഞ് ഇനിയൊരിക്കലും ഈ നാട്ടിൽ അധികാരത്തിൽ വരരുത് എന്നുള്ള ആഗ്രഹവുമായി അവർ നിൽക്കുകയാണ്. കാർഷിക മേഖലയുടെ സ്ഥിതി ഇതാണെങ്കിൽ ഞാൻ ഒരു കാര്യം ഇടതുപക്ഷ മുന്നണിയോട് പറയുകയാണ്. നമ്മുടെ വ്യാവസായിക മേഖലയുടെ സ്ഥിതി എന്താണ്. എത്രയോ പ്രാവശ്യം വ്യവസായമന്ത്രി വ്യവസായികളെ ക്ഷണിക്കാൻ പുറത്തുപോയി. എന്താണ് പിന്നെ വ്യവസായം വരാത്തത് ? നിങ്ങൾ ഈ കേരളത്തെക്കുറിച്ച് ഒരു ദുഷ്പേര് ഉണ്ടാക്കിയിട്ടുണ്ട്. ആ ദുഷ്പ്പേര് മാറ്റാൻ ഇതുവരെ സാധിച്ചിട്ടില്ല. സാർവ്വദേശീയ രംഗത്ത് കേരളത്തിൽ ഒരാൾ പോലും, നമ്മുടെ വിദേശ മലയാളികൾ പോലും പണം മുടക്കാൻ മടിക്കുന്നു. നിങ്ങൾ ഉണ്ടാക്കിവച്ച ദുഷ്പ്പേരാണ്. അതുകൊണ്ട് ഒറ്റ പുത്തൻ വ്യവസായശാലയും കേരളത്തിൽ വരുന്നില്ല. ഇന്ന് ഒരു കടുംപാതകം കൂടി സി.പി.എം. നടത്തുകയാണ്. ശ്രീലങ്കയിലെ എൽ.റ്റി.റ്റി.ഇ പോലെ അല്ലെങ്കിൽ കാശ്മീരിലെ തീവ്രവാദി ഗ്രൂപ്പുകൾ പോലെ അക്രമത്തിന്റെ ശൈലി. ബോംബിന്റെ ശൈലി, കണ്ണൂരിൽനിന്നും കാസർകോടുനിന്നും കോഴിക്കോടു നിന്നും ആരംഭിച്ചാൽ വ്യാപകമാക്കിയാൽ കേരളം നശിക്കും. കേരളത്തിന്റെ ജനാധിപത്യവും നശിക്കും എന്നകാര്യം ഗൗരവത്തോടുകൂടി സി.പി.എം. ചിന്തിക്കണം എന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് കേരളത്തിന്റെ ഭാവിക്ക് ഉതകുന്ന ഒരു കാര്യവും ചെയ്യാൻ സാധിക്കാതെ നിഷ്ക്രിയത്വത്തിന്റെ തടവറയിൽ കഴിഞ്ഞ 5 കൊല്ലവും ചെലവഴിച്ച ഈ ഗവൺമെന്റിന്റെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി കൊണ്ടു വന്ന വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ എതിർക്കുകയാണ്.

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, ഈ അവസാന നിയമസഭാ സമ്മേളനം തുടങ്ങുന്നതിന്റെ മുൻപിലത്തെ ദിവസം ഞാൻ ആലോചിക്കുകയായിരുന്നു. കഴിഞ്ഞ കുറെ കാലങ്ങളിൽ നടന്ന നിയമസഭാ സമ്മേളനത്തെക്കുറിച്ച് പഴയ നിയമസഭാ ഹാളിൽനിന്ന് പുതിയ നിയമസഭാ ഹാളിൽ വന്നപ്പോൾ ഇവിടെ നടക്കേണ്ടിയിരുന്ന പലതും നടക്കാതിരിക്കുകയും നടക്കാൻ പാടില്ലാത്തത് പലതും നടക്കുകയും ചെയ്തു എന്നതാണ് സത്യം. കേരളത്തിലെ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ കുറെ കാലങ്ങളിലുണ്ടായ ഗവൺമെന്റുകളുമായി ഒരു താരതമ്യപഠനം ഈ സംസ്ഥാനത്തിലെ ജനങ്ങൾ നടത്തുമെന്ന കാര്യത്തിൽ സംശയമില്ല. നടത്താൻ കിട്ടിയ സമയങ്ങളിലൊക്കെ അവർ നടത്തിയിട്ടുണ്ട്. തലശ്ശേരി, മാള, എറണാകുളം, വൈക്കം, ചാത്തന്നൂർ, പുനലൂർ എന്നു തുടങ്ങി എല്ലാ സ്ഥലങ്ങളിലും അതിൽ എറണാകുളത്തിന്റെ കാര്യം മാത്രമെടുക്കാം. ഈ സംസ്ഥാനത്തിലെ ഏറ്റവും പ്രധാനപ്പെട്ട റിട്ടയേർഡ് ഉദ്യോഗസ്ഥന്മാർ, ജഡ്ജിമാർ, ആയിരക്കണക്കിന് അഭിഭാഷകർ, ആയിരക്കണക്കിന് ഡോക്ടർമാർ, ഒരുപക്ഷെ ഈ സംസ്ഥാനത്തെ 141 നിയോജകമണ്ഡലങ്ങളിലെ കാര്യങ്ങൾ വിവേകപൂർവം അപഗ്രഥിച്ച്

LIBRARY ARCHIVES Kerala Legislative Assembly

വിലയിരുത്തി വോട്ടർമാർ നിയോജകമണ്ഡലത്തിലെത്തുന്ന മണ്ഡലമാണ് എറണാകുളത്തേത് എന്ന കാര്യത്തിൽ തർക്കമില്ലല്ലോ. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷജനാധിപത്യമുന്നണിയെ ഉൾക്കൊള്ളാൻ കഴിയാത്തവർ നായനാർ ഗവൺമെന്റിന്റെ ഭരണംവന്നു. നടപടികൾ വീക്ഷിച്ചു. ഉപതെരഞ്ഞെടുപ്പിൽ എറണാകുളം ഇടതുപക്ഷജനാധിപത്യ മുന്നണിക്കുണ്ടായ വിജയം നിസാരമായി കാണുന്നുവെങ്കിൽ ഞാൻ അവിടെ അവസാനിപ്പിക്കാം. പാർലമെന്റ് തെരഞ്ഞെടുപ്പ് വന്നപ്പോൾ എറണാകുളത്തെ ജനങ്ങൾ മറിച്ച് വിധിച്ചു. ഡൽഹിയിൽ ഇടതുപക്ഷ ജാനാധിപത്യമുന്നണി ഒരു പരീക്ഷണഘട്ടമായി മാറ്റിയില്ല. ബുദ്ധിയുള്ള എറണാകുളത്തെ വോട്ടർമാർ തീരുമാനമെടുത്തു. അതുപോലെ തന്നെയാണ് പഞ്ചായത്ത് മുനിസിപ്പൽ തെരഞ്ഞെടുപ്പു വന്നപ്പോഴും. 2-ാം ഘട്ടം തെരഞ്ഞെടുപ്പുവന്നു. 2-ാം ഘട്ടം മദ്ധ്യത്തിലാണ് മദ്യദുരന്തം വരുന്നത്. നിങ്ങൾ കണക്കുകൂട്ടിയില്ലേ. നിങ്ങൾ പരിശോധിച്ചോ ജനങ്ങൾ എങ്ങനെയാണ് വോട്ടുചെയ്തതെന്ന്. ഇപ്പോൾ എന്താണ് ധാരണ. ഒരു ഗവൺമെന്റുമാറി മറ്റൊരു ഗവൺമെന്റുവരും. പ്രതിപക്ഷവും ഭരണപക്ഷവും മാറിമാറിവരുമെന്നുള്ള കേരളത്തിലെ ഇതപര്യന്തമുള്ള ചരിത്രം തെറ്റാണ്. ഇങ്ങനെ മനക്കോട്ടകെട്ടിയാണ് നടക്കുന്നത്. കേരളത്തിലെ ജനങ്ങൾ ചരിത്രം തിരുത്തിക്കുറിക്കേണ്ട സമയത്ത് തിരുത്തിക്കുറിക്കും. അങ്ങനെ തിരുത്തിക്കുറിച്ചിട്ടുണ്ട്. അങ്ങനെ ഇനിയും തിരുത്തിക്കുറിക്കാനുള്ള ദിവസങ്ങളാണ് വരാൻ പോകുന്ന മൂന്നു മാസം. എല്ലാവരും ധരിക്കുന്നത് കഴിഞ്ഞ തവണ അങ്ങനെയല്ലേ ? കുറെ വർഷങ്ങളായി അങ്ങനെയല്ലേ, അത് വീണ്ടും ആവർത്തിക്കുമെന്നാണ്. ഗവൺമെന്റുകൾ ഭരിക്കുമ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ് സാധാരണ ആരും നടത്താൻ ധൈര്യപ്പെടാറില്ല. എന്നാൽ തെരഞ്ഞെടുപ്പ് നടത്തിയവർക്കെതിരെയാണ് ജനങ്ങൾ വിധിച്ചത്. ഉപതെരഞ്ഞെടുപ്പുകളിലൊക്കെ ഭരിക്കുന്ന ഗവൺമെന്റിനാണ് ജനങ്ങൾ വോട്ടുചെയ്തത്. ഇതൊക്കെ തിരുത്തിക്കുറിച്ചുവെന്നത് കാണാൻ കഴിയുന്നില്ല എന്നതാണ് സത്യം. ഇങ്ങനെ മനക്കോട്ടകെട്ടിപ്പോയാൽ തെരഞ്ഞെടുപ്പു കഴിഞ്ഞാൽ പിന്നെ പാർട്ടി അല്ലാതെയാകും. ഭരണംപോട്ടെ, പാർട്ടിയില്ലാത്ത അവസ്ഥവരും. ഇടതുപക്ഷ ജനാധിപത്യമുന്നണിക്കെതിരായി ശ്രീ. ആന്റണി നയിച്ച ജാഥയിൽ മുൻ ബഞ്ചിലിരിക്കുന്ന എല്ലാവരുടേയും പടം വരച്ചു. എല്ലാവരേയും ജാഥയിൽ അണിനിരത്തി. കിട്ടാവുന്ന എല്ലാ ആയുധവും ഒന്നിച്ച് പ്രയോഗിക്കുന്ന ഗവൺമെന്റ് വിരുദ്ധസമരം ശ്രീ. കുഞ്ഞാലിക്കുട്ടി, ശ്രീ. മാണി തുടങ്ങി എല്ലാവരും സ്റ്റേജിൽ വരുന്നു. നിങ്ങൾ പരിശോധിച്ചോ ആ വന്ന ആളുകളെ. ഞാൻ രണ്ടു യോഗങ്ങളിൽ മുഴുവൻ സമയം ഇരുന്ന് കേട്ടു. ബാലുശ്ശേരിയിലും കോഴിക്കോടും. ബാലുശ്ശേരിയിൽ വന്നപ്പോൾ ഞാൻ ജനങ്ങളെ പരിശോധിക്കാൻ ശ്രമിച്ചു. ആരൊക്കെയാണ് വന്നത് ? അവരുടെ വികാരം എന്താണ് ? നിങ്ങൾ അത് പരിശോധിച്ചോ ? ഒരുപക്ഷെ 50 വർഷത്തിനുള്ളിൽ ഒരു ഐക്യമുന്നണി ഇത്രയേറെ ആവാഹിച്ച് സംഘടിപ്പിച്ച് മറ്റൊരു ജാഥ കാണുകയില്ല. എന്തായിരുന്നു സ്ഥിതി ? വിജയമാണോ എന്ന് നിങ്ങൾ പരിശോധിച്ചിട്ടുണ്ടോ ? നിങ്ങളുടെ ശക്തി പ്രകടിപ്പിച്ചിട്ടുണ്ടോ ? എന്തുകൊണ്ട് കഴിഞ്ഞില്ല ? ജനങ്ങൾ ഈ ഗവൺമെന്റിൽ നിന്ന് പ്രതീക്ഷിക്കുന്നത് ചിലതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഒന്ന്, സമാധാനപരമായി ജീവിക്കണം. കേരളം പോലെ വ്യത്യസ്ഥമായ ജാതിമതങ്ങളുള്ള വൈവിധ്യമുള്ള നാട്ടിൽ സമുദായ സൗഹാർദ്ദം നിലനിൽക്കണം. വികസന പ്രവർത്തനങ്ങളിൽ ജനങ്ങളോടൊപ്പമാകണം ഗവൺമെന്റ്. ഗവൺമെന്റിനു ജനങ്ങളെ കാണാൻ കഴിയണം. യു.ഡി.എഫ്-ന്റെ കാലത്ത് രാജ്യത്തുനടന്ന വർഗ്ഗീയകലാപങ്ങളെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. അത് ആവർത്തിക്കാൻ പാടില്ല. അതുകൊണ്ട് അത് ഓർമ്മിപ്പിക്കണം എന്നെനിക്ക് നിർബന്ധമുണ്ട്. ഈ നാലര വർഷക്കാലത്തിനുള്ളിൽ വർഗ്ഗീയ കലാപങ്ങളുടെ ഈറ്റില്ലമായി മാറിയ പ്രദേശങ്ങളിൽ അത് വീണ്ടുമുണ്ടാക്കാൻ പലരും ശ്രമിച്ചു. ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ വേര് മണ്ണിൽ പിടിച്ചതുകൊണ്ട് എത്ര ശ്രമിച്ചിട്ടും വർഗ്ഗീയ കലാപങ്ങൾ ഇവിടെയുണ്ടാക്കാൻ കഴിഞ്ഞില്ല. നാദാപുരത്ത് ഒരു സംഭവമുണ്ടായി. അത് നടക്കാൻ പാടില്ലാത്തതാണ്. അത് അവസാനിപ്പിക്കുന്നതിന് അപ്പുറത്തുനിന്നും ഇപ്പുറത്തുനിന്നും ഒരുപോലെ ശ്രമം നടന്നു. പക്ഷെ, നാദാപുരത്തെ വർഗ്ഗീയകലാപത്തിന്റെ ഈറ്റില്ലമാക്കാൻ ശ്രമിച്ചു. നിങ്ങളെയും മുസ്ലീം ലീഗിനെയും ഞാൻ കുറ്റപ്പെടുത്തുന്നില്ല. ചിലർ ശ്രമിച്ചു. പക്ഷെ കേരള ഗവൺമെന്റും കേരളത്തിലെ ജനങ്ങളും ഒന്നിച്ചുനിന്നതുകൊണ്ട് നാദാപുരം കലാപം മാറി. എന്താണ് തലശ്ശേരി സംഭവം. ഓർമ്മയില്ലേ. തലശ്ശേരിയിൽ മരിച്ചത് എത്രപേരാണ് ? കണ്ണൂർ ജില്ലയിൽ അടിയന്തിരാവസ്ഥയിൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകരും കോൺഗ്രസ്സുകാരും പത്തും പന്ത്രണ്ടും പേർ മരിച്ചില്ലേ ? പുതിയതാണോ കണ്ണൂരിലെ സംഘട്ടനം. ശ്രീ. കരുണാകരൻ ആഭ്യന്തരവകുപ്പുമന്ത്രിയായിരുന്നപ്പോൾ അടിയന്തിരാവസ്ഥയുടെ മറവിൽ കണ്ണൂരിൽ നടന്ന സംഭവമെന്താണ് ? തച്ചോളി ഒതേനനും മതിലൂർ കുറിക്കളും ആരംഭിച്ച അങ്കം വെട്ടലാണ് കണ്ണൂരിലെ മണ്ണ്. ആ മണ്ണുവച്ചുകൊണ്ട് നന്നായി രാഷ്ട്രീയം കളിച്ചിട്ടുണ്ട്. നിങ്ങൾ നേതാക്കന്മാരെ തെരഞ്ഞെടുക്കുമ്പോൾ എങ്ങനെയാണ് തെരഞ്ഞെടുക്കുന്നത്. ഒരുകാലത്ത് ശ്രീ. രാമകൃഷ്ണനായിരുന്നു. അതുകഴിഞ്ഞ് ശ്രീ. സുധാകരനായി. ആരാണ് കൂടുതൽ കൈബോംബുമായി നടക്കുന്നത് അവരെയല്ലേ പ്രസിഡന്റുമാരായി തെരഞ്ഞെടുക്കുന്നത് ? എങ്ങനെയാണ് നിങ്ങളുടെ ഡി.സി.സി. പ്രസിഡന്റുമാർ ? കൊലക്കേസിൽ പ്രതിയായവരെ നിലനിർത്താറുണ്ടോ ? ഞാൻ വിശദീകരിക്കുന്നില്ല. കണ്ണൂരിൽ രാഷ്ട്രീയമുണ്ട്. ആ രാഷ്ട്രീയത്തെ സംഘടിതമായി ചെറുക്കുന്നുവെന്നുള്ളതല്ലേ കണ്ണൂരിലെ പ്രശ്നം. ഞാൻ കണ്ണൂർകാരനാണ്. കണ്ണൂർ രാഷ്ട്രീയത്തിൽ വളർന്നവനാണ്. കണ്ണൂരിൽ ജനിച്ചു വളർന്നവനാണ്. കണ്ണൂരിൽ പഠിച്ചവനാണ്. എന്റെ പ്രദേശത്തെ രാഷ്ട്രീയം എനിക്കറിയാം. അറിഞ്ഞുകൊണ്ട് ഞാൻ പറയുകയാണ്. അങ്ങോട്ടുമിങ്ങോട്ടും അങ്കം വെട്ടിയാൽ രാഷ്ട്രീയം കളിച്ചാൽ ആ രാഷ്ട്രീയക്കളി ഗവൺമെന്റിന്റെ മേൽ പഴിചാരാൻ ഉപയോഗിക്കരുത്. കേരളത്തിലെ മറ്റുപ്രദേശങ്ങളിൽ എന്താണ് നടന്നത് ? ശ്രീ. ആന്റണി ജാഥ നയിച്ചപ്പോൾ കോൺഗ്രസ്സിലെ ഒരു സുഹൃത്ത് എന്നോട് പറഞ്ഞു. അദ്ദേഹം ഇത്രയൊക്കെ പ്രസംഗിക്കുന്നു. 5 വർഷമായിട്ട് ഒരു അവിശ്വാസം കൊണ്ടുപോയി ഞങ്ങളുടെ വികാരം നിയമസഭയിൽ പറയാൻ കഴിയാതെ പോയ ഒരു പ്രതിപക്ഷനേതാവാണ്. എന്തുകൊണ്ടാണ് അവിശ്വാസം കൊണ്ടുവരാത്തത് ? മനഃപൂർവ്വമാണോ ? ഈ നിയമസഭയിൽ

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെയാണ് വേണ്ടെന്നാണോ ? അവിശ്വാസമേ വേണ്ട എന്ന് നിങ്ങൾ ഉറച്ചോ ? എന്തുകൊണ്ട് അവതരിപ്പിച്ചില്ല. ജനങ്ങളുടെ അവിശ്വാസത്തെപ്പറ്റിയാണ് ഞാൻ പറഞ്ഞത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വോട്ടൊക്കെ ജനങ്ങളുടെ വികാരമാണ്. ഇന്ത്യയിലെ ഏറ്റവും വലിയ സമരായുധങ്ങളിലൊന്നാണ് നിരാഹാരസമരം. രാവിലെ ബ്രേക്ക്ഫാസ്റ്റ് കഴിക്കുക. ഉച്ചയ്ക്ക് എം.എൽ.എ ക്വാർട്ടേഴ്സിൽ പോയി ഉച്ചയൂണ് കഴിക്കുക. അതുകഴിഞ്ഞ് മനോരമയിൽ നിരാഹാരസമരം നടത്തുന്ന, രാജ്യത്ത് ജാഥ നടത്തുന്ന നേതാക്കന്മാരുടെ ചിത്രം വരിക. ശ്രീ. നാലകത്ത് സൂപ്പിക്ക് നിരാഹാരമെന്നു പറഞ്ഞാൽ തോന്നുന്നതു പോലെയല്ല ഞങ്ങൾക്കു തോന്നുന്നത്. ഞങ്ങൾക്ക് രാഷ്ട്രീയ മുദ്രാവാക്യമുണ്ട്. ബഡ്ജറ്റ് സമ്മേളനത്തിൽ പങ്കെടുത്തില്ല എന്നുപറഞ്ഞാൽ പ്രതിപക്ഷത്തിന് വേറെ എന്താണ് ജോലി. നാണ്യവിളകളുടെ വിലയിടിവ് ഇങ്ങനെയാണ് പോകുന്നതെങ്കിൽ ഈ സംസ്ഥാനം വരുംകാലങ്ങളിൽ രണ്ടാം ലോകമഹായുദ്ധ കാലത്തെപോലെ പട്ടിണി മരണത്തിലേയ്ക്കാവും പോവുക. അതിനു കൂട്ടായ ചർച്ച ചെയ്യാൻ കിട്ടിയ അവസരം ഉപയോഗിക്കണ്ടേ ? എങ്കിൽ എനിക്ക് സന്തോഷം ഉണ്ടായിരുന്നു. 1987-ലെ പോലെ ഈ നിയമസഭയിലും മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും മറ്റു കക്ഷികളും ചേർന്ന് ഏകകണ്ഠമായി പ്രമേയം പാസ്സാക്കി കേന്ദ്ര ഗവൺമെന്റിനു മുമ്പാകെ അയയ്ക്കാമായിരുന്നു. ഇന്ത്യയിലെ എല്ലാ രാഷ്ട്രീയ നേതാക്കന്മാരും പങ്കെടുത്ത ഒരു ധർണ്ണ ഡെൽഹിയിൽ നടത്തി. ഒരുപക്ഷെ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ പോലെ കേരളവും ചെയ്തിട്ടുണ്ട്. 1966-ൽ ദക്ഷിണ ഭക്ഷ്യമേഖല എന്ന ആശയം അവതരിപ്പിക്കുവാൻ വേണ്ടി ശ്രീ. സുബ്രഹ്മണ്യം തീരുമാനിച്ചപ്പോൾ അന്ന് കെ.പി.സി.സി. പ്രസിഡന്റ് ആയിരുന്ന എബ്രഹാം മാസ്റ്ററും കമ്മ്യൂണിസ്റ്റ് പാർട്ടി സെക്രട്ടറിയായിരുന്ന ഇ.എം.എസ്.ഉം സംയുക്തമായി അല്ലാതെ വേറെ വേറെ പ്രസ്താവന ഇറക്കി, പ്രതിഷേധം രേഖപ്പെടുത്തിയിട്ടുണ്ട്, കേന്ദ്രത്തിനെതിരെ. ശ്രീ. എ. കെ. ആന്റണി ഇപ്പോൾ കേന്ദ്രം ഭരിക്കുന്ന പാർട്ടിയുടെ സംസ്ഥാന നേതാവ് അല്ലല്ലോ ? കേന്ദ്രം ഭരിക്കുന്ന പാർട്ടിയുടെ സംസ്ഥാന പ്രസിഡന്റ് ആയിരുന്ന എബ്രഹാം മാസ്റ്റർ ദക്ഷിണ ഭക്ഷ്യമേഖല അനുവദിക്കില്ല എന്ന ഘട്ടം വന്നപ്പോൾ പാർട്ടി നേതൃത്വം നോക്കിയില്ല. പ്രതിപക്ഷ കക്ഷിയുമായി ചേർന്ന് ബന്ദ് നടത്തിയ നാടാണ് ഈ നാട്. ആ നാട്ടിൽനിന്നുകൊണ്ടാണ് നിങ്ങൾ അതു മറക്കുന്നത്. ഇന്ത്യയിലെ മറ്റ് സംസ്ഥാനത്തെ കോൺഗ്രസ്സുകാർ ആയിരുന്നില്ല കേരളത്തിലെ കോൺഗ്രസ്സുകാർ. ഇന്ത്യയിലെ മറ്റ് സംസ്ഥാനത്തിലെ കോൺഗ്രസ്സുകാർ ഇതിൽ പിന്തിരിപ്പാരാകുമ്പോൾ സ്വല്പം പുരോഗമന രാഷ്ട്രീയം കാണിച്ചവരാണ് കേരളത്തിലെ കോൺഗ്രസ്സുകാർ. അതു ഇക്കാര്യത്തിൽ മാത്രമല്ല. എല്ലാ കാര്യത്തിലും. നിങ്ങൾ അവിടെനിന്ന് ഒക്കെ പോയി. വടക്കേ ഇന്ത്യയിലെ കോൺഗ്രസ്സുകാരെക്കാൾ അറുപന്തിരിപ്പന്മാരും ഈ രാജ്യത്തെ വെറുക്കുന്നവരുമായി നിങ്ങൾ മാറുന്നു. എന്തുകൊണ്ട് മാറുന്നു ? അധികാര ഭ്രമം തലയിൽ മുറുകുകയാണ്, അതുകൊണ്ടാണ്. വന്നുവന്ന് അവസാനം ശ്രീമതി സോണിയാ ഗാന്ധി ഗംഗയിൽപ്പോയി. പവിത്രം നേടിയോ എന്ന് എനിക്കറിയില്ല. എന്തിനുവേണ്ടിപോയി ; ആർക്കുവേണ്ടി പോയി ; ഏത് ജനവിഭാഗത്തിന്റെ താല്പര്യത്തിനുവേണ്ടിപ്പോയി ? വോട്ടിനു രാഷ്ട്രീയം ഗണിച്ച്

LIBRARY ARCHIVES Kerala Legislative Assembly

കുംഭമേള കാണണോ ? പ്രകീർത്തിക്കണോ ? അതിനെ ഇവിടെ ചോദ്യം ചെയ്യാൻ ഒരാളെങ്കിലും ഉണ്ടായോ ? പണ്ടത്തെ കോൺഗ്രസ്സ് ആയിരുന്നുവെങ്കിൽ പിറ്റേ ദിവസം പ്രസ്താവന വരില്ലേ ? ശ്രീ. വയലാർരവി പ്രസ്താവന ഇറക്കുമായിരുന്നു. കുംഭമേള കഴിഞ്ഞ അടുത്ത ദിവസം ഞാൻ പത്രം വായിച്ചപ്പോൾ ഞാൻ പരിശോധിച്ചത് ശ്രീ. വയലാർ രവിയുടെ പ്രസ്താവന ഉണ്ടോ എന്നായിരുന്നു. പ്രസ്താവന ഇറക്കിയതുകൊണ്ട് ഇപ്പോൾ ശ്രീ. വയലാർ രവി അനുഭവിക്കുന്നുണ്ട്. ആ അനുഭവം ഇവർക്കും ഉണ്ടാകും. ശ്രീ. കെ. കരുണാകരന് അനുഭവം ഉണ്ടായല്ലോ ; ശ്രീ. എ. കെ. ആന്റണി പറഞ്ഞു, അദ്ദേഹത്തിന്റെ മോചന യാത്ര കഴിയുന്നതുവരെ നിയമസഭാ സമ്മേളനം മാറ്റിവയ്ക്കണമെന്ന് സമ്മതിക്കുന്നു. പാർലമെന്റ് സമ്മേളനം മുൻകൂട്ടി തീരുമാനിക്കുന്നതല്ലേ ; അങ്ങനെയാണെങ്കിൽ പാർലമെന്റിൽ നിങ്ങളുടെ എംപി. മാർ പങ്കെടുക്കണ്ട എന്ന് വിചാരിച്ചോ ? അല്ലെങ്കിൽ ശ്രീ. കെ. കരുണാകരനും ശ്രീ. മുരളീധരനും, ശ്രീ. വി. എസ്. ശിവകുമാറുമൊക്കെ ജാഥയിൽ വരട്ടെ, പാർലമെന്റിൽ പോകണ്ട എന്നാണോ ? നിങ്ങൾക്ക് നിയമസഭയിൽ വരണ്ട. ശ്രീ. കെ. കരുണാകരന് പോകണ്ടേ ? ശ്രീ. മുരളീധരന് പോകണ്ടേ ? ഇവിടത്തെ എംപി. മാർ ആരാണ് ? കേരളത്തിലെ എംപി. മാരാണ് ഇന്ന് പാർലമെന്റിൽ കൂടുതൽ പണി എടുക്കേണ്ടവർ. നമ്മെയാണ് കേന്ദ്ര നയം അപകടപ്പെടുത്തുന്നത്. നിങ്ങൾക്ക് അതു കാണാൻ കഴിയില്ല. പറയുമ്പോൾ മറുഭാഗം ഉണ്ടെന്ന് ആലോചിക്കണമായിരുന്നു.

ശ്രീ. പി. ജെ. ജോയി : മഹാരാഷ്ട്രയിൽ എന്താണ് ?

ശ്രീ. എ. സി. ഷൺമുഖദാസ് : മഹാരാഷ്ട്രയിൽ ശിവസേനയെ ഒഴിവാക്കുവാൻ വേണ്ടി നിങ്ങളുമായി ഞങ്ങൾ സഹകരിക്കുന്നു. തെരഞ്ഞെടുപ്പിൽ ഐക്യമില്ല. നിയമസഭയിൽ മത്സരിക്കുമ്പോൾ ഐക്യമില്ല. രാഷ്ട്രീയത്തിൽ ഐക്യമില്ല. അതാണ് നിങ്ങൾ അറിയേണ്ടത്. മഹാരാഷ്ട്രയെപ്പോലെ കാണാൻ കഴിയില്ല. ഗവൺമെന്റിൽ നാമുണ്ട്. ഐക്യമുന്നണിയിൽ നാമില്ല.

മി. സ്പീക്കർ : പ്ലീസ്, കൺക്ലൂഡ്.

ശ്രീ. എ. സി. ഷൺമുഖദാസ് : ഇറ്റലിക്കാരിയായ ശ്രീമതി സോണിയാഗാന്ധിയുടെ പ്രശ്നം വന്നപ്പോൾ അവിടേയ്ക്ക് പോകണ്ട. കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങൾക്കെതിരായി ആരെങ്കിലും ജാഥയിൽ പ്രസംഗിച്ചോ ? ബാലുശ്ശേരിയിലെ പ്രസംഗം ഞാൻ കേട്ടു. അപ്പോൾ ആരും പറഞ്ഞില്ല. ബാലുശ്ശേരിയിൽ പറയണ്ട എന്നതാണോ എന്ന് അറിയില്ല. ഞാൻ കേട്ടപ്പോൾ പറഞ്ഞില്ല. മറ്റ് എവിടെയെങ്കിലും പറഞ്ഞോ എന്ന് എനിക്ക് അറിയില്ല. ആ ജാഥയിലെ മുദ്രാവാക്യം കേരളത്തിന്റെ മോചനം ആയിരുന്നുവെങ്കിൽ ഏറ്റവും കൂടുതൽ പറയേണ്ടത് കേന്ദ്ര ഗവൺമെന്റ് നയത്തെ സംബന്ധിച്ചാണ്. അതു പറയുവാൻ നിങ്ങൾ കൂട്ടാക്കിയില്ല. ഈ സംസ്ഥാനത്തിലെ ജനങ്ങൾ തെറ്റിദ്ധരിക്കും എന്ന ധാരണ വേണ്ട. ചരിത്രം തിരുത്തിക്കുറിച്ചുകൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി വീണ്ടും ഈ സംസ്ഥാനത്ത് അധികാരത്തിൽ വരും. അങ്ങനെ അധികാരത്തിൽ വരുമ്പോൾ ഇന്ത്യയിലെ രാഷ്ട്രീയ രംഗത്ത്

LIBRARY ARCHIVES Kerala Legislative Assembly

അതിനൊത്ത രാഷ്ട്രീയ മാറ്റം ഉണ്ടാകും. ഇപ്പോൾ ബഡ്ജറ്റിൽപോലും കള്ളക്കളിയല്ലേ ? തമിഴ്നാട്ടിലും പോണ്ടിച്ചേരിയിലുമൊക്കെ കള്ളക്കളി കളിച്ചു. കളിച്ചുകളിച്ച് ഈ നിലയിലെത്തി. നേതൃത്വം കൊടുക്കുവാൻ രാഷ്ട്രീയം അറിയാവുന്ന ഒരാളെ നിയോഗിക്കണം. രാഷ്ട്രീയമറിയാത്തവരെ വച്ച് രാഷ്ട്രീയം കളിച്ചാൽ ഇതൊക്കെ സംഭവിക്കും. ഈ നിയമസഭയിൽ ബാധ്യത നിർവ്വഹിക്കാത്ത ഈ രാജ്യത്തോട് കൂറുകാണിക്കാത്ത നിങ്ങൾക്ക് ഇവിടെ വരാൻ ഇനി അർഹതയില്ല. ബഡ്ജറ്റ് സമ്മേളനത്തിൽ ഗവൺമെന്റിനെ വിമർശിക്കേണ്ട നിങ്ങൾ ഇറങ്ങിപ്പോയി. ഇനി തിരിച്ച് നിങ്ങൾക്ക് ഇവിടെ വരാൻ ജനം അനുവാദം തരുമോ ? നിങ്ങൾക്ക് ഇവിടെ വരണമെങ്കിൽ ഇപ്പോഴുള്ള എം.എൽ.എ മാരായ ഞങ്ങളുടെ പാസ്സ് വാങ്ങേണ്ടിവരും. അകത്തു കടക്കുവാൻ അക്കാര്യത്തിൽ ഒരു തെറ്റിദ്ധാരണയുമില്ല.

മി. സ്പീക്കർ : പ്ലീസ് ..... പ്ലീസ് .....

ശ്രീ. എ. സി. ഷൺമുഖദാസ് : പഴയ ബന്ധങ്ങളൊക്കെ അറിയാമല്ലോ ? ആ ബന്ധങ്ങൾ വച്ചുകൊണ്ടുതന്നെയാണ് പറയുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി അഭിമാനത്തോടെ നാലേമുക്കാൽ വർഷം ഭരിച്ചു കഴിഞ്ഞു. ഇനി മൂന്നു മാസം കഴിയുമ്പോൾ എല്ലാ അർത്ഥത്തിലും ഈ സംസ്ഥാനത്തെ പുരോഗതിയിലെത്തിച്ചു എന്നുപറഞ്ഞ് അഭിമാനത്തോടെ ജനങ്ങളെ സമീപിക്കുവാൻ കഴിയും. നയപരമായ പ്രവൃത്തി ചെയ്തു എല്ലാ കാര്യത്തിലും എന്നുള്ള പൂർണ്ണ സംതൃപ്തിയോടുകൂടിയാണ് ഈ നിയമസഭയിൽ നമ്മൾ നാളെ പിരിയുവാൻ പോകുന്നത്. കേന്ദ്രനയംമൂലം ഇവിടെ കാറ്റും കോളും കൊണ്ട് സാമ്പത്തിക രംഗം ഉലയുമ്പോൾ കേരളത്തിലെ നാണ്യവിളയുടെ വില ഇടിഞ്ഞപ്പോൾ, വരുമാനത്തിന്റെ കാര്യത്തിൽ പിരിമുറുക്കം ഉണ്ടായപ്പോൾ .....

മി. സ്പീക്കർ : പ്ലീസ് കൺക്ലൂഡ്.

ശ്രീ. എ. സി ഷൺമുഖദാസ് : നല്ല മേനേജ്മെന്റിലൂടെ ഇത്തരത്തിൽ വോട്ട് ഓൺ അക്കൗണ്ട് അവതരിപ്പിച്ചു എന്നുള്ളതിനു ധനമന്ത്രിക്ക് അഭിമാനം കൊള്ളുവാൻ ഇടയുണ്ട്. അദ്ദേഹത്തെ പ്രത്യേകമായി അഭിനന്ദിച്ചുകൊണ്ട് ഇടതുപക്ഷജനാധിപത്യമുന്നണിക്ക് ജനങ്ങളുടെ പിന്തുണ തീർത്തും പൂർണ്ണമായി ലഭിക്കും എന്നുള്ളത് ഈ വോട്ട് ഓൺ അക്കൗണ്ടിന്റെ പിന്തുണയായി കണ്ടുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ : ശ്രീമതി ഗൗരിയമ്മ .....

ശ്രീമതി കെ. ആർ. ഗൗരിയമ്മ : സർ, ഇവിടെ ബഡ്ജറ്റ് പ്രസംഗത്തിലും അതുപോലെതന്നെ ഇലക്ട്രിസിറ്റി വകുപ്പുമന്ത്രിയും പറഞ്ഞു. ഇലക്ട്രിസിറ്റി ഡിസ്ട്രിബ്യൂഷൻ കേന്ദ്രം ഏറ്റെടുക്കുവാൻ പോകുന്നു എന്ന് നമ്മുടെ സാമ്പത്തിക ഫെഡറലിസം ഈ രാജ്യത്ത് ബുദ്ധിമുട്ട് ഉണ്ടാകത്തക്ക വിധത്തിലുള്ള നടപടികൾ ഉണ്ടാകുമ്പോൾ സംസ്ഥാനത്തിന്റെ അധികാരത്തിൽ കൈകടത്തൽ ഒരു വലിയ പ്രശ്നമാണ്. അതുപോലെ റേഷൻ വിതരണം ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ഒരു ചെറിയ വിഭാഗത്തിനാക്കി. 1967-ൽ റേഷനിംഗ് നടപ്പാക്കിയപ്പോൾ ആദ്യത്തെ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി ഞാനായിരുന്നു. രണ്ട് ദിവസത്തെ റേഷനായിരുന്നു അന്ന് നമ്മുടെ സ്റ്റോക്കിൽ ഉണ്ടായിരുന്നത്. റേഷനിംഗ് സമ്പ്രദായത്തിലൂടെ കേരളത്തിനു കിട്ടാനും ഭക്ഷ്യകാര്യത്തിൽ ദക്ഷിണമേഖല തിരിച്ചുകിട്ടാനുമുള്ള നടപടികളിൽ കക്ഷി ഭേദമന്യേ ഒന്നിച്ചുനിന്നവരാണ് നമ്മൾ. ഇന്ന് ഒന്നിച്ചു നിൽക്കേണ്ടവരാണ്. പക്ഷെ എന്തുകൊണ്ട് നിൽക്കുന്നില്ല? ഈ ഗവൺമെന്റിനെ കുറ്റപ്പെടുത്തുകയാണ്. ഈ ഗവൺമെന്റ് ഏതെങ്കിലും പ്രശ്നത്തെ രാഷ്ട്രീയമില്ലാതെ കാണുന്നുണ്ടോ? സംസ്ഥാനത്തിന്റെ പ്രശ്നം, ജനങ്ങളുടെ പ്രശ്നം, തൊഴിൽ പ്രശ്നം, സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നം ഉൾപ്പെടെയാണ് ഞാൻ പറഞ്ഞത്. ഏതെങ്കിലും ഒരു പ്രശ്നത്തെ ഈ ഗവൺമെന്റ് രാഷ്ട്രീയമില്ലാതെ കാണുന്നുണ്ടോ? വികസന പ്രവർത്തനങ്ങളിൽ ഈ ഗവൺമെന്റ് പുറകോട്ടുപോയി. എന്തുകൊണ്ടാണ്? രാഷ്ട്രീയമാണ് കാരണം. ഇന്ന് ശ്രീ. കെ. പി. പി. നമ്പ്യാരുടെ പ്രശ്നം സംബന്ധിച്ച് പറയുമ്പോൾ ഇവിടെ നിന്നുകൊണ്ട് എൻറോൺ എന്നുപറയും. ഇത്ര പച്ചക്കള്ളം നിയമസഭയിൽ പറയുന്ന സർക്കാരുണ്ടോ? എന്തൊരു പച്ചക്കള്ളമാണ് പറയുന്നത്? ഇന്ന് എൻറോൺ ഉണ്ടോ? ഇല്ലല്ലോ? 1999- ആഗസ്റ്റ് മാസത്തെ എഗ്രിമെന്റ് പ്രകാരം എൻറോണിനെ കളഞ്ഞു എൻറോൺ വേണ്ടെന്നുവച്ചു. വേറൊരു ഏജൻസിയെ എടുക്കേണ്ട നടപടി സ്വീകരിച്ചു. ആ നടപടിയൊന്നും നിങ്ങളുടെ പട്ടികയിൽ ഇല്ല. കണ്ണൂരിന്റെ വികസനത്തിനുവേണ്ടിയുള്ള നടപടിയുമായി ഒരു കേരളീയൻ നടക്കുന്നു. ആ മനുഷ്യൻ ചെയ്ത ആകെ തെറ്റ്, അദ്ദേഹം കേരളത്തെ സ്നേഹിക്കുന്നു. കണ്ണൂരിനെ സ്നേഹിക്കുന്നു. കല്യാണശ്ശേരിയെ സ്നേഹിക്കുന്നു. ഇതാണ് ആ മനുഷ്യന്റെ ഏറ്റവും വലിയ തെറ്റ്. നിങ്ങൾ ചിരിക്കണ്ട, അറിയില്ലെങ്കിൽ പറഞ്ഞുതരുന്നു. നിങ്ങളാണ് വിളിച്ചുകൊണ്ടുവന്നവർ. ഓർക്കണം. അദ്ദേഹം മോളികളഞ്ഞ് കേരളത്തിലാണ് വന്നത്. അതിനുശേഷം ഇന്നു നിർമ്മിക്കുന്ന പ്രോജക്ട് കേന്ദ്രം അംഗീകരിച്ചു. സംസ്ഥാനം അംഗീകരിച്ചു. ഇന്ന് വന്നിരിക്കുന്നത് ഫൈനാൻഷ്യലായിട്ട് ഒരു ഫോറിൻ പ്രൊമോട്ടറെ വേണമെന്നാണ്. സർ, അതാണ് പ്രശ്നം. ഇലക്ട്രിസിറ്റിബോർഡ് അവർ കൊണ്ടുവന്നിരിക്കുന്ന പ്രൊമോട്ടറെ അംഗീകരിച്ചു. ഗവൺമെന്റ് അംഗീകരിച്ചു, ഗവൺമെന്റ് സെക്രട്ടറി അംഗീകരിച്ചു. ഇപ്പോൾ അദ്ദേഹം പോയിരിക്കുകയാണ്. അതിനിത്രമാത്രം പ്രശ്നം ഈ നാട്ടിൽ ഉണ്ടാക്കണമോ? മറ്റു കാര്യങ്ങളൊന്നും എനിക്കറിയാത്തതുകൊണ്ട് ഞാൻ പറയുന്നില്ല. പക്ഷേ, ഒരു കാര്യം പറയാം. ഇതെന്തുകൊണ്ട് നടക്കുന്നില്ല? ഇതു നടക്കണ്ടേ? "ഞങ്ങൾ വന്നുകഴിഞ്ഞശേഷം ഇലക്ട്രിസിറ്റി ഉൽപ്പാദനത്തിൽ വർദ്ധനവുണ്ടായി" എന്നൊക്കെയാണ് പറയുന്നത്. രാത്രിയിലിരിക്കണമെങ്കിൽ 'അനെർട്ടി'ന്റെ വിളക്കുവേണം. അതുകൂടി കത്തുകുത്തി വേണം. അതാണ് സ്ഥിതി...(...ബഹളം....) നിങ്ങൾക്കു മാത്രം തോന്നുന്നതായിരിക്കും. എന്റെ വീട്ടിൽ കിട്ടാത്തതാണ് ഞാൻ പറയുന്നത്. എന്റെ വീട്ടിൽ കിട്ടുന്നില്ല. എന്റെ നാട്ടിൽ കിട്ടുന്നില്ല-ആലപ്പുഴയിൽ കിട്ടുന്നില്ല. അതാണു പറയുന്നത്. പലപ്പോഴും പവർകട്ട് എന്ന പേരു പറഞ്ഞ്, അല്ലെങ്കിൽ മറ്റു പേരു പറഞ്ഞ് പകലും രാത്രിയും വൈദ്യുതി കിട്ടുകയില്ല. ഡിസ്ട്രിബ്യൂഷന്റെ തകരാറായിരിക്കുമെന്നു പറയുന്നു. കായംകുളത്തെ ഡിസ്ട്രിബ്യൂഷന്

LIBRARY ARCHIVES Kerala Legislative Assembly

എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ ? കാശ് വെറുതെ കൊടുക്കുകയല്ലേ ? നമ്മൾ സ്വേച്ഛാധിപതി എന്നു പറയുന്ന സർ, സി. പി. രാമസ്വാമി അയ്യർ ഇവിടെ നിന്നുപോയ കാലത്തേക്കാൾ വ്യവസായപരമായി, കാർഷികപരമായി, വൈദ്യുതിയുടെ കാര്യത്തിൽ, മറ്റു കാര്യങ്ങളിലൊക്കെ അനേകം കാലം നമ്മൾ പിറകോട്ടു പോയി. അതിനൊരു പരിഹാരമുണ്ടാക്കണ്ടേ ? ഒരു യോജിച്ച നിലപാട് എടുക്കണ്ടേ ? അതിനുള്ള അന്തരീക്ഷമുണ്ടാക്കണ്ടേ ? എവിടെയെങ്കിലും അതിനുള്ള അന്തരീക്ഷമുണ്ടാക്കിയാൽ മതിയോ? നാട്ടിൻപുറത്തുണ്ടോ ; നാദാപുരത്തുണ്ടോ ; ആലപ്പുഴയിലുണ്ടോ ; കുട്ടനാട്ടിൽ കൈനകരിയിലുണ്ടോ ; കണ്ണൂരുണ്ടോ ? ഇവിടെയുണ്ടോ ? എവിടെയാണുള്ളത് ? നിയമസഭയിൽപ്പോലുമില്ലല്ലോ ? പിന്നെ എവിടെയാണ് ഉള്ളത്? കേരളത്തിലെ മുഖ്യമന്ത്രി എഴുന്നേറ്റു നിന്നു പറയുകയാണ്. 'എന്റെ പാർട്ടിക്കാരെ ഞാനല്ലാതെ വേറെ ആരാണ് സംരക്ഷിക്കുക' എന്ന്. ഇങ്ങനെ പറയുന്ന മുഖ്യമന്ത്രിയുണ്ടോ? ഭരണഘടനപ്രകാരം സത്യപ്രതിജ്ഞ ചെയ്ത്, ശരിയും തെറ്റും ഏതെന്നു നോക്കി ശരിക്കുവേണ്ടി നിൽക്കുന്ന ആളായിരിക്കുമെന്ന് സത്യപ്രതിജ്ഞ ചെയ്ത ആളാണ് ഇവിടെ വന്നുനിന്നു പറയുന്നത്. കേരളത്തിന്റെ ശാപമായി പൊളിറ്റിക്സ് മാറിയിരിക്കുകയാണ്. ഒരു കാലത്ത് പൊളിറ്റിക്സിൽക്കൂടി കേരളത്തിലെ ജനത മുന്നോട്ടുവന്നതാണ്. പൊളിറ്റിക്സ് കൊണ്ട് ഇന്ന് ഛിന്നഭിന്നമാക്കി രാജ്യത്തെ മുഴുവൻ പുരോഗതിക്കും എതിരായി വരത്തക്കവിധത്തിൽ ഉള്ള നടപടിയാണ് എടുത്തിരിക്കുന്നത്. നിങ്ങളാലോചിക്കാൻ പറയുകയാണ്. നിങ്ങൾ ആലോചിച്ചുനോക്കൂ. രാഷ്ട്രീയമാണോ വേണ്ടത് ? പണ്ട് കപ്പൽനിർമ്മാണ ശാലയുടെ കാര്യത്തിൽ ഒന്നിച്ചു നിഷേധിക്കാൻ പോയവരാണ് നമ്മൾ. പല കാര്യങ്ങളിലും നമ്മൾ ഒന്നിച്ച് നിന്നവരാണ്. ഇന്ന് കൂടെ വരട്ടെ എന്നു ചോദിച്ചാൽ, ഞങ്ങൾ പോയി കാര്യം സാധിക്കാമെന്നു പറഞ്ഞ് പോകുന്നവരാണ് നിങ്ങൾ. നിങ്ങൾ വേറെ പോകൂ എന്നാണ് പറയുന്നത്. അതാണ് സർക്കാരിന്റെ അതിവിദഗ്ദ്ധമായിട്ടുള്ള നടപടികൾ. ഇവിടെ ശ്രീ. എ. സി. ഷൺമുഖദാസ് സംസാരിച്ചിട്ട് അനുമോദനവും കൊടുക്കുന്നതു കേട്ടു. ഇങ്ങനെയൊരു സർക്കാരുണ്ടോ ? എന്തുമാത്രം കാര്യങ്ങളാണ് മുടങ്ങിക്കിടക്കുന്നത് ? ഞാൻ 1952 മുതൽ എം.എൽ.എ. ആണ്. എം.എൽ.എ.മാരുടെ ശമ്പളവും ഡി.എ.യും ഇതുവരെ പിടിച്ചിട്ടില്ല. ഇതുവരെ അങ്ങനെയുണ്ടായിട്ടില്ല. അങ്ങനെ ഒരു മാസം ഇപ്പോൾ വിട്ടുവാങ്ങിക്കേണ്ടി വന്നു. അറിയാൻ വേണ്ടി പറയുകയാണ്. ഇത്രയും സാമ്പത്തിക മിസ്മാനേജ്മെന്റ് ഉണ്ടായിട്ടുണ്ടോ ? ഇവിടെ 'കുടുംബശ്രീ' പദ്ധതിയെപ്പറ്റി പറഞ്ഞിരിക്കുന്നു. സ്ത്രീകളെ സംഘടിപ്പിച്ച് അവരെക്കൊണ്ട് ഒന്നിച്ച് പണമെടുത്ത് കൂട്ടായ്മയുടെ അടിസ്ഥാനത്തിൽ പണമിട്ട് അതിന്റെ അടിസ്ഥാനത്തിൽ ബാങ്കും നബാർഡുമൊക്കെ കൊടുക്കുന്ന പണം കൊടുത്ത് കാര്യങ്ങൾ നടത്തണമെന്നുള്ളതാണ്. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന് നബാർഡ് 500 കോടി രൂപ കൊടുത്തു. ആ 500 കോടി രൂപ ട്രഷറിയിൽ ഡെപ്പോസിറ്റ് ചെയ്യാൻ പറഞ്ഞു. ട്രഷറിയിൽ ഡെപ്പോസിറ്റ് ചെയ്ത പണം ഈ സ്ക്കീമിന് കൊടുത്തിട്ടില്ല. സ്ത്രീകൾക്കാണ്! സ്ത്രീകൾക്ക് തൊഴിലുണ്ടാക്കാനും, മറ്റു സൗകര്യങ്ങൾ ഏർപ്പെടുത്താനുമാണ്. ഒടുവിൽ നബാർഡ് പണം തിരികെ ഡെപ്പോസിറ്റ് ചെയ്യണമെന്നു പറഞ്ഞപ്പോൾ മൂന്നു മാസം

LIBRARY ARCHIVES Kerala Legislative Assembly

ചോദിച്ചു. ആറു മാസം ചോദിച്ചു. 9 മാസം ചോദിച്ചു. പണം തിരിച്ചടച്ചില്ല. പണം തരില്ല എന്നു കോ-ഓപ്പറേറ്റീവ് ബാങ്ക് പറഞ്ഞു. അതോടുകൂടി ആ മേഖലയിൽ സ്ത്രീകളുടെ ശക്തി തീർന്നു. അനേകം സ്ക്കീമുകളുടെ പണമാണ് ഞാൻ ഈ പറയുന്ന തരത്തിൽ വക മാറി ചെലവാക്കിയത്. ഇവിടെ പലരും ഊറ്റം കൊള്ളുകയാണ്. 1996-ൽ തെരഞ്ഞെടുപ്പിനു മുമ്പ്, എന്റെ നിയോജകമണ്ഡലത്തിൽ ചെല്ലാനം-അർത്തുങ്കൽ റോഡ്, സെൻട്രൽ റോഡ് ഫണ്ടാണ്. ആ റോഡിനുള്ള ഫണ്ടാണ്. ആ ഫണ്ട് സ്റ്റേറ്റിലേയ്ക്ക് വാങ്ങിക്കൊടുത്ത് ശരിയാക്കി 158 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് എട്ടു റീച്ചിന് കൊടുത്തതാണ്. ഞാൻ നേരിട്ടു പറഞ്ഞാൽ ചിലപ്പോൾ കിട്ടില്ലെങ്കിലോ എന്നു പേടിച്ച്, എക്സിക്യൂട്ടീവ് എൻജിനീയറെക്കൊണ്ട് ആ സ്ക്കീം ഒരു വിധത്തിൽ നടത്തി. പക്ഷേ, നബാർഡിന് പണമില്ല. ഇപ്പോൾ വർക്ക് നടന്നിട്ടില്ല. അഞ്ചു കൊല്ലക്കാലം കൊണ്ട് ഒരു റോഡ് ചെയ്തുതീർക്കാൻ പറ്റില്ലെങ്കിൽ എന്താണ് പറയുക ? അതുപോലെ എന്റെ നിയോജകമണ്ഡലത്തിലുള്ളതാണ് അന്ധകാരനഴി ഷട്ടർ. പഴയ കാലത്ത് തോട്ടപ്പള്ളി സ്പിൽവേ കണ്ടപ്പോൾ എന്റെ നാട്ടിലും ഒരു സ്പിൽവേ വന്നെങ്കിലോ എന്നോർത്ത് അന്നത്തെ ചീഫ് എൻജിനീയറെക്കൊണ്ട് ഞാൻ ചെയ്യിപ്പിച്ചതാണ്. അതൊരു ആപത്തായി മാറി. ഷട്ടറെല്ലാം തല്ലിപ്പൊട്ടിച്ചു. അവസാനം ഹൈക്കോടതിയിൽ പോയി ഇന്ന ദിവസത്തിനകം അതെടുക്കണമെന്ന് വിധിയുണ്ടാക്കി. എല്ലാ കൊല്ലവും ഒക്ടോബർ 15-നകം അതെടുക്കണം. മൂന്നു കൊല്ലമായി, ഷട്ടർ തല്ലിപ്പൊട്ടിച്ചിരിക്കുകയാണ്: ഒടുവിൽ മൈനർ ഇറിഗേഷൻ എന്നു പറഞ്ഞുകൊണ്ട് ജില്ലാ കൗൺസിൽ ബെനിഫിഷ്യറി കമ്മിറ്റികൂടി (സി.പി.എം.സി.പി.ഐ.) രണ്ടു കൂട്ടരും കൂടി വന്ന് പണം വാങ്ങി. വർക്ക് നടന്നിട്ടില്ല. മൂന്നു കൊല്ലമായി. ഇപ്പോൾ അവിടെ ഉപ്പുവെള്ളം കയറിയിരിക്കുകയാണ്. ഇതാരോട് പറയും? ഇവിടെ എത്ര പ്രാവശ്യമായി ? എന്നിട്ട് കൃഷിയുടെ വികസനത്തെപ്പറ്റി പറയുകയാണ്. തെങ്ങുകൃഷിയിൽ, തേങ്ങയ്ക്ക് വിലക്കുറവാണ്. എം.എൽ.എ-യുടെ കാശുകൂടി കിട്ടാതെ വന്നപ്പോൾ ഞാൻ വളരെ വിഷമിച്ചു. എന്റെ പെൻഷൻ നിന്നാൽ ഞാൻ രാഷ്ട്രീയത്തിൽ നിന്നു പോകുമെന്ന് വിചാരിച്ച ആളുകൾ ഈ നാട്ടിലുണ്ട്. തെങ്ങും പോയി, നാളികേരവുമില്ല. ആറായിരം നാളികേരം കിട്ടിയിരുന്ന സ്ഥാനത്ത് ഇന്ന് കിട്ടുന്നത് 1800 നാളികേരമാണ്. ഇവരുടെ പ്രവർത്തനമാണ്. ഇപ്പോഴത്തെ മണ്ഡരി രോഗമാണ് കാരണം. ഇതൊന്നു നോക്കണ്ടേ ? ഒന്നു പറഞ്ഞുപോയാൽ.....പഴയ കാലത്ത് വ്യാപാര സംഘടനയിൽ കാർഷികോൽപ്പന്നങ്ങളുടെ ലിസ്റ്റ് വന്നപ്പോൾ ഞങ്ങളെല്ലാവരും കൂടി ലിസ്റ്റിൽ നിന്ന് മാറ്റണമെന്നു പറഞ്ഞ് പോയിരുന്നു. അന്ന് സി.പി.ഐ.യിലെ ചതുരാനൻ മിശ്രയാണ് മന്ത്രി. അദ്ദേഹം മാറ്റിയിട്ടില്ല. ഞങ്ങളാരും പ്രസംഗിച്ചു നടന്നിട്ടുമില്ല. അദ്ദേഹം സി.പി.ഐ.ക്കാരനാണ്. പക്ഷേ, മണ്ഡരി രോഗം വന്നാൽ അതു മാറ്റുന്നതിനുള്ള നടപടി വേണ്ടേ ? തേങ്ങ മുരടിച്ച് വെള്ളക്കയെല്ലാം പോകുകയാണ്. തെങ്ങിന് ഷണ്ഡത്വം ബാധിച്ചിരിക്കയാണ്. തെങ്ങിനു വന്നിട്ടുള്ള സ്ഥിതി അതാണ്.

മി. സ്പീക്കർ : പ്ലീസ്.....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി അമ്മ : എനിക്കൊരു ആഗ്രഹമുണ്ടായിരുന്നു. ഞാൻ പ്രസംഗിക്കുമ്പോൾ ശ്രീ. എളമരം കരീം തന്നെ ചെയറിലിരിക്കണേ എന്ന്. ഞാൻ പ്രാർത്ഥിച്ചതാണ്.

മി. സ്പീക്കർ : ശ്രീമതി ഗൗരി അമ്മയ്ക്ക് ആരും ചെയറിൽ ഇല്ലാതിരിക്കുന്നതാണ് ഏറ്റവും നല്ലത്. സമയം പോകുന്നു. അതാണ്.....

ശ്രീമതി കെ. ആർ. ഗൗരി അമ്മ : സർ, കൃഷി നശിച്ചു. തെങ്ങ്, നെല്ല് എല്ലാം പോയി. ഞാൻ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി ആയിരുന്നപ്പോൾ 12 ലക്ഷം ടൺ അരി ഉല്പാദിപ്പിച്ച കേരളമാണ്. ഇന്ന് അത് അഞ്ചു ലക്ഷം ടൺ ആണ്. ഇതു വികസനമാണോ ? ഉല്പാദന വർദ്ധനവ് അല്പം കുറഞ്ഞുപോയാലും കൃഷിക്കാരനെ പിടിച്ചുനിർത്താനുള്ള മാർഗ്ഗമാണ് ചെയ്യേണ്ടത്. എന്താണ് ചെയ്തത് ? ദുഃഖം കൊണ്ട് പറയുകയാണ്. കൃഷി നശിച്ചുകൂടാ. ഇവിടെ എന്ത് കൃഷിയാണുള്ളത് ? എന്തിനെപ്പറ്റി പറയും ? റബ്ബറിനെപ്പറ്റി പറയാമോ ? തെങ്ങിനെപ്പറ്റി പറയാൻ പറ്റുമോ ? 35 ലക്ഷം തെങ്ങുകൃഷിക്കാർ ഇവിടെയുണ്ട്. അത് ഓർക്കണം. ഇവിടെ കൃഷിയൊന്നുമില്ല. ഇവിടെ കൃഷിയുടെ വരുമാനം കൊണ്ടുമാത്രം ജീവിക്കുന്നവരുണ്ട്. അവർ വല്ലയിടത്തും ജോലിചെയ്താണ് ഇപ്പോൾ ജീവിക്കുന്നത്. കൃഷി നശിച്ചു. വ്യവസായത്തിന്റെ കാര്യമോ ? ഒരൊറ്റ വ്യവസായത്തിന്റെ കാര്യം മാത്രമേ ഞാൻ പറയുന്നുള്ളൂ. സമുദ്രോല്പന്ന വ്യവസായം കേരളത്തിന്റെ പ്രത്യേകതയായിരുന്നു. കേരളത്തിൽനിന്നും എക്സ്പോർട്ട് ചെയ്തുകൊണ്ടിരുന്ന സമുദ്രോല്പന്നം ഇപ്പോൾ എന്തുമാത്രം കുറഞ്ഞുവെന്ന് നമ്മൾ നോക്കണം. അവർ കുറെ പ്രശ്നങ്ങളുമായിട്ടുവന്നു. അതൊന്നു സഹിഷ്ണുതയോടുകൂടി നോക്കണ്ടേ ? അവിടുത്തെ തൊഴിലാളികളുടെ പ്രശ്നമാണ്. പൊല്യൂഷന്റെ പ്രശ്നം, അവിടുത്തെ വ്യവസായികളുടെ പ്രശ്നം, ഇലക്ട്രിസിറ്റിയുടെ പ്രശ്നം, അവരുടെ ഫണ്ടിന്റെ പ്രശ്നം, അവരുടെ കൈയിൽനിന്നും തുക ഈടാക്കുന്ന കാര്യങ്ങളെപ്പറ്റിയുള്ള പ്രശ്നം എല്ലാം ഒന്നുകേൾക്കണ്ടേ ? മുഴുവൻ ഐസ് ഫാക്ടറികളും പൊളിച്ചു വിൽക്കുകയാണ്. മുഴുവൻ സ്ഥലങ്ങളിലും വലിയ മുതലാളിമാർ കയ്യടക്കുകയാണ്. പണ്ട് എറണാകുളത്തുനിന്നും ഇങ്ങോട്ടുപോരുന്ന അവസരത്തിൽ അരൂർ മുതൽ ഏതാണ്ട് കുത്തിയതോടുവരെ പാതിരാത്രി സൂര്യൻ ഉദിച്ചതുപോലെയുള്ള വെളിച്ചവും ആളുകളുടെ സഞ്ചാരവുമുണ്ടാകുന്ന പ്രദേശമാണ്. ആ സ്ഥലം ഇന്ന് വിജനമാണ്. വ്യവസായങ്ങൾ വന്നു എന്നൊക്കെയാണ് ഇവിടെ പറയുന്നത്. കെൽട്രോൺ തീർന്നു. സിൽക്ക് തീർന്നു. കെ.എസ്.ഡി.പി.യും തീർന്നു. നമ്മുടെ നാട്ടിൽ ഗവൺമെന്റ് വ്യവസായമെന്നുപറയുന്നതൊക്കെ തീർന്നു. ഞാൻ ഈ പറയുന്നതിന്റെ അർത്ഥം അവരുടേതായിട്ടുള്ള "എല്ലാം വരുന്നു." ബാക്കിയുള്ളതൊക്കെ പോകുന്നു എന്നുപറഞ്ഞാൽ ജനങ്ങൾ ഇളകുന്നില്ല എന്നാണ്. എന്തുകൊണ്ട് ജനങ്ങൾ ഇളകുന്നില്ല? അതിലൊന്ന് രാഷ്ട്രീയമാണ്; രണ്ട്, ഇവിടെ വളരെയധികം അഴിമതി പ്രശ്നങ്ങളുണ്ട്. ഞാൻ മന്ത്രിമാരുടെ കാര്യം മാത്രമല്ല പറയുന്നത്. താഴെയറ്റം വരെയുള്ള പ്രശ്നങ്ങളുണ്ട്. അത് ജനങ്ങൾ അറിയേണ്ടതാണ്. ആ വിധത്തിൽ കിട്ടിയ പണം ധൂർത്തടിച്ചു, വകമാറി ചെലവുചെയ്തു, ഇവിടെ സ്തംഭനങ്ങളുണ്ടാക്കി. ബാക്കിയുള്ള വിധത്തിലുള്ള

നടപടികൾ വന്നു. അതുപോലെതന്നെ വ്യവസായവും കൃഷിയുമാണ് നമ്മുടെ നാട്ടിലെ ഏറ്റവും വലിയ പ്രശ്നങ്ങളായി ഇന്നും നിൽക്കുന്നത്. ഏറ്റവും വലിയ പ്രശ്നം കൃഷിതന്നെയാണ്. മനുഷ്യന് തൊഴിലില്ലാതെ വന്നിരിക്കുന്നു. പട്ടിണി വന്നിരിക്കുന്നു. ആ വിധത്തിലുള്ള നടപടികൾ വന്നിരിക്കുന്നു. ഇതിനിടയിലാണ് കേരളത്തിലെ സ്ത്രീകളുടെ സ്ഥിതി കാണേണ്ടത്. പണ്ട് മരുമക്കത്തായമായിരുന്നു. എന്നാലും ഞാനിന്നും ഓർക്കുന്നു. ഞാനും മുഖ്യമന്ത്രിയുംകൂടി അമേരിക്കയിൽ പോയപ്പോൾ അമേരിക്കയിലുള്ള മലയാളികൾക്ക് ഒരൊറ്റ നിർബന്ധമേ ഉണ്ടായിരുന്നുള്ളൂ. അവർ അവിടെനിന്നും തിരികെ വന്നാൽ കാലതാമസമില്ലാതെ എൻ. ആർ. ഐ. എന്നുള്ള പദവി മാറ്റാതെ ഇവിടെ സിറ്റിസൺഷിപ്പ് കിട്ടണം. എന്തിനാണെന്നോ? 18 വയസ്സാകുന്ന അല്ലെങ്കിൽ 14 വയസ്സാകുന്ന പ്രായമറിയിക്കുന്ന പെൺകുട്ടികളെ അമേരിക്കയിൽ നമ്മുടെ സംസ്ക്കാരത്തിന് പറ്റിയവിധത്തിൽ താമസിപ്പിക്കാൻ പറ്റാത്തതുകൊണ്ടാണ് തിരികെ ഇവിടെ വന്നാൽ അവരെ വിവാഹം ചെയ്യിക്കുന്നതിനുള്ള സിറ്റിസൺ എന്ന നിലയിലുള്ള എല്ലാ അവകാശത്തോടും കൂടിയുള്ള നടപടികൾ വേണമെന്ന് അവർ അവകാശപ്പെടുന്നത്. അത് നമ്മുടെ പ്രത്യേക സംസ്ക്കാരമാണ്. ഞാൻ ചോദിക്കട്ടെ, നാദാപുരത്ത് നടന്ന ബലാൽസംഗം മുഖ്യമന്ത്രി ന്യായീകരിച്ചതെങ്ങനെയാണെന്നറിയാമോ? അത് കമ്മ്യൂണിസ്റ്റ് പാർട്ടി മെമ്പറല്ല ചെയ്തത്, കമ്മ്യൂണിസ്റ്റ് അനുഭാവികളാണെന്നാണ് പറയുന്നത്. അങ്ങനെ പറഞ്ഞാൽ ഞാൻ ലജ്ജിച്ചു തല താഴ്ത്തുകയാണ്. 50 കൊല്ലം കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആദർശത്തിൽ നിന്ന് പ്രവർത്തിച്ച ഒരാളാണ് ഞാൻ. ഇത് കെട്ടിപ്പടുക്കാൻ നോക്കിയ ആളാണ്. ഇന്ന് കേരളത്തിലെ സ്ത്രീകൾക്ക് നാദാപുരത്തെ സ്ത്രീകളുടെ അനുഭവമാണ് പറയാനുള്ളതെങ്കിൽ കെട്ടിത്തൂങ്ങി മരണവും മറ്റുവിധത്തിലുള്ള മരണങ്ങളും കൂടുന്നതിൽ നമ്മൾ വിഷമിക്കേണ്ട കാര്യമില്ല. ദുഃഖിക്കേണ്ട കാര്യമില്ല. ഇതെല്ലാം ഈ നാട്ടിൽ നടന്നാലും ഞങ്ങൾക്ക് വോട്ടുകിട്ടും എന്നുപറയുന്ന ആളുകളാണ് ഇവിടെയുള്ളത്. കിട്ടിക്കോട്ടെ, അങ്ങനെ കൊടുക്കുന്നുവെങ്കിൽ കേരളത്തിലെ ആളുകൾ തെറ്റും ശരിയും തിരിച്ചറിയാൻ പറ്റാത്ത ആളുകളാണെന്ന് പറയേണ്ടിവരും. ഞാൻ അങ്ങനെ വിശ്വസിക്കുന്നില്ല. ഇന്നിവിടെ അവതരിപ്പിച്ചിട്ടുള്ളത് കേരളത്തിന് പറ്റിയ ഒരു ബഡ്ജറ്റല്ല. നമ്മുടെ ഒറ്റപ്രശ്നവും പരിഹരിക്കാനുള്ള ബഡ്ജറ്റല്ല. അത് കൂടുതൽ രൂക്ഷമാക്കുന്നതിനുവേണ്ടിയുള്ള ബഡ്ജറ്റാണ്. ഇത് ശ്രീ. ടി. ശിവദാസമേനോനോടുള്ള എതിരല്ല, ഈ ബഡ്ജറ്റ് ജനക്ഷേമകരമല്ല. ജനദ്രോഹകരമായ ബഡ്ജറ്റാണ്. അതുകൊണ്ട് ഞാനിതിനെ എതിർക്കുന്നു.

ശ്രീ. വർഗ്ഗീസ് വൈദ്യർ: സർ, വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ അനുകൂലിക്കുന്നു. ഇവിടെ പ്രതിപക്ഷങ്ങൾ ഈ ബഡ്ജറ്റിലെ കാര്യങ്ങളൊന്നും പറയാതെ മറ്റുപലതും പറഞ്ഞ് ഗവൺമെന്റ് രാജിവയ്ക്കണമെന്നാണ് എപ്പോഴും പറയാറുള്ളത്. 1980-ൽ ബഹുമാനപ്പെട്ട എ. കെ. ആന്റണി കേരളത്തിൽ കമ്മ്യൂണിസ്റ്റ് നേതൃത്വത്തിലുള്ള ഗവൺമെന്റിന് അനുകൂലമായി നിൽക്കുകയും സഹകരിക്കുകയും ചെയ്തു. കേരള കോൺഗ്രസ്സും അങ്ങനെ തന്നെയായിരുന്നു. കേരള കോൺഗ്രസ് അന്ന് മൂന്നില്ല, ഒന്നേയുള്ളൂ. ആ കേരള കോൺഗ്രസും ആന്റണി കോൺഗ്രസുംകൂടി 1980-ൽ ഭരണം വിട്ടു.

LIBRARY ARCHIVES Kerala Legislative Assembly

100 കൊല്ലം കഴിഞ്ഞേ കമ്മ്യൂണിസ്റ്റുകാർ അസംബ്ലി കാണുകയുള്ളൂ എന്നുപറഞ്ഞ ശ്രീ. എ. കെ. ആന്റണി തന്നെയാണ് 1980-ൽ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ നേതൃത്വത്തിലുള്ള മുന്നണിയിൽ വന്നത്. 21 മാസമേ നിന്നുള്ളൂ എന്നത് ശരിയാണ്. ഒരു ദിവസമെങ്കിലും നിന്നത് അല്ലെങ്കിൽ അത് എന്തു കാരണത്താലാണ് വിട്ടുപോയത് എന്ന് പറയേണ്ടതുണ്ട്. അതുപോലെതന്നെ 1991-ൽ ബഹുമാനപ്പെട്ട കെ. കരുണാകരന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ അധികാരത്തിൽ വന്നു. ആ കരുണാകരൻ ഗവൺമെന്റിനെ ആരാണ് മാറ്റിയത്? അതിന്റെ ചാർജ് ഷീറ്റ് ഇന്ത്യയുടെ പ്രധാനമന്ത്രിയും കോൺഗ്രസ് പ്രസിഡന്റുമായിരുന്ന ശ്രീ. പി.വി. നരസിംഹറാവുവിന് ആരാണ് കൊടുത്തത്? അതിന്റെ കാരണമെന്താണ്? ഈ കാരണങ്ങളൊക്കെ ജനങ്ങളോടെങ്കിലും പറയണ്ടേ, അല്ലെങ്കിൽ അസംബ്ലിയിൽ പറയണ്ടേ? ഈ നിലയിൽ ഭരണമില്ലെങ്കിൽ അവരുടെ തലയിൽ എന്തോ അലർജിപിടിച്ച മട്ടാണ്. സ്ഥിതി അങ്ങനെ പോയിക്കൊണ്ടിരിക്കുന്നു. ഈ ഗവൺമെന്റ് കേരളത്തിലെ ജനങ്ങൾക്ക് ജനകീയാസൂത്രണത്തിന്റെ ഭാഗമായി 5 കൊല്ലം കൊണ്ട് ഏതാണ്ട് 5000 കോടി രൂപ കൊടുത്തു. ജീവനക്കാർക്ക് ശമ്പളം വർദ്ധിപ്പിച്ചതിന്റെ ഭാഗമായി ഏതാണ്ട് 1200 കോടിരൂപയായി. ഇതുരണ്ടുംകൂടി കൂട്ടിയാൽ ഈ ഗവൺമെന്റ് ചെയ്തിട്ടുള്ളതിന്റെ, കടം വാങ്ങിയതിന്റെ കണക്കുകാണാം. അപ്പോൾ ആ കാര്യം പ്രതിപക്ഷത്തിന് അറിയാൻ പാടില്ലേ? വയനാട് ഒരു പിന്നോക്ക ജില്ലയാണ്. അവിടെ കാപ്പി, കുരുമുളക്, തേങ്ങ, റബ്ബർ എന്നിവയുടെ വില കുറഞ്ഞു. സാധനങ്ങൾക്ക് വിലയില്ലാതായതിന്റെ കാരണം ശ്രീ. ഇ. കെ. നായനാർ മുഖ്യമന്ത്രി ആയതാണോ? ആണെന്നാണ് ഇവർ പറയുന്നത്. കേന്ദ്രഗവൺമെന്റ് വിദേശരാജ്യങ്ങളിൽ നിന്നും സാധനങ്ങൾ ഇറക്കുമതി ചെയ്യുകയും അതിന് അനുമതി കൊടുക്കുകയും ചെയ്തതിന്റെ ഫലമായി ഇവിടത്തെ സാധനങ്ങൾക്ക് വിലയില്ലാതായി കുത്തുപാളയെടുത്ത് കൃഷിക്കാർ അധഃപതിക്കുമ്പോൾ അത് നായനാർ ഗവൺമെന്റിന്റെ നയമാണ് അതുകൊണ്ട് കുറഞ്ഞവിലയ്ക്ക് സാധനങ്ങൾ കൊടുക്കണമെന്നുപറയുന്നത് ശരിയാണോ? ഇന്ത്യയുടെ ഭാഗമാണ് കേരളവും. ഇന്ത്യയിലാകെ വരുന്ന സ്ഥിതിവിശേഷത്തിന്റെ ഭാഗമായി കേരളത്തിലും അത് സംഭവിക്കാവുന്നതാണ്. എന്നാൽ 1991-ൽ ശ്രീ. പി. വി. നരസിംഹറാവു തുടങ്ങിവച്ച കാര്യങ്ങൾ, വിദേശ നയങ്ങളിൽ വന്നിട്ടുള്ള സ്ഥിതിവിശേഷത്തിന്റെ അടിസ്ഥാനത്തിൽ ഏതാണ്ട് 1429 വിദേശ സാധനങ്ങൾ ഇപ്പോൾ ഇന്ത്യാ രാജ്യത്തേയ്ക്ക് ഇറക്കുമതി ചെയ്യുന്നു. ഈ ഇറക്കുമതി നയത്തിന്റെ ഭാഗമായി കേരളം മാത്രമല്ല, ഇന്ത്യയും കൂടുതൽ സാമ്പത്തിക കുഴപ്പത്തിൽ വരും. ഇന്ത്യാ രാജ്യത്തെ 27 സ്റ്റേറ്റുകളിലും ഇതു ബാധകമാണ്. ഈ സ്റ്റേറ്റുകളെല്ലാം സാമ്പത്തികമായി തകർന്നാൽ, ഇന്ത്യാരാജ്യം കാർഷിക രാജ്യമാണ്. ഈ രാജ്യത്ത് ഈ സാധനങ്ങളൊക്കെ ഇറക്കുമതി ചെയ്യാൻ കോൺഗ്രസ് ഗവൺമെന്റ് അംഗീകാരം കൊടുത്തു. അംഗീകാരമൊഴിച്ച്, തുടങ്ങി വച്ചത് ബി.ജെ.പി. മൊത്തമായി നടപ്പിലാക്കുന്നു എന്നു മാത്രമേയുള്ളൂ. ഈ സാധനങ്ങളെല്ലാം ഇറക്കുമതി ചെയ്താൽ ഇന്ത്യയിലാകെയുള്ള തൊഴിലാളികളും കൃഷിക്കാരും പാപ്പരാകുമെന്നുള്ളതിനെപ്പറ്റി ആരോടെങ്കിലും ചോദിക്കാനുണ്ടോ? സ്ഥിതി ഇതായിരിക്കെ അതു മനസ്സിലാക്കാതെയാണ് ഇവർ

LIBRARY ARCHIVES Kerala Legislative Assembly

സംസാരിക്കുന്നത്. ഉറങ്ങി കിടക്കുന്നവനെ ഉണർത്താം. പക്ഷേ, ഉറക്കം നടിച്ചു കിടക്കുന്നവരെ വിളിച്ചുണർത്തിയാൽ എഴുന്നേൽക്കുമോ? അതാണ് സത്യം. ആ സത്യം ജനങ്ങളെ ബോധ്യപ്പെടുത്തിയാൽ കോൺഗ്രസോ അല്ലെങ്കിൽ അവരുടെ കൂടെയുള്ള മുന്നണിയോ ഇല്ലാതാകുമെന്നുള്ളത് ഒരു സത്യമാണ്. കേരളത്തിലെ കോൺഗ്രസിന് ഒറ്റയ്ക്ക് നിന്നാൽ ഒരു സീറ്റും കിട്ടില്ല. അതുകൊണ്ട് തന്നെ ലീഗിനോടുകൂടി ചേർന്ന് ലീഗ് കോൺഗ്രസിന്റെ ഹൈ കമാന്റായി പ്രവർത്തിക്കുന്നത്. ലീഗ് പറയുന്ന കാര്യങ്ങൾ നടപ്പാക്കി കൊടുക്കുക എന്നുള്ള ഒരു പണി മാത്രമേയുള്ളൂ. ഏതെങ്കിലുമൊരു സ്റ്റേറ്റിൽ കോൺഗ്രസ് ജനകീയാസൂത്രണം നടപ്പാക്കിയിട്ടുണ്ടോ ? ഭരണഘടനാപരമായി ഇതു രാജീവ്ഗാന്ധി തുടങ്ങി വച്ചതാണ്. രാജീവ് ഗാന്ധി തുടങ്ങിവച്ചതാണോ ഇപ്പോൾ ബി.ജെ.പി.ക്ക് കൊടുത്തിട്ടുള്ളത് ? ആ കാര്യം അവർ ജനങ്ങളോട് തുറന്നു പറയണ്ടേ ? ശ്രീ. കെ. കരുണാകരനെ ഒഴിവാക്കാൻ 29 കുറ്റപത്രമാണ് ശ്രീ. നരസിംഹറാവുവിന് കൊടുത്തത് എന്ന് അവർ തന്നെ പരസ്യമായി പ്രസ്താവിച്ചു. കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള ഒരു മുന്നണി ഭരണത്തിൽ വരുമെന്നു സ്വപനം കാണാൻ സാധിക്കുമോ ? സ്വപ്നം കാണാൻ കഴിയില്ല എന്നുള്ളതു കൊണ്ട് തന്നെയാണ് ഇപ്പോഴും 50 ശതമാനം സീറ്റ് ശ്രീ. കെ. കരുണാകരന് കിട്ടണമെന്ന് പരസ്യമായി പറയുന്നത്. "50 ശതമാനം സീറ്റ് കിട്ടിയില്ലെങ്കിൽ ഞങ്ങൾ ഒറ്റയ്ക്ക് എല്ലാ സ്ഥലത്തും മത്സരിക്കും" എന്നാണ് പറയുന്നത്..... (ബഹളം).....പറഞ്ഞോ ഇല്ലയോ എന്നുള്ളതൊന്നും എനിക്കറിയില്ല. പത്രത്തിൽ വരുന്നതാണ് ഞാൻ പറയുന്നത്, അവരോട് ചോദിക്കുക. ഈ രാജ്യത്ത് കോൺഗ്രസ്സിന് എന്താണ് അവരുടെ ലക്ഷ്യം ? കോൺഗ്രസിന്റെ അടിസ്ഥാനപരമായിട്ടുള്ള കാര്യങ്ങൾ, ഞാനും 1936 മുതൽ 1949 വരെ കോൺഗ്രസിലായിരുന്നു. ക്വിറ്റ് ഇന്ത്യാ സമരത്തിൽ ഞാൻ പങ്കെടുത്തു ഒടുവിൽ ജയിലിൽ പോയിട്ടുള്ളതാണ്. അടിയും കൊണ്ടിട്ടുള്ളതാണ്. അവിടെയുള്ള ഒരൊറ്റ കോൺഗ്രസുകാരനെങ്കിലും ക്വിറ്റ് ഇന്ത്യാ സമരത്തിൽ പങ്കെടുത്ത് അടി കൊണ്ട് ജയിലിൽ പോയിട്ടുണ്ടെന്നു പറയാൻ നട്ടെല്ലുണ്ടോ ? ഉണ്ടെങ്കിൽ പറയട്ടെ, ആ നിലയ്ക്ക് ഈ രാജ്യത്തെ സ്ഥിതി വിശേഷങ്ങൾ, ഈ രാജ്യത്തെ ഒറ്റുകൊടുക്കുകയാണ്. ഈ ഇന്ത്യാരാജ്യം നിലനിൽക്കണമെന്നുള്ള ആഗ്രഹമുണ്ടോ ? ഇന്ത്യാ രാജ്യത്തെ സാമ്പത്തികമായി തകർത്ത് അമേരിക്കയുടെ നേതൃത്വത്തിലുള്ള ഭരണമാണ് ഇന്നു നടത്തിക്കൊണ്ടിരിക്കുന്നത്. നേതൃത്വം കൊടുക്കുന്നത് അമേരിക്കയാണ്. അതിനെ എതിർക്കാൻ കോൺഗ്രസിന് സാധ്യമുണ്ടോ ? സാധ്യമല്ലെന്നുള്ളത് സത്യമല്ലേ ? ലീഗിന് അതിന്റെ കൂടെ പോകുമ്പോൾ താങ്ങണ്ടേ ? ആ നിലയ്ക്ക് താങ്ങിപ്പോയി എന്നു മാത്രമേയുള്ളൂ. അല്ലാതെ ഈ രാജ്യത്തെ ജനങ്ങൾക്ക് ഗുണകരമായ ഏതെങ്കിലുമൊരു പ്രവർത്തനം കോൺഗ്രസ്സ് അംഗീകരിച്ചിട്ടുണ്ടോ ? അംഗീകരിച്ചിട്ടില്ലെന്നു മാത്രമല്ല ഇന്ത്യൻ ഭരണഘടന അനുസരിച്ച് ഈ രാജ്യത്തെ കൃഷി ഭൂമി കൃഷിക്കാർക്കു കൊടുക്കണമെന്ന് ജവഹർലാൽ നെഹ്റു പ്രമേയം പാസ്സാക്കിയതാണ് കറാച്ചിയിൽ വച്ച്. നിങ്ങൾക്ക് അത് അറിയാമോ ? ഇന്ത്യാ രാജ്യത്ത് കേരളം, ബംഗാൾ, ത്രിപുര എന്നീ സംസ്ഥാനങ്ങൾ ഒഴിച്ച് എവിടെയാണ് ഭൂ പരിഷ്ക്കരണം നടപ്പിലാക്കിയിട്ടുള്ളത് ? ലക്ഷോപലക്ഷം ഏക്കർ ഭൂമി ഇന്ത്യാ രാജ്യത്ത്

LIBRARY ARCHIVES Kerala Legislative Assembly

തരിശ്ശായി കിടക്കുന്നു. ആ തരിശു ഭൂമി പതിച്ച് ഭൂരഹിതരായ കൃഷിക്കാർക്കും തൊഴിലാളികൾക്കും പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും കൊടുക്കാൻ തയ്യാറുണ്ടോ ? ആ നിലയ്ക്ക് കൊടുക്കുകയാണെങ്കിൽ ഈ രാജ്യത്തെ ഉല്പന്നങ്ങൾ എത്രവരുമെന്നും ഈ രാജ്യത്തെ തൊഴിലില്ലായ്മ പരിഹരിക്കാൻ സാധിക്കുമെന്നും നിങ്ങൾക്കറിയാമോ ? നിങ്ങൾക്ക് വേറെ പണിയുണ്ടോ ? ഒന്നുമില്ലാതെ ഇതിൽ നിന്നൊക്കെ ജനങ്ങളെ തിരിച്ചുവിട്ട്, ജനങ്ങളുടെ അഭിപ്രായങ്ങൾക്ക് അനുസരിച്ചാണോ നിങ്ങൾ ഇവിടെ വന്നത് ? ജനങ്ങളോട് വോട്ടു ചെയ്യുമ്പോൾ പറഞ്ഞിട്ടുണ്ടോ, ഞങ്ങൾ അധികാരത്തിൽ വന്നാൽ ഈ രാജ്യത്തുള്ള പൊതുമുതൽ മുഴുവൻ വിൽക്കുമെന്ന്. ഞങ്ങൾ അതിനു കമ്മീഷൻ വാങ്ങിക്കുമെന്ന്. അങ്ങനെ പറഞ്ഞാണോ ബി. ജെ. പി. അധികാരത്തിൽ വന്നത് ? മഹാത്മാഗാന്ധിയെ വെടിവച്ചുകൊന്ന ഗോഡ്സേയുടെ കാര്യം പറഞ്ഞപ്പോൾ നിങ്ങൾ അവിടെ ഇരുന്നു ചിരിക്കുകയാണ് ചെയ്തത്. ജവഹർലാൽനെഹ്റുവോ ഇന്ദിരാഗാന്ധിയോ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ആണോ നടപ്പിലാക്കുന്നത് ? ബാങ്ക് ദേശസാൽക്കരിച്ചു, ഇൻഷ്വറൻസ് മേഖല ദേശസാൽക്കരിച്ചു. ഇതു രണ്ടും നടപ്പാക്കുന്ന കാര്യത്തിൽ രണ്ടു കയ്യും നിങ്ങൾ പൊക്കിയില്ലേ? ഈ രാജ്യത്തെ ജനങ്ങൾക്ക് വീടില്ലാത്തവർക്ക് വീട്, ആദിവാസികൾക്ക് ഒരു ഏക്കർ ഭൂമി, കൃഷിക്കാർക്ക് കൃഷി ചെയ്യാനാവശ്യമായ സാധനങ്ങൾ തുടങ്ങിയവയൊക്കെ നൽകി. വയനാടിന്റെ ബ്രഹ്മഗിരി പ്രോജക്ട് എന്നു പറഞ്ഞ് 222 ആദിവാസികൾക്ക് മാത്രം ട്രെയിനിംഗ് കൊടുക്കുന്നത്, ആ നിലയ്ക്ക് അവർക്കു കിട്ടിയിട്ടുള്ള അവകാശങ്ങൾ തട്ടിയെടുത്തത് ആരാണ് ? അവർക്ക് ഇന്ന് കേരളത്തിൽ ഏതാണ്ട് 300 കോടി രൂപ ചെലവായിട്ടുണ്ട്. കേരള സംസ്ഥാനം രൂപീകരിച്ചതിനുശേഷം ആ 300 കോടി രൂപയിൽ ഒരാൾക്ക് ഒരു ലക്ഷം രൂപ വീതം ചെലവായി. അതിനു പലിശ കിട്ടുകയാണെങ്കിൽ അവർക്ക് സുഖമായി ജീവിക്കാം. അങ്ങനെ ആദിവാസികളെ സംരക്ഷിക്കും എന്നു പറയുകയും കൊലയാളികൾക്കു കൂട്ടു നിൽക്കുകയുമാണ് നിങ്ങൾ ചെയ്യുന്നത്. വീടില്ലാത്തവർക്ക് വീടു കൊടുക്കാൻ വേണ്ടി യത്നിക്കുന്ന ഒരു ഗവൺമെന്റിനെക്കുറിച്ച് നിങ്ങൾ എങ്ങനെ ഇതുപറയും. നിങ്ങളുടെ ഭരണകാലത്ത്, 46 കൊല്ലത്തിനിടയിൽ എത്ര ആദിവാസികൾക്ക് ഭൂമി കൊടുത്തു? എത്ര ആളുകൾക്ക് വീടു വച്ചുകൊടുത്തു ? ആ കാര്യങ്ങളൊക്കെ നിങ്ങൾക്ക് പരിശോധിക്കാൻ പാടില്ലേ ? ഈ രാജ്യത്ത് നടക്കുന്ന നല്ല കാര്യങ്ങളെ അനുകൂലിച്ചിട്ടുള്ള ചരിത്രം നിങ്ങൾക്കുണ്ടോ? രണ്ടു മാസം കഴിഞ്ഞാൽ തെരഞ്ഞെടുപ്പല്ലേ വരുന്നത് ? അവിടെ വച്ച് പ്രതികാരം തീർക്കാം. അതു ജനങ്ങളെ ബോദ്ധ്യപ്പെടുത്തുക എന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ നയം. അതിനുവേണ്ടിയാണ് ഇതുകൊണ്ടുവന്നത്. നിങ്ങൾക്ക് രക്ഷയില്ലെന്നു തോന്നിയാൽ അതനുസരിച്ച് എന്തു കോമാളിത്തരവും നിങ്ങൾ കാണിക്കും. ജനങ്ങളുടെ അടുത്ത് വോട്ടു ചോദിക്കാൻ പോകുമ്പോൾ ജനങ്ങൾക്കറിയാം ഈ ഗവൺമെന്റ് ചെയ്തിട്ടുള്ള നേട്ടങ്ങളെക്കുറിച്ച്. അതുപോലെയുള്ള കാര്യങ്ങൾ ചെയ്തുകൊടുക്കാൻ ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. അതുകൊണ്ട് ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ അനുകൂലിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷവേദിയിൽ ശ്രീ. എം. മുരളി]

ശ്രീ. പി. കെ. കുമാരൻ : സർ, ബഹുമാനപ്പെട്ട ധനമന്ത്രി ഈ സഭയിൽ അവതരിപ്പിച്ച ഏപ്രിൽ ഒന്നുമുതൽ ജൂലൈ 31-വരെയുള്ള നാലുമാസക്കാലത്തെ ചെലവുകൾക്കുവേണ്ടിയുള്ള വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ സർവാത്മനാ പിൻതാങ്ങുന്നു. സാമൂഹ്യ പ്രതിബദ്ധതയോടെ ഭരണത്തിൽ ജനപങ്കാളിത്തം ഉറപ്പാക്കിയും അഴിമതി രഹിതമായും ക്രമസമാധാന മേഖലയിൽ വളരെ മെച്ചപ്പെട്ട ശാന്തതയും സമാധാനവും കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളതുമായ ഒരു ഗവൺമെന്റാണ് കേരളത്തിലെ സഖാവ് നായനാർ ഗവൺമെന്റ് വികസനപ്രവർത്തനത്തിൽ ഒരു ചരിത്രകാലഘട്ടത്തെയാണ് ഈ ഗവൺമെന്റിന്റെ കാലയളവിൽ പൂർത്തിയാക്കാൻ കഴിഞ്ഞത്. സാമ്പത്തിക രംഗത്ത് വിഷമതകളുണ്ടായെങ്കിലും മെച്ചപ്പെട്ട ഒരു സാമ്പത്തിക മാനേജ്മെന്റിന്റെ ശ്രദ്ധയോടുള്ള പ്രവർത്തനങ്ങളാണ് നടന്നിട്ടുള്ളതെന്ന് കാണാൻ കഴിയും. വളരെ വ്യക്തമായി പറഞ്ഞാൽ 1991-മുതൽ കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുപോരുന്ന സാമ്പത്തിക പരിഷ്ക്കാരങ്ങളുടെ ഫലമായി നമ്മുടെ രാജ്യത്ത് വന്നിച്ച തരത്തിലുള്ള സാമ്പത്തിക പ്രതിസന്ധി വളർന്നു കൊണ്ടിരുന്നുവെന്നത് ആർക്കും നിഷേധിക്കാൻ കഴിയാത്ത ഒരു യാഥാർത്ഥ്യമാണ്. ഈ പ്രതിസന്ധി 1991-മുതൽ തുടങ്ങിയതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെ സാമ്പത്തിക മേഖലയിൽ പ്രത്യേകിച്ച് കാർഷിക സമ്പദ്ഘടനയിലധിഷ്ഠിതമായിട്ടുള്ള കേരളത്തിന്റെ സമ്പദ്ഘടനയിൽ കഴിഞ്ഞ അഞ്ചു വർഷക്കാലം വന്നിട്ടുള്ള കുറവ്, അടുത്ത കാലത്ത് ബഹുമാനപ്പെട്ട പ്രധാനമന്ത്രി കേരളം സന്ദർശിച്ച് കുമരകത്ത് ക്യാമ്പ് ചെയ്തപ്പോൾ മലയാള മനോരമ നടത്തിയ ഒരു വിലയിരുത്തലിലൂടെ പറഞ്ഞത് 14,000 കോടി രൂപയാണ് കേരളത്തിന് കാർഷിക രംഗത്ത് മാത്രമായി കുറവ് വന്നിട്ടുള്ളത് എന്നാണ്. വർഷാവർഷം 6,000 കോടി രൂപയുടെ കുറവാണ് കാർഷിക മേഖലയിൽ മാത്രമായി നമ്മുടെ സംസ്ഥാനത്തിന്റെ വരുമാനത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. കേരളത്തിന്റെ സാമ്പത്തിക മേഖലയിലെ ഈ തകർച്ച, കേന്ദ്ര ധനകാര്യകമ്മീഷൻ കേരളത്തോട് കാണിക്കുന്ന അവഗണനയുടെ ഫലമായിയുണ്ടാകുന്ന കുറവുകൾ, അതുപോലെതന്നെ അധികാര വികേന്ദ്രീകരണവും ജനകീയാസൂത്രണവുമെന്ന ശ്രദ്ധേയമായ ഭരണനടപടിയിലൂടെ കേരളം കഴിഞ്ഞ നാലുവർഷക്കാലമായി ത്രിതല പഞ്ചായത്തുകൾക്ക് നൽകിയ നാലായിരം കോടിയിൽപ്പരം രൂപ, ഇവയെല്ലാം കടത്തിന്റെ കണക്കിലാണ്. ഈ നിലയിൽക്കൂടി നോക്കുമ്പോൾ ഈ സാമ്പത്തിക മാനേജ്മെന്റ് വളരെ സ്തുത്യർഹമായി പ്രവർത്തിച്ചതുകൊണ്ടാണ് കടത്തിന്റെ തോത് അധികമായി വർദ്ധിക്കാതിരുന്നത്. അല്ലെങ്കിൽ കേരളത്തിന്റെ കടം ഇതിനേക്കാൾ പെരുകുമായിരുന്നു. ആ തരത്തിലുള്ള സാമ്പത്തിക മാനേജ്മെന്റിന്റെ പ്രവർത്തനത്തിന്റെ ഫലമായി കേരളത്തിലെ സാമ്പത്തിക ഘടന പലപ്പോഴും വിഷമമനുഭവിച്ചിട്ടുണ്ടെങ്കിലും ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ കേന്ദ്രഗവൺമെന്റിന്റെ സാമ്പത്തിക പരിഷ്ക്കാരങ്ങളുടെ ഫലമായി ഉണ്ടായിട്ടുള്ള അതീവ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കേരളം മെച്ചപ്പെട്ട നിലയിൽ മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ രാജ്യത്ത് കാർഷിക

3 P.M.]

LIBRARY ARCHIVES Kerala Legislative Assembly

മേഖലയിൽ വന്നിച്ച പ്രതിസന്ധിയുണ്ടാകുമ്പോഴും കേരളത്തിൽ കാർഷിക മേഖലയിൽ ജനകീയാസൂത്രണപ്രവർത്തനങ്ങളിലൂടേയും സംസ്ഥാന ഗവൺമെന്റിന്റെ ഉത്തരവാദിത്വപരമായ പ്രവർത്തനത്തിന്റേയും ഫലമായി ഉൽപ്പാദന ക്ഷമത വർദ്ധിക്കുന്നുണ്ട്. നെല്ലിന്റെ ഉല്പാദനം, നാളികേരത്തിന്റെ ഉല്പാദനം, അതുപോലെതന്നെ നാണ്യവിളകളുടെ ഉല്പാദനം എന്നിവ വർദ്ധിച്ചിട്ടുണ്ട്. വിലയിടിവുമൂലമുണ്ടാകുന്ന ആ തകർച്ചയെ ബാധിക്കാത്ത വിധത്തിൽ ഉല്പാദനക്ഷമതയിൽ കേരളം കൃഷി രംഗത്ത് മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുകയാണ്. കേരളത്തിലെ കാർഷിക മേഖലയെ ആ നിലയ്ക്ക് മുന്നോട്ടുകൊണ്ടുപോകുന്നതിന് സംസ്ഥാന ഗവൺമെന്റിന് സാധിച്ചു. വളരെ പ്രതിബദ്ധതയോടുകൂടിയുള്ള ഒരു പ്രവർത്തനത്തിന്റെ ഫലമായിട്ടാണ് കാർഷിക മേഖലയെ നല്ല നിലയിൽ മുന്നോട്ടു കൊണ്ടുപോകാൻ സാധിച്ചിട്ടുള്ളത്. അങ്ങനെ ഓരോ മേഖലയും എടുത്ത് നോക്കിയാൽ വളരെ വ്യക്തമായി പറയാൻ കഴിയും. കേരളത്തിന്റെ വികസനപ്രവർത്തനങ്ങൾ കഴിഞ്ഞ അഞ്ചു വർഷക്കാലം വികസന ചരിത്രത്തിൽ ശ്രദ്ധേയമായ ഒരു ചരിത്ര കാലഘട്ടത്തെയാണ് സൂചിപ്പിക്കുന്നത്. ഗവൺമെന്റിന് ഈ കാലഘട്ടത്തിൽ ഒട്ടേറെ ക്ഷേമ പ്രവർത്തനങ്ങൾ സാമൂഹിക പ്രതിബദ്ധതയോടെ ഏറ്റെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. 1980-ൽ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ബഹുമാന്യനായ സഖാവ് നായനായരുടെ ഗവൺമെന്റ് തുടങ്ങിവച്ച കർഷക തൊഴിലാളി പെൻഷൻ എടുത്തു പറയേണ്ട ഒരു കാര്യമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കേരളത്തിലെ കർഷകത്തൊഴിലാളികളുടെ പെൻഷൻ വെറും 60 രൂപയായിരുന്നു. ബഹുമാന്യനായ ഉമ്മൻ ചാണ്ടി ധനകാര്യവകുപ്പുമന്ത്രിയായിരുന്ന സന്ദർഭത്തിൽ അദ്ദേഹം ഭരണം വിട്ട് ഇറങ്ങിപ്പോകുന്ന സമയത്താണ് കർഷകത്തൊഴിലാളി പെൻഷൻ പത്ത് രൂപ വർദ്ധിപ്പിച്ചത്. പക്ഷേ, അത് വർദ്ധിപ്പിച്ചതല്ലാതെ കൊടുത്തില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ശ്രീ. ഉമ്മൻചാണ്ടി വർദ്ധിപ്പിച്ചിട്ട് പോയ 70 രൂപ 18 മാസക്കാലത്തെ കുടിശ്ശികയുണ്ടായിരുന്നു. ആ കുടിശ്ശികയെല്ലാം കൊടുത്തു. തൊട്ടടുത്ത് ബഡ്ജറ്റിൽ വീണ്ടും പത്തുരൂപ വർദ്ധിപ്പിച്ചു. അതിന്റെഅടുത്ത ബഡ്ജറ്റിൽ വീണ്ടും 20 രൂപ വർദ്ധിപ്പിച്ചു. ഇപ്പോൾ 120 രൂപയാണ് കേരളത്തിലെ കർഷകത്തൊഴിലാളി കാരണവൻമാർക്കും അമ്മമാർക്കും ഈ ഗവൺമെന്റ് പെൻഷനായി കൊടുക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 60 രൂപയായിരുന്ന കർഷകത്തൊഴിലാളി പെൻഷൻ ഇരട്ടിയാക്കി കേരളത്തിലെ പാവപ്പെട്ട കർഷകത്തൊഴിലാളി കാരണവൻമാർക്കും അമ്മമാർക്കും കൊടുക്കാനുള്ള സാമൂഹിക പ്രതിബദ്ധത ഈ ഗവൺമെന്റ് കാണിച്ചു. അതുപോലെ ഈ നാട്ടിലെ എല്ലാ വിഭാഗം തൊഴിലാളികൾക്കും പെൻഷൻ കൊടുത്തുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ ഈ മാർച്ചുമാസത്തോടുകൂടി ഡിസംബർ മാസംവരെയുള്ള മുഴുവൻ പെൻഷൻ കുടിശ്ശികയും കൊടുത്തുതീർക്കുമെന്ന് സഭയ്ക്ക് ഉറപ്പുനൽകിയിട്ടുണ്ട്. അതിൽ യാതൊരു സംശയവും വേണ്ട. കൊടുക്കത്തില്ല എന്നൊന്നും പറഞ്ഞിട്ട് കാര്യമില്ല. ഇതെല്ലാം കൊടുത്തുകൊണ്ടിരിക്കുകയാണ്. നിങ്ങളാണ് കൊടുക്കാതെ മാറ്റിവച്ചിട്ട് ഇറങ്ങിപ്പോയത്. അത് ഞങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

അനുഭവമല്ല. 60 രൂപയായിരുന്ന കർഷക തൊഴിലാളി പെൻഷൻ 120 രൂപയായി വർദ്ധിപ്പിച്ചു. തൊഴിലില്ലായ്മാ വേതനം വർദ്ധിപ്പിച്ചു. അഗതി പെൻഷൻ വർദ്ധിപ്പിച്ചു. അതുപോലെതന്നെ രോഗികൾക്കുവേണ്ടിയുള്ള വിവിധ പെൻഷനുകൾ ഇതെല്ലാം വർദ്ധിപ്പിച്ചു. ഇതുപോലെ സാമൂഹിക പ്രതിബദ്ധതയോടെ ഇടപെടാൻ കഴിഞ്ഞ ഒരു ഗവൺമെന്റ് കേരളത്തിന്റെ കഴിഞ്ഞ കാലചരിത്രത്തിൽ ഉണ്ടോ ? ഇല്ല എന്നുള്ളതാണ് യാഥാർത്ഥ്യം. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നമ്മുടെ നാട്ടിലെ പാവപ്പെട്ടവന്റെ കൂടെയാണ്. പാവപ്പെട്ടവരോട് പ്രതിബദ്ധത കാണിച്ചിട്ടുള്ള ഗവൺമെന്റാണ് ഇത്. അതിൽ യാതൊരു സംശയവും ഇല്ല. കേരളത്തിലെ പട്ടികജാതിക്കാർ, പട്ടിക വർഗ്ഗക്കാർ, കർഷക തൊഴിലാളികൾ, പിന്നോക്ക ജനവിഭാഗങ്ങൾ ഇവരോടെല്ലാം പ്രതിബദ്ധതയോടെ പ്രവർത്തിച്ച ഒരു ഗവൺമെന്റാണ് ഇത്. നിങ്ങൾ ഇതൊന്നും കണ്ടിട്ടും കണ്ടില്ലെന്ന് നടിക്കുകയാണ്. എന്തിനാണ് അങ്ങനെ നടിക്കുന്നത് ? ആർക്കു വേണ്ടിയാണ് ? ഈ രാജ്യത്തിലെ പാവപ്പെട്ട ജനങ്ങൾക്കുവേണ്ടിയാണോ ? അല്ലെന്നുള്ളതല്ലേ യാഥാർത്ഥ്യം. രാഷ്ട്രീയമായ എതിർപ്പുമൂലം ഏതെങ്കിലും തെറ്റായ ധാരണകൾവച്ചുകൊണ്ട് ഗവൺമെന്റിനെ എതിർക്കുന്നതു ശരിയല്ല. അപ്പുറത്തിരിക്കുന്നവരോട് എനിക്ക് പറയാനുള്ളത്, കേരളത്തിലെ പട്ടികജാതിക്കാരെ സംബന്ധിച്ചിടത്തോളം അഭിമാനത്തോടെ പറയട്ടെ ഈ കഴിഞ്ഞ അഞ്ചുവർഷക്കാലം പട്ടിക ജാതിക്കാരുടെ സമ്പൂർണ്ണ വിജയത്തിലെ ഒരു ചരിത്ര കാലഘട്ടമാണ് പിന്നിട്ടിരിക്കുന്നത്. പട്ടികജാതിക്കാരായ ആളുകൾക്ക് കഴിഞ്ഞ വർഷം 14 പഞ്ചായത്തുകളിലാണ് സമ്പൂർണ്ണ പാർപ്പിട പദ്ധതി നടപ്പിലാക്കിയത്. ബഹുമാന്യനായ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമവകുപ്പുമന്ത്രി വളരെ അഭിമാനത്തോടെ പറഞ്ഞതാണ് ഈ വർഷം 140 പഞ്ചായത്തുകളിൽ, വീടു നൽകുമെന്ന്. നാല് തൂണും നാല് ഓലയും കെട്ടി അതിന്റെ കീഴിൽ കിടന്നുറങ്ങുന്ന പാവപ്പെട്ട പട്ടികജാതിക്കാർക്ക് കതകില്ലാത്ത വീടിന്റെ ഉടമകളായ ഇവരെ ഉറക്കത്തിൽ പാമ്പുകടിക്കാതിരിക്കാൻ, താമസയോഗ്യമായ വീടുണ്ടാക്കാൻ 35000 രൂപവീതം ഓരോരുത്തർക്കും കൊടുത്തു. ഈ വർഷം 140 പഞ്ചായത്തുകളിലെ പട്ടികജാതിക്കാർക്ക് കൊടുക്കുകയാണ്. പട്ടികജാതിക്കാരായുള്ള ആളുകൾക്ക് ഈ കാലഘട്ടത്തിൽ 18 റസിഡൻഷ്യൽ സ്കൂളുകൾ സ്ഥാപിച്ചിട്ടുണ്ട്. വിദ്യാഭ്യാസ കാര്യങ്ങളിൽ പ്രത്യേകമായി ശ്രദ്ധിച്ചു. പട്ടികജാതിക്കാരായിട്ടുള്ള ആളുകളുടെ ഹോസ്റ്റലുകളിൽ 14 എണ്ണത്തിന്റെ പണി തീർത്തിട്ടുണ്ട്. ഐ. എ. എസ്. കോച്ചിംഗ് സെന്ററിനുള്ള പ്രാഥമിക സൗകര്യങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. രാജ്യത്ത് കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശാനുസരണം അടച്ചുപൂട്ടാൻ നിർബന്ധിക്കപ്പെട്ടിരുന്ന ഐ. റ്റി. സി. കൾ കേരളത്തിൽ ഏതാണ്ട് 41 എണ്ണം ഉണ്ടായിരുന്നു. ആ ഐ.റ്റി.സി.കൾക്കുവേണ്ടി കോഴ്സുകൾ അംഗീകരിക്കാനും കെട്ടിടങ്ങൾ പണിയാനും അങ്ങനെ എൻ.സി.വി.ടി.യുടെ അംഗീകാരം നേടുന്നതിനും അവിടെ അദ്ധ്യാപക നിയമനം നടത്തുന്നതിനും ആ സ്ഥാപനത്തിന് ആവശ്യമായിട്ടുള്ള ഉപകരണങ്ങൾ സമ്പാദിക്കുന്നതിനും ശ്രദ്ധേയമായ നടപടിയും നിലപാടും ഈ ഗവൺമെന്റ് സ്വീകരിച്ചു. പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വഴി ഈ കാലയളവിൽ പതിമൂവായിരത്തോളം കുടുംബങ്ങളെ സഹായിക്കാൻ കഴിഞ്ഞു. അതുപോലെ പിന്നോക്ക വികസന കോർപ്പറേഷനിലൂടെ 23,000-ൽപ്പരം

LIBRARY ARCHIVES Kerala Legislative Assembly

കുടുംബങ്ങൾക്ക് സഹായം നൽകി. എല്ലാ ജില്ലകളിലും പിന്നോക്ക വികസന കോർപ്പറേഷന്റെ ആഫീസുകൾ സ്ഥാപിച്ചു. നേരത്തെ നാലു ജില്ലകളിൽ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ബാക്കി വരുന്ന 10 ജില്ലകളിലും അതുപോലുള്ള ഓഫീസുകൾ സ്ഥാപിച്ച് പിന്നോക്ക വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കി. പട്ടികജാതി പട്ടികവർഗ്ഗക്കാരായിട്ടുള്ള വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കേരളത്തിന്റെ ചരിത്രത്തിൽ ഈയൊരു ഭരണകാലത്ത് അല്ലാതെ രണ്ട് അവസരങ്ങളിൽ വർദ്ധിപ്പിച്ച ചരിത്രം ഉണ്ടോ ? ഉണ്ടായിട്ടില്ല. കേരളത്തിലെ പട്ടികജാതി പട്ടികവർഗ്ഗക്കാർ മറ്റ് പിന്നോക്ക വിഭാഗങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗക്കാരിൽനിന്നും മതപരിവർത്തനം നടത്തിയ ക്രിസ്തീയ വിഭാഗത്തിലുള്ളവർ, ഇവരുടെയെല്ലാം താല്പര്യങ്ങൾ പരമാവധി സംരക്ഷിക്കാനും ഈ വിഭാഗങ്ങൾക്ക് പ്രാഥമികമായ സൗകര്യങ്ങളും വീടും തൊഴിലുമെല്ലാം ഉറപ്പാക്കാനും അവരുടെ കുട്ടികളുടെ വിദ്യാഭ്യാസം പരമാവധി പരിരക്ഷിക്കാനും ആവശ്യമായിട്ടുള്ള നിലപാട് സ്വീകരിച്ച് അതിനാവശ്യമായ നടപടികളുമായി മുന്നോട്ടുപോകുന്ന ഒരു ഗവൺമെന്റാണ് കേരളത്തിലെ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ്. ആ നിലയ്ക്ക് ഗവൺമെന്റ് മുന്നോട്ടുപോകുന്നതിൽ വളരെ സന്തോഷമുണ്ട്. ഇവിടെ ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടിയും അതുപോലെ അപ്പുറത്തിരിക്കുന്ന മറ്റ് ആളുകളും വോട്ട് ഓൺ അക്കൗണ്ടിനെ എതിർത്തുകൊണ്ട് സംസാരിക്കുകയുണ്ടായി. ഇവിടെ പബ്ലിക് ഡിസ്ട്രിബ്യൂഷൻ സമ്പ്രദായം തകർന്നുവെന്ന് പറയുകയുണ്ടായി. അത് കേരളാ ഗവൺമെന്റിന്റെ സമീപനം കൊണ്ടാണോ ? കേന്ദ്രഗവൺമെന്റ് സ്വീകരിച്ച തെറ്റായ സാമ്പത്തിക നയത്തിന്റെ ഫലമായല്ലേ ഇവിടത്തെ പൊതുവിതരണ സമ്പ്രദായം തകർച്ചയെ നേരിടുന്നത്. ഏതൊരു മേഖല എടുത്താലും തകർച്ചയുടെ പ്രധാന അടിസ്ഥാനമെന്നു പറയുന്നത്, കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക-രാഷ്ട്രീയ-ഭരണനയങ്ങളാണ്. അതുപറയുമ്പോൾ അപ്പുറത്തിരിക്കുന്ന ബഹുമാനപ്പെട്ട സുഹൃത്തുക്കൾ എന്തിനാണ് എതിർക്കുന്നത് ? അവർ അത് ഉൾക്കൊള്ളേണ്ടവരല്ലേ ? കേരളത്തിലെ ജനങ്ങളോട് പ്രതിബദ്ധത കാണിക്കണ്ടേ ? അങ്ങനെ കാണിക്കാനുള്ള സന്മനസ്സാണ് കാണിക്കണ്ടേ ? ബഹുമാനപ്പെട്ട എ. കെ. ആന്റണി മോചനയാത്ര കഴിഞ്ഞാണ് ഇവിടെ വന്നിരിക്കുന്നത്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനെ തകർത്ത് തരിപ്പണമാക്കാനുള്ള ഒരു മോചനയാത്ര. അത് മോചനയാത്രയല്ല ; മോഹനയാത്രയാണ്. അദ്ദേഹം കേരളത്തിന്റെ വടക്കേയറ്റം മുതൽ തെക്കേയറ്റം വരെ വന്നിട്ടും കേന്ദ്രഗവൺമെന്റിനെതിരെ, ബി.ജെ.പി.ക്കെതിരെ ഒരക്ഷരംപോലും മിണ്ടിയില്ല. അതുപോലെ ബി.ജെ.പി.യിൽ ശ്രീ. പത്മനാഭന്റെ നേതൃത്വത്തിലുള്ള പരിവർത്തന ജാഥ. ആ പരിവർത്തന ജാഥയിൽ കോൺഗ്രസ്സ് ഐ-യെക്കുറിച്ചോ അവരുടെ സാമ്പത്തിക നയത്തെക്കുറിച്ചോ അവരുടെ ഭരണ നടപടികളെക്കുറിച്ചോ ഒന്നും പരാമർശിക്കുന്നില്ല. ശ്രീ. പത്മനാഭൻ ഈയടുത്ത കാലത്ത് പറഞ്ഞത് പത്രങ്ങളിൽ എല്ലാപേരും വായിച്ചിരിക്കും. ഇലകൾ ഇനിയും തളിർക്കും, പൂവുകൾ ഇനിയും വിരിയും, അപ്പുറത്തിരിക്കുന്ന ബഹുമാന്യനായ മാണി സർ അത് ഓർക്കുമെന്നാണ് ഞാൻ വിചാരിക്കുന്നത്. നമ്മുടെ രാജ്യത്തെ ഐക്യജനാധിപത്യമുന്നണിയും കോൺഗ്രസ്സ് ഐ-യും അതുപോലെ മറ്റ്

LIBRARY ARCHIVES Kerala Legislative Assembly

ആളുകളും തമ്മിലുള്ള അവിഹിത ബന്ധത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. കേരളത്തിലെ ചിത്രം അതാണ്. 1987 മുതൽ ഇടതുപക്ഷ ചായ്‌വുള്ള ഒരു സംസ്ഥാനമാണ് കേരളം. 1991-ൽ രാജീവ്ഗാന്ധി കൊലചെയ്യപ്പെട്ട ദേശീയ ദുരന്തത്തിന്റെ ഫലമായി ഐക്യജനാധിപത്യ മുന്നണിക്ക് അധികാരത്തിൽ വരാൻ കഴിഞ്ഞു. എന്നാൽ 1996-ലെ തെരഞ്ഞെടുപ്പും അതിനുശേഷം നടന്നിട്ടുള്ള ഉപതെരഞ്ഞെടുപ്പുകളും ത്രിതല പഞ്ചായത്തുകളിലേയ്ക്ക് നടന്നിട്ടുള്ള തെരഞ്ഞെടുപ്പുകളുമെല്ലാം പരിശോധിച്ചാൽ കഴിഞ്ഞ കാലങ്ങളിൽനിന്ന് വളരെ ആവേശപൂർവ്വം ഇടതുപക്ഷജനാധിപത്യമുന്നണി ഈ വരുന്ന തെരഞ്ഞെടുപ്പിലൂടെ കേരളത്തിന്റെ ഭരണാധികാരത്തിലേയ്ക്ക് തിരിച്ചുവരുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതാണ് ഇന്ന് കേരളത്തിൽ കാണുന്നത്. അതാണ് കേരളത്തിന്റെ ഇന്നത്തെ പൾസ്. വലകയെന്നുമാത്രം വിനീതമായി സൂചിപ്പിച്ചുകൊണ്ട് ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഒരിക്കൽക്കൂടി സമ്പൂർണ്ണമായി പിന്താങ്ങിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുകയാണ്. കേരളം പൊതുവേ അറിയപ്പെടുന്നത് ദൈവത്തിന്റെ സ്വന്തം നാട് എന്നാണ്. ഗോഡ്സ് ഓൺ കൺട്രി. നിങ്ങളുടെ അഞ്ചു വർഷക്കാലത്തെ ഭരണം കേരളത്തെ സാത്താന്റെ നാടാക്കി മാറ്റിയിരിക്കുകയാണ്. നിങ്ങൾ പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേന കോടികൾ ചെലവഴിച്ച് പരസ്യം കൊടുത്താലും ശരി നിങ്ങളുടെ ഗവൺമെന്റിന്റെ വികൃതമായ മുഖം രക്ഷിക്കാൻ കഴിയുകയില്ല. ഉത്തരകൊറിയയിലെ മുൻ ഭരണാധികാരി കിം വിൽസിംഗ് തന്റെ ഇമേജ് ലോകത്തിൽ ഏറ്റവും കൂടുതൽ ഉണ്ടാക്കിയെടുക്കുന്നതിന് പരസ്യം കൊടുത്ത ഭരണാധികാരിയാണ്. കേരളത്തിലെ മലയാള പത്രങ്ങളിൽപ്പോലും കിം വിൽസിംഗിന്റെ പരസ്യം കാണാം. കേരളത്തിലെ മുഖ്യമന്ത്രി കിം വിൽസിംഗിനെ കടത്തിവെട്ടിയിരിക്കുന്ന രീതിയിൽ ഇന്ന് എത്തിയിരിക്കുന്നു. അദ്ദേഹത്തിന്റെ ഗവൺമെന്റിന്റെ വികൃതമായ മുഖം മിനുക്കിയെടുക്കുന്നതിന് കാലിയായ ഖജനാവിൽനിന്ന് കോടികളാണ് അദ്ദേഹം പരസ്യത്തിനുവേണ്ടി ചെലവഴിക്കുന്നത്. മുഖ്യമന്ത്രിയുടെ ഇമേജ് മെച്ചപ്പെടുത്തുന്നതിനുവേണ്ടി, ഗവൺമെന്റിന്റെ ഇമേജ് മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള പരസ്യങ്ങളാണ് വാർത്താ മാധ്യമങ്ങളിലെല്ലാം നിറഞ്ഞുനിൽക്കുന്നത്. അദ്ദേഹം ഒരു അഭിനവ കിം വിൽസിംഗാണ്. നമ്മുടെ ശർമ്മയും മോശക്കാരനല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഉത്തമശിഷ്യനാണ് അദ്ദേഹം. 1999-2000-മാണ്ടിൽ പരസ്യങ്ങൾക്കായി കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് 1,90,24,040 രൂപയാണ് ചെലവഴിച്ചത്. പൊളിഞ്ഞ ഒരു ബോർഡിനു വേണ്ടി ഏകദേശം രണ്ടുകോടി രൂപയാണ് ചെലവഴിച്ചിരിക്കുന്നത്. നിങ്ങളുടെ സർക്കാർ ഒരു കമ്മീഷൻ സർക്കാരാണ്. ഈ സർക്കാർ കുത്തുപാളയെടുക്കാനുള്ള കാരണം എല്ലാപേർക്കും അറിയാം. അഴിമതിയാണ്, ധൂർത്താണ്. സർക്കാർ കുത്തുപാളയെടുക്കുക മാത്രമല്ല കേരളത്തിലെ ജനങ്ങളെയും കുത്തുപാളയെടുപ്പിച്ചിരിക്കുകയാണ്. ഈ മാർച്ച് മാസം കഴിയുമ്പോൾ നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിന്റെ കടബാദ്ധ്യത 30,000 കോടി രൂപയെങ്കിലും വരുമെന്നാണ് ഏറെക്കുറെ കണക്കാക്കപ്പെടുന്നത്. ബഹുമാനപ്പെട്ട ശിവദാസമേനോൻ കിട്ടാവുന്നിടത്തോളം കടംവാങ്ങി, ഇപ്പോൾ ബ്ലേഡ് കമ്പനികളെ സമീപിക്കാൻ പോകുന്നുവെന്നാണ് സി.പി.ഐ. (എം)-ലെ പിന്നാമ്പുറ സംസാരം. നിങ്ങളുടെ ഒരു പദ്ധതിയല്ലേ ജനകീയാസൂത്രണം. ആ ജനകീയാസൂത്രണത്തിന്റെ രണ്ട് ഗഡുമാത്രമാണ് കൊടുത്തിരിക്കുന്നത്. മാർച്ച് ഏറെക്കുറെ പകുതിയാകാൻ പോകുന്നു. ബാക്കി കാശ് 31-ാം തീയതിക്കുമുമ്പ് കൊടുക്കാൻ കഴിയുമോ ?

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

കൊടുത്താൽത്തന്നെ ചെലവഴിക്കാൻ കഴിയുമോ? നിങ്ങൾ ജനകീയാസൂത്രണത്തെ കുറിച്ച് വാതോരാതെ സംസാരിക്കുന്ന ആളുകളാണല്ലോ. കാലിയായ ഖജനാവിന്റെ ഫലമായി ഇന്ന് വഴിമുട്ടി നിൽക്കുന്ന സാഹചര്യത്തിലേയ്ക്ക്

3.20 P.M.] കേരളത്തിന്റെ വികസന പ്രവർത്തനം മാറിയിരിക്കുകയാണ്. സി.പി.എം. മന്ത്രിമാർക്കെതിരെ നിങ്ങൾ അഴിമതി ആരോപണങ്ങൾ ഉന്നയിച്ചു. മന്ത്രിമാർ മാത്രമല്ല. പാർട്ടി നേതാക്കന്മാരും അഴിമതിക്കാർ ആണെന്നാണ് ശ്രീ. കെ.പി.പി. നമ്പ്യാർ പറയുന്നത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. മുഖ്യമന്ത്രിയുടെ ഏറ്റവും അടുത്ത ആളാണല്ലോ ശ്രീ. കെ.പി.പി.നമ്പ്യാർ. ഇവിടെ സി.പി.എം. മന്ത്രിമാർക്കെതിരെ ഉന്നയിച്ച ആരോപണങ്ങൾ ശരിയാണെന്ന് സി.പി..എം. സംസ്ഥാന കമ്മിറ്റി ശരി വച്ചിട്ടുണ്ട്. ആ സി.പി.എം. സംസ്ഥാന കമ്മിറ്റി എടുത്ത തീരുമാനം ശ്രീ രാധാകൃഷ്ണനു ഒഴികെ മറ്റ് ഒരു മന്ത്രിക്കും സീറ്റ് കൊടുക്കണ്ട എന്നാണ്. ശ്രീ. രാധാകൃഷ്ണനെക്കുറിച്ച് നിങ്ങൾ ഒന്നും പറയുന്നുമില്ല. മുഖ്യമന്ത്രിഅടക്കം മറ്റ് ഒരു മന്ത്രിമാർക്കും സീറ്റ് കൊടുക്കണ്ടയെന്ന് സി.പി.എം. സംസ്ഥാന കമ്മിറ്റി തീരുമാനിച്ചതുതന്നെ ഞങ്ങൾ ഉന്നയിച്ച ആരോപണം സി.പി.എം. സംസ്ഥാന കമ്മിറ്റി പോലും പരസ്യമായി സമ്മതിച്ചിരിക്കുന്നുവെന്നാണ്. ഇലക്ട്രിസിറ്റി ബോർഡിലെ അഴിമതിയെക്കുറിച്ച് ഇവിടെ പല തവണ ചർച്ചയ്ക്ക് വന്നതാണ്. എസ്.എൻ.സി. ലാവ്‌ലിനും സി.പി.എം-ഉം സി.പി.എം. മന്ത്രിമാരും തമ്മിലുള്ള അവിഹിതബന്ധം ഈ നിയമസഭയിൽ പല തവണ ചർച്ചാ വിഷയമായതാണ്. ഇപ്പോൾ കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ പദ്ധതിയുടെ നിർമ്മാണവും എല്ലാ മാനദണ്ഡങ്ങളും മറികടന്ന് എസ്.എൻ.സി. ലാവ്‌ലിനെ ഏൽപ്പിച്ചുകൊടുക്കാൻ പോവുകയാണ്. ഇക്കഴിഞ്ഞ ജനുവരി 27-ന് കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ട് മുഖ്യമന്ത്രി ശ്രീ. ഇ. കെ. നായനാർ ശിലാസ്ഥാപനം നിർവ്വഹിക്കുകയുണ്ടായി. ഈ പദ്ധതിക്ക് ആവശ്യമായ environmental clearance ഇതുവരെ കിട്ടിയില്ല forest clearance പൂർണ്ണമായി ലഭിച്ചിട്ടില്ല. ആവശ്യമായ സ്ഥലം പോലും ലഭിച്ചിട്ടില്ല. 6-2-1996-ൽ കെ.എസ്.ഇ.ബി. സെക്രട്ടറി ഇറക്കിയ ഉത്തരവിൽ സ്ഥലം പൊസ്സഷനിൽ കിട്ടാതെ പ്രവൃത്തികൾ ടെൻഡർ ചെയ്യാൻ പാടില്ല എന്നുതന്നെ സ്പഷ്ടമായി പറഞ്ഞിട്ടുണ്ട്. ഇതിന് കടകവിരുദ്ധമായിട്ടാണ് ടെൻഡർ തന്നെ വിളിച്ചിരിക്കുന്നത്. ടെൻഡർ വിളിച്ചെങ്കിലും ഇതുവരെയായി അത് ഫൈനലൈസ് ചെയ്തിട്ടില്ല. ഈ പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

നിർമ്മാണത്തിന്റെ പ്രീ-ക്വാളിഫിക്കേഷൻ ടെൻഡറിൽ നിന്നും ബോധപൂർവ്വം ചില കമ്പനികളെ ഒഴിവാക്കാൻ ശ്രമം നടത്തുന്നുവെന്ന ആക്ഷേപം നിയമസഭയിൽ ഇതിന് മുമ്പും ശ്രീ. സുധാകരൻ ഉന്നയിച്ചു. എസ്.എൻ.സി. ലാവ്‌ലിൻ കമ്പനിയുമായി മത്സരിക്കാൻ കഴിവുള്ള ഇന്നത്തെ കൈരളി ചാനൽ ചെയർമാൻ കൂടിയായ ശ്രീ: സിദ്ധാർത്ഥമേനോൻ കെ.എസ്.ഇ.ബി. ചെയർമാൻ ആയിരുന്ന കാലത്ത് ഒഴിവാക്കിയത് നിയമസഭയിൽ വന്ന ആരോപണങ്ങൾക്കുശേഷം പ്രീ-ക്വാളിഫിക്കേഷൻ റിവ്യൂ ചെയ്യാൻ തീരുമാനിച്ചു. ശ്രീ. സിദ്ധാർത്ഥമേനോൻ ചെയർമാൻ ആയിരുന്ന കാലത്ത് 8 സ്ഥാപനങ്ങൾ പ്രീ-ക്വാളിഫിക്കേഷൻ ടെൻഡറിൽ പങ്കെടുത്തപ്പോൾ അതിൽ നാല് സ്ഥാപനങ്ങളെ മാത്രമേ പ്രീ-ക്വാളിഫൈ ചെയ്തുള്ളൂ. 21-6-1999-ന്. അന്നത്തെ ചെയർമാനായ ശ്രീ. മോഹന ചന്ദ്രന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം ഏഴ് സ്ഥാപനങ്ങളെ കൂടി പ്രീ-ക്വാളിഫൈ ചെയ്തു. സ്ഥാപനങ്ങളുടെ യോഗ്യതകൾ പരിശോധിച്ച് ഏറ്റവും കൂടുതൽ 63 പോയിന്റാണ് എസ്.എൻ.സി. ലാവ്‌ലിനു നൽകാൻ തീരുമാനിച്ചത്. ഈ കമ്പനിയും സി.പി.എം. മന്ത്രിമാരും നേതാക്കളുമായിട്ടുള്ള അവിഹിത ബന്ധമാണ് ഇവിടെ കാണുന്നത്. 270.5 കോടി രൂപ ചെലവ് വരുന്ന ഈ പദ്ധതിക്ക് ടെൻഡർ ക്ഷണിച്ചപ്പോൾ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്തിരിക്കുന്നത് പൊതുമേഖലാ സ്ഥാപനമായ ബി.എച്ച്.ഇ.എൽ. അടക്കമുള്ള BHEL-L&T Consortium ആണ്. 166 കോടി രൂപ. ഇതിന്റെ ഏറെക്കുറെ ഇരട്ടിയാണ് 324 കോടി രൂപ. എസ്.എൻ.സി. ലാവ്‌ലിൻ ക്വാട്ട് ചെയ്തിരിക്കുന്നത് ടെൻഡർ ഫൈനലൈസ് ചെയ്യാതെ നീട്ടിക്കൊണ്ട് പോകുന്നത് വളരെ തന്ത്രപരമായി ഏറ്റവും ചുരുങ്ങിയ സംഖ്യ ക്വാട്ട് ചെയ്തിരിക്കുന്ന സ്ഥാപനങ്ങളെ ഒഴിവാക്കുന്നതിനുവേണ്ടിയാണ്. കാലതാമസം വരുമ്പോൾ വർക്കേഴ്സിന്റെയും മെഷിനറിയുടേയും റേറ്റുകൾ കൂടും. അപ്പോൾ ഈ ചെറിയ കമ്പനികൾക്ക് അത് ഏറ്റെടുക്കാൻ കഴിയില്ല. ഏറ്റവും കൂടുതൽ തുക ക്വാട്ട് ചെയ്തിരിക്കുന്നത് എസ്.എൻ.സി. ലാവ്‌ലിൻ ആണ്. എസ്.എൻ.സി. ലാവ്‌ലിന് ഈ പ്രവൃത്തി കൊടുക്കാൻ കഴിയും. അതാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. പള്ളിവാസൽ, ചെങ്കുളം, പന്നിയാർ മുതലായ നവീകരണ പ്രവൃത്തികൾ ടെൻഡർ ചെയ്യാതെയാണ് എസ്.എൻ.സി. ലാവ്‌ലിനു കൊടുക്കുന്നത്. കോടികളുടെ അഴിമതികൾ നടന്നു എന്നുള്ള ആക്ഷേപം നിലനിൽക്കവേയാണ് എസ്.എൻ.സി. ലാവ്‌ലിന് തന്നെ കുറ്റ്യാടി എക്സ്റ്റൻഷൻ പദ്ധതിയുടെ നിർമ്മാണവും ഏൽപ്പിച്ചു കൊടുക്കാൻ പോകുന്നത്. ഈ സ്ഥാപനത്തിന് തന്നെ കൊടുക്കും എന്നുള്ളതിന്റെ പ്രകടമായ തെളിവാണ്. ഞാൻ സമയമില്ലാത്തതുകൊണ്ട് വാദിക്കുന്നില്ല. മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി ശ്രീ. വേണുഗോപാൽ കെ.എസ്.ഇ.ബി. സിവിൽ മെമ്പർക്ക് അയച്ച കത്തിൽ ടെൻഡർ ഫൈനലൈസ് ചെയ്തിട്ടില്ല. ഡി.പി.ആർ. പോലും തയ്യാറാക്കിയിട്ടില്ല. അതിന് മുമ്പ് തന്നെ മന്ത്രിയും എസ്.എൻ.സി. ലാവ്‌ലിനുമായുള്ള അവിഹിതമായ ബന്ധമാണ് ഈ കത്തിലൂടെ വ്യക്തമാകുന്നത്. എസ്.എൻ.സി. ലാവ്‌ലിന് ഈ പ്രവൃത്തി കൊടുക്കാനുള്ള നീക്കത്തിൽ കോടികളുടെ അഴിമതിയുണ്ട്. അതുകൊണ്ട് ഈ കാര്യത്തെക്കുറിച്ച് ഒരു സിറ്റിംഗ് ജഡ്ജിയെ വച്ച് അന്വേഷിപ്പിക്കണം. കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ പദ്ധതിക്ക് ആവശ്യമായ

LIBRARY ARCHIVES Kerala Legislative Assembly

വെള്ളവും കുറ്റ്യാടി ജലവൈദ്യുത പദ്ധതിയിലെ മൂന്ന് ജനറേറ്ററുകൾ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ വെള്ളവും ലഭ്യമാക്കുന്നതിനുവേണ്ടി നിർമ്മാണത്തിലിരിക്കുന്ന പദ്ധതിയാണ് കുറ്റ്യാടി ആഗ്മെന്റേഷൻ പദ്ധതി. ഈ പദ്ധതിയിലെ കരാറുകാരനും ഇലക്ട്രിസിറ്റി ബോർഡും തമ്മിലുള്ള തർക്കത്തിന്റെ ഫലമായി പദ്ധതികൾ വർഷങ്ങളായി സ്തംഭനാവസ്ഥയിലാണ്. ഇത് സംബന്ധിച്ചുള്ള തർക്കത്തിൽ ഹൈക്കോടതിയും സുപ്രീം കോടതിയും ഇടപെട്ട് തീർപ്പ് കൽപ്പിച്ചതാണ്. ഇതുവരെ ഇത് നടപ്പാക്കാൻ ഇലക്ട്രിസിറ്റി ബോർഡോ ഗവൺമെന്റോ തയ്യാറായിട്ടില്ല. ഈ പദ്ധതി നടപ്പാക്കിയാൽ മാത്രമേ കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ പദ്ധതി അടക്കം പ്രവർത്തനക്ഷമമാവുകയുള്ളൂ. ഈ ആഗ്മെന്റേഷൻ പദ്ധതി എന്റെ നിയോജകമണ്ഡലത്തിലാണ്. ഈ പദ്ധതി പൂർത്തിയാക്കിയാൽ 30 ലക്ഷം രൂപയുടെ വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയും എന്നാണ് കണക്ക്. ഹൈക്കോടതി വിധി വന്നപ്പോൾ ഇത് നടപ്പിലാക്കിയിരുന്നുവെങ്കിൽ വൈദ്യുതി ബോർഡിന് ചുരുങ്ങിയത് 318 കോടി രൂപയെങ്കിലും ലാഭിക്കാമായിരുന്നുവെന്നാണ് കണക്ക്. ഇതും കമ്മീഷൻ തർക്കത്തിൽ കുടുങ്ങി കിടക്കുകയാണ് എന്നാണ് അറിയുന്നത്. ഇവിടെ എന്റെ സുഹൃത്ത് ശ്രീ. ഷൺമുഖദാസ് വേറെ ഒന്നുരണ്ട് കാര്യങ്ങൾ പറഞ്ഞു. ശ്രീ. ഷൺമുഖദാസിന്റെ ചില മെയ്വഴക്കാണ്. മേഘാലയയിൽ ബി.ജെ.പി.യുടെ കൂടെ, മഹാരാഷ്ട്രയിൽ ഞങ്ങളുടെ കൂടെ, ഇവിടെ സി.പി.എമ്മിന്റെ കൂടെ. എന്റെ ഷൺമുഖദാസേ, തൊലിക്കട്ടി വളരെ കൂടുതലാണ്. ഇവിടെ ഡിസാസ്റ്റർ മാനേജിംഗ് കമ്മിറ്റി ഉണ്ടാക്കിയിട്ടുണ്ട്. അതിന്റെ ചെയർമാൻ ശ്രീ. ശരത് പവാർ ആണ്. കാബിനറ്റ് റാങ്ക് ആരാണ് കൊടുത്തിരിക്കുന്നത് ? ബി.ജെ.പി. ഗവൺമെന്റ് എന്റെ സുഹൃത്ത് ശ്രീ. രാജേന്ദ്രൻ ഒരു കാര്യം ഇവിടെ പറഞ്ഞു. കോൺഗ്രസ്സും ബി.ജെ.പി.യും തമ്മിൽ ഒരു കാലത്തും സഖ്യം ഉണ്ടാക്കിയിട്ടില്ല. കോൺഗ്രസ്സും ബി.ജെ.പി.യും തമ്മിൽ സഖ്യം ഉണ്ടാക്കാൻ ഒക്കില്ല. കാരണം അഖിലേന്ത്യാതലത്തിൽ ബി.ജെ.പി.യും കോൺഗ്രസും തമ്മിൽ മത്സരം നടക്കുമ്പോൾ നമ്മുടെ അല്ലറ ചില്ലറ കാര്യങ്ങൾക്കുവേണ്ടി കോൺഗ്രസ്സിന് സഖ്യം ഉണ്ടാക്കാൻ ഒക്കില്ല. പക്ഷേ, 1967-ൽ ബീഹാറിൽ സി.പി.എം-ഉം അന്നത്തെ ജനസംഘം അടക്കം ഒന്നായി സഖ്യത്തിലായിരുന്നു എന്നുള്ള കാര്യം ശ്രീ. രാജേന്ദ്രൻ മറന്നുപോയോ ? എന്തിനാണ് ഈ വലിയ വിപ്ലവ പ്രസംഗം നടത്തുന്നത് ? മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് അത് പറയാൻ കഴിയുമോ ? 1977-ൽ എന്താണുണ്ടായത് ? അടിയന്തിരാവസ്ഥയുടെ പേര് പറഞ്ഞ് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയും ബി.ജെ.പി.യും തമ്മിൽ പരസ്യമായി സഖ്യമുണ്ടാക്കിയില്ലേ? അന്ന് ഉദുമയിൽ മത്സരിച്ചത് ശ്രീ. കെ.ജി. മാരാർ ആണ്. അവരുടെ ചെയർമാൻ ശ്രീ. ഇ. കെ. നായനാരും. എന്താണ് പിന്നെ ഇതൊക്കെ പറയുന്നത് ? നിങ്ങളാണ് കാലാകാലങ്ങളിൽ ഒളിഞ്ഞും തെളിഞ്ഞും തത്വദീക്ഷയില്ലാത്ത സംഖ്യമുണ്ടാക്കിയതിന്റെ ഫലമായി കേവലം രണ്ട് അംഗങ്ങൾ മാത്രമുള്ള ബി.ജെ.പി. ഇന്നത്തെ ഭരണസൗഹാർദ്ദത്തിൽ എത്തിയിരിക്കുന്നു. ശ്രീ. വി. പി. സിംഗ് ഭരിക്കുമ്പോഴും നിങ്ങൾ എടുത്ത തീരുമാനം അതാണ്. ശ്രീ. വി. പി. സിംഗിന്റെ മന്ത്രിസഭയിൽ ബി.ജെ.പി. യുടെ നേതാക്കന്മാരോടൊപ്പം നിന്നുകൊണ്ട് സി. പി. എമ്മിന്റെ നേതാവ്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഹർക്കിഷൻസിംഗ് സുർജിത്തും സി.പി.ഐയുടെ നേതാവ് ഇന്ദ്രജിത്ഗുപ്തയും അവിടെയിരുന്നല്ലേ കാര്യങ്ങൾ തീരുമാനിച്ചത്? ഈ രാജ്യത്ത് മതന്യൂനപക്ഷ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് ഇൻഡ്യൻ നാഷണൽ കോൺഗ്രസ് എക്കാലത്തും ശ്രമിച്ചിട്ടുണ്ട്. ഇനിയും ശ്രമിക്കും. ഈ രാജ്യത്തെ ഏറ്റവും വലിയ മതേതര രാഷ്ട്രീയ പ്രസ്ഥാനമാണ് കോൺഗ്രസ്. അത് നിഷേധിക്കാൻ കഴിയില്ല. ചിലപ്പോഴെങ്കിലും സത്യം തുറന്നു പറയാൻ നിങ്ങൾ നിർബന്ധിതരായിട്ടുണ്ട്. മോചനയാത്രയെക്കുറിച്ച് പറഞ്ഞു. മോചനയാത്രയിൽ ബഹുമാന്യനായ നമ്മുടെ നേതാവ് ശ്രീ. എ. കെ. ആന്റണി ബി. ജെ. പി.യെക്കുറിച്ച് ഒന്നും പറഞ്ഞില്ല എന്നാണ് പരാതി. നിങ്ങൾ ആരെങ്കിലും പ്രസംഗം കേട്ടിട്ടുണ്ടോ? നിങ്ങൾ പ്രസംഗം ശ്രദ്ധിച്ചിട്ടാണോ പറയുന്നത്? അവിടെയും ഇവിടെയും കേൾക്കുന്നത് വച്ച്..... ഈ രാജ്യത്ത് ഏറ്റവും വലിയ അപകടകരമായ രാഷ്ട്രീയ പ്രസ്ഥാനം ബി.ജെ.പി. ഉറച്ചു വിശ്വസിക്കുന്ന രാഷ്ട്രീയ പ്രസ്ഥാനമാണ്. പക്ഷേ, കേരളത്തിൽ നിയമസഭാ തെരഞ്ഞെടുപ്പ് വരുമ്പോൾ ബി. ജെ. പി.യെ മാത്രം പറഞ്ഞതുകൊണ്ട് കാര്യമായോ? നിങ്ങൾ ചെയ്ത കുറ്റങ്ങൾ ഈ സംസ്ഥാനത്തിലെ ജനങ്ങളെ ഓരോ ദിവസം കഴിയുന്തോറും ജനങ്ങളുടെ ചോരകുടിക്കുന്ന രക്തരക്ഷസ്സായി മാറിയ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരണത്തെകുറിച്ച് ഒന്നും പറയാതിരിക്കാൻ ഒരു പാർട്ടിക്ക് കഴിയുമോ? നിയമസഭാ തെരഞ്ഞെടുപ്പ് വരുകയല്ലേ? നിയമസഭാ തെരഞ്ഞെടുപ്പ് വരുമ്പോൾ ബി.ജെ.പി.ക്ക് അവരുടേതായി മാത്രം പറയാൻ കഴിയുമോ? നിയമസഭാ തെരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുമ്പോൾ ഈ സംസ്ഥാനത്തിനെ ഈ തരത്തിലുള്ള ശവപ്പറമ്പാക്കി മാറ്റിയ ഒരു ഭരണകൂടമാണ്. കേരളത്തിലെ ജനങ്ങളെ കുത്തുപാള എടുപ്പിച്ച ഭരണകൂടമാണ്. ഏതു മേഖലയാണ് തകർന്ന് തരിപ്പണമാകാത്തത്? കാർഷിക മേഖല തകർന്നു തരിപ്പണമായി. വ്യാപാര മേഖല തകർന്നു തരിപ്പണമായി. വ്യവസായങ്ങൾ തകർന്ന് തരിപ്പണമായി. തൊഴിലവസരങ്ങൾ കുറഞ്ഞു. തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഓരോ ദിവസം കഴിയുന്തോറും ജീവിത പ്രയാസങ്ങൾ കൂടി വരുകയാണ്. ഞാൻ തൊഴിലാളി മേഖലയിൽ നിന്നും കടന്നു വന്നയാളാണ്. തൊഴിലാളി മേഖലയിലെ മാനേജുമെന്റ് ഇപ്പോൾ പറയുന്നതെന്താണെന്ന് അറിയാമോ? സ്റ്റാറ്റ്യൂട്ടറി ബനിഫിറ്റ് പോലും കൊടുക്കാൻ കഴിയുന്നില്ല. കാർഷികോല്പന്നങ്ങളുടെ വില കുറഞ്ഞിരിക്കുന്നു. ഞങ്ങൾക്ക് കൂലികൂട്ടി കൊടുക്കാൻ കഴിയുകയില്ല, വേണ്ടിവന്നാൽ ഞങ്ങൾ കൂലി കുറയ്ക്കുന്നതിനെക്കുറിച്ച് ആലോചിക്കും എന്നാണ് മാനേജുമെന്റ് പറയുന്നത്. പാവപ്പെട്ട ചെറുകിട കൃഷിക്കാരുടേയും കാപ്പികൃഷിക്കാരുടേയും കുരുമുളക് കൃഷിക്കാരുടേയും പ്രശ്നങ്ങൾ വരുമ്പോൾ ഗവൺമെന്റ് എന്താണ് ചെയ്യുന്നത്? കാപ്പികൃഷിക്കാരുടെ പ്രശ്നങ്ങൾ പറഞ്ഞ് പല ദിവസം ഇവിടെ വിലപിച്ച നിങ്ങൾ ആകെ ചെയ്തത് പർച്ചേസ് ടാക്സ് എട്ടു ശതമാനം ഉണ്ടായിരുന്നത് നാലു ശതമാനമാക്കി മാറ്റി, ബാക്കി നിങ്ങൾ എന്താണ് ചെയ്തത്? കേന്ദ്ര ഗവൺമെന്റ് താങ്ങുവില പ്രഖ്യാപിച്ചില്ലായെങ്കിൽ സംസ്ഥാന ഗവൺമെന്റ് താങ്ങുവില പ്രഖ്യാപിച്ചുകൂടേ? സർ, ഞങ്ങൾ ഈ സംസ്ഥാനത്ത് മാതൃക കാണിച്ചിട്ടുണ്ട്. 1982-87-ൽ ഭരിച്ച ഗവൺമെന്റ് അതു പോലെ 1991-96-ൽ ഭരിച്ച ഗവൺമെന്റ് ഈ സംസ്ഥാനത്ത് നാളികേരത്തിന്റെ വില കുറഞ്ഞപ്പോൾ, റബ്ബറിന്റെ വില കുറഞ്ഞപ്പോൾ, അതുപോലെതന്നെ

LIBRARY ARCHIVES Kerala Legislative Assembly

ഇഞ്ചിയുടെ വില കുറഞ്ഞപ്പോൾ കുരുമുളകിന്റെ വില കുറഞ്ഞപ്പോൾ ആ കാലങ്ങളിലൊക്കെ അതാതു ഗവൺമെന്റ് മാർക്കറ്റ് ഇന്റർവെൻഷൻ നടത്തിയിട്ടുണ്ട്. അതിന്റെ ഫലമായി സംസ്ഥാന സർക്കാരിന്റെ ഖജനാവിൽനിന്ന് കോടികൾ നഷ്ടമായിട്ടുണ്ട്. ലക്ഷക്കണക്കിനായ കർഷകർ പട്ടിണിയിലേക്ക് മടങ്ങുമ്പോൾ ആ കൃഷിക്കാരെ രക്ഷിക്കുന്നതിനുവേണ്ടി കോടികൾ നഷ്ടപ്പെടുത്തിയാലെന്താ ? ഒരു പത്തോ, നൂറോ കോടി നഷ്ടപ്പെടുത്തിയാലെന്താണ് ? കോടികൾ ഈ സംസ്ഥാനത്തിലെ അബ്കാരി മുതലാളിമാർക്ക് വേണ്ടി എഴുതിതള്ളുന്ന ഒരു സർക്കാർ, ആ സർക്കാരിന് പാവപ്പെട്ട ലക്ഷോപലക്ഷം വരുന്ന കൃഷിക്കാരുടെ താൽപ്പര്യം സംരക്ഷിക്കാൻവേണ്ടി കുറച്ചു കോടികൾ ഖജനാവിൽനിന്ന് പോയാൽ എന്താണ് നഷ്ടം ? നിങ്ങൾ ഇന്ന് കേന്ദ്ര ഗവൺമെന്റിനെ കുറ്റം പറയുകയാണ്. കേന്ദ്രഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങൾ ചെയ്യണം. ബി.ജെ.പി. ഗവൺമെന്റ് കർഷകരുടെ ന്യായമായ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നു എന്ന അഭിപ്രായമൊന്നും ഞങ്ങൾക്കില്ല, പക്ഷെ സംസ്ഥാന ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ഉണ്ട്. ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കാം. നിത്യോപയോഗ സാധനങ്ങളുടെ വില കുറച്ചു എന്നതാണ് വലിയ അവകാശവാദം. ഞാൻ ശ്രീ. ചന്ദ്രശേഖരൻ നായർ തന്ന ഒരു ലിസ്റ്റ് എടുത്തുനോക്കി, ആകെ വിലകുറഞ്ഞിരിക്കുന്നത് നാളികേരത്തിനും വെളിച്ചെണ്ണയ്ക്കുമാണ്. അങ്ങനെയ്ക്ക് അതെങ്കിലും കുറയ്ക്കാൻ കഴിഞ്ഞല്ലോ, അത്രയ്ക്കും സമാധാനിക്കാം. ഇത്രയും പറഞ്ഞു കൊണ്ട് ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഒരിക്കൽകൂടി എതിർക്കുന്നു.

മി. സ്പീക്കർ : ഫോട്ടോ എടുക്കുന്നതിന് ഒരു പതിനഞ്ചു മിനിട്ടു കൂടി വേണം എന്നുപറയുന്നു. വെയിൽകുറച്ചുകൂടി കുറയണം അപ്പോൾ ഒരാൾക്ക് കൂടി പ്രസംഗിക്കാം.

ശ്രീ. എളമരം കരീം : സർ, വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ അനുകൂലിക്കുന്നു. കേരളത്തിൽ ഇന്ന് ഭരണം നടത്തിക്കൊണ്ടിരിക്കുന്ന സർക്കാർ റിക്കോർഡ് സൃഷ്ടിച്ചിരിക്കുകയാണെന്ന് പ്രതിപക്ഷത്തുള്ളവരും ഭരണപക്ഷത്തുള്ളവരും സംസാരിച്ചപ്പോൾ സൂചിപ്പിക്കുകയുണ്ടായി. കഴിഞ്ഞ അഞ്ചുവർഷക്കാലമായി ഒരു അവിശ്വാസപ്രമേയത്തെ നേരിടാത്ത ഗവൺമെന്റ് ആണ് ഇന്ന് സംസ്ഥാനത്ത് ഭരണം നടത്തുന്നത് എന്നുള്ളതാണ് പ്രധാന പ്രത്യേകത. ചരിത്രത്തിൽ ആദ്യമായിരിക്കും ഒരു ഗവൺമെന്റിന് അവിശ്വാസപ്രമേയം പോലും നേരിടേണ്ടി വന്നിട്ടില്ലാത്ത അവസ്ഥ, മുൻപ് ഒരിക്കലും ഒരു ഗവൺമെന്റിന് ഇങ്ങനെ ഒരു ബഹുമതി ഉണ്ടായിട്ടില്ല. കഴിഞ്ഞ നാലു വർഷവും പത്തു മാസവും ജനങ്ങളെ അണിനിരത്തിക്കൊണ്ട് സർക്കാരിന് എതിരായി കാര്യമായ പ്രക്ഷോഭങ്ങളൊന്നും നടത്താൻ കഴിയാത്ത കഴിവുകെട്ട പ്രതിപക്ഷമെന്ന് പ്രതിപക്ഷപാർട്ടികളുടെ നേതാക്കന്മാർ പോലും വിശേഷിപ്പിക്കുന്ന പ്രതിപക്ഷത്തിന്റെ നേതാവ് ഈ അടുത്ത കാലത്ത് ഒരു മോചന യാത്ര നടത്തിയത് ഇവിടെയെല്ലാം പരാമർശ വിഷയമായി വിമോചനയാത്രയിൽ തുറന്ന വാഹനത്തിൽ പ്രതിപക്ഷനേതാവിന്റെ വലതു ഭാഗത്തുണ്ടായിരുന്ന ഒരു നേതാവിനെ ഇപ്പോൾ ഇവിടെ കാണുന്നില്ല. അദ്ദേഹത്തെ ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

കോടതി ജയിലിലേയ്ക്ക് അയയ്ക്കാൻ ഉത്തരവിട്ടിരിക്കുകയാണ്. ഒരു ദിവസം എങ്കിലും ജയിലിൽ കിടന്നതിന്റെ സർട്ടിഫിക്കറ്റും ആയിട്ട് ചെന്നാൽ സുപ്രീം കോടതിയിൽ നിന്ന് ജാമ്യം കിട്ടും എന്നാണ് കേൾക്കുന്നത്. അദ്ദേഹം ഒളിവിൽ ആണെന്നാണ് കേൾക്കുന്നത്. ഹൈക്കോടതി പറഞ്ഞത് അടിയന്തിരമായി വിജിലൻസ് കോടതി മുൻപാകെ സറണ്ടർ ചെയ്യണമെന്നാണ്. ആ കോടതി വിധി വിശദീകരിച്ചുകൊണ്ട് പത്രങ്ങളിലൊക്കെ വാർത്ത വന്നു. ഇതുപോലുള്ള അഴിമതിക്കാരെ ജനങ്ങൾ കൈകാര്യം ചെയ്യണമെന്നാണ് ഹൈക്കോടതി വിധി പരാമർശിക്കുന്നത്. നമ്മുടെ പ്രതിപക്ഷനേതാവിന്റെ തൊട്ട് വലതുഭാഗത്ത് ഉണ്ടായിരുന്ന ആളെ കൈകാര്യം ചെയ്യണമെന്നു വച്ചാൽ എങ്ങനെയാണ് അതിന്റെ ഭാഷ്യമെന്ന് നമുക്ക് അറിയാം. മാത്രമല്ല അന്നത്തെ പവർ സെക്രട്ടറി.

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : അങ്ങയുടെ നേതാവ് ഇപ്പോൾ തമിഴ്നാട്ടിൽ എവിടെ പോയാണ് കാപ്പി കുടിക്കുന്നത് ?

ശ്രീ. എളമരം കരീം : അന്നത്തെ പവർ സെക്രട്ടറി ഗോപാലകൃഷ്ണപിള്ളയെ കുറിച്ച് ഒരു പരാമർശം ഉണ്ട്. ഞാൻ ഉത്തരം പറയാം. ആ മനുഷ്യനെക്കുറിച്ച് ബഹുമാനപ്പെട്ട കോടതി പറഞ്ഞത് 'ഇത്തരത്തിലുള്ള വ്യക്തികളെ ഉത്തരവാദപ്പെട്ട കാര്യങ്ങൾ എങ്ങനെയാണ് ഏൽപ്പിക്കുക' എന്നാണ്. മാത്രമല്ല ഈ ഗോപാലകൃഷ്ണപിള്ളയെ പി.എസ്.സി.യുടെ ചെയർമാൻ ആക്കിയത് ഇന്നത്തെ പ്രതിപക്ഷ നേതാവ് മുഖ്യമന്ത്രി ആയിരിക്കുമ്പോഴാണ്.

ശ്രീ. എം. വി. ജയരാജൻ : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് എ. കെ. ആന്റണി പി. എസ്. സി. ചെയർമാൻ ആയിരുന്ന ഗോപാലകൃഷ്ണപിള്ളയുടെ ചായ വാങ്ങിക്കുടിച്ചിരുന്ന കാര്യം അങ്ങേയ്ക്ക് അറിയാമോ ?

ശ്രീ. എളമരം കരീം : ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മുഖ്യമന്ത്രി ആയിരിക്കുമ്പോഴാണ് അദ്ദേഹത്തെ പി.എസ്.സി.യുടെ ചെയർമാൻ ആക്കിയത്. അത്രയും ഉന്നതമായ സ്ഥാനമലങ്കരിക്കാനുള്ള ഗോപാലകൃഷ്ണപിള്ളയുടെ അർഹതയെ സംബന്ധിച്ച് അന്നുതന്നെ പ്രതിപക്ഷം ശക്തമായ വിമർശനം ഉന്നയിച്ചിട്ടുണ്ട്. പക്ഷെ ഒരിക്കൽപോലും ഇത്തരത്തിലുള്ള അഴിമതിക്കാരെ തന്നിൽനിന്ന് അകറ്റി നിർത്താനോ രാഷ്ട്രീയ രംഗത്ത് അത്തരം അഴിമതി നടത്തുന്നവരെ വിമർശിക്കാനോ പ്രതിപക്ഷമോ പ്രതിപക്ഷ നേതാവോ സന്നദ്ധമാകാത്തത് വിചിത്രമാണ്. ബാലകൃഷ്ണപിള്ളയ്ക്ക് എതിരെ ഇത്രയും വലിയ ഒരു കുറ്റം ചുമത്തിയിട്ടും യു.ഡി.എഫ്. എന്ന നിലയിൽ ഒരു നിലപാടോ ഒരു പരസ്യ പ്രസ്താവനയോ നടത്താത്തത് വിചിത്രമാണ്. അത്തരക്കാരെ യു.ഡി.എഫിൽ നിന്ന് മാറ്റി നിറുത്താനോ, അടുത്ത തെരഞ്ഞെടുപ്പിൽ നിന്ന് മാറ്റി നിറുത്തിയതിനോ ശക്തമായ നിലപാട് സ്വീകരിക്കാൻ അഴിമതിക്കെതിരായി ഗീർവാണ പ്രസംഗം നടത്തുന്ന പ്രതിപക്ഷം സന്നദ്ധമാകുമോ ? ഇത് ബാലകൃഷ്ണപിള്ളയുടെ കാര്യം മാത്രമല്ല, ഇതിന്റെ പിന്നാലെ വരാനിക്കുന്ന നേതൃത്വത്തിന്റെ ഒരു നിര തന്നെ..... ഇതുമാത്രമാണോ ? ഈ അസംബ്ലിയിൽ നടന്ന പ്രസംഗങ്ങളിലും പുറത്തു നടന്ന പ്രസംഗങ്ങളിലും ജനങ്ങളെ ബാധിക്കുന്ന പ്രശ്നത്തെക്കുറിച്ച് എന്തെങ്കിലും ഒരക്ഷരം പ്രതിപക്ഷനേതാവോ

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷമോ പറയുന്നുണ്ടോ ? കഴിഞ്ഞ ബഡ്ജറ്റിൽ കേരളത്തിലെ റേഷൻ സമ്പ്രദായം പൂർണ്ണമായും തകർക്കുന്ന പ്രഖ്യാപനമുണ്ടായി. പ്രതിപക്ഷ നേതാവിൽനിന്നും ഒരു പ്രതിഷേധ പ്രസ്താവനയുണ്ടാകുമെന്ന് ഞങ്ങൾ പ്രതീക്ഷിച്ചു. പക്ഷെ ബി.ജി.പി. ക്ക് അലോസരമുണ്ടാകുമോ എന്ന് ഭയന്ന് അദ്ദേഹം ഒന്നും മിണ്ടിയതായി കാണുന്നില്ല. അത് മാത്രമാണോ ? ആർ.എസ്.എസും, ബി.ജെ.പി.യും നടത്തുന്ന ഏതെങ്കിലും ആക്രമണങ്ങളെ അക്രമമായി കണ്ട് ആക്ഷേപിക്കാൻ പ്രതിപക്ഷനേതാവ് സന്നദ്ധമാകുന്നുണ്ടോ ? ഈ സഭയിലെ അംഗവും സി.പി.എം. ന്റെ സമുന്നതനേതാക്കളിൽ ഒരാളുമായ സഖാവ് ഇ.പി. ജയരാജനെ ബോംബ് എറിഞ്ഞ് കൊല്ലാൻ ശ്രമിച്ചു. ആ വസ്തുത ഒന്ന് പരാമർശിക്കുകയെങ്കിലും ചെയ്തോ ? ജയകൃഷ്ണൻ വധത്തെക്കുറിച്ചും ബോംബ് സ്ഫോടനത്തെക്കുറിച്ചും പ്രസംഗിക്കുമ്പോൾ ആർ.എസ്.എസ് നടത്തിയ നിരവധി അക്രമങ്ങളിൽ കൊല്ലപ്പെടുന്ന സി.പി.എം. പ്രവർത്തകരെക്കുറിച്ചോ അല്ലെങ്കിൽ ആർ.എസ്.എസ്. ഇതര വ്യക്തികളെ സംബന്ധിച്ചോ എന്തെങ്കിലും ഒരു പരാമർശം, ഒരു ഭംഗിവാക്ക് എങ്കിലും അങ്ങയുടെ ഭാഗത്തുനിന്ന് ഉണ്ടാകുമെന്ന് പ്രതീക്ഷിച്ചു. കണ്ണൂരിലെ അക്രമങ്ങളെക്കുറിച്ച് ഇങ്ങനെ പ്രതിപാദിച്ചുവന്നപ്പോൾ ഈ സഭയിലെ നാലഞ്ച് അംഗങ്ങളുടെ നേതൃത്വത്തിൽ സി.പി.എം. ന്റെ പ്രവർത്തകർ വാഹനങ്ങളിൽ അവരെ വഴിനീളെ നിന്ന് ബോംബ് എറിഞ്ഞ് കൊല്ലാൻ ശ്രമിച്ച ആർ.എസ്.എസ്. അക്രമത്തെക്കുറിച്ച് എന്തെങ്കിലും ഒരു പരാമർശം അദ്ദേഹത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടായോ ? ഇതൊക്കെ എന്തുകൊണ്ടാണ്. പ്ലസ് ടു സമരത്തിന്റെ മറവിൽ തലസ്ഥാനനഗരിയിൽ ആർ.എസ്.എസ്. നടത്തിയ പൈശാചികമായ പേക്കൂത്ത് കിഴക്കേക്കോട്ടയിലെ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ കയറി രാജേഷിനെ അടിച്ചുകൊന്ന സംഭവമുണ്ടായി, കോടിക്കണക്കിന് രൂപയുടെ സ്വത്ത് കൊള്ളയടിച്ച സംഭവം ഉണ്ടായി. സെക്രട്ടേറിയറ്റ് മുതൽ കിഴക്കേകോട്ട വരെയുള്ള സ്വകാര്യ വാഹനങ്ങൾ അടിച്ചുതകർത്തു. കടകൾ അടിച്ചുതകർത്തു, കൊള്ളയടിച്ചു. നിരവധി മന്ത്രിമാരും നേതാക്കന്മാരും ആ സ്ഥലത്ത് ചെന്ന് കടക്കാരെ സാന്ത്വനിപ്പിച്ചു. ആ പ്രശ്നത്തിൽ ശക്തമായി പ്രതികരിച്ചു, പക്ഷെ ആ സംഭവത്തിൽ പ്രതിഷേധ പ്രതികരണം പുറപ്പെടുവിക്കാത്ത കേരളത്തിലെ ഏക നേതാവ് ശ്രീ. എ.കെ. ആന്റണിയായിരുന്നു. എന്തുകൊണ്ട് ? ആർ.എസ്.എസ്സിന് അലോസരം ഉണ്ടാകുന്ന ബി.ജെ.പി. ക്ക് അനിഷ്ടമുണ്ടാകുന്ന ഒന്നും ചെയ്തുകൂടാ എന്ന നിർബന്ധബുദ്ധി വരാൻ പോകുന്ന തെരഞ്ഞെടുപ്പിലെ സ്നേഹബന്ധം ഉണ്ടാക്കാനുള്ള രാഷ്ട്രീയനീക്കം അല്ലാതെ മറ്റെന്താണ്. ഇത് സംബന്ധിച്ച് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ സ്വാഭാവികമായി പരാമർശിക്കും എന്ന് ഞാൻ വിചാരിക്കുന്നു. കേരളത്തിന്റെ സാമ്പത്തിക തകർച്ചയെക്കുറിച്ചെല്ലാം പരാമർശിക്കുന്നു. തകർന്നുകിടക്കുന്ന നാളികേര കൃഷിയെക്കുറിച്ചും റബ്ബർ കൃഷിയെക്കുറിച്ചും കാർഷിക മേഖലയെക്കുറിച്ചും എല്ലാം പറഞ്ഞു. പക്ഷെ ഇതിന്റെ ഉത്തരവാദിത്തത്തെ കുറിച്ച് പ്രതിപക്ഷനേതാവിനെ പോലെ ബഹുമാന്യനായ ഒരാൾ വസ്തുതാപരമായി പറയാതെ പ്രസംഗിക്കുന്നത് ശരിയാണോ ? ഇവിടെ വ്യവസായത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടി വളരെ ശ്രദ്ധേയമായ ചില പരാമർശങ്ങൾ നടത്തി, അദ്ദേഹം പറഞ്ഞ അഭിപ്രായത്തോടും അദ്ദേഹത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

നയത്തോടും ഞാൻ പൂർണ്ണമായി വിയോജിക്കുന്നു. എങ്കിലും ആ പറച്ചിലിൽ ഒരു ഗൗരവമുണ്ട്. പ്രശ്നത്തോടുള്ള ഒരു നല്ല സമീപനമുണ്ട്. ഈ വിധത്തിലാണോ പ്രതിപക്ഷനേതാവ് സംസാരിക്കുന്നത് പൊതുമേഖലാ വ്യവസായങ്ങൾ റീസ്ട്രക്ചർ ചെയ്യുന്നതിനെക്കുറിച്ച് പറഞ്ഞു. പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ റീസ്ട്രക്ച്ചർ ചെയ്യുന്നതിനെ സംബന്ധിച്ചും അതിനോട് ആദർശാധിഷ്ഠിതമായ കടുംപിടുത്തം നടത്തുന്നതിനെ സംബന്ധിച്ചും മുസ്ലീംലീഗ് നേതാവ് നടത്തിയ പരാമർശത്തോട് ഞാൻ പൂർണ്ണമായി വിയോജിക്കുന്നു. ഇന്നും കേരളത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതും തൊഴിലാളികൾക്ക് ശമ്പളം കിട്ടുന്നതുമായ പൊതുമേഖലാ സ്ഥാപനങ്ങൾ സംരക്ഷിച്ചു നിർത്താൻ ശ്രമിച്ചത് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ പൊതുമേഖലയോടുള്ള സമീപനത്തിന്റെ ഉത്തമദൃഷ്ടാന്തമാണ്. എന്നാൽ സ്റ്റീൽ കോംപ്ലെക്സ് തകർച്ചയിലാണ്. അത് കേരളത്തിലെ പൊതുമേഖലയുടെ തകർച്ച മാത്രമല്ല. സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡ് എന്നു പറയുന്ന വമ്പിച്ച ലാഭമുണ്ടാക്കിയിരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനത്തിന്റെ ഉൽപ്പന്നങ്ങൾ വരെ ഇന്ത്യയിൽ കെട്ടിക്കിടക്കുകയാണ്. ജർമ്മനിയും ജപ്പാനും അവരുടെ രാജ്യത്തെ ഉൽപ്പന്നങ്ങളുടെ വിലയുടെ 30% കുറച്ച് ഇന്ത്യയിൽ ഡംപ് ചെയ്യുകയാണ്. അതിന്റെ ഉത്തരവാദിത്വം ഞങ്ങൾക്കല്ല. ഇറക്കുമതി നയം ഉദാരവൽക്കരിച്ച് 1991 മുതലുള്ള ഗവൺമെന്റുകളുടെ നയഫലമായിട്ടാണ്. ഇന്ത്യയിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനങ്ങൾ തകർന്നു കിടക്കുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ മാത്രമല്ല ടാറ്റായുടെ ടിസ്ക്കോ ഇന്ത്യയിലെ ഉരുക്കു നിർമ്മാണശാലകളിൽ പ്രഥമ സ്ഥാനം വഹിക്കുന്ന ടാറ്റാ അയൺ ആൻറ് സ്റ്റീൽ കമ്പനി തകർച്ചയിലാണ്. 25,000 തൊഴിലാളികളുടെ എണ്ണം കുറച്ചുകൊണ്ട് അത് റീ സ്ട്രക്ച്ചർ ചെയ്യാൻ അവർ ആലോചിക്കുകയാണ്. ഉദാരവൽക്കരണത്തിന്റെ പശ്ചാത്തലത്തിൽ അത് കുറച്ചുകൊണ്ടുവന്ന് വ്യവസായത്തെ സംരക്ഷിക്കുകയെന്നു പറഞ്ഞാൽ അത് പ്രായോഗികമാണോ ? ആ നിലപാട് സ്വീകരിച്ച സിങ്കപ്പൂരിന്റെയും ഇൻഡോനേഷ്യയുടെയും അനുഭവം എന്താണ് ? ഏഷ്യൻ കടുവകളെന്ന് അറിയപ്പെടുന്ന രാജ്യങ്ങളാണ്. അവരെ മാതൃകയാക്കി ലോകബാങ്കിന്റെ നിർദ്ദേശം സ്വീകരിക്കുകയെന്നതായിരുന്നില്ലേ നമ്മോടുള്ള അവരുടെ ഉപദേശം. ഇപ്പോൾ എവിടെ എത്തി ? അതുകൊണ്ട് ആ നിലപാടിനോട് എനിക്ക് ഒരിക്കലും യോജിക്കാൻ കഴിയുകയില്ല. പക്ഷെ പ്രശ്നങ്ങളെ അത്രയും ഗൗരവമായിട്ട് കാണുന്ന ഒരു സമീപനം കോൺഗ്രസ്സ് സുഹൃത്തുക്കൾ സ്വീകരിക്കുന്നുണ്ടോ ? കേരളത്തിലെ സാമ്പത്തിക, കാർഷിക, വ്യാവസായിക, വ്യാപാര രംഗത്തുണ്ടായ പ്രശ്നങ്ങളൊക്കെ ശ്രീ. രാമചന്ദ്രൻ മാസ്റ്റർ സൂചിപ്പിച്ചു. കാർഷിക മേഖലയിൽ വലിയ തകർച്ചയുണ്ടായി. കൃഷിക്കാരുടെ കയ്യിൽ വരേണ്ട 14,000 കോടി രൂപയുടെ വരുമാനം ഒരു വർഷം അവർക്ക് നഷ്ടമായി. അത് വ്യാപാരത്തെ ബാധിക്കുകയില്ലേ, അത് കമേഴ്സ്യൽ ടാക്സിനെ ബാധിക്കുകയില്ലേ, ഗവൺമെന്റിന്റെ വരുമാനത്തെ ബാധിക്കുകയില്ലേ ? കേവലം രാഷ്ട്രീയ താൽപ്പര്യം വച്ച്, സംസ്ഥാനത്തെ തൊഴിലാളികളെപ്പോലും വിസ്മരിച്ചുകൊണ്ടുള്ള ഈ നിലപാട് നിങ്ങളെ എവിടെക്കൊണ്ടു ചെന്നെത്തിക്കും. ഇടതുപക്ഷ ജനാധിപത്യമുന്നണിക്കെതിരായി കഴിഞ്ഞ 5 വർഷക്കാലം കാര്യമായ ഒരാരോപണം ഉന്നയിക്കാൻ നിങ്ങൾക്ക് ആർക്കെങ്കിലും കഴിഞ്ഞോ ?

LIBRARY ARCHIVES Kerala Legislative Assembly

1987-ലെ ഗവൺമെന്റിന്റെ കാലത്ത് വിദ്യാഭ്യാസ നയത്തെചൊല്ലി നിങ്ങൾ സമരം നടത്തിയില്ലേ ? മലപ്പുറത്തെ മുസ്ലീം ലീഗ് പ്രവർത്തകർ കളക്ടറേറ്റിനു മുന്നിൽ നടത്തിയ സമരത്തിൽ വെടിവയ്പ്പുണ്ടായി, മരണമുണ്ടായി. അത് കഴിഞ്ഞ് ഇപ്പോൾ 4 വർഷവും 10 മാസവുമായിട്ട് അതുപോലെ ഒരു സമരം ഉയർത്തിക്കൊണ്ടു വരാൻ നിങ്ങൾക്ക് കഴിഞ്ഞില്ല, എന്തുകൊണ്ട് കോൺഗ്രസിന് കഴിഞ്ഞില്ല ? എല്ലാം കോഴി കോട്ടുവാവിടുന്നതുപോലെ. വല്ല കളക്ടറേറ്റിനു മുന്നിലും ഒരു സമരം നടത്തുക. കോട്ടയത്ത് ശ്രീ. ഉമ്മൻ ചാണ്ടി ഉത്തേജകമരുന്ന് കൊടുത്ത് ഒരു സമരം നടത്തിയതല്ലാതെ ജനങ്ങളെ അണിനിരത്തിക്കൊണ്ട് ഒരു സമരം നിങ്ങൾ നടത്തിയോ ? എന്തുകൊണ്ട് കഴിയാതെ പോയി. ഇപ്പോൾ ഏറ്റവും ഒടുവിൽ വീണു കിട്ടിയ ഒരു തുറുപ്പുചീട്ടാണ് നാദാപുരം പ്രശ്നം പോലുള്ള ചില ഒറ്റപ്പെട്ട ഏതെങ്കിലും പ്രദേശത്തെ ചില രാഷ്ട്രീയ സംഘട്ടനങ്ങൾ. ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടി ഇവിടെ 'betrayal' എന്നു പറഞ്ഞത് ഒരു വാക്ക് ഉപയോഗിച്ചു. ഞാൻ വളരെ ബഹുമാനത്തോടെ പറയട്ടെ അങ്ങയെപ്പോലുള്ള ഉത്തരവാദപ്പെട്ട നേതാക്കന്മാർ ഈ പ്രശ്നത്തോടെടുക്കുന്ന സമീപനമാണോ അങ്ങയുടെ പാർട്ടിയിലെ എല്ലാവരും എടുക്കുന്നത്. ഇവിടെ ശ്രീ. കുഞ്ഞാലിക്കുട്ടിയും ശ്രീ. പി. കെ. കെ. ബാവയും ഈ പ്രശ്നത്തെ ആസ്പദമാക്കിയുള്ള പരാമർശനങ്ങൾ അവതരിപ്പിച്ച രീതി, സമാധാനം ഉണ്ടാക്കുന്നതിന് ഒരു പ്രദേശത്ത് ശാന്തത കൈവരിക്കുന്നതിന് വളരെയേറെ സഹായകമാണെന്ന കാര്യത്തിൽ എനിക്ക് അഭിപ്രായ വ്യത്യാസമില്ല. മുഖ്യമന്ത്രിയുടെ സമാധാന യോഗത്തിലും നിങ്ങൾ എടുത്ത സമീപനം അതാണ്. ഞങ്ങളും ആ യോഗത്തിലുണ്ടായിരുന്നു. നാദാപുരത്തെ തിരുവാംപാടിയിൽ ഒരു സ്ത്രീയുടെ നേരെ നടന്ന അക്രമ സംഭവത്തെക്കുറിച്ച് ശ്രീ. ബാവ അവിടെ പരാമർശിച്ചതും ഇവിടെ പരാമർശിച്ചതും rape attempt എന്നാണ്. എന്നാൽ ബഹു. സോണിയാഗാന്ധിക്ക് മുന്നിൽ ആ സ്ത്രീയെ ഹാജരാക്കിക്കൊണ്ട് കോഴിക്കോട് ജില്ലയിലെ കോൺഗ്രസ് നേതൃത്വം പറഞ്ഞത് എന്താണ്. അതിനെ പരാമർശിച്ച് പത്രങ്ങളിൽ വന്നത് എന്താണ് ? ആ സ്ത്രീക്ക് 25,000 രൂപ നഷ്ടപരിഹാരം കൊടുക്കാൻ തീരുമാനിച്ച് ജില്ലാ കോൺഗ്രസ് പ്രസിഡന്റിനെ ഞങ്ങൾ ഏൽപ്പിച്ചു എന്ന വാർത്ത വന്നതോടെ മലയാള മനോരമ പരാമർശിച്ചത് എന്താണ് ? സി.പി.എം. കാരെ ഒറ്റപ്പെടുത്തി കേരള രാഷ്ട്രീയത്തിലെ ഏറ്റവും വൃത്തികെട്ടരീതി എന്നു പറയട്ടെ ആ പാർട്ടിയെ പരാമർശിക്കാൻ കോൺഗ്രസ് നേതൃത്വത്തെ എന്തിന് ഉപയോഗിച്ചു. കഴിഞ്ഞ ജനുവരി 11-ാം തീയതി പാറക്കടവിൽ ഒരു ചെറിയ അടിപിടിയിൽ ആരംഭിച്ച സംഘർഷം സമാധാനിപ്പിക്കാൻ വേണ്ടി ശ്രീ. എ. കണാരൻ എം.എൽ.എ. യും എം. കേളപ്പനും പി. കെ. കെ. ബാവയും ശ്രീ. സത്യൻ മൊകേരിയും ഉൾപ്പെടെയുള്ള നേതാക്കന്മാർ കിണഞ്ഞു പരിശ്രമിക്കുമ്പോൾ അതിനെ ബലാൽസംഗമായും രാഷ്ട്രീയ അക്രമമായും തിരിച്ചു വിട്ടത് ശ്രീ. ഉമ്മൻ ചാണ്ടിയും എ. കെ. ആന്റണിയും ശ്രീ. എം. വി. ആർ ഉം. നാദാപുരം സന്ദർശിച്ചശേഷമാണ്. നാദാപുരത്തെ പി. ഡബ്ല്യു.ഡി. റെസ്റ്റ്ഹൗസിൽ ആദ്യം അത് ബലാൽസംഗമായും ഉന്നയിച്ചത് ശ്രീ. എ.കെ. ആന്റണിയാണ്. എനിക്ക് പറയുന്നതിൽ ഖേദമുണ്ട്. സത്യത്തിന് നിരക്കാത്ത രീതിയിൽ ഈ പ്രശ്നത്തെ വളച്ചൊടിച്ച് സി.പി.എം.-നെ രാഷ്ട്രീയമായി കോർണർ ചെയ്യാൻ ശ്രമിച്ചത് കോൺഗ്രസ് നേതൃത്വമാണ്.

LIBRARY ARCHIVES Kerala Legislative Assembly

തിരുവാംപറമ്പിലെ നബീസയുടെ മാനത്തിന് 25,000 രൂപ തറവില നിശ്ചയിച്ചവരാണ് നിങ്ങൾ. അങ്ങനെയാണെങ്കിൽ മദ്ധ്യപ്രദേശിൽ 5 കന്യാസ്ത്രീകളെ മാനഭംഗം ചെയ്തില്ലേ ? ഒന്നേകാൽ ലക്ഷം രൂപ ശ്രീമതി സോണിയാഗാന്ധി കൊടുത്തോ ? അതിനുശേഷമാണോ ഇങ്ങോട്ടു വന്നത്. ഒരു പാവപ്പെട്ട സഹോദരിയുടെ മാനാഭിമാനത്തെ തെരുവിൽ ചവിട്ടി മെതിച്ചവരാണ് നിങ്ങൾ, നാല് വോട്ടുകൾക്കുവേണ്ടി. ഇത് എന്ത് രാഷ്ട്രീയമാണ്. നാദാപുരം സംഭവത്തെക്കുറിച്ച് മാധ്യമം വാരികയിൽ ശ്രീ. പി. ടി. നാസർ എഴുതിയ ഒരു ലേഖനത്തിലെ രണ്ട് വാക്കൾമാത്രം ഞാൻ ഉദ്ധരിക്കാം. ഇവിടെ വർഗ്ഗ സമരത്തെക്കുറിച്ചും വർഗ്ഗീയതയെക്കുറിച്ചു മൊക്കെ പറഞ്ഞല്ലോ. ദേശാഭിമാനി വാരികയിൽ ഈ സംഭവത്തെക്കുറിച്ച് എഴുതിയതിനെ സംബന്ധിച്ച് പി. ടി നാസർ പറയുകയാണ്. മനുഷ്യന്റെ സാമൂഹിക ബന്ധങ്ങളിൽ അന്തർലീനമായ വൈരുദ്ധ്യങ്ങളാണ് മിക്കവാറും പാർട്ടികൾ രാഷ്ട്രീയ സംഘർഷത്തിന് വിരാമമായി രൂപാന്തരപ്പെടുന്നത്. സാമൂഹിക രാഷ്ട്രീയ സംഘട്ടനങ്ങളിൽ ഇടതുപക്ഷ തൊഴിലാളി വർഗ്ഗ പ്രസ്ഥാനങ്ങൾ പങ്കാളികളാകുമ്പോൾ അതിന്റെ പേരിലുണ്ടായ സമരങ്ങൾക്ക് ജനകീയവും ജനാധിപത്യപരവുമായി ഉണ്ടാകേണ്ട ദിശാബോധവും കൈവരിക സ്വാഭാവികമാണ്. നാദാപുരത്തെ സംഘർഷങ്ങളുടെ മൂലകാരണം കർഷകത്തൊഴിലാളികൾ അപമാനിക്കപ്പെട്ടപ്പോൾ അവരുടെ നട്ടെല്ലിന് കരുത്തേകിയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം തൊഴിലാളികൾക്കൊപ്പം നിന്നപ്പോൾ പ്രമാണി മാടമ്പി താൽപ്പര്യങ്ങൾ സമുദായത്തിന്റെ മുഴുവൻ താൽപ്പര്യമായി വന്നു. അതുവഴി ജനാധിപത്യപരമായി നടക്കേണ്ട രാഷ്ട്രീയ സംവാദങ്ങൾക്ക് വർഗ്ഗീയ മുഖം കൈവന്നു. യഥാർത്ഥ പ്രശ്നം പിന്നോട്ട് തള്ളിമാറ്റപ്പെടുകയും സംഘർഷങ്ങൾ കേവലാ കക്ഷിരാഷ്ട്രീയത്തിന്റെ പേരുകളിൽ പ്രചരിപ്പിക്കപ്പെടുകയും ചെയ്തു. ദേശാഭിമാനിയുടെ വിശദീകരണമാണ്. എന്നിട്ട് നാസർ പറയുന്നു സത്യത്തോട് ഏറ്റവും അടുത്തു നിൽക്കുന്ന ഈ വിശദീകരണത്തിന്റെ വഴിയിൽ തന്നെയാണ് നാദാപുരത്തെ സംഭവങ്ങളുടെ സ്വഭാവവും. നിങ്ങൾ പലരും ഉദ്ധരിക്കുന്നതല്ലേ ഇവിടെ. നിങ്ങൾ ഉദ്ധരിച്ച കൂട്ടത്തിൽ ഇതും വായിക്ക്. നാദാപുരത്തെ സംഭവത്തെക്കുറിച്ച് .....മാധ്യമത്തെക്കാൾ മുസ്ലീം താൽപ്പര്യം ഉന്നയിക്കാൻ അർഹതയുള്ളവർ അപ്പുറത്തില്ല ശ്രീ. കെ.സി. ജോസഫ് ഒന്നും അതിന്റെ ആളുകളാകണ്ട. മാധ്യമം ദിനപത്രവും വാരികയും കേരളത്തിലെ ഇസ്ലാമിക് വിഷയങ്ങൾ എത്രമാത്രം ഉയർത്തിക്കൊണ്ടു വരുന്നുണ്ടെന്ന് ശ്രീ. കെ. സി. ജോസഫിനെക്കാൾ നന്നായിട്ട് എനിക്കറിയാം. അതുകൊണ്ട് കെ. സി. ജോസഫ് അതിന്റെ വക്താവാകണ്ട. മാധ്യമം വാരിക പറയുകയാണ്. നേതാക്കളെ അത്ര പെട്ടെന്ന് അനുസരിക്കുന്നവരല്ല നാദാപുരത്തെ മുസ്ലീംലീഗുകാർ. മുസ്ലീംലീഗിന്റെ സ്വഭാവത്തെക്കുറിച്ചാണ് പറയുന്നത്. നിങ്ങൾ കമ്മ്യൂണിസ്റ്റുകാരെ മാത്രം പറഞ്ഞാൽ പോര. ചരിത്രപരമായ കാരണങ്ങളാൽ സാമൂഹികപരമായ നിരവധി കാരണങ്ങളാൽ നേതൃത്വത്തിനും സംഘടനകൾക്കും അതീതരാകാനുള്ള പ്രവണത അവർക്കുണ്ട്. മുസ്ലീം യാഥാസ്ഥികത ഏറ്റവും രൂക്ഷമായി നിലനിന്ന പ്രദേശമാണ് നാദാപുരം. സമുദായത്തിന്റെ നാവോത്ഥാന, പുരോഗമന സംഘടനകൾക്കൊന്നും അവിടെ യാതൊരു സ്വാധീനവുമില്ല. ഈ സാമൂഹിക യാഥാർത്ഥ്യമൊന്നും കാണാതെ കോഴിക്കോട് ജില്ലയിൽ ഒരു

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തിലെ ഒരു പ്രദേശത്തു നടന്ന രാഷ്ട്രീയ സംഘർഷത്തെ കേരളത്തിലെ തെരുവുകളിലൂടനീളം വർഗ്ഗീയമാണെന്ന് ചിത്രീകരിച്ച കേരളത്തിലെ പ്രതിപക്ഷനേതാവിനെപ്പോലെ ഉന്നതനായ ഒരു നേതാവ് മെനക്കെട്ടത് അങ്ങേയറ്റം ദയനീയമാണ്. മറ്റൊരു രാഷ്ട്രീയവും ഉദ്ധരിക്കാൻ ഇല്ലാത്തതുകൊണ്ടാണ്. അതുകൊണ്ട് അങ്ങ് ഇത്തരം പ്രശ്നങ്ങളെക്കുറിച്ച് വിശദീകരിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. കേരളത്തിലെ രാഷ്ട്രീയ സംഘടനകളുടെ ചരിത്രത്തിൽ ആദ്യമായി പ്രതിയോഗിയെ കൊല്ലാൻ തോക്ക് ഉപയോഗിച്ചത് നാദാപുരത്താണ്. എന്റെ ബഹു. ലീഗ് സുഹൃത്തുക്കൾ അതിനെ ന്യായീകരിക്കുന്നുണ്ടോ ? ഏറ്റവും ബീഭൽസമായ രീതിയിൽ കാശ്മീർ തീവ്രവാദികൾ ഉപയോഗിക്കുന്നതുപോലെ തോക്ക് ഉപയോഗിച്ച് രാഷ്ട്രീയ പ്രതിയോഗിയെ കൊല്ലുന്ന തലത്തിലേയ്ക്ക് രാഷ്ട്രീയ സംഘർഷത്തെ എത്തിച്ചതിന്റെ ഉത്തരവാദിത്വത്തിൽനിന്നും കൈയൊഴിഞ്ഞ് രക്ഷപ്പെടാൻ വേണ്ടി വെറുതെ ആരോപണം ഉന്നയിക്കുകയാണ്. അതുകൊണ്ട് കേരള രാഷ്ട്രീയത്തിൽ ഇതുപോലുള്ള വില കുറഞ്ഞ പ്രചരണത്തിലേയ്ക്ക് ദയവു ചെയ്ത് പ്രതിപക്ഷ നേതാവിനെപ്പോലുള്ള ആളുകൾ പോകരുതെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നതോടൊപ്പം ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ടിനെ പിൻതാങ്ങുന്നു.

മി. സ്പീക്കർ : ഓർഡർ, ഓർഡർ സമയം സമാഗതമായി. ഇനി ചെറിയ ഇടവേളയാണ്. ഫോട്ടോ എടുക്കാൻ ഹാളിന്റെ പുറത്ത് മുൻഭാഗത്താണ് ക്രമീകരിച്ചിരിക്കുന്നത്. മുൻനിരയിൽ ഇരിക്കേണ്ട നേതാക്കന്മാരുടെ പേര് എഴുതി വച്ചിട്ടുണ്ട്. സഭയിലെ കക്ഷിനേതാക്കന്മാർ മുൻസ്പീക്കർമാർ എന്ന ക്രമത്തിലാണ്. നമുക്ക് അൽപ്പ സമയത്തേയ്ക്ക് സഭ പിരിയാം.

(സഭാംഗങ്ങളുടെ ഗ്രൂപ്പ് ഫോട്ടോ എടുക്കുന്നതിനുവേണ്ടി സഭ 3.50-ന് നിർത്തി വച്ചു.) (ഇടവേളയ്ക്കുശേഷം 4. 15 ന് വീണ്ടും സഭ യോഗം ചേർന്നു.)

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : സ്പീക്കർ സർ, ഈ ഗവൺമെന്റിന്റെ സംഭവബഹുലമായ അഞ്ച് വർഷങ്ങൾ ഏതാണ്ട് അവസാനിക്കാറായി. ഏപ്രിൽ മുതൽ ജൂലൈ വരെ നാലു മാസക്കാലത്തേയ്ക്ക് ആവശ്യമുള്ള പണം ചെലവഴിക്കാനുള്ള വോട്ട് ഓൺ അക്കൗണ്ടാണ് ഇപ്പോൾ ഇവിടെ ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നത്. സ്വാഭാവികമായും ഈ ഗവൺമെന്റിന്റെ അവസാന നാളുകളിൽ ചർച്ച ചെയ്യപ്പെടുന്ന വോട്ട് ഓൺ അക്കൗണ്ടിന്റെ ചർച്ചയ്ക്കിടയിൽ കഴിഞ്ഞ കാലങ്ങൾ വിലയിരുത്തപ്പെടും. അത്തരം ചർച്ചകൾ ഇവിടെ ഇന്നു രാവിലെ മുതൽ നടക്കുകയാണ്. എനിക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയോട് ആദ്യമായി ചോദിക്കാനുള്ളത് ഈ വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കിയാൽ ഈ വോട്ട് ഓൺ അക്കൗണ്ടിൽ അനുവദിക്കുന്ന പണം നിങ്ങൾ ചെലവിടുമോ ? ഈ വോട്ട് ഓൺ അക്കൗണ്ടിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രവർത്തനങ്ങൾക്കുവേണ്ടി മാത്രമായി ഈ പണം മുഴുവൻ നിങ്ങൾ ചെലവഴിക്കും ; അതിനല്ലാതെ മറ്റു യാതൊരു കാര്യങ്ങൾക്കും ഈ പണം ചെലവഴിക്കില്ല എന്ന് സഭയ്ക്ക് ഉറപ്പു നൽകാൻ അങ്ങേയ്ക്ക് കഴിയുമോ ? ഈ വോട്ട് ഓൺ അക്കൗണ്ട് ഇന്ന് നിങ്ങൾ

4. 15 P.M.]

LIBRARY ARCHIVES Kerala Legislative Assembly

ഭൂരിപക്ഷത്തോടുകൂടി പാസ്സാക്കിയെടുത്താൽ ഈ തുകകൾ വകമാറി ചെലഴിക്കില്ല എന്ന് അങ്ങേയ്ക്ക് ഈ സഭയിലൂടെ കേരളത്തിലെ മൂന്ന് കോടി ജനങ്ങളോട് സത്യം ചെയ്തു പറയാൻ സാധിക്കുമോ ? ഈ വോട്ട് ഓൺ അക്കൗണ്ട് പറയുന്ന ഓരോ മേഖലയിലേയും ജൂലായ് 31-നകം ഈ പണം ചെലവഴിക്കണമെങ്കിൽ ഇത് ആദ്യമായി പ്രഖ്യാപിക്കണം വക മാറിചെലവഴിക്കില്ലെന്ന്. ഏപ്രിൽ മുതൽ ജൂലൈ വരെയുള്ള പണമാണ്. നിർദ്ദേശിക്കപ്പെട്ട കാര്യങ്ങൾക്ക് ഈ പണം ചെലവഴിക്കണമെങ്കിൽ ആദ്യമായി ഞാൻ പറഞ്ഞതുപോലെ വകമാറി ചെലവഴിക്കില്ലെന്ന് അങ്ങ് ഉറപ്പു തരണം. അങ്ങ് പറയുന്ന ഉറപ്പു പാലിക്കണമെങ്കിൽ ആദ്യമായി വേറൊരു കണ്ടിഷനുണ്ട്. ഒരു കാര്യം നടക്കണം. ഇവിടെ ഇപ്പോൾ സംസ്ഥാനത്ത് നിലനിൽക്കുന്ന ട്രഷറി നിയന്ത്രണം എടുത്തു കളഞ്ഞാൽ മാത്രമേ ഈ പണം ചെലവഴിക്കാൻ സാധിക്കുകയുള്ളൂ. അങ്ങ് കഴിഞ്ഞ ആഴ്ച പറഞ്ഞു ട്രഷറി നിയന്ത്രണമൊക്കെ എടുത്തു കളഞ്ഞു എന്ന്. ഞാൻ അങ്ങയെ ഈ അവസരത്തിൽ വേദനിപ്പിക്കാൻ ആഗ്രഹിക്കുന്നില്ല. അങ്ങയുടെ പാർട്ടി തന്നെ അങ്ങയോട് നീതി ചെയ്യുന്നു എന്നെനിക്കഭിപ്രായമില്ല. ഈ ഘട്ടത്തിൽ എന്റെ ഭാഗത്തു നിന്നു കൂടി ഒരു പുതിയ സമീപനം സ്വീകരിക്കാൻ ഞാനാഗ്രഹിക്കുന്നില്ല. ശ്രീ. ശർമ്മ ചിരിക്കേണ്ട. ശ്രീ. ശർമ്മയും സൂക്ഷിച്ചോ ? വലിയ പ്രശ്നങ്ങളാണ് ഇതൊക്കെ. ഞാൻ എല്ലാ കാലത്തും നാട്ടുകാരുടെ സംരക്ഷണ വലയത്തിലാണ്. ജനങ്ങളുടെ സംരക്ഷണ വലയത്തിലാണ്. അതുള്ള കാലത്തോളം എനിക്ക് ഏതായാലും ശ്രീമതി മെഴ്സിക്കുട്ടി അമ്മ ഉൾപ്പെടെയുള്ള ആൾക്കാരുടെ ആക്രമണത്തെ ഭയപ്പെടേണ്ട ആവശ്യം വരുന്ന ഘട്ടത്തിൽ എന്നെ എന്റെ നാട്ടുകാർ സഹായിക്കാറുണ്ട്. എനിക്കതുകൊണ്ട് പേടിയില്ല. ഞങ്ങളെല്ലാം ആവശ്യം വരുമ്പോൾ, കൊല്ലനും കൊല്ലത്തിയും ഒന്നാണ്. അതിനെക്കുറിച്ച് ആലോചിച്ചിട്ട് കാര്യമില്ല. അതൊന്നും കണ്ട് നിങ്ങൾ കട്ടിൽ നോക്കേണ്ട. അവസാനത്തെ വൈക്കോൽ തുരുമ്പ് അതാണ്. അത് മാറ്റി വച്ചേയ്ക്കൂ. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇന്ന് പ്രഖ്യാപിക്കുമോ ? ട്രഷറി നിയന്ത്രണം അവസാനിപ്പിച്ചിരിക്കുന്നു എന്ന്. ട്രഷറി നിയന്ത്രണം പൂർണ്ണമായി അവസാനിപ്പിച്ചാൽ മാത്രമേ, ഈ വോട്ട് ഓൺ അക്കൗണ്ട് പാസ്സായി കഴിഞ്ഞാൽ ആ പണം വിനിയോഗിക്കാൻ സാധിക്കുകയുള്ളൂ. ഞാൻ ഈ മൂന്നു കാര്യങ്ങൾ പറയാൻ കാരണം അഞ്ചു വർഷത്തെ നിങ്ങളുടെ ട്രാക്ക് റിക്കാർഡ് വളരെ മോശമായതാണ്. പറയുന്ന കാര്യങ്ങൾക്ക് പണം ചെലഴിച്ചിട്ടില്ല. നിയമസഭ പാസ്സാക്കി തന്ന കാര്യങ്ങൾക്കുവേണ്ടി നിങ്ങൾ അഞ്ചു വർഷവും പണം ചെലവഴിച്ചിട്ടില്ല. വകമാറി ചെലവാക്കുന്നത് നിങ്ങളുടെ ഒരു പ്രവർത്തന ശൈലിയായി മാറിയിരിക്കുന്നു. ഒരു സ്വകാര്യ വ്യക്തിയാണ് അങ്ങനെ ചെയ്തിരുന്നതെങ്കിൽ എത്രയോ തവണ ഇരുമ്പഴിക്കുള്ളിൽ പോകേണ്ടതായിരുന്നു. സർക്കാരായതുകൊണ്ട് ഒന്നും സംഭവിക്കുന്നില്ല എന്ന് മാത്രമേയുള്ളൂ. വകമാറി ചെലവഴിക്കുന്നത് ഈ ഗവൺമെന്റിന്റെ ഒരു സ്ഥിരം പരിപാടിയാണ്. പിന്നെ ട്രഷറികൾക്ക് നിയന്ത്രണവുമുണ്ട്. അതുകൊണ്ടാണ് ഞാൻ പറയാൻ ഇടയായത്. ഈ സർക്കാരിന്റെ വിശ്വാസ്യത പൂർണ്ണമായും നഷ്ടപ്പെട്ടു പോയി. സഭയോടുള്ള വാക്ക് പാലിക്കുന്നില്ല. ജനങ്ങളോടുള്ള വാക്ക് പാലിക്കുന്നില്ല. ഭരണത്തലവന്മാരോടുള്ള വാക്ക് പാലിക്കുന്നില്ല. കാരണം നിങ്ങൾ ചെയ്ത മൂന്നുനാല് സംഭവം ഞാൻ പറയാം.

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ കഴിഞ്ഞ 1999 നവംബർ 11-ന് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഓർഡിനൻസ് ഇറക്കി. The Kerala Infrastructure Investment Fund Ordiance, 1999. കഴിഞ്ഞ നവംബർ 11-ന് കൊണ്ടുവന്നതാണ്. ഒന്നര വർഷം ആകാൻ പോകുന്നു. അന്ന് ഇപ്പുറത്തുള്ള മെമ്പർമാർ ചോദിച്ചു, എന്തിനാണ് ഓർഡിനൻസ് ഇത്ര അടിയന്തിരമായി ഇറക്കുന്നത് ? എന്ത് സംഭവിച്ചു ? അതിനുള്ള ഏർപ്പാടൊക്കെ ആയിട്ടുണ്ടോ ? അതിനുള്ള സംവിധാനമായിട്ടുണ്ടോ ? അന്ന് അങ്ങ് പറഞ്ഞു, മറ്റ് സ്റ്റേറ്റുകളെല്ലാം കടം വാങ്ങിക്കൊണ്ടിരിക്കുന്നു. ബഡ്ജറ്റിന് പുറത്തുനിന്നുള്ള പണം വാങ്ങി മറ്റ് സ്റ്റേറ്റുകൾ വികസനരംഗത്ത് കുതിച്ചുപായുന്നു. അടിസ്ഥാന സൗകര്യങ്ങൾക്ക് ആവശ്യമായ പണം മറ്റ് സ്റ്റേറ്റുകൾ എല്ലാം വാങ്ങുന്നു. കേരളം ഈ കാര്യത്തിൽ ഇപ്പോൾ നടപടി സ്വീകരിച്ചില്ലെങ്കിൽ നാം പിന്നിലായിപ്പോകും. നമ്മൾ മാഹാരാഷ്ട്രയുടെ, ആന്ധ്രയുടെ, തമിഴ്നാടിന്റെ, പഞ്ചാബിന്റെ, കർണ്ണാടകയുടെ പിന്നിലായിപ്പോകാതിരിക്കാൻ വേണ്ടി അങ്ങ് തിടുക്കം പിടിച്ചാണ് ഈ ഓർഡിനൻസ് ഇവിടെ പ്രഖ്യാപിച്ചത്. ആ ഓർഡിനൻസ് ഇറക്കിയിട്ട് ഇപ്പോൾ ഒരു വർഷവും 5 മാസവുമായി. ആ ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ നിങ്ങൾ 507 കോടി രൂപ പിരിച്ചു. അതായത് 507 കോടി 6 ലക്ഷം രൂപ പിരിച്ചു. 22-2-2001-ൽ അസംബ്ലിയിൽ അങ്ങ് തന്ന മറുപടിയാണ്. ഇതിന്റെ പലിശ ഇനത്തിൽ 71,55,15,507 രൂപ ചെലവാക്കി. ശ്രീമതി ഗൗരി അമ്മയും, ശ്രീ. ജോണി നെല്ലൂരും, ശ്രീ. മുരളിയും ശ്രീ. കെ. ബാബുവും ഒക്കെ അങ്ങയോട് ഒരു ചോദ്യം ചോദിച്ചു. (സി)-ചോദ്യം, ഈ ഫണ്ടിൽ നിന്ന് തുക ചെലവഴിച്ച് നടപ്പിലാക്കാനായി എത്ര സ്കീമുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്നും അവ ഏതെല്ലാം എന്നും അവയ്ക്കായി എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ? ഉത്തരം, ഈ സ്കീമുകൾക്ക് ഒന്നും അംഗീകാരം നൽകിയിട്ടില്ല. അങ്ങ് ഓർഡിനൻസ് കൊണ്ടുവന്നതാണ്. മറ്റ് സ്റ്റേറ്റുകൾക്ക് പിറകിൽ കേരളം പോകാതിരിക്കാൻ വേണ്ടി ഒന്നരവർഷം മുൻപ് ഓർഡിനൻസ് ഇറക്കി, അങ്ങ് പണം സമാഹരിച്ചു, അതായത് 507 കോടി രൂപ സമാഹരിച്ചു. 71 കോടി രൂപ പലിശ കൊടുത്തു. അതായത് 71,55,15,507 രൂപ. ഈ കടക്കെണിയിലായ സംസ്ഥാനം, 71 കോടി രൂപ അങ്ങ് പലിശയിനത്തിൽ കൊടുത്തു. ഒറ്റ സ്കീമിന് സാംഗ്ഷൻ നൽകിയിട്ടില്ല. ഈ സംസ്ഥാനത്തെ ജനങ്ങളോട് ഈ സർക്കാർ കാണിച്ച ക്രൂരതയല്ലേ ഇത്. വഞ്ചനയല്ലേ ഇത് ? നിങ്ങളെ ആര് വിശ്വസിക്കും ? നിങ്ങൾ ഓർഡിനൻസ് ഇറക്കി, പാസ്സാക്കി. അങ്ങയുടെ ഉത്തരമാണിത്. 22-2-2001 -ലെ ഉത്തരമാണ്. അതാണ് ഞാൻ ഈ സർക്കാർ വകമാറി ചെലവാക്കിയോയെന്ന് ചോദിക്കുവാൻ കാരണം. നിങ്ങളുടെ ക്രെഡിബിലിറ്റിയിൽ ഈ സംസ്ഥാനത്തെ ജനങ്ങൾക്ക് വിശ്വാസമില്ലാത്തതുകൊണ്ടാണ് ഞാൻ ചോദിക്കുവാൻ കാരണം. കഴിഞ്ഞ വർഷത്തെ സ്ഥിതിയെന്താണ് ? സർക്കാർ ആശുപത്രികളിൽ ഇന്ന് ജീവൻ രക്ഷാ മരുന്നുകൾ ഇല്ല. പക്ഷെ അതിന് പണം തന്നില്ലേ ? 1999-2000-ത്തിൽ ആരോഗ്യ ഡിപ്പാർട്ടുമെന്റിനുവേണ്ടി ഈ അസംബ്ലി പാസ്സാക്കിത്തന്ന തുകയിൽ 80 കോടി രൂപ നിങ്ങൾ ചെലവാക്കിയിട്ടില്ല. ആശുപത്രിയിൽ രോഗികൾ ജീവൻ രക്ഷാ മരുന്ന മേടിക്കാൻ പരക്കം പായുന്നു. ഇതല്ലേ സ്ഥിതി. അടുത്തത് ശ്രീ. വി.സി. കബീറിന്റെ മറുപടിയാണ്. 19-2-2001, പരിയാരം മെഡിക്കൽ കോളേജിന് ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ

LIBRARY ARCHIVES Kerala Legislative Assembly

അംഗീകാരം ലഭിച്ചോ ? ലഭിച്ചുവെങ്കിൽ എന്ന് ? ഉത്തരം : പരിയാരം മെഡിക്കൽ കോളേജിന് ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ സ്ഥിരം അംഗീകാരം ലഭിച്ചിട്ടില്ല. സി-യ്ക്കും ഡി-യ്ക്കും മറുപടി അങ്ങ് പറഞ്ഞിരിക്കുന്നത്, 31-3-2001 -ന് മുൻപേ മെഡിക്കൽ കൗൺസിൽ റെഗുലേഷൻ പ്രകാരമുള്ള സൗകര്യങ്ങൾ പൂർണ്ണമായി ഏർപ്പെടുത്തിയിട്ടില്ലെങ്കിൽ പരിയാരം മെഡിക്കൽ കോളേജിന്റെ എം.ബി.ബി.എസ് ബിരുദം അംഗീകരിക്കരുതെന്ന് ഇന്ത്യൻ മെഡിക്കൽ കൗൺസിൽ സബ് കമ്മിറ്റി കേന്ദ്ര ആരോഗ്യ വകുപ്പിനോട് ശുപാർശ ചെയ്തിട്ടുണ്ട്. സഹകരണ മേഖലയിൽ നടത്തിവന്നിരുന്ന കോളേജ് കുറച്ചുകൂടി ഫലപ്രദമായി നടപ്പാക്കാൻ വേണ്ടി യാണ് അത് സർക്കാർ ഏറ്റെടുത്തത്. ഇന്ന് ആ കോളേജിന്റെ അംഗീകാരം റദ്ദാക്കാൻ പോകുന്നു. ഈ സഭ നൽകിയ 80 കോടി രൂപ ഹെൽത്ത് ഡിപ്പാർട്ട്മെന്റിൽ ഉണ്ടായിട്ട് ആ പണം ചെലവാക്കാതെയാണ് നിങ്ങൾ ഇന്ന് പരിയാരം മെഡിക്കൽ കോളേജിനെ ഈ നിലയിൽ എത്തിച്ചിരിക്കുന്നത്. അവിടെ പഠിക്കുന്ന വിദ്യാർത്ഥികൾ പലരും മാനസിക അസ്വസ്തതയിലാണ്. അവരുടെ രക്ഷകർത്താക്കളും ആകെ വിഷമത്തിലാണ്. വടക്കേ മലബാറിലെ വികസനത്തിന് ഇവിടത്തെ ആരോഗ്യ പ്രശ്നത്തിന്, അവിടത്തെ ജനങ്ങളെ സഹായിക്കാൻ വേണ്ടി സ്ഥാപിച്ച ഒരു കോളേജിനെ 80 കോടി രൂപ ഈ അസംബ്ലി പാസ്സാക്കിത്തന്നിട്ടും നിങ്ങൾ ഞെക്കിക്കൊല്ലുകയാണ്. ഈ അവസ്ഥയിൽ നിങ്ങളെ ആര് വിശ്വസിക്കും അതാണ് ഇപ്പോൾ എനിക്ക് സംശയം. ഇവിടെ കോൺട്രാക്ടർമാർ നിങ്ങൾ കൊടുക്കാനുള്ള പണം കിട്ടാഞ്ഞിട്ട്, രണ്ട് പേർ ആത്മഹത്യ ചെയ്തു. ഈ നിയമസഭ 1999-2000-ൽ പി.ഡബ്ലിയു.ഡി. ക്ക് വേണ്ടി പാസ്സാക്കിയ തുകയിൽ 90 കോടി 43 ലക്ഷം രൂപ നിങ്ങൾ ചെലവാക്കിയിട്ടില്ല. ഞങ്ങൾ പി.ഡബ്ല്യു.ഡി. ക്ക് പാസ്സാക്കി നല്കിയ തുക കൈയിൽ വച്ചുകൊണ്ട് അത് ലാപ്സാക്കിക്കൊണ്ട് പി.ഡബ്ലിയു.ഡി. കോൺട്രാക്ടർമാരുടെ ആത്മഹത്യയ്ക്ക് നിങ്ങൾ വഴി വച്ചുവെന്നുമാത്രമല്ല ഈ സംസ്ഥാനത്ത് ഉടനീളം റോഡുകളുടെയും പാലങ്ങളുടെയും പണി സ്തംഭിച്ചിരിക്കുകയാണ്. ഇന്ന് തിരുവനന്തപുരത്ത് എല്ലാ എക്സിക്യൂട്ടീവ് എഞ്ചനീയർമാരുമുണ്ടല്ലോ, എന്താ കാര്യം, റോഡിന് ടാറില്ല, ടാർ കൊടുക്കില്ല, ഈ സർക്കാർ പറഞ്ഞിട്ട് ടാർ കൊടുക്കാൻ കമ്പനി തയ്യാറാകുന്നില്ല. ഞങ്ങൾ പാസ്സാക്കിത്തന്ന 90 കോടി രൂപ എവിടെ ചെലവാക്കി ? ഈ അസംബ്ലി പാസ്സാക്കി തന്ന തുക ഉണ്ടായിട്ട് നിങ്ങൾ കോൺട്രാക്ടർമാർക്ക് പണം കൊടുത്തില്ല. 90 കോടി 43 ലക്ഷം രൂപ പി.ഡബ്ലിയു.ഡി. ക്ക് തന്നത് ചെലവാക്കിയോ ? വിദ്യാഭ്യാസത്തിനുവേണ്ടി അനുവദിച്ച തുകയിൽ 250 കോടി 62 ലക്ഷം രൂപ നിങ്ങൾ ചെലവാക്കിയില്ല. പക്ഷെ രണ്ടര വർഷമായി പ്ലസ് ടുവിൽ നിയമനം ലഭിച്ച അദ്ധ്യാപകർ ശമ്പളമില്ലാതെ പരക്കം പായുകയാണ്. നിങ്ങളുടെ വാക്കുകൾ ആർക്ക് വിശ്വസിക്കാൻ സാധിക്കും. അതിനേക്കാൾ ക്രൂരമാണ് മറ്റ് ചില കാര്യങ്ങൾ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ കാര്യം. കാർഗിൽ യുദ്ധമുണ്ടായപ്പോൾ അങ്ങ് പറഞ്ഞു, എം.എൽ.എ മാർ എല്ലാപേരും സംഭാവന ചെയ്യണമെന്ന്. എം.എൽ.എ. മാർ എല്ലാപേരും, നിയമസഭാ സെക്രട്ടറിയേറ്റിലെ മുഴുവൻ ജീവനക്കാരും, കേരള സർക്കാരിന്റെ കീഴിൽ പണിയെടുക്കുന്ന മുഴുവൻ ജീവനക്കാരും പ്യൂൺ മുതൽ ഗവൺമെന്റ് സെക്രട്ടറി വരെ, ഫാക്ടറികളിലെ ജീവനക്കാർ, പാവപ്പെട്ടവർ,

LIBRARY ARCHIVES Kerala Legislative Assembly

കർഷകർ, കച്ചവടക്കാർ, വ്യാപാരികൾ, വ്യവസായികൾ, ഈ നാട് ഒന്നടങ്കം ഒരിക്കലുമുണ്ടാകാത്ത നിലയിൽ മുഖ്യമന്ത്രിയുടെ ആഹ്വാനം സ്വീകരിച്ചുകൊണ്ട് 13,03,20,585 രൂപ കാർഗിൽ ഫണ്ടിലേക്ക് സംഭാവന ചെയ്തു. 19-2-2001-ൽ മുഖ്യമന്ത്രി ഡോക്ടർ എം.എ. കുട്ടപ്പനും ശ്രീ. കെ. ബാബുവിനും ശ്രീ. ഡൊമിനിക് പ്രസന്റേഷനും നൽകിയ മറുപടിയാണ്. കാർഗിൽ യുദ്ധത്തെ തുടർന്ന് കാർഗിൽ ജവാന്മാരെ സഹായിക്കുന്നതിനായി മുഖ്യമന്ത്രിയുടെ നിധിയിലേയ്ക്ക് പതിമൂന്നു കോടി മൂന്നു ലക്ഷത്തി ഇരുപതിനായിരത്തി അഞ്ഞൂറ്റി എൺപത്തഞ്ച് രൂപ കിട്ടി. ഈ തുകയിൽ ഇതുവരെ മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമനിധിയിൽ നിന്നും ഒരു കോടി എൺപത്തെട്ടു ലക്ഷം രൂപ മാത്രം അവർക്കു കൊടുത്തു. നാടിനുവേണ്ടി അതിർത്തിയിൽ പോയി ചോര ചീന്തി ജീവാർപ്പണം ചെയ്ത ജവാന്മാരുടെ പേരിൽ നിങ്ങൾ ആ കാശു വാങ്ങി. അവരെ വിറ്റ് കാശാക്കിയില്ലേ ? ഇതെന്തു സർക്കാർ ? ഇത്ര ക്രൂരന്മാരാണോ നിങ്ങൾ ? അവിടെ ജീവൻ പോയവരെ, ചോര ചീന്തിയവരെ, കണ്ണു പോയവരെ, കാലു പോയവരെ, കൈ പോയവരെ, സംരക്ഷിക്കാൻ വേണ്ടി കേരളത്തിലെ മുഴുവൻ ജനങ്ങളും കക്ഷിരാഷ്ട്രീയ വ്യത്യാസമില്ലാതെ, ജാതിമത വ്യത്യാസമില്ലാതെ, വർഗ്ഗ വ്യത്യാസമില്ലാതെ നിങ്ങൾക്കു നൽകിയ 13 കോടി രൂപയിൽ നിങ്ങൾ ഒരു കോടി 88 ലക്ഷം രൂപ മാത്രം കൊടുത്തിട്ട് ബാക്കി പണം നിങ്ങൾ വകമാറ്റി മറ്റു കാര്യങ്ങൾക്കുവേണ്ടി ചെലവാക്കിയില്ലേ ? ഇതെന്തു മര്യാദയാണ് ? 19-2-2001-ലെ ശ്രീ. കെ. പി. എ. മജീദ്, ശ്രീ. ഇ.എം. അഗസ്തി, ശ്രീമതി റോസമ്മ ചാക്കോ, ഡോ. എം. കെ. മുനീർ എന്നിവരുടെ ചോദ്യം. മുഖ്യമന്ത്രിയുടെ ഗുജറാത്ത് ഭൂകമ്പ ദുരിതാശ്വാസ നിധിയിലേക്ക് എന്തു തുക ഇതുവരെ പിരിഞ്ഞുകിട്ടി എന്നു പറയാമോ ? ഉത്തരം- മുഖ്യമന്ത്രിയുടെ ഗുജറാത്ത് ഭൂകമ്പ ദുരിതാശ്വാസ നിധിയിലേയ്ക്ക് 12-2-2001 വരെ രണ്ടു കോടി എൺപത്തിയൊന്നു ലക്ഷത്തി ഇരുപത്തി എട്ടായിരത്തി അഞ്ഞൂറ്റി ഒന്നു രൂപ പിരിഞ്ഞുകിട്ടി. ഈ നിധിയിലേക്ക് ഒട്ടാകെ പിരിഞ്ഞുകിട്ടിയതിൽ എന്തു തുക ഗുജറാത്ത് ഗവൺമെന്റിന് കൈമാറി ? തുക ഗുജറാത്ത് ഗവൺമെന്റിന് കൈമാറിയിട്ടില്ല. എന്നാൽ ഈ നിധിയിൽനിന്നും കേരള ഗവൺമെന്റ് 25 ലക്ഷം രൂപയ്ക്കുള്ള കമ്പിളികളും ടെന്റുകളും വാങ്ങി ന്യൂഡൽഹിയിലെ ഗുജറാത്ത് റെസിഡന്റ് കമ്മീഷണർക്ക് കൈമാറിയിട്ടുണ്ട്. ചോദ്യം (ഡി) സംസ്ഥാന സർക്കാർ ഗുജറാത്ത് ഭൂകമ്പ ബാധിതർക്ക് എന്തു തുക സഹായം നൽകാമെന്നാണ് പ്രഖ്യാപിച്ചത് ? ഇതുവരെ എന്തു തുക നൽകി ? ഉത്തരം- സംസ്ഥാന സർക്കാർ രണ്ടുകോടി രൂപയുടെ സഹായമാണ് പ്രഖ്യാപിച്ചത്. ഈ തുക നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്. നിങ്ങൾക്ക് എന്തുപറ്റി ? ഗുജറാത്തിലെ പാവപ്പെട്ട ആളുകൾക്കുവേണ്ടി പണം പിരിക്കുക, അത് മറ്റു കാര്യങ്ങൾക്കുവേണ്ടി ചെലവഴിക്കുക. കാർഗിലിൽ മരിച്ചവർക്കുവേണ്ടി പണം പിരിച്ച് വകമാറി ചെലവാക്കിയത് ക്രൂരതയാണ്. ഈ പാപം നിങ്ങളെ പിന്തുടർന്നുകൊണ്ടേയിരിക്കും. അവർ ശപിക്കാതിരിക്കട്ടെ എന്ന് ഞാൻ ആത്മാർത്ഥമായി ആഗ്രഹിക്കുകയാണ്. ഇതാണ് നിങ്ങളുടെ ട്രാക്ക് റിക്കാർഡ്. അതാണ് ഞാൻ ചോദിച്ചത്, ഇത് വകമാറി ചെലവാക്കുമോ എന്ന് 5 വർഷത്തെ നിങ്ങളുടെ ഭരണത്തെക്കുറിച്ചുള്ള ചർച്ചയ്ക്കിടയിൽ പങ്കെടുത്ത എന്റെ സുഹൃത്തുക്കൾ എല്ലാം സംസാരിച്ചു. ബഡ്ജറ്റ് ചർച്ചയിലും പങ്കെടുത്ത

LIBRARY ARCHIVES Kerala Legislative Assembly

എല്ലാവരും പറഞ്ഞു. സംസ്ഥാനം കടക്കെണിയിലാണ്. അതിന്റെ കണക്കുകളൊക്കെ പറഞ്ഞു. അതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. ധൂർത്തപുത്രന്മാരായ നിങ്ങളുടെ ഭരണം ഈ സംസ്ഥാനത്തെ കുളംതോണ്ടി കഴിഞ്ഞിരിക്കുന്നു. ഞാൻ അതിന്റെ കണക്കിലേക്ക് പോകുന്നില്ല. അഞ്ചുവർഷത്തെ ഭരണം അവസാനിക്കാൻ പോകുമ്പോൾ നിങ്ങൾ കാണിച്ച ഗുരുതരമായ ചില വീഴ്ച ഈ സഭയിൽ ചൂണ്ടിക്കാണിക്കാൻ പോകുകയാണ്. ഈ സംസ്ഥാനത്തിന്റെ ജീവൽ പ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ നിങ്ങൾ ഗുരുതരമായ വീഴ്ച കാണിച്ചു. ഞാൻ ഈ സഭയിൽ ഇല്ലാത്ത അവസരത്തിൽ ഞാൻ വളരെയേറെ ബഹുമാനിക്കുന്ന സിവിൽ സപ്ലൈസ് മന്ത്രി പറഞ്ഞു. "എ.കെ. ആന്റണിയാണ് ഇവിടെ റേഷൻ സമ്പ്രദായം തകർത്തത് എന്ന്." അങ്ങിൽ നിന്നും അത്തരം പരാമർശം ഉണ്ടാകാൻ പാടില്ലായിരുന്നു. പറഞ്ഞില്ല എങ്കിൽ അത്രയും ആശ്വാസം. എന്നാലും അത്, ഒരു ഇരട്ട റേഷൻ കാർഡ് ഇവിടെ ഒരു ചർച്ചാ വിഷയമായ സമിതിക്ക് ആർക്കാണ് ഇതിന്റെ പിതൃത്വം എന്ന് ഈ സഭയും കേരളത്തിലെ ജനങ്ങളും അറിയണ്ടേ? ഞാൻ ഒരു ബൂർഷ്വാ പത്രത്തേയും ആധാരമാക്കുന്നില്ല. സാക്ഷാൽ സത്യത്തിന്റെ മുഖമുള്ള, സത്യം മാത്രം സംസാരിക്കുന്ന, നേരറിയാൻ, നാം നേരത്തെ നേരറിയാൻ വായിക്കുന്ന ദേശാഭിമാനി പത്രം. 1996 ജൂൺ 6-ാം തീയതി വ്യാഴാഴ്ച പ്രസിദ്ധീകരിച്ച പത്രമാണ് ഇത്. അതിന്റെ ഫ്രണ്ട് പേജിലെ വാർത്ത-സംസ്ഥാനങ്ങൾക്ക് കൂടുതൽ അധികാരം. ഐക്യമുന്നണി ഘടകകക്ഷി നേതാക്കളുമായി നടത്തിയ സുദീർഘമായ ചർച്ചകൾക്ക് പ്രധാനമന്ത്രി ദേവഗൗഡ പ്രഖ്യാപിച്ച മിനിമം പരിപാടിയാണ്. ദേവഗൗഡ പ്രധാനമന്ത്രിയായിരുന്നപ്പോൾ ആഭ്യന്തര മന്ത്രി ബഹുമാന്യനായ ഇന്ദ്രജിത് ഗുപ്തയും കൃഷിമന്ത്രി ശ്രീ ചതുരാനൻ മിശ്രയും റിംഗ് മാസ്റ്റർ സാക്ഷാൽ സുർജിത്തും ആണ്. അന്ന് അദ്ദേഹം പറഞ്ഞിരിക്കുന്നത്, അവശ്യ സാധനങ്ങൾ ദരിദ്ര ജനവിഭാഗങ്ങൾക്ക് ലഭ്യമാക്കുന്നതിനും സാധനവില പിടിച്ചു നിർത്തുന്നതിനും ഉന്നം വച്ച് പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്തും. ദാരിദ്ര്യ രേഖയ്ക്ക് താഴെ കഴിയുന്ന കുടുംബങ്ങൾക്ക് അവശ്യ സാധനങ്ങൾ സാധാരണ വിലയുടെ നേർ പകുതിക്കു ലഭ്യമാക്കുന്നതിന് പ്രത്യേക കാർഡ് നൽകും. പ്രത്യേക കാർഡ് എന്ന ആശയം ഇന്ത്യയിൽ ആദ്യമായി അവതരിപ്പിച്ചത് ദേവഗൗഡ ഗവൺമെന്റാണ്. പൊതുവിതരണ ശൃംഖലയിൽ നിന്നുമുള്ള സാധനങ്ങൾ സമ്പന്ന വിഭാഗങ്ങൾക്ക് നൽകില്ല. ഇന്ത്യാ ഗവൺമെൻറിന്റെ കണക്കനുസരിച്ച് 25 ശതമാനത്തിനു താഴെ ജനങ്ങളാണ്. ദാരിദ്ര്യ രേഖയ്ക്കു താഴെ. ബാക്കി 75 ശതമാനം ജനങ്ങൾക്ക് റേഷൻ ഇല്ല എന്ന് ഔദ്യോഗികമായി തീരുമാനിച്ച് നയം ഉണ്ടാക്കിയത് ദേവഗൗഡ ഗവൺമെന്റാണ്. നിങ്ങളുടെ ഗവൺമെന്റാണ്. നിങ്ങൾ പാടിപ്പുകഴ്ത്തിയ ഗവൺമെന്റ്. അങ്ങ് ഇടയ്ക്കിടയ്ക്ക് ആന്റണി ആദായ നികുതി നൽകുന്നവർക്ക് റേഷൻ കൊടുക്കില്ല എന്നു പറഞ്ഞു. ശരിയാണ്. എന്റെ ഒരു സ്റ്റേറ്റ്മെന്റ്, ആദായ നികുതി നൽകുന്നവർക്ക് റേഷൻ ഇല്ല എന്ന ഒരു അഭിപ്രായപ്രകടനം ഞാൻ നടത്തി. ഇന്ത്യാ ഗവൺമെന്റ് അങ്ങനെ ഒരു തീരുമാനം എടുത്തിട്ടില്ല. കേരളത്തിലെ 3 കോടി ജനങ്ങളിൽ ആദായ നികുതി കൊടുക്കുന്നവരുടെ എണ്ണം 1.86 ശതമാനം ആണ്. ഇന്നലത്തെ, ലേറ്റസ്റ്റ് കണക്കാണ്. ഇൻകംടാക്സ് ഡിപ്പാർട്ടുമെന്റിൽ നിന്നും ഞാൻ ഇന്നലെ

LIBRARY ARCHIVES Kerala Legislative Assembly

എടുത്ത കണക്കാണ്. 1.86 ശതമാനം ആളുകൾ ആണ് ആദായ നികുതി കൊടുക്കുന്നവർ. ആദായനികുതി കൊടുക്കുന്നവർക്ക് റേഷൻ കൊടുക്കണ്ട എന്നുപറഞ്ഞത് ശരിയാണെങ്കിൽ തന്നേയും 75 ശതമാനം ജനങ്ങൾക്ക് റേഷൻ കൊടുക്കണ്ട എന്ന് തീരുമാനിച്ച നിങ്ങളുടെ സർക്കാരല്ലേ ഇവിടത്തെ റേഷനിംഗ് സമ്പ്രദായം ആദ്യമായി തകർത്തത്. ആ ഘട്ടത്തിൽ 1996-ൽ ദേവഗൗഡ ഗവൺമെന്റ് എടുത്ത, കേരളത്തിന്റെ റേഷനിംഗ് സമ്പ്രദായത്തിന്റെ കടയ്ക്കൽ കത്തിവയ്ക്കാൻ ഇടയാകുന്ന ദൂരവ്യാപക പ്രത്യാഘാതം ഉള്ള നിലപാട് സ്വീകരിച്ചപ്പോൾ നിങ്ങൾ എന്തുചെയ്തു ? ആ നയം മാറ്റാൻ നിങ്ങൾ ശ്രമിച്ചോ ? നിങ്ങൾ ആ കേന്ദ്ര മന്ത്രിസഭയിൽ തുടർന്നില്ലേ ? നയം മാറ്റാൻ ശ്രമിച്ചോ ? കേരള അസംബ്ലിയിൽ തൊട്ടതിനൊക്കെ പ്രമേയം കൊണ്ടുവരുന്ന നിങ്ങൾ, റൂൾ 300 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടുള്ളവരല്ലേ ? അതുപോലെ പ്രത്യേക ഡിസ്കഷന് നോട്ടീസ് കൊടുക്കുന്നവരല്ലേ ? അസംബ്ലിയിൽ പ്രമേയം പാസ്സാക്കുന്നവരല്ലേ ? ഈ 5 വർഷത്തിനിടയിൽ നിങ്ങൾ എപ്പോഴെങ്കിലും അങ്ങനെ ഒരു പ്രമേയത്തിന് നേതൃത്വം കൊടുത്തിട്ടുണ്ടോ ? ദേവഗൗഡ ഗവൺമെന്റ് കൊണ്ടുവന്ന റേഷനിംഗിന്റെ കടയ്ക്കൽ കത്തി വയ്ക്കുന്ന, ആ പുതിയ നയത്തെ നിങ്ങൾ അനുകൂലിച്ചു. നിങ്ങൾ അതിനെ അനുകൂലിച്ചു. നിങ്ങൾ അതിന് എതിരായി ശബ്ദം ഉയർത്തിയില്ല. നിങ്ങൾ ഡൽഹിയിൽ പോയി നിവേദനം കൊടുത്തില്ല. കേരളത്തിലെ സി.പി.ഐ. യുടെ യോ സി.പി.എം. ന്റേയോ സ്റ്റേറ്റ് കമ്മിറ്റികൾ പ്രമേയം പാസ്സാക്കിയില്ല. നിങ്ങളുടെ മന്ത്രിസഭ അതിനെതിരായി നിവേദനം കൊടുക്കാൻ തീരുമാനിച്ചില്ല. നിങ്ങൾ ഈ അസംബ്ലിയിൽ അതിനെതിരായി ഒരു പ്രമേയം കൊണ്ടുവരാൻ ശ്രമിച്ചില്ല. നിങ്ങളാണ് കേരളത്തിലെ സ്റ്റാറ്റ്യൂട്ടറി റേഷനിംഗിന്റെ കടയ്ക്കൽ കത്തിവയ്ക്കുന്നതിന്റെ ആദ്യകാരണക്കാർ. ഇതിന്റെ പാപം നിങ്ങളുടേതാണ്. ആദിപാപികൾ നിങ്ങളാണ്. നിങ്ങളുടെ ചുവടുപിടിച്ചുകൊണ്ട് ഇപ്പോൾ ബി.ജെ.പി. ഗവൺമെന്റ് പുതിയ ബഡ്ജറ്റിലൂടെ സബ്സിഡി വെട്ടിക്കുറക്കാനും എഫ്.സി.ഐ. യുടെ പ്രവർത്തനമേഖല പരിമിതപ്പെടുത്താനും തീരുമാനിച്ചു. എഫ്.സി.ഐ ഇപ്പോൾ ഏതാണ്ട് നശിക്കുന്ന രീതിയിലാണ്. നിങ്ങളുടെ ഗവൺമെന്റ് തുടരുന്ന നയങ്ങൾ ഇപ്പോൾ ബി.ജെ.പി. ഗവൺമെന്റ് കൂടുതൽ ശക്തമായി തുടർന്ന് പൊതുമേഖലാ സമ്പ്രദായം അവസാനിപ്പിക്കാൻ ശ്രമിക്കുന്നു. കേന്ദ്രത്തിൽ നരസിംഹറാവു ഗവൺമെന്റ് ഉദാരവൽക്കരണം കൊണ്ടുവന്നു. ആ കാലത്ത് നരസിംഹറാവുവും ഡോ. മൻമോഹൻസിംഗും ഒരു കാര്യം ശ്രദ്ധിച്ചിരുന്നു. കാർഷിക ഉൽപ്പന്നങ്ങളുടെ ഇറക്കുമതി തീരുവ ഏറ്റവും കൂടുതൽ ഉയർത്താൻ ശ്രമിച്ചു. ശ്രീ. നരസിംഹറാവു ഇറങ്ങിപ്പോകുന്ന 1996-ൽ ഞാൻ മുഖ്യമന്ത്രിയായിരുന്ന ഗവൺമെന്റ് ഇറങ്ങിപ്പോകുമ്പോൾ, ഉദാരവൽക്കരണത്തിന്റെ 5-ാം വർഷം കേരളത്തിൽ നാളികേരത്തിന്റെ വില 7 രൂപയും റബ്ബറിന്റെ വില 67 രൂപയും കാപ്പിയുടെ വില 120 മുതൽ 135 രൂപ വരെയുമാണ്. തേയിലയ്ക്ക് റിക്കാർഡു വിലയായിരുന്നു. അതുപോലെ അടയ്ക്കായ്ക്കും റിക്കാർഡു വിലയായിരുന്നു. ഈ ഘട്ടത്തിൽ ശ്രീ. നരസിംഹറാവുവിന്റെ ഗവൺമെന്റ് മറ്റൊന്ന് ചെയ്തു. ഉദാരവൽക്കരണത്തിന്റെ കാലഘട്ടത്തിൽ ഓരോ ബഡ്ജറ്റിലും ഗ്രാമീണ മേഖലയ്ക്ക് നീക്കിവച്ചിരുന്ന തുക വർദ്ധിപ്പിച്ചുകൊണ്ടിരുന്നു. ഉദാരവൽക്കരണത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

കാലഘട്ടത്തിൽ പാവപ്പെട്ടവർക്കും ഗ്രാമീണജനതയ്ക്കും പ്രയാസങ്ങൾ ലഘൂകരിക്കാൻ വേണ്ടിയുള്ള നടപടികളായിരുന്നു സ്വീകരിച്ചത്. അതിന് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. നിങ്ങളും അതാണ് ചെയ്യേണ്ടിയിരുന്നത് അതു ചെയ്യാതെ നിങ്ങൾ ഉറങ്ങിപ്പോയി. നിങ്ങൾ ചോദിച്ചല്ലോ 1996-ൽ ഉണ്ടായിരുന്ന കാർഷിക ഉൽപ്പന്നങ്ങളുടെ വില കുത്തനെ ഇടിയാൻ കാരണമെന്താണെന്ന് ? അത് പറയാം. ക്ഷമയോടുകൂടി കേൾക്കൂ. ഞാൻ പറഞ്ഞുതരാം. ഞാൻ വളരെ ക്ഷമയോടുകൂടിയാണ് സംസാരിക്കുന്നത്. ഇത് മാതൃഭൂമി പത്രമാണ്. 1997 മേയ് 12. 'ദക്ഷിണേഷ്യ സ്വതന്ത്ര വ്യാപാരമേഖലയാക്കും' ഐ.കെ. ഗുജ്റാളിന്റെ പ്രഖ്യാപനം. പുതിയ നൂറ്റാണ്ടിൽ ദക്ഷിണേഷ്യ സ്വതന്ത്ര വ്യാപാര മേഖലയാക്കാനുള്ള നയപരമായ തീരുമാനമെടുത്ത് ഐ.കെ. ഗുജ്റാളിന്റെ ഗവൺമെന്റാണ്. സാർക്ക് രാജ്യങ്ങളായ ഇന്ത്യ, ശ്രീലങ്ക, മാലി, നേപ്പാൾ, ഭൂട്ടാൻ, ബംഗ്ലാദേശ്, പാകിസ്ഥാൻ എന്നിവയെ സ്വതന്ത്രവ്യാപാര മേഖലയാക്കണം. തീരുവ വേണ്ട എന്നാണ് ഗുജറാളിന്റെ സ്വപ്നം. തീരുവയേ വേണ്ട. നിങ്ങളുടെ നയത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. വാജ്പേയി കൊളംബോയിൽ പോയി അത് ഒപ്പിട്ടു. നിങ്ങൾ തുടങ്ങിയത് ശ്രീ. വാജ്പേയി നടപ്പാക്കി. രണ്ടായിരം ഉൽപ്പന്നങ്ങൾ കുറഞ്ഞ തീരുവയ്ക്ക് ഇന്ത്യയിലേക്ക് ഇറക്കുമതി നടത്താനുള്ള തീരുമാനത്തിനു ശ്രീ. വാജ്പേയി ഒപ്പിട്ടു. എന്റെ പ്രിയപ്പെട്ട ഡെപ്യൂട്ടി സ്പീക്കറേ അന്നുമുതലാണ് തേയിലയുടെ വില കുറയാൻ തുടങ്ങിയത്. സാർക്ക് രാജ്യങ്ങളുമായുള്ള കരാർ ആണ് കേരളത്തിലെ നാണ്യവിളകളുടെ വില കുത്തനെ ഇടിയാനുള്ള പ്രധാനകാരണം. അന്ന് ഗുജ്റാൾ ഗവൺമെന്റ് നടപടി സ്വീകരിച്ചപ്പോൾ നിങ്ങൾ മൗനികളായി, നിങ്ങൾ പ്രതികരിച്ചില്ല. അന്ന് സംസ്ഥാന ഗവൺമെന്റ് (നിങ്ങൾ) വീഴ്ച കാണിച്ചു. അതുകഴിഞ്ഞ് വാജ്പേയി ഗവൺമെന്റ് കരാർ ഒപ്പിട്ടു. വാജ്പേയി കരാർ ഒപ്പിട്ടപ്പോൾ അതിനെതിരായി കേരളത്തിലെ മുഖ്യമന്ത്രിയോ, കേരള ധനകാര്യ വകുപ്പുമന്ത്രിയോ, ഇന്ത്യൻ പ്രധാനമന്ത്രിയെ കണ്ടോ ? ഈ കരാർ കേരളത്തെ പ്രതികൂലമായി ബാധിക്കുമെന്ന് പറഞ്ഞോ ? വളരെ മാസങ്ങൾ കഴിഞ്ഞാണ്, കേരള നിയമസഭയിൽ ചർച്ചയ്ക്കു ശേഷമാണ് അവിടെ പോയി ശ്രീമതി സുശീലാ ഗോപാലൻ ഒരു നിവേദനം സമർപ്പിച്ചത്. മുഖ്യമന്ത്രിയോ, ധനകാര്യവകുപ്പുമന്ത്രിയോ, കേരള ഗവൺമെന്റ് മൊത്തത്തിലോ അനങ്ങിയില്ല. രണ്ടായിരം ഉൽപ്പന്നങ്ങൾ, കാർഷിക ഉൽപ്പന്നങ്ങൾ മാത്രമല്ല, സമുദ്രോൽപ്പന്നങ്ങൾ ഉൾപ്പെടെ, കേരളത്തിന്റെ സമ്പദ്ഘടനയെ തകർക്കുന്ന എഗ്രിമെന്റ് വന്നപ്പോൾ ഇവിടെ പ്രതികരിച്ചോ ? ഇവിടെ ബന്ദ് നടത്തിയോ ? ഇവിടെ ഹർത്താൽ ഉണ്ടായോ ? ഇവിടെ നിവേദനമുണ്ടായോ ? നിങ്ങൾ നിശബ്ദത പാലിച്ചു. ഇന്ത്യാ ഗവൺമെന്റിന്റെ നയങ്ങൾ ഏറ്റവും കൂടുതൽ പ്രതികൂലമായോ അനുകൂലമായോ ബാധിക്കുന്നത് കേരളത്തിനെയാണ്. കേന്ദ്ര നയങ്ങളുടെ ആഘാതം പലപ്പോഴും കേരളത്തിൽ ഉണ്ടായിട്ടുണ്ട്. ഇത്തവണ കേന്ദ്ര ബഡ്ജറ്റും കേരളത്തിന് ആഘാതമാണ്. എന്റെ സ്റ്റേറ്റ്മെന്റ് നിങ്ങളിൽ പലരും വായിക്കാത്തത് നിങ്ങളുടെ പാർട്ടിയുടെ സ്റ്റേറ്റ്മെന്റുമാത്രം നിങ്ങൾ വായിക്കുന്നതുകൊണ്ടാണ്. ഞാൻ എങ്ങനെയാണ് അതിൽ പ്രതികരിച്ചത് എന്നറിയണമെങ്കിൽ നിങ്ങൾക്ക് എന്റെ സ്റ്റേറ്റ്മെന്റ് വായിച്ചുനോക്കാം. നിങ്ങൾ ഈ ബഡ്ജറ്റിന്റെ ചർച്ചാവേളയിൽ, യശ്വന്ത്സിൻഹ ബഡ്ജറ്റ് തയ്യാറാക്കുന്നതിനുമുൻപ് ഡൽഹിയിൽപോയി ചർച്ച നടത്തിയോ ? ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലെയും മുഖ്യമന്ത്രിമാരും, ധനകാര്യവകുപ്പുമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

മാരും ഡൽഹിയിൽ പോയി പ്രധാനമന്ത്രിയെക്കണ്ട് അവരുടെ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ പറഞ്ഞു. നിങ്ങൾ എന്തു ചെയ്തു ? നിങ്ങൾ നീണ്ട ഒരു ഫാക്സ് അയച്ചു. നിങ്ങൾ ഒരു സ്റ്റേറ്റ്മെന്റ് കൊടുത്തു. ബഡ്ജറ്റ് വന്നതിനുശേഷം പ്രതികരണമായി ഫാക്സ് കൊടുത്തു. ഇങ്ങനെയാണോ സംസ്ഥാന ഗവൺമെന്റ് സംസ്ഥാനത്തിന്റെ താൽപ്പര്യം സംരക്ഷിക്കേണ്ടത്. അതിനെക്കുറിച്ച് ഞാൻ പറയുന്നത്, കഴിഞ്ഞ 5 വർഷക്കാലമായി കേരളത്തെ ബാധിക്കുന്ന ജീവൽപ്രശ്നങ്ങളിൽ നിങ്ങൾ കുറ്റകരമായ അനാസ്ഥ കാണിച്ചുവെന്നാണ്. നിങ്ങൾ മാപ്പർഹിക്കാത്ത, ദയ അർഹിക്കാത്ത കുറ്റമാണ് കഴിഞ്ഞ 5 വർഷം ഈ സംസ്ഥാനത്തോടു ചെയ്തത്. ഇതിനെല്ലാം നിങ്ങൾക്ക് കണക്കുപറഞ്ഞ് ശിക്ഷകിട്ടുമെന്ന കാര്യത്തിൽ സംശയമില്ല. എന്താണ് ഇപ്പോഴത്തെ സ്ഥിതി ? ഇവിടെ വികസന പ്രവർത്തനങ്ങൾ നടക്കുന്നില്ല. വികസന പ്രതിസന്ധിയാണ്. പി.ഡബ്ലിയൂ.ഡി. വർക്കുകൾ നടക്കുന്നില്ല. ഈ സഭയിൽ ജനകീയാസൂത്രണത്തിന്റെ സ്തുതിഗീതങ്ങൾ അധികം കേൾക്കുന്നില്ലല്ലോ. പുറത്തും കേൾക്കുന്നില്ല. അതിന്റെ പ്രസിദ്ധീകരണങ്ങൾ കാണുന്നില്ല. പ്രചരണങ്ങളില്ല. നിങ്ങൾ ജനകീയാസൂത്രണത്തിനെ ഇപ്പോൾ എവിടെ കൊണ്ടെത്തിച്ചു. ജനകീയാസൂത്രണത്തിന് നിങ്ങൾ ആസൂത്രണം ഏർപ്പെടുത്തിയില്ലേ? അതല്ലേ സത്യം. ആകെ കൊടുത്തത് 2 ഗഡുവാണ്. 2 ഗഡു കിട്ടിയശേഷം അതിന്റെ ചെക്കുകളുമായി പുത്തൻ ആവേശത്തിൽ നമ്മുടെ പഞ്ചായത്ത് പ്രസിഡന്റുമാരും മുനിസിപ്പൽ ചെയർമാന്മാരും സഹോദരിമാരും ചെയർപേഴ്സൺമാരും ഒക്കെ ഓടുകയാണ്. അവരുടെ വീട്ടിൽ പലയിടത്തും രാവിലെ വലിയ പ്രശ്നങ്ങളാണ്. വീടുകളുടെ മുമ്പിൽ സംഘർഷമാണ്. ചെക്ക് മാറുന്നില്ല അതാണ് സ്ഥിതി, ജനകീയാസൂത്രണത്തെ നിങ്ങൾ കുളിപ്പിച്ച് കുളിപ്പിച്ച് കൊച്ചില്ലാതെയാക്കിയില്ലേ? അതല്ലേ ഇപ്പോൾ ഒടുവിൽ ഉണ്ടായിരിക്കുന്നത് ? കാർഷിക മേഖല പൂർണ്ണമായി തകർന്നു. ശ്രീ. കൃഷ്ണൻ കണിയാംപറമ്പിലിന്റെ പ്രഖ്യാപനങ്ങൾ, 50000 ടൺ കയറ്റി അയയ്ക്കും. എത്ര കയറ്റി അയച്ചു, എന്റെ പ്രിയ സഖാവേ? 50000 ടൺ കയറ്റി അയയ്ക്കും. 50000 ടൺ ബഫർ സ്റ്റോക്ക്. അങ്ങനെ ഒരു ലക്ഷം ടൺ നാളികേരത്തിന്റെ കാര്യം. അന്ന് ക്യാബിനറ്റ് കഴിഞ്ഞ് ബ്രീഫിംഗ് നടത്തിയപ്പോൾ മുഖ്യമന്ത്രി മാത്രമല്ല ബഹുമാന്യനായ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയുടെ വിശദീകരണവും ഞാൻ ടി.വി.യിൽ കണ്ടിരുന്നു. കൊപ്ര മാത്രമല്ല പച്ചത്തേങ്ങയും വാങ്ങും നാലര രൂപയ്ക്ക് എന്ന്. അങ്ങയെക്കുറിച്ച് ഇത് പറയേണ്ടി വന്നതിൽ എനിക്ക് വിഷമമുണ്ട്. ഈ കേരളത്തിൽ എവിടെയാണ് നാലര രൂപയ്ക്ക് നാളികേരം സംഭരിക്കുന്നത് ? ഇങ്ങനെ കേരളത്തിലെ റബ്ബർ, നാളികേരം കൃഷിക്കാർക്ക് ആശ കൊടുത്തിട്ട് നിരാശപ്പെടുത്തണമോ ? ഇതാണ് കാർഷിക മേഖല നേരിടുന്ന സ്ഥിതി ? പരമ്പരാഗത വ്യവസായം മുഴുവൻ തകർന്നില്ലേ ? കയർ മേഖല, മത്സ്യ മേഖല, കൈത്തറി മേഖല, ഖാദി മേഖല, ബീഡി മേഖല, ഓട് മേഖല, പ്ലൈവുഡ് മേഖല ഇവിടെയൊക്കെ പ്രശ്നമല്ലേ; പട്ടിണി മരണമല്ലേ ? കേരളത്തിൽ പട്ടിണി മരണംവരെ ഉണ്ടായിരിക്കുകയല്ലേ? പരമ്പരാഗത വ്യവസായ മേഖല മുഴുവൻ നിങ്ങൾ തകർത്തില്ലേ ? തൊഴിലില്ലായ്മ,..... പ്രതിവർഷം 10 ലക്ഷംപേർക്ക് തൊഴിൽ എന്നാണ് നിങ്ങളുടെ മാനിഫെസ്റ്റോയിൽ ഉണ്ടായിരുന്നത്. 1987-ലെ മാനിഫെസ്റ്റോയിൽ ഏറ്റവും മുഖ്യ അജണ്ട പ്രതിവർഷം 10 ലക്ഷംപേർക്ക് തൊഴിൽ എന്നതായിരുന്നു. ദേശാഭിമാനി പത്രത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യ ഹെഡ്ഡിംഗ് പ്രതിവർഷം 10 ലക്ഷം പേർക്ക് തൊഴിൽ എന്നതാണ്. അതു സാധിച്ചില്ല. പോരാത്തതിന് എന്താണ് സംഭവിച്ചത്? അഞ്ചുവർഷം കൊണ്ട് പുത്തനായി 10 ലക്ഷം പേരെക്കൂടി തൊഴിൽ രഹിതരാക്കി മാറ്റി. നിങ്ങൾ വരുമ്പോൾ കേരളത്തിലെ തൊഴിലില്ലാത്തവരുടെ എണ്ണം 32 ലക്ഷം ആയിരുന്നു. ഏറ്റവും ഒടുവിൽ ഇക്കണോമിക് സർവേ അനുസരിച്ച് അതു 42 ലക്ഷമായി. അതിരൂക്ഷമായ തൊഴിലില്ലായ്മ കേരളത്തിൽ ഉണ്ടായിരിക്കുന്നു. ഗൾഫുകാർ നിങ്ങളിൽ പലർക്കും കറവപ്പശുക്കളാണല്ലോ ? അവിടെ നിങ്ങൾ സ്ഥിരമായി പോകുന്നവരല്ലേ ? അവിടെച്ചെന്ന് ഗൾഫ് മലയാളികൾക്കുവേണ്ടി കണ്ണീർ പൊഴിക്കുമല്ലോ ? എന്തെല്ലാം പ്രഖ്യാപനം നടത്തി. ലക്ഷക്കണക്കിനു ഗൾഫുകാർ ഈ അഞ്ചുവർഷംകൊണ്ട് ഗൾഫിൽനിന്നും മടങ്ങിവന്നിട്ടുണ്ട്. അവരെ പുനരധിവസിപ്പിക്കുന്നതിനു ഈ സർക്കാർ എന്തുചെയ്തു ? ഗൾഫിൽ നിന്നുള്ളവരുടെ സഹായം വാങ്ങുകയല്ലാതെ, അവരെ കറവപ്പശുവാക്കാൻ ആഗ്രഹിക്കുകയല്ലാതെ ഈ കേരളത്തെ പട്ടിണി മരണത്തിൽനിന്ന് രക്ഷിക്കുവാൻ ഗൾഫിൽനിന്ന് മടങ്ങിവരുന്നവരെ പുനരധിവസിപ്പിക്കുവാൻ ഈ സർക്കാർ പ്രഖ്യാപനം അല്ലാതെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. പട്ടിണി മരണങ്ങൾ, ബോണക്കാട്, കാട്ടാക്കട, അച്ചൻകോവിൽ, അയ്യന്തോൾ, അട്ടപ്പാടി, മുക്കത്ത് ഇവിടെയൊക്കെ ഉണ്ടായി. കേരളത്തിൽ എല്ലാ സ്ഥലത്തും ഉണ്ടാകുന്നു. പണ്ടൊക്കെ എ.കെ. ഗോപാലന്റെയും ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെയും കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ ആൾക്കാർ, പട്ടിണി മരണം ഉണ്ടാകുമ്പോൾ അവിടെ ഓടിയെത്തി എന്തെല്ലാം സഹായങ്ങൾ ചെയ്യുമായിരുന്നു. നിങ്ങൾ ആ സ്ഥലത്തുപോലും പോയിട്ടില്ല. പോകുന്നവരെ കളിയാക്കും. നിങ്ങൾക്ക് വന്ന മാറ്റം. നിങ്ങൾ കണ്ണാടിയിലേയ്ക്ക് നോക്കൂ. പട്ടിണി മരണം നാട്ടിലെ സാധാരണ സംഭവമായി മാറുന്നു. ട്രഷറി പൂട്ടിയിരിക്കുന്നു. ഈ സംസ്ഥാനം ഇന്ന് പട്ടിണിയിലും ദാരിദ്ര്യത്തിലും തൊഴിലില്ലായ്മയിലും വിലക്കയറ്റത്തിലും ഒക്കെ നട്ടംതിരിയുമ്പോൾ നിങ്ങൾക്ക് അതിൽ കാര്യമായി ഒന്നും ചെയ്യുവാൻ കഴിയാത്തത് പോകട്ടെ കഷ്ടപ്പെടുന്ന ജനങ്ങളുടെ കൂടെ നിങ്ങൾ നിന്നോ? അവരുടെ ദുഃഖം നിങ്ങൾ പങ്കിട്ടോ ? ആ സന്ദർഭത്തിൽ നിങ്ങൾ, (ഈ സർക്കാർ) മാനവീയത്തിനുവേണ്ടി എത്രകോടി രൂപ മുടക്കി ? സംസ്ഥാന സർക്കാർ മാത്രമല്ല ഈ ഗവൺമെന്റിലെ മന്ത്രിമാരുടെ ആവശ്യപ്രകാരം കേരളത്തിലെയും കേരളത്തിൽ പ്രവർത്തിക്കുന്ന മറ്റ് പൊതുമേഖലാ ബാങ്കുകളെയും പബ്ലിക് സെക്ടറുകളെയും ഇവിടത്തെ സഹകാര്യ വ്യവസായികളെക്കൊണ്ട് സ്പോൺസർ ചെയ്ത് കോടിക്കണക്കിനു രൂപ മാനവീയത്തിനുവേണ്ടി ദീപാവലി കുളിച്ചു ; കേരളം പട്ടിണി കിടക്കുമ്പോൾ; കേരളത്തിൽ പട്ടിണി മരണങ്ങൾ നടക്കുമ്പോൾ അതാണ് നിങ്ങൾ ചെയ്തത്. വിദേശയാത്രകൾ, നിങ്ങളുടെ ആഡംബരത്തെക്കുറിച്ച് ഞാൻ പറയുന്നില്ല. ധൂർത്തിനെക്കുറിച്ച് ഞാൻ വിശദീകരിക്കുന്നില്ല. പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റിന്റെ പ്രസിദ്ധീകരണങ്ങൾ, കെട്ടുകെട്ടായി പ്രസിദ്ധീകരിക്കുകയല്ലേ; എത്ര കോടിയായി? സർ, ഈ സംസ്ഥാനത്ത് മറ്റൊരു ഗവൺമെന്റും ചെയ്യാത്ത ഒരു നടപടി ഉണ്ടായി. ഇവിടെ ജനകീയാസൂത്രണ പദ്ധതിയിൻ കീഴിൽ കക്കൂസ് നിർമ്മിക്കുവാൻ കൊടുത്ത ചെക്കുപോലും മാറാതെ, പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിക്കുവാൻ കൊടുത്ത ചെക്കുപോലും മാറാതെ, മൈത്രിഭവനത്തിനു കൊടുത്ത ചെക്കുപോലും മാറാതെ, കാർഗിൽ ജവാന്റെ വിധവയ്ക്ക് കൊടുത്ത ചെക്കുപോലും മാറാതെ കഷ്ടപ്പെടുന്ന കേരളത്തിൽ നിങ്ങൾ മാനവീയം മാത്രമല്ല.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എൻ. ജയദേവൻ : ജവാന്റെ വിധവയ്ക്ക് ചെക്ക് മാറ്റിക്കൊടുത്തു.

ശ്രീ. എ. കെ. ആന്റണി : അതു ഞാൻ പറഞ്ഞതിനുശേഷമാണ്. മോചന യാത്രകൊണ്ട് ഉണ്ടായ ഒരു ഗുണമാണ് അത്. ഇപ്പോൾ ദൂരദർശൻ, ഏഷ്യാനെറ്റ്, സൂര്യ, കൈരളി ഈ നാലു ചാനലുകൾക്കും പബ്ലിക് റിലേഷൻ ഡിപ്പാർട്ടുമെന്റ് "ഉണർവിന്റെ അഞ്ചുവർഷങ്ങൾ" സ്ഥിരമായി പരസ്യം ബുക്ക് ചെയ്തിരിക്കുകയാണ്. ദൂരദർശന്റെ പരസ്യത്തിന് 10 സെക്കന്റിനു 18,000 രൂപയാണ് ചാർജ് ചെയ്യുന്നത്. ഈ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായി ഇലക്ഷൻ അടുത്തപ്പോഴുള്ള ഒരു ഗവൺമെന്റ് പ്രചരണം. സർക്കാരിനു കാലിയായ ഖജനാവ്, വണ്ടിച്ചെക്ക് കൊടുത്ത ഗവൺമെന്റ്. നിങ്ങൾക്ക് അല്ലാതെ മറ്റാർക്കെങ്കിലും ഇതിനുള്ള തൊലിക്കട്ടി ഉണ്ടാകുമോ? എന്താണ് സർ ? ഈ സർക്കാർ അഴിമതി വിമുക്തമാണല്ലോ ; അഞ്ചുവർഷത്തിനിടയിൽ ഈ സഭയിൽ മുഖ്യമന്ത്രി ഉൾപ്പെടെ മിക്കവാറും മന്ത്രിമാർക്കെതിരെ ആരോപണം ഉണ്ടായി. പാർട്ടി നേതാക്കന്മാർക്കെതിരെ ഉണ്ടായി.

ശ്രീ. എം. വി. ജയരാജൻ : ശ്രീ. ആർ. ബാലകൃഷ്ണപിള്ളയെക്കൂടി അങ്ങ് ഓർക്കണം.

ശ്രീ. എ. കെ. ആന്റണി : നമ്മൾ ഒരുമിച്ചല്ലേ ഫോട്ടോ എടുത്തത്. നമ്മൾ ഒരുമിച്ച്, ശ്രീ. ബാലകൃഷ്ണപിള്ള ഉൾപ്പെടെ, ഫോട്ടോ എടുത്തു. എന്തിനാണ് വെറുതെ ..... മന്ത്രിമാർക്കെതിരെ, ഭരണകക്ഷി നേതാക്കന്മാർക്കെതിരെ, മന്ത്രിമാരുടെയും ഭരണകക്ഷിനേതാക്കന്മാരുടെയും ബന്ധുക്കൾക്കെതിരെ ആരോപണം ഉണ്ടായപ്പോൾ അതിനെക്കുറിച്ച് അന്വേഷണം നടത്തുവാൻ തയ്യാറായോ ? ലോകായുക്ത ഉണ്ടെന്നാണ് പറയുന്നത്.ലോകായുക്തയിൽ പൊയ്ക്കോ എന്നാണ് പറയുന്നത്. അതേ അവസരത്തിൽ പ്രതിപക്ഷ നേതാക്കന്മാർക്കെതിരായി ആളിന്റെ പേരില്ലാത്ത ഒപ്പില്ലാത്ത ഒരു ഊമക്കത്തിന്റെ അടിസ്ഥാനത്തിൽ നിങ്ങൾ എത്ര വിജിലൻസ് കേസുകൾ എടുത്തു ? "പ്രതിപക്ഷക്കാർക്ക് എതിരായി ഊമകത്താണെങ്കിലും വിജിലൻസ് അന്വേഷണം. ഭരണകക്ഷിക്കാർക്ക് എതിരായി ആരോപണം ഉണ്ടായാൽ ലോകായുക്തയിൽ പോകണം" ഇത് എന്ത് ന്യായം ? ഇതെല്ലാം

5 P.M.] കേരളത്തിലെ ജനങ്ങൾ കണ്ടുകൊണ്ടിരിക്കുകയാണ് എന്ന് മാത്രമേ എനിക്ക് അതിനെക്കുറിച്ച് പറയുവാനുള്ളൂ. സർ, ഏതായാലും നിങ്ങളോട് പറഞ്ഞിട്ട് കാര്യമില്ല. ഞങ്ങൾ ഒരു കാര്യം തീരുമാനിച്ചിരിക്കുകയാണ്. ഞങ്ങൾ അധികാരത്തിൽ തിരിച്ചുവന്നാൽ നിങ്ങൾ കഴിഞ്ഞ അഞ്ചുവർഷമായി അടച്ചിട്ട കേരളത്തിന്റെ വാതായനങ്ങൾ ഞങ്ങൾ തുറക്കും. ഞങ്ങൾ 21-ാം നൂറ്റാണ്ടിൽ ഒരു നവകേരളം ഉണ്ടാക്കാനുള്ള കർമ്മപരിപാടികൾ ആവിഷ്ക്കരിക്കും. ഞങ്ങൾ ഇൻഫർമേഷൻ ടെക്നോളജി രംഗത്ത്, പ്രൊഫഷണൽ രംഗത്ത്, ടെക്നോളജി രംഗത്ത്, വിദ്യാഭ്യാസമേഖലയിൽ, വ്യാവസായ മേഖലയിൽ, ടൂറിസം മേഖലയിൽ, കാർഷിക മേഖലയിൽ, ഗതാഗത മേഖലയിൽ, ഫിഷറീസ് മേഖലയിൽ എന്നു വേണ്ട എല്ലാ മേഖലയിലും ഞങ്ങൾ പുതിയ കർമ്മപരിപാടികൾ, കാലഘട്ടം ആഗ്രഹിക്കുന്ന പുതിയ പരിപാടികൾ നടപ്പാക്കും. കഴിഞ്ഞ കാല നയങ്ങളിൽ മാറ്റം വരുത്തേണ്ടതുണ്ടെങ്കിൽ, തലയിൽ മുണ്ടിടാതെ ഞങ്ങൾ ആ നയങ്ങൾ മാറ്റും.

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങൾ അധികാരത്തിൽ വന്നാൽ കേരളത്തിൽ ഉന്നതവിദ്യാഭ്യാസം ആഗ്രഹിക്കുന്ന കേരളത്തിൽ സാങ്കേതിക വിദ്യാഭ്യാസം ആഗ്രഹിക്കുന്ന കുട്ടികളെ ആരെയും കർണ്ണാടകത്തിലോ, ആന്ധ്രാപ്രദേശിലോ, തമിഴ്നാട്ടിലോ പോകാനുള്ള സാഹചര്യം ഉണ്ടാക്കുകയില്ല. കേരളത്തിൽ ആവശ്യമുള്ളത്ര സാങ്കേതിക സ്ഥാപനങ്ങൾ ഉണ്ടാകും. വ്യക്തമായ, ട്രാൻസ്പേരന്റായ നയങ്ങളോടുകൂടി നടപ്പാക്കും. 50 ശതമാനം മെറിറ്റ്, ഇവിടത്തെ പാവങ്ങൾക്ക് പഠിക്കാൻ സാധിക്കണം. അതു കഴിഞ്ഞാൽ ബാക്കിമറ്റു നിലയിൽ കൊടുക്കും. ഇങ്ങനെ കേരളത്തിന്റെ ആവശ്യമുള്ളത്ര സാങ്കേതിക സ്ഥാപനങ്ങൾ ഞങ്ങൾ അധികാരത്തിൽ വന്നാൽ തുടങ്ങും. ഞങ്ങൾക്കു മറയില്ല. ഞങ്ങളുടെ നയം മന്ത്രിയുടെ നയമല്ല, ഞങ്ങളുടെ നയം ഡിപ്പാർട്ട്മെന്റിന്റെ നയമല്ല, ഞങ്ങളുടെ നയമെന്നു പറയുന്നത്, ഞങ്ങളുടെ ഭാവി ഗവൺമെന്റിന്റെ നയമായിരിക്കും. യു.ഡി.എഫ്.ന്റെ മൊത്തത്തിലുള്ള നയമായിരിക്കും. നിങ്ങളെപ്പോലുള്ള ഒളിച്ചുകളി ഞങ്ങൾ നടത്തുകയില്ല. കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് നഷ്ടപ്പെട്ട ലീഡർഷിപ്പ് നേതൃത്വം ഞങ്ങൾ വീണ്ടെടുക്കും. 50 കൊല്ലം മുൻപുണ്ടായിരുന്ന നിലവാരത്തിലേക്ക് എത്തും. വ്യവസായ മേഖലയിലും ഞങ്ങൾ പുതിയ നയങ്ങൾ സ്വീകരിക്കും. പൊതുമേഖല ഞങ്ങൾ നിലനിർത്തും. പക്ഷെ സ്വകാര്യ മേഖലയോട് ഞങ്ങൾ അലർജി കാണിക്കുകയില്ല. സ്വകാര്യ മേഖലയെ, നമ്മുടെ മലയാളികളെ, എൻ.ആർ.ഐ. കളെ അവരെ പ്രോത്സാഹിപ്പിച്ചുകൊണ്ട് ഒരു പുതിയ കേരളമുണ്ടാക്കാൻ ഞങ്ങൾ ശ്രമിക്കും. അതാണ് യു.ഡി.എഫ്. ന്റെ വാഗ്ദാനം. സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ഒരു കാര്യം കൂടി പറയുകയാണ്. എനിക്ക് ഇഷ്ടപ്പെട്ട സുഹൃത്താണ് ശ്രീ. എളമരം കരീം.

ശ്രീ. എം. വി. ജയരാജൻ : ഞങ്ങളോ ?

ശ്രീ. എ. കെ. ആന്റണി : നിങ്ങളും മോശക്കാരല്ല. നിങ്ങളുടെ കാര്യം പറഞ്ഞില്ലെങ്കിൽ നിങ്ങൾക്കു പ്രയാസമുണ്ടാകും. ഒന്നാമത് ടിക്കറ്റിന്റെ സമയമാണ്. നിങ്ങളുടെ കാര്യവും പറയണം. അതു പറഞ്ഞാലെങ്കിലും ടിക്കറ്റ് ഉറയ്ക്കുമെങ്കിൽ ഉറയ്ക്കട്ടെ. അതുകൊണ്ടല്ലേ ശ്രീ. ബാലൻ വൈദ്യരുടെ കാര്യം പറയാത്തത്.....(.....ബഹളം.....)ഞാനൊരു ക്രൂരനല്ല. ഞാനതു ചെയ്യുകയില്ല.... എനിക്ക് വളരെ ഇഷ്ടമുള്ള ഒരു സുഹൃത്താണ് ശ്രീ. കരീം. ശ്രീ. കരീമിന്റെ ഭാവിയെ എന്തെങ്കിലും തരത്തിൽ ബാധിക്കുന്ന രീതിയിലുള്ള കമന്റല്ല. പക്ഷെ അങ്ങിൽ നിന്ന് ഇത്തരമൊരു പരാമർശം ഞാൻ പ്രതീക്ഷിച്ചില്ല. നാദാപുരത്തെ ഒരു ഗ്രാമത്തിലുണ്ടായ സാധാരണ സംഭവത്തെ പ്രതിപക്ഷനേതാവും കോൺഗ്രസ്സും പ്രതിപക്ഷങ്ങളും കൂടി ദുർവ്യാഖ്യാനം ചെയ്യുന്നു എന്നാണ് പറഞ്ഞത്. നിങ്ങളിത്ര മുനുഷ്യത്വമില്ലാതായിപ്പോയല്ലോ ? നിങ്ങളുടെ പാർട്ടിക്ക് മനുഷ്യത്വം നഷ്ടപ്പെട്ടോ ? നാദാപുരത്ത് ഞാൻ പോയതാണ്. ആ സഹോദരി എന്നോട് അവർക്കുണ്ടായ അനുഭവങ്ങൾ പറഞ്ഞതാണ്. ശിഹാബ് തങ്ങൾ അവിടെ പോയപ്പോൾ അവരെല്ലാകാര്യങ്ങളും അദ്ദേഹത്തോടും പറഞ്ഞു. അതു 'ചന്ദ്രിക' പത്രത്തിൽ റിപ്പോർട്ട് ചെയ്തു. 'മാധ്യമ' ത്തിലും വാർത്ത വന്നു. സകല പത്രങ്ങളിലും വന്നു. അതു മാത്രമാണോ ? ദേശീയ ന്യൂനപക്ഷകമ്മീഷൻ അവിടെ പോയി. എന്നിട്ട് അവർ ഇന്ത്യാഗവൺമെന്റിന് റിപ്പോർട്ട്

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തിരിക്കുകയാണ്. കേരളത്തിലെ സ്ത്രീകൾക്കുവേണ്ടി നിരന്തരമായി പോരാടുന്ന ഒരു വനിതാ പത്ര പ്രവർത്തകയാണ് ശ്രീമതി ലീലാമേനോൻ. അവർ അവിടെ പോയി ആ സഹോദരിയുമായി ഇന്റർവ്യൂ നടത്തി, അവരുടെ കഷ്ടപ്പാടിന്റെയും മാനഭംഗത്തിന്റെയും കഥ മുഴുവൻ അവർ പ്രസിദ്ധീകരിച്ചു. എല്ലാ പത്രങ്ങളിലും വന്നു. ഫെബ്രുവരി 25-നുള്ള 'വീക്ക്' എന്ന മാഗസിനിൽ വന്നു. അതിൽ വിനു എബ്രഹാമിനോട് ആ സഹോദരി പറയുന്നു. "I was raped" 'വീക്ക്'-ലെ വിനു എബ്രഹാമിനോട് ആ സഹോദരി പറഞ്ഞതാണ്. വനിതാ കമ്മീഷൻ അവിടെ പോയി. ശ്രീമതി റോസമ്മ പുന്നൂസ് അടക്കമുള്ളവർ അവിടെ പോയി കണ്ടശേഷം പ്രസ് കോൺഫറൻസ് നടത്തി. അവർ പോലീസിനെ കുറ്റപ്പെടുത്തി. ഇതെല്ലാമുണ്ടായിട്ടും നിങ്ങൾ ആ സംഭവത്തെ നിസ്സാരമായി കാണുകയാണോ ? സ്ത്രീപീഡനത്തെക്കുറിച്ച്, നമ്മുടെ സഹോദരിമാരുടെ മാനത്തെക്കുറിച്ച് നിങ്ങളുടെ അഭിപ്രായം ഇങ്ങനെയാണോ ? നിങ്ങൾക്കെന്തു പറ്റി ? ഇത്ര ക്രൂരത നിങ്ങൾക്കു വന്നോ ? നാദാപുരത്തെ ആ സഹോദരിയുടെ കണ്ണീർ തുടയ്ക്കാൻ ഇനിയും നടപടി ഉണ്ടാകുന്നില്ലെങ്കിൽ അതു വൈകിയാണെങ്കിലും നിങ്ങൾ അതിനു കൊടുക്കേണ്ടി വരുന്ന വില കടുത്തതായിരിക്കും. കേരളത്തിലെ സ്ത്രീകൾ നിങ്ങളെ വെറുതെ വിടില്ല, സഹോദരിമാർ നിങ്ങളെ വെറുതെ വിടില്ല. ഞാൻ അധികം കാര്യങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. ഏതായാലും രണ്ടു കൂട്ടരും സംസാരിച്ചാൽ ഒരിടത്തും എത്താൻ പോകുന്നില്ല. നമ്മൾ തമ്മിൽ സംസാരിച്ചാൽ ഒരിടത്തും എത്തില്ല. ഇതിനു വോട്ടിട്ട ശേഷം നമ്മൾ പിരിയും. നിങ്ങൾക്ക് ഇപ്പോൾ അസംബ്ലിയിൽ ഭൂരിപക്ഷം കിട്ടും. ഞങ്ങൾക്ക് ഭൂരിപക്ഷം കിട്ടുകയുമില്ല. വോട്ട് ഓൺ അക്കൗണ്ട്സ് പാസ്സാകും. എന്നാലും ഞങ്ങൾ എതിർക്കും. പക്ഷെ നമുക്കെല്ലാവർക്കും ജനകീയ കോടതിയിൽ കാണാം ..... (.....ബഹളം.....) കേരളത്തിലെ 18 വയസ് പൂർത്തിയായ വോട്ടർമാർ, കേരളത്തിലെ മൂന്നുകോടി ജനങ്ങൾ ഉള്ള ജനകീയ കോടതിയിൽ നമുക്ക് വീണ്ടും കാണാം. നമ്മുടെ കേസ് അവിടെ വാദിക്കാം. ഒന്നാം റൗണ്ട് വാദിച്ചു കഴിഞ്ഞു. നമ്മുടെ കേസുകളുടെ വാദത്തിന്റെ ഒന്നാം റൗണ്ട് കഴിഞ്ഞിരിക്കുന്നു. പ്രാരംഭവാദം പൂർത്തികരിച്ചു. അതാണ് ഞങ്ങളുടെ മോചനയാത്ര കേരളത്തിലെ 137 കോൺസ്റ്റിറ്റ്യൂവൻസികളിൽ ജനകീയ കോടതിയിൽ ഞങ്ങൾ നിങ്ങളെ കുറ്റവിചാരണ ചെയ്തു. പ്രാരംഭവാദം കഴിഞ്ഞിരിക്കുന്നു. കേരളത്തിലെ മഹാഭൂരിപക്ഷം ജനങ്ങളും ഞങ്ങളുടെ വാദം ശരിയെന്നു സമ്മതിച്ചിരിക്കുകയാണ്. അതിന്റെ അഭൂതപൂർവ്വമായ ജനങ്ങളുടെ പിൻതുണയാണ് എനിക്കും, എന്റെ സഹപ്രവർത്തകർക്കും പുത്തനായ കരുത്തും ആത്മവിശ്വാസവും ആവേശവുമുണ്ടാക്കിയിരിക്കുന്നത്. നിങ്ങളുടെ പ്രാരംഭവാദവും നടത്തിയല്ലേ ? നിങ്ങൾ ആദ്യം വടക്കു നിന്നും തെക്കു നിന്നും രണ്ടു ജാഥ നടത്തിയല്ലോ ? അത് ജനമുന്നേറ്റ ജാഥ. ആ ജനമുന്നേറ്റ ജാഥയും പോരെന്നും കണ്ട് നമ്മുടെ മോചനയാത്ര കഴിഞ്ഞപ്പോൾ, സംഗതി പരുങ്ങലിലാണെന്നു കണ്ടപ്പോൾ, ആറു വികേന്ദ്രീയ ജാഥകൾ നടത്തി. എന്തു സംഭവിച്ചു ? നിങ്ങളുടെ കേസ് നിങ്ങൾ വാദിച്ചല്ലോ ? ഇനി നമുക്കു നമ്മുടെ രണ്ടുകൂട്ടരുടെയും കേസിന്റെ അവസാന വാദം അസംബ്ലി ഇലക്ഷനിൽ കാണാം. തെരഞ്ഞെടുപ്പു കാലത്ത് നമുക്കു ജനകീയ കോടതിയിൽ കേസ് വാദിക്കാം. ഈ കേസിന്റെ വാദം ഏപ്രിലിൽ

LIBRARY ARCHIVES Kerala Legislative Assembly

പൂർത്തിയാകും. വിധി മേയ് മാസത്തിൽ ഉണ്ടാകും. ഈ കേസിന്റെ വിധി ഞങ്ങൾക്ക് അനുകൂലമായിരിക്കും. ഞങ്ങൾ കേരളം തിരിച്ചുപിടിക്കും. പതിനൊന്നാം കേരള നിയമസഭ സമ്മേളിക്കുമ്പോൾ ഈ സഭാ ഹാളിൽ പതിനൊന്നാം നിയമസഭയുടെ പ്രഥമ സമ്മേളനം നടക്കുമ്പോൾ അപ്പുറത്തിരിക്കുന്നത് ഞങ്ങളായിരിക്കും. അതിനു സംശയം വേണ്ട. നിങ്ങൾ ഇപ്പുറത്തുമിരിക്കും. അതിൽ സംശയമില്ല. എന്റെ ഫാസിസ്റ്റ് സുഹൃത്തുക്കളോട് ഒരു അഭ്യർത്ഥന മാത്രമേയുള്ളൂ. നിങ്ങൾ ചുവരെഴുത്ത് വായിക്കണം. ജനവികാരം മാനിക്കണം.

ശ്രീ. ടി. കെ. ഹംസ : ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പണ്ടും ഒരുപാട് പറഞ്ഞിട്ടുണ്ട്.

ശ്രീ. എ. കെ. ആന്റണി : ഞാൻ പണ്ടു പറഞ്ഞതിന്റെ യാതൊരു പ്രയോജനവും ശ്രീ. ഹംസയ്ക്കു കാണുന്നില്ല. എന്റെ കൂടെ നടന്നപ്പോഴുണ്ടായ ഒരു ഗുണവും കാണുന്നില്ല. എനിക്ക് അതിലാണ് വിഷമം. ശ്രീ ഹംസയേയും പാർട്ടി കുഴപ്പത്തിലാക്കാൻ പോകുന്നു എന്നാണ് കേൾക്കുന്നത്. എനിക്കറിയില്ല. സർ, ഇത് പാർലമെന്ററി ഡെമോക്രസിയാണ്. ആർക്കും ഭരണകുത്തകയില്ല. ഇന്നത്തെ ഭരണകക്ഷി നാളെ പ്രതിപക്ഷത്താകും. പ്രതിപക്ഷം നാളെ ഭരണകക്ഷിയാകും. കേരളത്തിലെ ജനമനസ്സുകൾ ഒരു തീരുമാനം എടുത്തുകഴിഞ്ഞിരിക്കുന്നു. ആ തീരുമാനം ഇലക്ഷനിൽ പ്രഖ്യാപിക്കൽ മാത്രമേയുള്ളൂ. നിങ്ങളുടെ അസഹിഷ്ണത കാണുമ്പോൾ നിങ്ങൾ മാനസികമായി തയ്യാറെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പരാജയം ഏറ്റുവാങ്ങാൻ നിങ്ങൾ മാനസികമായി തയ്യാറെടുക്കണം. സംഘർഷങ്ങൾക്കു പോകാതെ കേരളത്തിൽ മറ്റു പ്രശ്നങ്ങളുണ്ടാക്കാതെ സമാധാനപരമായി സംയമനത്തോടുകൂടി അധികാരം വിട്ടൊഴിയാൻ മാർക്സിസ്റ്റു പാർട്ടിയും ഗവൺമെന്റും തയ്യാറാകണമെന്നു മാത്രമാണ് എനിക്ക് അവസാനമായി സ്നേഹപുരസ്സരം ഓർമ്മപ്പെടുത്താനുള്ളത്. ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ ശക്തമായി എതിർക്കുന്നു.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, ഞാനിവിടെ ഇല്ലാതിരുന്ന സമയത്ത് പ്രൊഫ. എ. വി. താമരാക്ഷൻ അനിമൽ ഹസ്ബൻഡറി വകുപ്പിൽ മരുന്നുവാങ്ങിയതിൽ എന്തോ കുഴപ്പമുണ്ടെന്നുപറഞ്ഞു. എനിക്ക് അതിന്റെ ഡീറ്റെയിൽസ് കിട്ടിയില്ല. ഏതായാലും ഒരു കാര്യം അദ്ദേഹത്തിന്റെ അറിവിനുവേണ്ടി പറയാം. അനിമൽ ഹസ്ബൻഡറിയിലൊക്കെ മരുന്നുവാങ്ങുന്നതിന് ഒരു ടെക്നിക്കൽ കമ്മിറ്റിയുണ്ട്. അവർ നിർദ്ദേശിക്കുന്ന മരുന്നുകളാണ് വാങ്ങേണ്ടത്. അതിനൊരു പർച്ചേസ് കമ്മിറ്റിയുണ്ട്. Secretary to Government, (Animal Husbandry) Secretary, Finance or his nominee, nominee of the Store Purchase Department, Director of Animal Husbandry. അവരാണ് എന്തുവാങ്ങണം, എങ്ങനെ വാങ്ങണമെന്ന് തീരുമാനിക്കുന്നത്. അദ്ദേഹം പറഞ്ഞതിൽ വ്യക്തമായി എന്തെങ്കിലുമുണ്ടെങ്കിൽ തീർച്ചയായും അത് അന്വേഷിക്കാം. ആരെങ്കിലും കുറ്റം കാണിച്ചിട്ടുണ്ടെങ്കിൽ അവർക്കെതിരെ ശിക്ഷണ നടപടിയെടുക്കാം. അതാണ് ഇതിനെക്കുറിച്ച് ഇപ്പോൾ പറയാനുള്ളത്. ഇവിടെ വെളിച്ചെണ്ണയുടെ വില മാത്രമേ കുറഞ്ഞിട്ടുള്ളൂവെന്ന് ബഹുമാനപ്പെട്ട കെ. കെ. രാമചന്ദ്രൻ മാസ്റ്റർ പറഞ്ഞു. 1991 മുതൽ ഇന്നലെവരെയുള്ള പ്രൈസ് ലിസ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ ഇക്കണോമിക് റെവ്യൂവിൽ കൊടുത്തിട്ടുണ്ട്. അരി, പയറ്, പരിപ്പ്, ഉഴുന്ന്, മുളക്, മല്ലി, പഞ്ചസാര തുടങ്ങിയ സാധാരണക്കാർ ഉപയോഗിക്കുന്ന നിത്യോപയോഗ സാധനങ്ങൾക്ക് 1991 മുതൽ 1996 വരെ വിലവർദ്ധനവ് 58% ആയിരുന്നുവെങ്കിൽ 1996 മുതൽ 2000 വരെയുള്ള വില വർദ്ധനവ് വെറും 7% ആണ്. ആ കണക്കുകൂടി അംഗങ്ങൾക്ക് ബോദ്ധ്യപ്പെട്ടാൽ മതി. ..... ബഹളം..... ഇത് ഇവരാരും തർക്കിക്കാത്ത ഒരു കണക്കാണ്. ബഹുമാനപ്പെട്ട വിശ്വനാഥനെ കണക്കിന്റെ അടിസ്ഥാന പ്രശ്നം മനസ്സിലാക്കിക്കാൻ എന്നെക്കൊണ്ട് സാധിക്കില്ല. 1991 മുതൽ 1996 വരെയുള്ള വിലവർദ്ധനവ് ശതമാനക്കണക്കിൽ, 1996 മുതൽ 2000 വരെയുള്ള വില വർദ്ധനവ് ശതമാനക്കണക്കിൽ ഇതാണ്. പിന്നെ പറഞ്ഞത് റേഷന്റെ കാര്യമാണ്. ഒരു കാര്യം എനിക്കുതോന്നുന്നത് നിങ്ങളെല്ലാം എഗ്രി ചെയ്യുമെന്നാണ്. റേഷൻ സംവിധാനം വേണ്ടായെന്ന് കേന്ദ്രഗവൺമെന്റ് തീരുമാനിച്ചു. അതാണല്ലോ ബഡ്ജറ്റ് പ്രസംഗത്തിൽ കണ്ടത്. ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നത് എഫ്.സി.ഐ. പിരിച്ചുവിടുമെന്നാണ്. എഫ്.സി.ഐ. അവിടെ കാണും. സംസ്ഥാനങ്ങൾക്ക് റേഷൻ കൊടുക്കണമെന്നുണ്ടെങ്കിൽ അവർ 18 കോടി രൂപ തരും. വേണമെങ്കിൽ എവിടെയെങ്കിലും പോയി അരിയും ഗോതമ്പും വാങ്ങിക്കൊണ്ടു വരണം. ഇതാണ് ശരിയായ പുത്തൻ സാമ്പത്തിക നയമെന്നാണ് ഇപ്പോൾ കേന്ദ്രഗവൺമെന്റ് അവകാശപ്പെടുന്നത്. നിങ്ങൾ അതിനോട് യോജിക്കുന്നില്ലായെങ്കിൽ വളരെ സന്തോഷം. ഏതായാലും ഇത് കേരളത്തിന് നല്ലതല്ലെന്നുള്ള കാര്യത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും യോജിക്കുമെന്നാണ് വിശ്വസിക്കുന്നത്. ഇപ്പോൾ തന്നെ ഞങ്ങൾ അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ഇപ്പോൾ റേഷൻ കട നില നിർത്തണമെന്നുണ്ടെങ്കിൽ അന്യ സംസ്ഥാനങ്ങളിൽനിന്നോ അല്ലെങ്കിൽ വിദേശത്തുനിന്നോ അരിയും പഞ്ചസാരയും കൊണ്ടുവരണം. കേരള ഗവൺമെന്റ് ഇതിനകംതന്നെ മിക്ക സംസ്ഥാനങ്ങളോടും പറഞ്ഞു. മഹാരാഷ്ട്രയിൽ നിന്നും പഞ്ചാബിൽ നിന്നും റിയാക്ഷൻ വന്നു. പക്ഷേ അതിന്റെ ആക്ഷൻ ഇംപ്ലിമെന്റേഷനൊക്കെ അടുത്ത ഗവൺമെന്റ് വന്നതിനുശേഷമേ നടത്താൻ പറ്റുകയുള്ളൂ. എന്നാലും ഇതെവിടെനിന്നുമാണ് തുടങ്ങുന്നത് ? ഇതിന്റെ genesis എവിടെനിന്നുമാണ് ? 28-7-1992-ലെ ഹിന്ദു പത്രത്തിൽ ശ്രീ. ദേവഗൗഡയുടെ ഒരു പ്രസ്താവന വന്നു..... ബഹളം ..... ഞാൻ ഇതൊക്കെ നേരത്തേ എഴുതിയതാണ്. ഞാനും ശ്രീ. ആര്യാടൻ മുഹമ്മദുമൊക്കെ ആയി ചില controversy കളൊക്കെയുണ്ടായി, അതൊന്നും രഹസ്യമായി പറയേണ്ട കാര്യങ്ങളല്ല. അന്ന് സിവിൽ സ്പ്ലൈസിന്റെ ചുമതല പ്രധാനമന്ത്രിയായിരുന്ന ശ്രീ. പി.വി. നരസിംഹറാവുവിനായിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഒരു യോഗം കൂടി തീരുമാനിച്ചത്. Eligibility for ration- being worked out - various ministries are reportedly said to be working out an eligibility criteria for the P.D. System, Priority must be given to the population below the poverty line meaning household, below an annual income of Rs. 10,500/- The idea of introducing a system of 2 types of ration cards - pink and green has also been discussed at appropriate level. The green card alone will be entitled for P.D.S benefits.

LIBRARY ARCHIVES Kerala Legislative Assembly

അന്ന് അങ്ങ് മന്ത്രിയല്ല, അന്ന് ശ്രീ. നരസിംഹറാവുവാണ് മന്ത്രി. രണ്ട് കാർഡുണ്ടാകണം. അതിൽ ഗ്രീൻ കാർഡെന്നുപറയുന്നത് 10,000 രൂപയിൽ കുറച്ച് വരുമാനമുള്ളവർക്ക് കൊടുക്കണമെന്നും അവർക്കുമാത്രം പി.ഡി.എസ്. എലിജിബിലിറ്റി മതിയെന്നും പറഞ്ഞു. പക്ഷേ അത് ഫൈനൽ ഡിസിഷനായിരുന്നില്ല. അതുകഴിഞ്ഞ് അങ്ങ് വന്നതിനുശേഷം 1993-ൽ ഇതെങ്ങനെ ഇംപ്ലിമെന്റ് ചെയ്യാമെന്നതിന്റെ പ്രോബ്ലംസ് മനസ്സിലാക്കാനായി, (അങ്ങ് മനഃപൂർവ്വം റേഷൻ വേണ്ടെന്ന് പറഞ്ഞുവെന്നൊന്നും ഞാൻ പറഞ്ഞിട്ടില്ല.) ഞാൻ പറഞ്ഞത് 1993-ൽ അങ്ങയുടെ അദ്ധ്യക്ഷതയിൽ ഇതിന്റെ ഇംപ്ലിമെന്റേഷനെക്കുറിച്ച് ആലോചിക്കാനായി ഒരു യോഗം കൂടി. ആ യോഗത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചു. അതിൽ കേരളത്തിന് പ്രാതിനിധ്യമില്ലായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഒരു മൂന്നംഗ സമിതിയെ ഇത് പരിമിതപ്പെടുത്തുന്നതിന് നിയോഗിച്ചു. അവർ റെക്കമെന്റു ചെയ്തതാണ് ഈ സബ്സിഡി സിസ്റ്റം ലിമിറ്റുചെയ്ത് പോവർട്ടി ലൈനിന്റെ താഴെയുള്ളവർക്കായി കൊണ്ടുവരണമെന്നുള്ളത്. അതപ്പോൾ ഇംപ്ലിമെന്റ് ചെയ്യാൻ പറ്റിയില്ല. അതുകഴിഞ്ഞ് ഗുജ്റാൾ ഗവൺമെന്റ് വന്നപ്പോൾ .....

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : സർ, കേരളത്തിന് പ്രാതിനിധ്യമില്ലാത്ത ഒരു കമ്മിറ്റിയെന്നുപറഞ്ഞു. പശ്ചിമബംഗാളിലെ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി ചെയർമാനായിട്ടുള്ള കമ്മിറ്റിയാണ് ആ മൂന്നംഗ കമ്മിറ്റി. അവർ റിപ്പോർട്ട് കേന്ദ്രഗവൺമെന്റിനു നൽകി. ആ റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചില്ല. .....ബഹളം.... എനിക്കത് കൃത്യമായിട്ട് പറയാൻ കഴിയും. അന്നത്തെ കേന്ദ്രമന്ത്രിസഭയുടെ തീരുമാനം ഇത് വളരെ ഇംപ്ലിക്കേഷനുള്ളതാണ് അതുകൊണ്ട് ഈ റിപ്പോർട്ട് മുഖ്യമന്ത്രിമാരടങ്ങുന്ന നാഷണൽ ഡെവലപ്മെന്റ് കമ്മിറ്റിക്കു വിടണമെന്നാണ് അന്ന് കേന്ദ്രമന്ത്രിസഭ തീരുമാനിച്ചത്. അതിനുശേഷം ഒന്നും സംഭവിച്ചിട്ടില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : അങ്ങ് നാഷണൽ പാർട്ടിയുടെ ഒരു നാഷണൽ ലീഡറാണ്. അങ്ങ് മനസ്സിലാക്കേണ്ടത് നാഷണൽ ഫുഡ് പോളിസി ഇവിടെ പറ്റുകയില്ല. വ്യത്യസ്തമായ പ്രശ്നങ്ങളുള്ള സംസ്ഥാനങ്ങളുണ്ട്. കേരളത്തിന്റെ പ്രശ്നവും വെസ്റ്റ് ബംഗാളിന്റെ പ്രശ്നവും പഞ്ചാബിന്റെ പ്രശ്നവും ഒന്നല്ല. കേരളത്തിന്റെ പ്രശ്നവും നോർത്ത് ഈസ്റ്റേൺ സ്റ്റേറ്റ്സിന്റെ പ്രശ്നവും ഒന്നായിരിക്കും. കാരണം ഈ സ്റ്റേറ്റുകളിലൊന്നും അരിയും ഗോതമ്പും ഉല്പാദിപ്പിക്കുന്നില്ല. അതുകഴിഞ്ഞ് ഞാനും ശ്രീ. ആര്യാടൻ മുഹമ്മദുമൊക്കെയായി തർക്കമുണ്ടായത് 1998-ൽ വന്ന കോൺഗ്രസ്സിന്റെ പ്രകടന പത്രികയുടെ കാര്യത്തിലാണ്. അതിലെ പോളിസി എന്താണ് ? Ration shall be restricted to the poor and the needy. poor and the needy എന്നു ഞാൻ പറഞ്ഞപ്പോൾ ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞു poor എന്നാൽ പാവം പിടിച്ചവർ, needy അതിനേക്കാൾ പാവം പിടിച്ചവർ എന്നുള്ള അർത്ഥത്തിൽ വ്യാഖ്യാനിച്ചു. അത് ശരിയാണോ തെറ്റാണോ എന്നുള്ള അർത്ഥത്തിലല്ല ഞാൻ പറയുന്നത്. അങ്ങനെ ഒരു genesis ഉണ്ട്. എന്നാൽ എന്റെ വിശ്വാസം .....

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : സർ, 1991 മുതൽ 1996 വരെ 5 വർഷക്കാലം ശ്രീ. പി. വി. നരസിംഹറാവു ഭരിച്ചു. ഈ 5 വർഷക്കാലത്തിൽ ഓരോ വർഷവും ഫുഡ് സബ്സിഡി കൂട്ടിക്കൊണ്ടിരിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇത് അങ്ങുപറഞ്ഞ മാനിഫെസ്റ്റോ കമ്മിറ്റിയുടെ ചെയർമാൻ ശ്രീ. പ്രണാബ് മുഖർജി പിന്നീട് പത്രസമ്മേളനത്തിൽ വിശദീകരിച്ചു. അപ്പോൾ നരസിംഹറാവു ഗവൺമെന്റ് 5 വർഷക്കാലവും ഫുഡ് സബ്സിഡി കൂട്ടിക്കൊണ്ടിരിക്കുകയാണ് ചെയ്തിട്ടുള്ളത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : അങ്ങു പറഞ്ഞത് ശരിയാണ്. ഫിസിക്കലായിട്ടു നോക്കിയാൽ തുക കൂടും. അതേ സമയം റേഷൻ അരിയുടെ വിലയും കൂടിക്കൊണ്ടിരുന്നു. quantum of off- take കൂടിയപ്പോൾ total quantity financial liability വർദ്ധിച്ചു. അതുകൊണ്ടാണ് ഇതു വരുന്നത്. ഈ പ്രകടന പത്രികയിലും അതു എഴുതിയപ്പോൾ ..... (ബഹളം)..... ആ പോളിസി എന്താണ് ? എന്തായാലും ഞാൻ പിന്നീടു മനസ്സിലാക്കിയത് അങ്ങയുടെ ചുമതലയിൽ ഒരു കമ്മിറ്റി ഉണ്ടാക്കുന്നതിനെക്കുറിച്ചാണ്. എ.ഐ.സി.സി. യുടെ നേതൃത്വത്തിൽ. ഇതിനെക്കുറിച്ചൊക്കെ പുനഃപരിശോധിക്കണം. ഇപ്പോൾ നമ്മുടെ അനുഭവത്തിൽ ഈ നയം കൊണ്ടുവന്ന് ഒരു പ്രതിസന്ധിയിലാക്കിയിരിക്കുക ആണെങ്കിൽ എന്റെ റിക്വസ്റ്റ് കോൺഗ്രസ്സ് ഒരു പുനഃപരിശോധന നടത്തണമെന്നാണ്. ഈ പോളിസി ഒക്കുകയില്ലെങ്കിൽ അറ്റ്ലീസ്റ്റു നോർത്ത് ഈസ്റ്റ് കേരളം പോലെയുള്ള, ഫുഡ് പ്രൊഡക്ഷനില്ലാത്ത സംസ്ഥാനങ്ങളെ സംബന്ധിച്ചെങ്കിലും ഒരു പുതിയ സമീപനം സ്വീകരിക്കണമെന്ന് എ.ഐ.സി.സി. യെ കൊണ്ട് ഉറച്ചനിലപാട് എടുക്കുന്നത് സഹായകരമായിരിക്കും. അതുകൊണ്ടാണ് ഒരു പുതിയ പോളിസിക്കു വേണ്ടിയുള്ള ഫൈറ്റിൽ നമുക്ക് യോജിച്ചു നിൽക്കാമെന്ന് ഞാൻ പറയുന്നത്. അങ്ങു പറയുന്നത്, അങ്ങ് ഭരിക്കാൻ വരുമെന്നാണല്ലോ ? അങ്ങു ഭരിക്കാൻ വരുമ്പോൾ ഇവിടെ ഫുഡ് ഡിപ്പാർട്ടുമെന്റ് പിരിച്ചു വിടാതിരുന്നാൽ മതിയായിരുന്നു.

ശ്രീ. എ. കെ. ആന്റണി : സർ, ശ്രീ. നരസിംഹറാവുവിന്റെ കാലം മുതൽക്കുള്ള ഹിസ്റ്ററി അങ്ങ് പിൻതുടർന്നു. അതു കഴിഞ്ഞ് നേരെ ബി.ജെ.പി. ഗവൺമെന്റിലേക്ക് മാറി. ദേവഗൗഡയും ഗുജ്റാളുമൊക്കെ എന്താണ് ചെയ്തത് ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : അതു ഞാൻ പറയാൻ പോകുകയാണ്. ഇവിടെ ഇവരുടെ പോളിസിയുടെ ഫലമായി ഇന്നു റേഷൻ കടകളിൽക്കൂടി പോകുന്നത് എത്ര അരിയാണെന്ന് അറിയാമോ ? 50,000 ടൺ. ദേവഗൗഡ ഭരിച്ചിരുന്നപ്പോഴും ഗുജ്റാൾ ഭരിച്ചിരുന്നപ്പോഴും കേന്ദ്രത്തിൽ നരസിംഹറാവു ഭരിച്ചിരുന്നതിനെക്കാൾ കൂടുതൽ കേരളത്തിൽ റേഷൻ കടകളിൽകൂടി അരി വിതരണം ചെയ്തിരുന്നു. പതിനേഴു ലക്ഷത്തി അൻപതിനായിരം ടണ്ണും പതിനെട്ടു ലക്ഷം ടണ്ണും. ഞാൻ ഈ നിയമസഭയിൽ അതിന്റെ കണക്കു മുഴുവനും തന്നിട്ടുള്ളതാണ്. അങ്ങേയ്ക്കു സംശയമുണ്ടെങ്കിൽ ഞാൻ ബോദ്ധ്യപ്പെടുത്തിത്തരാം. എന്തുകൊണ്ടാണ് അതു സംഭവിച്ചതെന്നു ഞാൻ പറയാം. .....(ബഹളം)... മാർക്കറ്റു വില കൂടിയതുകൊണ്ടൊന്നുമല്ല, ദേവഗൗഡയുടെ കാലത്ത് നയങ്ങളിൽ എന്തെല്ലാം അഭിപ്രായ വ്യത്യാസങ്ങളുണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ചിദംബരം പറയുന്ന അഭിപ്രായമല്ല ഇന്ന് സി.പി.എം. നും സി.പി.ഐ. ക്കും ഉള്ളത്. ചിദംബരത്തിന്റെ അഭിപ്രായം റേഷനേ വേണ്ട പരിമിതപ്പെടുത്തണമെന്നാണ്. ഇപ്പോൾ കേന്ദ്ര ബഡ്ജറ്റ് വന്നല്ലോ ? ചിദംബരത്തിന്റെ അഭിപ്രായം ഞാൻ ടി.വി. യിൽ കണ്ടതാണ്. ചിദംബരം യശ്വന്ത് സിൻഹയെക്കാൾ അതു പോരെന്നു പറയുന്ന ആളാണ്. അദ്ദേഹവും ജനതാദളിലെ പലരും ഈ തരത്തിൽ പുതിയ നയത്തിനുവേണ്ടി പറഞ്ഞു. പക്ഷേ ഇടതുപക്ഷ പാർട്ടികൾ ശക്തമായി നിന്നതുകൊണ്ട് റേഷനിംഗ് അന്നുണ്ടായിരുന്നു. എല്ലാവർക്കും റേഷൻ സബ്സിഡി കൊടുത്തിട്ട് അതിന്റെ കൂടെ പത്തു കിലോ അരി ഏറ്റവും പാവപ്പെട്ടവർക്ക് വില കുറച്ചു കൊടുത്തു. പകുതി വിലയ്ക്ക് കൊടുത്തു. അതു കൊണ്ടാണ് റേഷൻ ഓഫ് ടേക്ക് കൂടിയത്. റേഷൻ വിലയിൽ സബ്സ്റ്റാൻഷ്യൽ ഇൻക്രീസ് ഉണ്ടാക്കാതെ റേഷൻ തുടർന്നു കൊണ്ടിരുന്നു. എല്ലാവർക്കും സബ്സിഡി എന്നുള്ളത് അംഗീകരിപ്പിച്ചു. ദേവഗൗഡയുടെ കാലത്ത് അല്ലാതെ ഇപ്പോൾ ചെയ്തതുപോലെ സബ്സിഡി എടുത്തു കളഞ്ഞില്ല. ..... (ബഹളം) .....ഉണ്ട്. ഇല്ലെന്നു ഞാൻ പറഞ്ഞില്ലല്ലോ ?

ശ്രീ. എ. കെ. ആന്റണി : മറുപടി പറയാൻ മടിയുണ്ടെങ്കിൽ പറയണ്ട. ഞാൻ 1996 ജൂൺ 6-ാം തീയതിയിലെ ദേശാഭിമാനി പത്രം വായിക്കാം. ദേവഗൗഡയുടെ പരാമർശം, 'ദരിദ്രവിഭാഗങ്ങൾക്ക് മാത്രമായി റേഷൻ പരിമിതപ്പെടുത്തണം. സമ്പന്ന വിഭാഗത്തെ ഒഴിവാക്കണമെന്ന്' മിനിമം പരിപാടിയിൽപ്പെട്ടതാണ്. ഇതിനെക്കുറിച്ചാണ്, അങ്ങയോട് വിശദീകരണം ചോദിച്ചത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഞാൻ ആ പത്രം കണ്ടില്ല. അങ്ങ് ദേശാഭിമാനി പത്രത്തിൽ എന്തു പറഞ്ഞു എന്നല്ലേ ചോദിച്ചത്. നടന്ന റിയാലിറ്റി എന്തായിരുന്നു ? പത്തു കിലോ അരി പകുതി വിലയ്ക്കു പാവങ്ങൾക്കു കൊടുത്തു. അതുകൊണ്ട് റേഷൻ ഓഫ് ടേക് വർദ്ധിച്ചു. ഇതാണ് റിയാലിറ്റി. ഈ പറഞ്ഞരീതിയിൽ പലർക്കും പല അഭിപ്രായങ്ങളും ഉണ്ടായിരിക്കും.

ശ്രീ. ആര്യാടൻ മുഹമ്മദ് : ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ ചോദിച്ചു, ദേശാഭിമാനി പത്രത്തിൽ മാത്രമല്ല ഒ.ഇ.സി.എഫ്.-ന്റെ മിനിമം പരിപാടിയിലുള്ള കാര്യമാണ്. 1996-ലെ എൽ.ഡി.എഫ്. ന്റെ മാനിഫെസ്റ്റോയിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് പൊതു വിതരണ മേഖലയിൽകൂടി ചുരുങ്ങിയ വിലയ്ക്കു സാധനങ്ങൾ വിതരണം ചെയ്യുമെന്ന് പറഞ്ഞില്ലേ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ശ്രീ. ആര്യാടൻ മുഹമ്മദ് തർക്കം ഉന്നയിക്കാൻ അതി സമർത്ഥനാണെന്നു ഞാൻ സമ്മതിക്കുന്നു. 1996-ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി പറഞ്ഞതെന്താണെന്നു വച്ചാൽ റേഷൻ വിലയിൽ നിന്നും കൂറേക്കൂടി പരിമിതപ്പെടുത്തി ദുർബല വിഭാഗങ്ങൾക്കു കൊടുക്കണമെന്നാണ്. പറഞ്ഞതുമാത്രമല്ല, ഇവിടെ അതു ഇംപ്ലിമെന്റ് ചെയ്തു. ഇപ്പോഴും ഇംപ്ലിമെന്റ് ചെയ്തുകൊണ്ടിരിക്കുന്നു. ഞാനിതു പറയുന്നതിനുള്ള കാര്യമെന്താണെന്നു വച്ചാൽ ഭാരതത്തിൽ സാമ്പത്തിക വിദഗ്ദ്ധന്മാർ, പല രാഷ്ട്രീയ പാർട്ടികൾ അവരെല്ലാം ഈ തരത്തിൽ സബ്സിഡികൾ എടുത്തു

LIBRARY ARCHIVES Kerala Legislative Assembly

കളയണമെന്നുള്ള വാദഗതിക്കാരാണ്. ഗാട്ട് എഗ്രിമെന്റോടുകൂടി, വേൾഡ് ബാങ്കും എല്ലാവരും ഇതു പറയുന്നു. അതനുസരിച്ച് അവസാനമായി ബി.ജെ.പി. ഗവൺമെന്റ് അതിന്റെ ഫൈനൽ കൺക്ലൂഷനിൽ കൊണ്ടെത്തി, ഈ പ്രത്യേക തരത്തിലുള്ള സാമ്പത്തിക നയത്തിന്റെ പരിണിതഫലമാണ് ഇത് എന്ന്. ഇതിപ്പോൾ തെറ്റാണെന്ന് ശ്രീ. ആര്യാടന് ബോദ്ധ്യമായിട്ടുണ്ടെങ്കിൽ നമുക്ക് ചെയ്യേണ്ടുന്നത് ഇതു കറക്ട് ചെയ്യിക്കാനാണ്. അങ്ങനെ കറക്ടു ചെയ്യിക്കണം എന്നുണ്ടെങ്കിൽ ഞങ്ങൾക്ക് ..... (ബഹളം)..... (ശ്രീ. ടി. ശിവദാസമേനോൻ, അതു പറഞ്ഞിട്ടു കാര്യമില്ല. സത്യം മനസ്സിലാക്കണം. ദേവഗൗഡയുടെ കാലത്ത് റേഷൻ ഇല്ലാതായിട്ടില്ല. എല്ലാ റേഷനും സബ്സിഡിയോടുകൂടി കൊടുത്തു. നിങ്ങൾ കുറച്ചുകൂടി പാവം പിടിച്ച ആളുകൾക്ക് പകുതി വിലയ്ക്കു കൊടുത്തു വെന്നേയുള്ളൂ. അഭിപ്രായ വ്യത്യാസമുണ്ടായിരുന്നുവെന്നുള്ളത് ശരിയാണ്. നിങ്ങൾ ഇപ്പോൾ എവിടെ നിൽക്കുന്നു ? നിങ്ങൾ റേഷൻ സമ്പ്രദായം തുടരണമെന്നു പറയുന്നോ അതോ വേണ്ടെന്നു പറയുന്നോ ? ഞങ്ങൾ വേണമെന്നു പറയുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഇവിടെ വോട്ട് ഓൺ അക്കൗണ്ടിന്റെ ചർച്ചയിൽ വന്ന ചില പ്രധാന പ്രശ്നങ്ങളെ സംബന്ധിച്ച് ഗവൺമെന്റിന് പറയാനുള്ള ചില വിശദീകരണങ്ങൾ മാത്രമാണ് ഞാൻ ഇവിടെ തരുന്നത്. ഇവിടെ ഞാൻ അവസാനത്തു നിന്നു തുടങ്ങാം. ഏറ്റവും പ്രധാനപ്പെട്ട പ്രസംഗം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് എ.കെ. ആന്റണിയുടേതാണ്. അതുകൊണ്ട് അദ്ദേഹം പറഞ്ഞ കാര്യങ്ങളിൽ നിന്നും തുടങ്ങുകയാണ്. അദ്ദേഹം ചോദിച്ചു, വോട്ട് ഓൺ അക്കൗണ്ട്, ഇപ്പോൾ അനുവദിച്ചു തരുന്ന പണം വക മാറ്റി ചെലവാക്കില്ല എന്ന് ഈ സഭയ്ക്ക് ഉറപ്പു തരാമോ എന്ന്. ഇത് ഓരോ വർഷവും ബഡ്ജറ്റ് പാസ്സാക്കുമ്പോഴും അതുപോലെ വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കുമ്പോഴും അനുവദിച്ചു തരുന്ന സംഖ്യയിൽ വ്യത്യാസം വരുന്നതു കൊണ്ടാണ് പിന്നത്തെ സെഷനിൽ എസ്.ഡി.ജി. (സപ്ലിമെന്ററി ഡിമാൻറ് ഫോർ ഗ്രാന്റ്സ്) അനിവാര്യമായിത്തീരുന്നത്. എല്ലാ സെഷനിലും എസ്.ഡി.ജി. ഉണ്ടാകും. ഈ സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റിന്റെ ഒരു ആവശ്യം, പണം വക മാറ്റി ചെലവാക്കിയിട്ടില്ല budget ചെയ്തു. ഈ അസംബ്ലി വോട്ടു ചെയ്തു തന്ന ആ പണത്തിൽ നിന്ന് വ്യത്യസ്തമായി ചെലവഴിച്ചാൽ അത് ഈ അസംബ്ലിയിൽ തന്നെ കൊണ്ടുവന്ന്, അസംബ്ലിയുടെ അംഗീകാരം വാങ്ങേണ്ടതാണ്, അതു ഭരണഘടനാപരമായ ബാദ്ധ്യതയാണ്. അതിനുവേണ്ടിയാണ് എസ്.ഡി.ജി. കൊണ്ടു വരുന്നത്. വോട്ടു ചെയ്തു തന്ന പണം അതിനുവേണ്ടി മാത്രം ചെലവഴിക്കുക എന്നു വച്ചാൽ പിന്നെ എസ്.ഡി.ജി. യുടെ ആവശ്യം ഇല്ലല്ലോ ? അതുകൊണ്ട് നമ്മുടെ ഭരണഘടന ഉണ്ടായ അന്നു മുതൽ, അസംബ്ലിയിലും പാർലമെന്റിലും ഉണ്ടായ അന്നു മുതൽ എല്ലാ സെഷനിലും ഉപധനാഭ്യർത്ഥന ഒരു ഐറ്റമാണ്. ഇനിയിപ്പോൾ ആരു ഭരിച്ചാലും ശരി, ബഹുമാനപ്പെട്ട ആന്റണി പറഞ്ഞു. അടുത്ത തവണ അവരാണ് ഭരിക്കുക എന്ന്. ആഗ്രഹമൊക്കെ നല്ലതാണ്. അടുത്ത വർഷം അടുത്ത ഭരണം വന്നാലും, 1996 മേയ് വരെ നിങ്ങളാണല്ലോ ഭരിച്ചത്. 1996-ൽ ഞാൻ ഗവൺമെന്റിനുവേണ്ടി ബഡ്ജറ്റ് അവതരിപ്പിച്ചപ്പോഴും നിങ്ങൾ വക

LIBRARY ARCHIVES Kerala Legislative Assembly

മാറി ചെലവു ചെയ്ത പണത്തിനു എസ്.ഡി.ജി. ഞാൻ കൊണ്ടുവന്നു. ആ എസ്.ഡി.ജി. ക്ക് നിങ്ങൾ എതിരായി വോട്ട് ചെയ്തു. നിങ്ങൾ ചെലവാക്കിയതിന് എതിരായി ..... (ബഹളം)..... ഞാൻ പറയാം. Don't disturb me വകമാറി ചെലവാക്കുക എന്നൊരു വാക്ക്, റീ അപ്രോപ്രിയേഷന്റെ മലയാളം എന്താണ്? വകമാറി ചെലവാക്കുകയെന്നുള്ളതിന്റെ ഇംഗ്ലീഷാണ് റീ അപ്രോപ്രിയേഷൻ. റീ അപ്രോപ്രിയേറ്റ് ചെയ്യാൻ അധികാരമില്ലേ ? റീ അപ്രോപ്രിയേഷനും എസ്.ഡി.ജി. യിൽ കൊണ്ടുവന്ന് റാറ്റിഫൈ ചെയ്യണം. അതുകൊണ്ട് കൃത്യമായി 15 രൂപ പാസ്സാക്കിതന്നാൽ 15 രൂപ ഏതാവശ്യത്തിന് ചെലവാക്കാൻ for which it is voted minor head പക്ഷെ ഇവിടെ അതല്ല കാസ്റ്റ്യൻ അതുമാത്രമേ ചെലവാക്കൂ എന്ന് വാക്ക് തരാമോയെന്ന് ചോദിച്ചാൽ ; അത് വേറെ ആരെങ്കിലും ചോദിച്ചാൽ എനിക്ക് മനസ്സിലാക്കാം. പക്ഷെ ബഹുമാന്യനായ എ.കെ. ആന്റണി ചോദിച്ചതിൽ എനിക്ക് ദുഃഖമുണ്ട്. ഇത് എന്തൊരു ചോദ്യമാണ് ? ഇത് ചോദിക്കാം. എവിടെയാണെന്ന് അറിയാമോ ? വിമോചന യാത്രയിൽ ചോദിക്കാം. അസംബ്ലിയിൽ ചോദിക്കാൻ പറ്റുകയില്ല.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, പോയിന്റ് ഓഫ് ഓർഡർ .....

മി. സ്പീക്കർ : ശ്രീ. ആര്യാടന് സംസാരിക്കാം.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സംസാരിക്കുന്നയവസരത്തിൽ ഈ ഗവൺമെന്റ് പാസ്സാക്കിക്കൊടുത്ത ഗ്രാന്റും ഒറിജിനൽ ഗ്രാന്റും സപ്ലിമെന്ററി ഗ്രാന്റും ഈ ഗവൺമെന്റ് ചെലവാക്കുന്നില്ലെന്ന് സി ആന്റ് എ.ജി. 1998-99-ലെ അപ്രോപ്രിയേഷൻ അക്കൗണ്ടിലും അതുപോലെ 1999-2000-ലെ അപ്രോപ്രിയേഷൻ അക്കൗണ്ടിലും വ്യക്തമായി പറഞ്ഞു. സംഖ്യതന്നെ അദ്ദേഹം വ്യക്തമാക്കി. സി.ആന്റ് എ.ജി. യുടെ റിപ്പോർട്ടാണ്. അതിനെ വളച്ചൊടിച്ച് ഒരു മന്ത്രി പറയുന്നത് ഓർഡറിലാണോ ?

ശ്രീ. ടി. ശിവദാസമേനോൻ : സർ, നമുക്ക് സമയത്തെക്കുറിച്ച് ഒരു ധാരണ വേണ്ടേ ? മര്യാദ സമയത്തെങ്കിലും ഒന്ന് അവസാനിപ്പിക്കണ്ടേ ? ഇങ്ങനെ ഇന്റർവീൻ ചെയ്യുന്നത് എന്തിനാണ്? ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സംസാരിക്കുമ്പോൾ എനിക്ക് ഇടയ്ക്ക് കയറി ചോദിക്കാൻ അറിയാഞ്ഞിട്ടല്ല. ഇടയ്ക്ക് കയറി ചോദിക്കുന്നത് മര്യാദയല്ലെന്ന് വച്ചിട്ടാണ് ചോദിക്കാതിരുന്നത്. അല്ലാതെ ചോദിക്കാൻ ഇല്ലാഞ്ഞതുകൊണ്ടല്ല. ഞാൻ ചോദിച്ചില്ലല്ലോ ?

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : സി.ആന്റ് എ.ജി. യുടെ കണക്കനുരിച്ച് 80 കോടി രൂപ ഹെൽത്തിന്റെ ബഡ്ജറ്റിൽ തന്നിട്ട് നിങ്ങൾ ആശുപത്രിയിൽ മരുന്നുപോലും വാങ്ങി കൊടുത്തില്ല. നിങ്ങൾ പരിയാരം കോളേജിനെ പൂട്ടിയിടാൻ പോകുന്നു. 90 കോടി രൂപ പി.ഡബ്ല്യൂ.ഡി. ക്ക് കൊടുത്തിട്ട് നിങ്ങൾ കരാറുകാർക്ക് പണം കൊടുത്തില്ല. കോൺട്രാക്റ്റർമാർ ആത്മഹത്യ ചെയ്തു. 290 കോടി രൂപ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിന് കൊടുത്തിട്ട് നിങ്ങൾ പ്ലസ്ടു അദ്ധ്യാപകൻമാർക്ക് ശമ്പളം കൊടുത്തില്ല. ഞാൻ പറഞ്ഞതെല്ലാം സി.ആന്റ് എ.ജി. റിപ്പോർട്ടിലുള്ളതാണ്. പ്രസംഗത്തിനിടയിൽ ചോദ്യം ചോദിക്കരുതെന്ന് പറയുകയും അതേസമയത്ത് മറ്റുതരത്തിൽ ടിസ്റ്റ് ചെയ്യുന്നത് അങ്ങേയ്ക്ക് ചേർന്നതല്ല. ഈ അവസാനത്തെ അസംബ്ലിയിൽ അങ്ങയിൽ നിന്നും ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്തതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ശിവദാസമേനോൻ : സർ, ഓരോന്നിനായിട്ടേ മറുപടി പറയാൻ പറ്റുകയുള്ളൂ. ഓരോരോ ചോദ്യമായിട്ട് പറയാം. ആദ്യത്തെ ചോദ്യം, വകമാറി ചെലവാക്കുമോ ? അതിനുള്ള മറുപടി പറഞ്ഞിട്ട് പിന്നെ സേവിംഗ്സിനെക്കുറിച്ച് പറയാം. എല്ലാ ചോദ്യത്തിനും മറുപടി പറയും. മറുപടി കേൾക്കാൻ കാത്തിരിക്കാതെ, എല്ലാ ചോദ്യത്തിനും ഒരുമിച്ച് മറുപടി പറയാൻ സാധിക്കില്ല. ഓരോന്നായിട്ട് മറുപടി പറയാം. ബഹുമാനപ്പെട്ട എ.കെ. ആന്റണിക്കുള്ള ഒരു ഗുണമെന്താണെന്നു വച്ചാൽ ഓരോന്നും പതുക്കെപ്പതുക്കെ നിർത്തി നിർത്തി ചോദിക്കും. ഞാൻ അങ്ങനെ പതുക്കെ നിർത്തിപ്പറയുകയില്ലെങ്കിലും കുറച്ച് പതുക്കെയാകാൻ അങ്ങ് അനുവദിക്കണം. വോട്ട് ഓൺ അക്കൗണ്ടിൽ അനുവദിച്ചു തരുന്ന പണം വകമാറുമോ ? വേണ്ടി വന്നാൽ റീ അപ്രോപ്രിയേറ്റ് ചെയ്യും. ഈ സഭയുടെ വിശ്വാസമാണ്. പക്ഷെ എസ്ഡി.ജി. കൊണ്ടുവരുമെന്ന് പറഞ്ഞിട്ട് ഒരു ഡിമാന്റ് പാസ്സാക്കാൻ പാടില്ല. എസ്.ഡി.ജി. യെ ക്കുറിച്ചൊന്നും ബഹുമാനപ്പെട്ട കെ.എം. മാണി എന്നെ പഠിപ്പിക്കണ്ട. മറുപടി കേൾക്കാനുള്ള ഒരു ക്ഷമ നിങ്ങൾക്കുവേണ്ടേ ? അതാണ് First question, nobody will answer. ആരും പറയില്ല അധികം ഞങ്ങൾ ചെലവഴിക്കുമെന്ന്, അല്ലെങ്കിൽ ഇത് മുഴുവൻ ചെലവാക്കില്ല എന്ന് പറയുകയില്ല, പറയാൻ പാടില്ല. It is an insult to the Assembly മറ്റൊന്ന് അദ്ദേഹം ചോദിച്ചത് ട്രഷറി നിയന്ത്രണത്തെക്കുറിച്ചാണ്. ട്രഷറി നിയന്ത്രണം പൂർണ്ണമായും എടുത്തുകളയുമെന്ന് ഇവിടെ വാഗ്ദാനം തരാമോ ? വാഗ്ദാനം തരാൻ പറ്റില്ല, എന്തുകൊണ്ടെന്നുവച്ചാൽ ട്രഷറിയുണ്ടായ അന്നുമുതൽ ഇന്നേവരെ ട്രഷറിയിൽ നിന്നും ചെലവിൽ നിയന്ത്രണമുണ്ട്. ട്രഷറി ഉണ്ടോ, നിയന്ത്രണവും ഉണ്ട്. They are twins. They are not anti-force. അവർ ഇരട്ട സന്തതികളാണ്. ട്രഷറിയിലെ ഫിസ്ക്കൽ മാനേജ്മെന്റെന്നുപറഞ്ഞാൽ in-take- ഉം off-take ഉം regulate ചെയ്യേണ്ടതു തന്നെയാണ്. നിയന്ത്രണം വേണ്ടപ്പോൾ നിയന്ത്രിക്കും. നിയന്ത്രണം വേണ്ടാത്തപ്പോൾ നിയന്ത്രിക്കുകയില്ല. അപ്പോൾ നിയന്ത്രണമേ ഉണ്ടാകുകയില്ലായെന്നുപറഞ്ഞാൽ ധനകാര്യ വകുപ്പുമന്ത്രി വേണ്ടല്ലോ, നിങ്ങൾ പാസ്സാക്കിയിട്ട് വെറുതെയിരുന്നാൽ മതിയല്ലോ ? ഇത് മാനേജ് ചെയ്യാൻ ആളുവേണ്ടേ ? മറ്റൊന്ന് സേവിംഗ്സിനെക്കുറിച്ചാണ്. ഏത് ബഡ്ജറ്റിലായിരുന്നാലും നിങ്ങൾ ഭരിച്ചസമയത്തുള്ള ബഡ്ജറ്റിലായാലും ഞങ്ങൾ ഭരിച്ച സമയത്തുള്ള ബഡ്ജറ്റിലായാലും ആര് ഭരിക്കുന്ന കാലത്തായാലും ആ ഭരിച്ചിരുന്ന കാലത്തൊക്കെ there were Governments. It is a Budget Estimate. അത് ബഡ്ജറ്റ് അല്ല. ബഡ്ജറ്റ് എസ്റ്റിമേറ്റെന്നു പറഞ്ഞാൽ Annual Financial Statement ആണ്. അതായത് പ്രതീക്ഷിക്കുന്ന വരവും പ്രതീക്ഷിക്കുന്ന ചെലവുമാണ്. അപ്പോൾ പ്രതീക്ഷിക്കുന്ന വരവ് വന്നില്ലയെന്ന് വിചാരിക്കുക, ബഡ്ജറ്റെന്നുപറയുന്നതിൽ വെറും ചെലവിനങ്ങൾ മാത്രമല്ല ഉള്ളത്, വരവിനങ്ങളും ഉണ്ട്. ഇത് രണ്ടുംകൂടിയാണ് അസംബ്ലിയിൽ പാസ്സാക്കുന്നത്. അപ്പോൾ അസംബ്ലിയിൽ പാസ്സാക്കിത്തരുന്ന വരവിനങ്ങൾ മുഴുവൻ വന്നാൽ ആ ചെലവിനങ്ങൾ മുഴുവൻ അതിൽ വരും. അല്ല, വരവിനങ്ങൾ വരുന്നില്ലെങ്കിൽ ആ ചെലവിനത്തിൽ വ്യത്യാസം വരും. അത് സ്വാഭാവികമാണ്. ചിലർ വിചാരിക്കുന്നത് ബഡ്ജറ്റെന്നുപറഞ്ഞാൽ ചെലവിനങ്ങൾ മാത്രമെന്നാണ്. അങ്ങനെയല്ല, വരവും ചെലവും രണ്ടും വരും. നമ്മൾ പ്രതീക്ഷിച്ച വരുമാനം

LIBRARY ARCHIVES Kerala Legislative Assembly

ചിലപ്പോൾ devolution of funds കിട്ടിയില്ലെന്നു വന്നാൽ അതനുസരിച്ചുള്ള മാറ്റം ചെലവിലും വരും. അതുപോലെ ബാക്കി വരുന്നതെന്തുകൊണ്ടാണെന്ന് പറയാം. ബഡ്ജറ്റ് എസ്റ്റിമേറ്റിൽ തുക വയ്ക്കുമ്പോൾ വലിയ ഒരു കംപോണന്റ് ഓരോ ഡിപ്പാർട്ടുമെന്റിനും വയ്ക്കുമ്പോൾ അതിൽ പ്രധാന കമ്പോണന്റ് സാലറി ആന്റ് അലവൻസ്സിനാണ്. സാലറി ആന്റ് അലവൻസസ് ലംപായിട്ട് ഒരു എമൗണ്ടും കംപ്ലീറ്റ് അസസ്സ് ചെയ്യാൻ കഴിയുകയില്ല. അത് committed expenditure ആണ്. ആ എക്സ്പെന്റിച്ചർ എത്രവരുമെന്ന് തീരുമാനിക്കാൻ പറ്റുകയില്ല. അതുകൊണ്ട് കുറച്ച് ജാസ്തി വയ്ക്കും. അപ്പോൾ ഏത് ബഡ്ജറ്റിലാണെങ്കിലും ശ്രീ. കെ. എം. മാണിയുണ്ടാക്കിയ ബഡ്ജറ്റിലാണെങ്കിലും ശ്രീ. സി.ഡി. ദേശ്മുഖ് ഉണ്ടാക്കിയ ബഡ്ജറ്റിലാണെങ്കിലും ആരുണ്ടാക്കുന്ന ബഡ്ജറ്റിലാണെങ്കിലും അതിൽ സേവിംഗ്സ് വരും. വിദ്യാഭ്യാസത്തിനും ജാസ്തി വരും, എന്തുകൊണ്ടാണെന്നുവച്ചാൽ സ്റ്റാഫ് ഏറ്റവും കൂടുതൽ fluctuate ചെയ്യുന്ന ഒരു ഡിപ്പാർട്ടുമെന്റാണ്. കുട്ടികളുടെ സ്ട്രെങ്ത് അനുസരിച്ചായിരിക്കും സ്റ്റാഫ്. അതുകൊണ്ട് കുറച്ച് ജാസ്തി വയ്ക്കും. ആ ജാസ്തിവച്ച് സേവിംഗ്സായി വരും. അത് ചെലവാക്കിയിട്ടില്ലെന്നു പറഞ്ഞാൽ എന്ത് അർത്ഥമാണുള്ളത്. .....(ബഹളം)..... (ബഹളം).....

മി. സ്പീക്കർ : അദ്ദേഹം മറുപടി പറഞ്ഞു കഴിഞ്ഞതിനുശേഷം ചോദ്യം ചോദിക്കാൻ അവസരം തരാം.

ശ്രീ. ടി. ശിവദാസമേനോൻ : ഇന്ന് ഇവിടെ ശ്രീ. എ. കെ. ആന്റണി പൊളിറ്റിക്കലായ ചില ഇഷ്യൂസാണ് റെയിസ് ചെയ്തത്. ആ ഇഷ്യൂ എന്താണെന്നുവച്ചാൽ യു.എഫ്. ഗവൺമെന്റ് .....

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : സർ, അങ്ങ് ബഡ്ജറ്റ് ഇഷ്യൂസ് കഴിഞ്ഞ് പൊളിറ്റിക്സിലോട്ട് പോകുകയാണ്. എന്റെ പ്രസംഗത്തിൽ ഞാൻ ആവശ്യപ്പെട്ട രണ്ടുമൂന്ന് കാര്യങ്ങൾക്ക് അങ്ങ് മറുപടി പറഞ്ഞില്ല.

ശ്രീ. ടി. ശിവദാസമേനോൻ : ഞാൻ അതിലേയ്ക്ക് തിരിച്ചുവരും മുൻ യു.എഫ്. ഗവൺമെന്റിന്റെ കാലത്ത് ആ ഗവൺമെന്റിനോടുള്ള ലെഫ്റ്റ് ആന്റ് ഡെമോക്രാറ്റിക് പാർട്ടിയുടെ സമീപനവും മറ്റ് ഡെമോക്രാറ്റിക് പാർട്ടികളുടെ സമീപനവും വ്യത്യസ്തമായിരുന്നു. ആ ഗവൺമെന്റിനോടുള്ള ലെഫ്റ്റ് ഡെമോക്രാറ്റിക് പാർട്ടികളുടെ നിലപാട് എന്നു പറയുന്നത് ഇക്കണോമിക് ഫ്രണ്ടിൽ എതിർക്കുമെന്നും പൊളിറ്റിക്കൽ ഫ്രണ്ടിൽ പിന്തുണ നൽകുമെന്നുമുള്ളതാണ്. ചിദംബരത്തിന്റെ ഇക്കണോമിക് പോളിസിക്കെതിരായി പരസ്യമായി ഇൻസൈഡ് ആന്റ് ഔട്ട്സൈഡ് പാർലമെന്റിൽ സമരം ചെയ്തത് ഇടതുപക്ഷ പാർട്ടികളാണ്. അതിനായി നിരവധി സമരങ്ങൾ ഞങ്ങളാണ് നടത്തിയത്. നിങ്ങളല്ല. കോൺഗ്രസ്സ് മിണ്ടാതെ ചുമ്മായിരുന്നു. കോൺഗ്രസ്സ് സപ്പോർട്ട് ചെയ്തിട്ടല്ലേ ആ ഗവൺമെന്റ് നില നിന്നത് ? കോൺഗ്രസ്സ് ആ ഗവൺമെന്റിനെ സപ്പോർട്ട് ചെയ്തിട്ടില്ലേ ? എന്തിനാണ് സപ്പോർട്ട് ചെയ്തത് ? ബി.ജെ.പി. വാരണ്ട. ആ ഗവൺമെന്റിനെ സപ്പോർട്ട് ചെയ്തപ്പോൾ ക്ലീയർകട്ടായിട്ട് നിരവധി വേഖനങ്ങളും പ്രസ്താവനകളും വന്നിട്ടുള്ള സാമ്പത്തിക രംഗത്ത്

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങളുടെ നയങ്ങളെ ഞങ്ങൾ ശക്തിയായി എതിർക്കുകയും രാഷ്ട്രീയ രംഗത്ത് ബി.ജെ.പി. വരാതിരിക്കാൻ ആന്റി ബി.ജെ.പി. പോളിസി ഉള്ളതുകൊണ്ട് പിന്താങ്ങുകയും ചെയ്യാമെന്ന് പറഞ്ഞു. ചിദംബരത്തിന്റെ ലിബറലൈസേഷൻ പോളിസി നിങ്ങൾ കൊണ്ടുവന്നതാണ്. ചിദംബരം കേടുകൂടാതെ, കെടാതെ, സൂക്ഷിച്ചിരുന്നത് യശ്വന്ത്സിൻഹയിലേയ്ക്ക് തലമുറിയിലേക്ക് കൈമാറി. ഇതിന് ഞങ്ങളല്ല ഉത്തരവാദി. മൻമോഹൻസിംഗ് കൊളുത്തിവച്ച ദീപശിഖ ചിദംബരം ഊതിക്കെടുത്തിയില്ല. അതുകൊണ്ടുതന്നെയാണ് ഇക്കണോമിക് ഫ്രണ്ടിൽ ചിദംബരത്തിനെതിരായി വലിയ സമരം ഇടതുപക്ഷ പാർട്ടികൾ നടത്തിയത്. അല്ലാതെ ഇക്കണോമിക് ഫ്രണ്ട് നമ്മൾ അംഗീകരിച്ചിട്ടില്ല. പിന്നെ എന്താണ് ഉണ്ടായത് ? കോൺഗ്രസ്സുകാരും ചിന്തിക്കാൻവേണ്ടി പറയുകയാണ്. ഞങ്ങൾ ചിന്തിക്കാൻ കുറെ കാര്യങ്ങൾ അദ്ദേഹം പറഞ്ഞു. നിങ്ങൾക്ക് ചിന്തിക്കാൻ ചില കാര്യങ്ങൾ ഞാൻ പറയുകയാണ്. ആ യു.എപ്. ഗവൺമെന്റിനെതിരായി അവിശ്വാസം വന്നു. അവിശ്വാസം വന്നപ്പോൾ ഗൗഡ പോയി, ഗുജ്റാൾ വന്നു. ആ കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഗുജ്റാൾ ഗവൺമെന്റിനെതിരായി അവിശ്വാസം വന്നു. ആ അവിശ്വാസത്തെ നമ്മൾ തോല്പിക്കാൻ ശ്രമിച്ചു. ആ അവിശ്വാസം പാസ്സായി. പാസ്സായപ്പോൾ എന്തായിരുന്നു നമ്മുടെ ധാരണ ? ബി.ജെ.പി.യെ ഒഴിവാക്കിക്കൊണ്ടുള്ള ഒരു ആൾട്ടർനേറ്റീവ്. നമ്മൾ അതിനുവേണ്ടി നിന്നു. ഒന്നുമില്ലെങ്കിലും യു.എപ്. പാർട്ണേഴ്സിനെ കോൺഗ്രസ്സ് പിന്താങ്ങിക്കൊണ്ട് മന്ത്രിസഭ..... അല്ലെങ്കിൽ അവസാനം ബി.ജെ.പി. വരാതിരിക്കാൻ കനത്ത വില കൊടുക്കാൻ നമ്മൾ തയ്യാറായി. കോൺഗ്രസ് ഗവൺമെന്റിനെ നമ്മൾ പിന്താങ്ങാമെന്നുവരെ പറഞ്ഞു. ഇതിലപ്പുറം വല്ല നടപടിയും എടുക്കാനുണ്ടോ ? ജീവൻ കൊടുക്കുന്നതിലും അപ്പുറമല്ലേ അത് ? ബി.ജെ.പി.യെ അവോയ്ഡ് ചെയ്യാൻവേണ്ടി സോണിയാഗാന്ധി പ്രധാനമന്ത്രിയായാൽ നമ്മൾ സപ്പോർട്ട് ചെയ്യാമെന്നുവരെ പറഞ്ഞു. പക്ഷേ അന്നു നിങ്ങൾ എന്താണ് പറഞ്ഞത് ? ഞങ്ങൾ ഭരിക്കാനുമില്ല. നിങ്ങളെക്കൊണ്ട് ഭരിപ്പിക്കാനുമില്ല. ഞങ്ങൾ തെരഞ്ഞെടുപ്പിലേയ്ക്ക്, എന്നാണ് നിങ്ങൾ പറഞ്ഞത്. ആ തെരഞ്ഞെടുപ്പിൽ നിങ്ങൾ എന്താണ് പറഞ്ഞത് ? നമ്മൾ ഒറ്റയ്ക്ക് വരാൻ പോകുകയാണ്. പിന്നെ എന്തിനാണ് കൂട്ടു മന്ത്രിസഭ ? കോൺഗ്രസ്സ് വർക്കിംഗ് കമ്മിറ്റിയുടെ നിർണ്ണായക യോഗത്തിൽ ഒറ്റയ്ക്ക് ഭരിക്കുമെന്ന് ശക്തമായി വാദിച്ച വക്താവ് എന്റെ ബഹുമാന്യ സുഹൃത്ത് ശ്രീ. എ. കെ. ആന്റണിയാണ്. അല്ലായെന്ന് പറയാൻ പറ്റുമോ ?

ശ്രീ. എ. കെ. ആന്റണി : അല്ല.

ശ്രീ. ടി. ശിവദാസമേനോൻ : പിന്നെ ആരാണ് ? ബഹുമാനപ്പെട്ട ആന്റണിയെക്കൊണ്ട് ആ വശത്തുനിന്നുമുള്ളവർ അല്ലാ എന്ന് പറയിച്ചതാണ്. കാരണം കരുണാകരനാണ്. അത് ആന്റണി പറയുകയില്ല.

ശ്രീ. എ. കെ. ആന്റണി : കരുണാകരനും അല്ല.

ശ്രീ. ടി. ശിവദാസമേനോൻ : അതവിടെ നിൽക്കട്ടെ. ഒറ്റയ്ക്കു ഭരിക്കുമെന്ന് പറഞ്ഞിട്ടാണ് വന്നത്. ചരിത്രം നിങ്ങൾക്ക് മാപ്പ് തരികയില്ല. അന്ന് ഒരു ആന്റി ബി.ജെ.പി. ഗവൺമെന്റ് വന്നിരുന്നുവെങ്കിൽ ബി.ജെ.പി. വരികയില്ലായിരുന്നു. നിങ്ങളാണ് ബി.ജെ.പി. ഗവൺമെന്റിനെ താലപ്പൊലിയും തായമ്പകയും കൂട്ടി

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചവാദ്യത്തോടെ സ്വീകരിച്ചുകൊണ്ടുവന്നത്. അതിനുള്ള മഹാപാപം നിങ്ങളെ വിട്ടുമാറുകയില്ല. ആ ഭൂതപ്രേത പിശാച് നിങ്ങളെ വിട്ടുമാറുകയില്ല. നിങ്ങൾ ചെയ്ത തെറ്റിന് ചരിത്രം മാപ്പ് തരികയില്ല. അന്ന് ബി.ജെ.പി. ഗവൺമെന്റിനെ ഇൻസ്റ്റാൾ ചെയ്തതിലുള്ള മെയിൻ കാൾപ്രിറ്റ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സാണ്. അല്ലായെന്ന് പറയാൻ പറ്റുമോ ? മഹാത്മാഗാന്ധിയെ വെടിവച്ചു കൊന്നവരെ അധികാരത്തിൽ കൊണ്ടുവരാൻ കുഴലൂതിയവരാണ് കോൺഗ്രസ്സുകാർ. അത് മനസ്സിലാക്കണം. ഇപ്പോൾ കിടന്ന് ചാടിയാൽ പോരാ. റേഷൻ കൊണ്ടുവരേണ്ടായെന്ന് പറഞ്ഞത് ഞങ്ങളല്ലായെന്ന് പറഞ്ഞ് അട്ടർ കൺഫ്യൂഷൻ ഉണ്ടാക്കാൻ ബഹുമാനപ്പെട്ട ആന്റണി ശ്രമിച്ചപ്പോൾ ബഹുമാനപ്പെട്ട ഭക്ഷ്യമന്ത്രിയുടെ പ്രസ്താവനയിലൂടെ ആ കാര്യം ക്ലിയർകട്ടായി തെളിഞ്ഞു. നിങ്ങളുടെ ടിൻ കാർഡ് സിസ്റ്റത്തിന്റെ പിതൃത്വം നിങ്ങൾക്കാണ്. അതിൽ വല്ലതും സംശയമുണ്ടോ ? അത് ഇപ്പോൾ വ്യക്തമായി തെളിഞ്ഞില്ലേ ? പിന്നെ എനിക്ക് ആവർത്തിച്ച് പറയാനുള്ള ഒരു കാര്യം, നിങ്ങൾക്ക് ചിദംബരത്തിന്റെ ഇക്കണോമിക് പോളിസിയെ എതിർക്കാൻ കഴിയുകയില്ല. എന്തുകൊണ്ട് ? അത് നിങ്ങളുടെ പോളിസിയല്ലേ ? ആ പോളിസിതന്നെയാണ് യശ്വന്ത്സിൻഹ തുടരുന്നത്. അതുകൊണ്ട് അതിനേയും എതിർക്കാൻ കഴിയുകയില്ല. ബഹുമാനപ്പെട്ട എ.കെ. ആന്റണി ശക്തിയായി ആക്രമിച്ചുകൊണ്ടുള്ള പ്രസംഗമാണ് നടത്തിയത്. പക്ഷേ ആ ആക്രമണത്തിൽ ബി.ജെ.പി. യെ കുറിച്ച് ഒരു വാക്കുപോലും പറഞ്ഞില്ല. എന്തുകൊണ്ട് പറഞ്ഞില്ലായെന്നുവച്ചാൽ, വിവാഹ നിശ്ചയത്തിനുശേഷം പ്രതിശ്രുതവധുവിനെക്കുറിച്ച് വരൻ പറയുന്നത് ശരിയല്ല. അത് മനസ്സിലാക്കാം. അതുകൊണ്ടാണ് നിങ്ങൾ മിണ്ടാത്തത്. യാതൊരു സംശയവുമില്ല. യശ്വന്ത്സിൻഹയുടെ സ്പീച്ച് മുഴുവൻ നിങ്ങൾ വായിച്ചിട്ടുണ്ടാകും. ആ സ്പീച്ചിന് ഒരു ബാക്ക്ഗ്രൗണ്ട് ഉണ്ട്. അതിൽ ഹ്യൂജ് ഡെഫിസിറ്റിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ആ ഡെഫിസിറ്റിനെ കുറിച്ചൊന്നും ഞാൻ പറയുന്നില്ല. നിങ്ങൾ എന്നെക്കാളും വായിച്ചവരാണ്. അത് കവർ ചെയ്യാൻവേണ്ടി പറഞ്ഞിട്ടുള്ള പല കാര്യങ്ങളും ജനദ്രോഹപരമാണ്. ജനങ്ങളെ പിഴിഞ്ഞുകൊണ്ടാണ് ആ ഡെഫിസിറ്റ് കവർ ചെയ്യാൻ ശ്രമിക്കുന്നത്. ലാഭത്തിൽ പ്രവർത്തിക്കുന്ന പബ്ലിക് സെക്ടർ (12,000 കോടി രൂപയാണ് പ്രതീക്ഷിക്കുന്നത്.) വിറ്റഴിക്കുക 12,000 കോടി രൂപയ്ക്കുള്ള പൊതുമുതൽ..... അങ്ങനെയാണെങ്കിൽ പുത്തരിക്കണ്ടം മൈതാനവും മറൈൻ ഡ്രൈവുമൊക്കെ വിൽക്കാൻ പുറപ്പെട്ടാൽ നല്ല ലാഭമല്ലേ ? മിനറൽസ് ആന്റ് മെറ്റൽസ് വിറ്റാൽ പോരെ ? അതിനെതിരായി അരവാക്ക് നിങ്ങൾക്ക് മിണ്ടാൻ കഴിയുന്നില്ല. കാരണം ഡിസ് ഇൻവെസ്റ്റ്മെന്റ്. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി ധനകാര്യമന്ത്രി ആയിരുന്നപ്പോൾ ആദ്യം ഡിസ്ഇൻവെസ്റ്റ്മെന്റ് ഒരു വരുമാനമാർഗ്ഗമായി ബഡ്ജറ്റിൽ പറയുകയുണ്ടായി. എനിക്ക് ഓർമ്മയുണ്ട്. അതിനെ വിത്തുകുത്തി ഊണു കഴിക്കുകയാണെന്ന് ബഹുമാനപ്പെട്ട ഗൗരിയമ്മ അന്ന് വിമർശിക്കുയും ചെയ്തു. അതെല്ലാം എനിക്ക് ഓർമ്മയുണ്ട്. അതുകൊണ്ട് ആ പോളിസി അതുപോലെ തുടർന്നുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : വളരെ പ്രധാനപ്പെട്ട 3 കാര്യങ്ങൾ ഉണ്ട്. അങ്ങ് പറഞ്ഞല്ലോ പ്രതിപക്ഷ നേതാവിന്റെ പ്രസംഗത്തിൽ പറഞ്ഞ കാര്യങ്ങൾക്ക് അങ്ങ് മറുപടി പറയാൻ പോകുന്നുവെന്ന്. ഞാൻ മൂന്ന് പ്രധാനപ്പെട്ട കാര്യങ്ങൾ പറയാൻ ആഗ്രഹിക്കുന്നു. അതിന് മറുപടി പറയണം. 507 കോടി രൂപ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റിനുവേണ്ടി 1999 നവംബർ 11-ന് വച്ചിട്ട് എന്തു ചെയ്തു ? രണ്ട്, ഗുജറാത്തിലെ ഭൂകമ്പത്തിനുവേണ്ടി പിരിച്ച തുക അങ്ങ് 25 ലക്ഷമേ കൊടുത്തുള്ളൂ. ബാക്കി എന്തു ചെയ്തു ? അതുപോലെ തന്നെ 13 കോടി രൂപ കാർഗിൽഫണ്ട് പിരിച്ചിട്ട് രണ്ട് കോടി രൂപയേ കൊടുത്തുള്ളൂ. ബാക്കി എന്തു ചെയ്തു ? ഈ മൂന്ന് കാര്യങ്ങൾക്ക് എന്താണ് ഉത്തരം ?

ശ്രീ. ടി. ശിവദാസമേനോൻ : സർ, കാർഗിലിന്റെ ഫണ്ട് 13 കോടി രൂപ പിരിച്ചു. ആ കാർഗിലിന്റെ ഫണ്ട് ചെലവഴിക്കുന്നത് പടക്കളത്തിൽ മരിച്ച ജവാന്മാരുടെ കുടുംബാംഗങ്ങൾക്കാണ്. അത് മുഖ്യമന്ത്രിയുടെ ഫണ്ടിൽ നിന്നാണ് കൊടുക്കുന്നത്. ഇനി കുറേക്കൂടി ആളുകൾ മരിച്ചില്ല എന്നതുകൊണ്ട് ആ പണം ബാക്കിയുണ്ട്. മുഖ്യമന്ത്രിയുടെ കാർഗിൽ ഫണ്ട് ജവാന്മാരുടെ കുടുംബാംഗങ്ങൾക്ക് കൊടുത്തു കഴിഞ്ഞു. ബാക്കി ഇവിടെ ഉണ്ട്. വിഴുങ്ങിയിട്ടില്ല. അങ്ങനെയൊന്നും വിഴുങ്ങാൻ കഴിയുകയില്ല. ആർക്കുവിഴുങ്ങാൻ കഴിയും ? അതൊന്നും സാദ്ധ്യമല്ല. ബാക്കി ഇവിടെയുണ്ട്. ആൾ ചാവാത്തതിന് നമ്മൾ എന്താണ് ചെയ്യുക ?

(പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിലിറങ്ങി ബഹളം വച്ചുകൊണ്ടിരുന്നു.)

മി. സ്പീക്കർ : പ്ലീസ്..... പ്ലീസ്..... നമുക്ക് ഇത് തീർക്കണ്ടേ ?

ശ്രീ. ടി. ശിവദാസമേനോൻ : ആൾ മരിച്ചാൽ പൈസ കൊടുക്കും.

ശ്രീ. എ. കെ. ആന്റണി : ആൾ ചത്തില്ലെങ്കിൽ എന്നു പറഞ്ഞ പരാമർശം പിൻവലിക്കണം.

മി. സ്പീക്കർ : പ്ലീസ്..... പ്ലീസ് .....

ഞാൻ അത് പരിശോധിച്ച് വേണ്ടത് ചെയ്യാം. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി.

ശ്രീ. ടി. ശിവദാസമേനോൻ : കാർഗിൽ ഫണ്ടു മരിച്ചവരുടെ കുടുംബത്തിന് കൊടുക്കാനും മുറിവ് പറ്റിയവർക്ക് കൊടുക്കാനുമുള്ളതാണ്. അത് രണ്ട് ലക്ഷമെന്നുള്ളത് അഞ്ചു ലക്ഷമാക്കി ഉയർത്തുകയും ചെയ്തു. 12 കോടി രൂപയും ചെലവഴിക്കാൻ വേണ്ടി ആളെ കൊല്ലാൻ ഒക്കില്ല. അത് ഇവർ പറയുന്നത് ശരിയാണോ ? അതിവിടെ ബാക്കിയുണ്ടാവില്ലേ ? അതുകൊണ്ട്. ..... (ബഹളം) ഇൻഫ്രാസ്ട്രക്ചർ ഫണ്ട് അത് വേറെ (ബഹളം)..... ട്രഷറി സേവിംഗ്സ് അക്കൗണ്ടിലാണ്. അതിന് പലിശയും കിട്ടും. ഏറ്റവുമധികം സേവിംഗ്സ് അക്കൗണ്ടിൽ പലിശ കിട്ടുന്നത് അതിന് മാത്രമാണ്. അത് അവിടെയുണ്ട്. വക മാറ്റി ഒരു പൈസ പോലും 507 കോടി രൂപയിൽ നിന്നും വേറെ ചെലവഴിച്ചിട്ടില്ല. അത് സേവിംഗ് ബാങ്കിൽ കിടക്കുകയാണ്. അതിൽ യാതൊരു ചെലവും ഉണ്ടായിട്ടില്ല. പ്രോജക്ടുകൾ സാങ്ഷൻ ചെയ്യാത്തത് വയബിൾ പ്രോജക്ട് കിട്ടാത്തതു കൊണ്ടാണ്. വയബിൾ പ്രോജക്ട് കിട്ടിയാൽ നടപ്പിലാക്കും. (ബഹളം.....)

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറയട്ടെ. പ്ലീസ് ..... പ്ലീസ്..... നിങ്ങൾ വെല്ലിൽ നിന്നും മാറൂ. പ്രതിപക്ഷ നേതാവ് സംസാരിക്കട്ടെ. രണ്ടു ഭാഗവും ഒച്ച നിർത്തണം. രണ്ടു ഭാഗവും നിശബ്ദമായേ പറ്റൂ. പ്രതിപക്ഷ നേതാവ് പറയണം. ധനകാര്യവകുപ്പുമന്ത്രി പറയണം. നമുക്ക് തീർപ്പ് കൽപ്പിക്കാം. പ്ലീസ്..... പ്ലീസ്.....

ശ്രീ. എ. കെ. ആന്റണി : ഇത് ലഘുവായി കാണരുത്. നമ്മുടെ ജവാന്മാരുടെ പ്രശ്നമാണ്. സൈനിക ക്ഷേമനിധിയിൽ നിന്നുള്ള സഹായം മരിച്ചവർക്കു മാത്രമല്ല. യുദ്ധരംഗത്ത് പരിക്കേറ്റവരുടെ ഫാമിലിക്കും അതുപോലെ പരിക്കേറ്റ ആളുകൾക്കും എല്ലാം സഹായം നൽകാനുള്ളതാണ്. ആയിരക്കണക്കിന് ജവാന്മാർ ഇവിടെ പരിക്കേറ്റവരായി കേരളത്തിലുണ്ട്. സംഖ്യ കൂട്ടിക്കൊടുക്കാം. പരിക്കേറ്റ ജവാന്മാരുടെ കുടുംബങ്ങൾക്ക് കൊടുക്കാം. അത് കൊടുക്കുന്നതിനു പകരം ആ ജവാന്മാരെ അപമാനിക്കുകയാണ് അങ്ങ് ചെയ്യുന്നത്. കാർഗിലിലും അതുപോലെ കാശ്മീരിലും പാക്കിസ്ഥാൻ വാറിലും ചൈനാ വാറിലും എല്ലാം പരിക്കേറ്റവരെ, മരിച്ചവരെ, ജവാന്മാരുടെ കുടുംബാംഗങ്ങളെ ധനകാര്യമന്ത്രി അപമാനിച്ചിരിക്കുകയാണ്. അത് പിൻവലിക്കണം.

(..... ബഹളം.....)

മി. സ്പീക്കർ : ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി.....

ശ്രീ. ടി. ശിവദാസമേനോൻ : Sir, I am on a point of order. ഞാൻ ഈ ചർച്ചകൾക്ക് മറുപടി പറയുകയാണ്. മറുപടി പറയുമ്പോൾ പറയാൻ സമ്മതിക്കാതെ, മറുപടി കേൾക്കുമ്പോൾ ബേജാറാകേണ്ട കാര്യമില്ല.

ശ്രീ. എ. കെ. ആന്റണി : മര്യാദയ്ക്ക് പറയണം. (ബഹളം).....

ശ്രീ. ടി. ശിവദാസമേനോൻ : മര്യാദയ്ക്ക് നിങ്ങൾക്ക് കൊള്ളേണ്ട കാര്യങ്ങൾ ഞാൻ പറയും. പിന്നെ എന്താ? നിങ്ങൾക്ക് ചലച്ചിത്രഗാനം വച്ചുതരാനല്ല ഞാൻ ഇവിടെ നിൽക്കുന്നത്. നിങ്ങൾക്ക് പറ്റാത്തതും പറയും. അതിന് ആളെ വിരട്ടുന്നോ ? അതുകൊണ്ട്.....(..... ബഹളം.....)

മി. സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതനുസരിച്ച് അങ്ങ് പറഞ്ഞോളൂ.

ശ്രീ. ടി. ശിവദാസമേനോൻ : മരിച്ചവരുടെ കുടുംബത്തിന് കൊടുത്തിട്ടുണ്ട്. Even para military- ക്ക് അടക്കം കൊടുത്തിട്ടുണ്ട്. ബി.എസ്.എഫ്. ജവാന് വരെ കൊടുത്തിട്ടുണ്ട്. ബാക്കി അവിടെയുണ്ട്. മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് മുഴുവൻ കൊടുത്തു.....(ബഹളം).....

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം പ്രതിഷേധം രേഖപ്പെടുത്തി തുടർന്നുള്ള സഭാ നടപടികൾ ബഹിഷ്ക്കരിച്ച് സഭ വിട്ടു പുറത്തുപോയി.)

ശ്രീ. ടി. ശിവദാസമേനോൻ : സർ, ഇവിടെ നിർഭാഗ്യകരമാണ് ഈ സംഭവം. കാരണം ഒരു കാര്യം പറയുക, അതിന് മറുപടി കേൾക്കാനുള്ള ക്ഷമ കാണിക്കാതിരിക്കുക. അത് എന്താണെന്നു വച്ചാൽ, മറുപടി കിട്ടുമെന്ന് ധിരിച്ചില്ല. ഇവിടെ പരിഭ്രമിച്ചു പോകുമെന്ന് വിചാരിച്ചു. ഇത് ആരും വിഴുങ്ങിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

കാർഗിൽ ഫണ്ട് പിരിച്ചത് 12 കോടിയെന്ന് വച്ചാൽ 12 കോടി രൂപയും കണക്കിലുണ്ട്. മരിച്ച ജവാന്മാരുടെ കുടുംബത്തിനും പരിക്ക് പറ്റിയ ജവാന്മാരുടെ കുടുംബത്തിനും അതനുസരിച്ച് 5 ലക്ഷം രൂപ വീതം കൊടുത്തിട്ടുണ്ട്. ആ കൊടുത്തതു കഴിഞ്ഞതിന്റെ ബാക്കി അക്കൗണ്ടിൽ കിടപ്പുണ്ട്. ഇനി വല്ലവരും മരിച്ചാൽ അതും കൊടുക്കും. അവസാനം വെറും കാർഗിൽ മാത്രമല്ല, മൈൻ തട്ടിയിട്ടും, ബോംബ് തട്ടിയിട്ടും സ്ഫോടനത്തിലും മരിച്ച പട്ടാളക്കാർക്കും കൊടുത്തിട്ടുണ്ട്. പാരാ മിലിറ്ററിക്കാർക്കും കൊടുത്തിട്ടുണ്ട്. വീട് വയ്ക്കാൻ സ്ഥലം കൊടുത്തിട്ടുണ്ട്. ആശ്രിതർക്ക് ജോലി കൊടുത്തിട്ടുണ്ട്. ഇനി ജോലി കൊടുക്കുകയും ചെയ്യും. ഭൂമിയും കൊടുത്തു. ഇതെല്ലാം കേൾക്കാനുള്ള ക്ഷമ ഇവർക്കില്ല. ഇവർക്ക് ഇത് ഈ ജന്മം കൊടുക്കാനുള്ള യോഗം ഉണ്ടായില്ല. ചെയ്യുകയുമില്ല. ഒരു കോൺഗ്രസ് ഗവൺമെന്റും ചെയ്യാത്തത് ഈ ഗവൺമെൻറ് ചെയ്തപ്പോൾ..... ദേഷ്യം വരും. ഉള്ളത് പറഞ്ഞാൽ ദേഷ്യം വരും. കാരണം അവസാനം പറഞ്ഞിരുത്തിക്കളയാം എന്നാണ് ധരിച്ചത്..... അതിന് മറുപടിയുണ്ട്. അതുപോലെ തന്നെ ഇൻഫ്രാസ്ട്രക്ചർ ബോണ്ട്, ആ ഫണ്ട് ട്രഷറി സേവിംഗ്സ് ബാങ്കിലാണ്. There is a fund managing committee of officers. ആ ട്രഷറി സേവിംഗ്സ് ബാങ്കിൽ കിടക്കുന്ന പൈസയ്ക്ക്, ഏറ്റവും അധികം പലിശയുള്ളത് സേവിംഗ് ബാങ്ക് അക്കൗണ്ടിനാണ്. 13 ശതമാനമുണ്ട്. അത് അവിടെ ഇട്ടിരിക്കുകയാണ്. വയബിൾ പ്രോജക്ട് കിട്ടിയാൽ കൊടുക്കും. Project should be viable അതാണ് പ്രധാനം വയബിൾ പ്രോജക്ട് കിട്ടുന്ന മുറയ്ക്ക് അത് കൊടുക്കും. രണ്ട് മൂന്ന് പ്രോജക്ട് ഉണ്ട്. ചമ്രവട്ടക്കടവ്, അതുപോലെ Aerodrome വികസനം നമ്മൾ പറഞ്ഞിട്ടുണ്ട്. അങ്ങനെ നാലഞ്ച് പ്രോജക്ടിനെപ്പറ്റി ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്. ആ വയബിൾ പ്രോജക്ട് വരുന്ന മുറയ്ക്ക് ആ ഫണ്ട് എടുത്ത് കൊടുക്കും. ആ ഫണ്ടൊന്നും ആരും വിഴുങ്ങിയിട്ടില്ല. അത് ട്രഷറി സേവിംഗ്സ് ബാങ്കിൽ കിടക്കുകയാണ്. അതിന് 13 ശതമാനം പലിശയുമുണ്ട്. ഇവർ പറയുന്നത് കേട്ടാൽ തോന്നും ഇൻഫ്രാസ്ട്രക്ചർ ബോണ്ട് എടുത്ത് വേറെ എന്തിനോ ചെലവാക്കി എന്ന് ഇത് വിവരക്കേടല്ലേ പറഞ്ഞത്. എന്താ ഉത്തരം മുഴുവനും വായിക്കാത്തത് ? അവർക്ക് ഇഷ്ടമുള്ള ഭാഗം മാത്രം വായിച്ച് കാണാപ്പുറം വായിച്ച്.....

6 P.M.] കർഷകത്തൊഴിലാളി പെൻഷൻ ഈ ഗവൺമെന്റ് വന്നപ്പോൾ 70 രൂപയായിരുന്നു. ആ 70 രൂപ ഇവിടെ പ്രഖ്യാപിച്ച് പോയതല്ലാതെ അവർ കൊടുത്തിട്ടില്ല. 18 മാസത്തെ കുടിശ്ശിക ഉണ്ടായിരുന്നു. അത് മുഴുവൻ കൊടുത്തു ആ ബഡ്ജറ്റിൽ തന്നെ അത് 80 രൂപയാക്കി. 80 ആക്കി വർദ്ധിപ്പിച്ചതും മുഴുവൻ കൊടുത്തു. അതുകഴിഞ്ഞ് അത് 100 രൂപയാക്കി. ആ 100 രൂപയാക്കിയതും കൊടുത്തു. പിന്നെ 100 എന്നുള്ളത് 120 രൂപയാക്കി, ആ 120 രൂപയാണ് ബാക്കിയുള്ളത്. അതും ഈ ഡിസംബർ 31 വരെയുള്ളത് ഈ മാസം കൊടുക്കും, ഒരു ക്വാർട്ടറേ ബാക്കി ഉണ്ടാവുകയുള്ളൂ. രണ്ട് ക്വാർട്ടർ ആദ്യം കൊടുക്കും, പിന്നെ ഒരു ക്വാർട്ടർ കൊടുക്കും. അപ്പോൾ മൂന്ന് ക്വാർട്ടർ ആകും. നാലാമത്തെ ക്വാർട്ടർ മാർച്ച് അവസാനം കൊടുക്കാൻ പറ്റുമോ എന്ന് നോക്കട്ടെ, അല്ലാതെ ഉറപ്പിച്ചു പറയാൻ കഴിയില്ല. ഫസ്റ്റ് ക്വാർട്ടർ ഏപ്രിൽ, മേയ്, ജൂണും, കൊടുക്കും, അതുപോലെ ജൂലൈ ആഗസ്റ്റ്, സെപ്തംബറും കൊടുക്കും. ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലേതുകൂടി ഒടുവിൽ ഏപ്രിൽ

LIBRARY ARCHIVES Kerala Legislative Assembly

ആകുമ്പോൾ കൊടുക്കും. ആദ്യത്തെ രണ്ടു ഗഡുവും മാർച്ചിൽ കൊടുക്കും. എല്ലാ പൈസയും കൊടുക്കും. ബാക്കിയുള്ള എല്ലാ destitute പെൻഷനും കൊടുക്കും. അത് 70 രൂപയെന്നുള്ളത് 120 രൂപയാക്കി. അഞ്ച് , ആറ്, മാസത്തെ പൈസ ഒന്നിച്ച് കർഷകത്തൊഴിലാളികൾക്ക് കിട്ടുക, അതുകഴിഞ്ഞ് ഒരു മൂന്നുമാസത്തെ പൈസ ഇലക്ഷൻ അടുപ്പിച്ച് കിട്ടുക ഇതൊക്കെ കേൾക്കുമ്പോൾ ഇവർ ബോധംകെട്ടു വീഴുകയാണ്. അതുകൊണ്ടാണ് ഞാൻ പറയുന്നത് ഇത് കൊടുക്കും, കൊടുക്കാൻ വേണ്ടിതന്നെയാണ് കൂട്ടിയത്. എന്ത് വിഷമിച്ചാലും ശരി കൊടുക്കാതിരിക്കില്ല. ഇവരെപ്പോലെ 17 മാസത്തെ ബാക്കിവച്ച് അങ്ങനെ വഞ്ചിച്ച് ഞങ്ങൾ പോകില്ല. ഒരു സംശയവും വേണ്ട. ഇവർക്ക് പോകുമ്പോൾ ഡൈനാമിറ്റ് വച്ച് പോകാം. ഇവർ വരില്ല എന്ന് ഉറപ്പാ. മൈൻ വച്ച് പട്ടാളം പിൻവാങ്ങുന്നതു പോലെയാണ് ഇവർ. പിന്നെ നമ്മൾ അഡ്വാൻസ് ചെയ്താൽ നമ്മൾ പൊളിയും. ഞങ്ങൾ തന്നെ വരും എന്ന് ഉറപ്പുള്ളതുകൊണ്ട് മൈൻവയ്ക്കാൻ നിർവ്വാഹമില്ല. നിങ്ങൾ മനസ്സിലാക്കണം. ഞങ്ങൾ തന്നെ വരണം ഇവിടെ, അപ്പോഴത്തേയ്ക്കും ഇതുമുഴുവൻ തകർന്നുപോയാൽ പറ്റില്ലല്ലോ. ആ രീതിയിൽ ക്രൂരമായ അജ്ഞത മനസ്സിലാക്കാം. പക്ഷെ അജ്ഞത പ്രകടിപ്പിക്കാതിരിക്കാനുള്ള വിവേകം എങ്കിലും മനുഷ്യൻ കാണിക്കണം. മനസ്സിലായോ ? അജ്ഞത മാപ്പാക്കാവുന്ന കുറ്റമാണോ ? വിവരക്കേട്. പക്ഷേ അത് പ്രകടിപ്പിക്കാതിരിക്കാനുള്ള വിവേകം പ്രതിപക്ഷ നേതാവെങ്കിലും കാണിക്കണമായിരുന്നു. കണ്ടില്ലേ, അതിൽ ദുഃഖമുണ്ട്. ഈ രീതിയിൽ അധികാരം കിട്ടൂല എന്നും, അവർ തമ്മിൽ ബഹളവും, കശപിശയും ഒക്കെ ആയതോടുകൂടി, ലീഗുകാർ ഇപ്പോൾ ഇവിടെ ഇരിക്കുന്നില്ലല്ലോ, അവർക്ക് ലീഗിനെ ആവശ്യം ഉള്ളിടത്ത് കേരളത്തിൽ സഖ്യം. അവർക്ക് ഇവിടെ നല്ല Left secure force ഉള്ളിടത്തോളം കാലം, 42% ആണ് അവിടത്തെ മൈനോറിറ്റി ക്രിസ്ത്യനും, മുസ്ലീംസും കൂടി. അവരെ തൊടാൻ ഈ വർഗ്ഗീയവാദികൾ Saffron Brigade- ന്റെ ഫാസിസത്തിന് കഴിയില്ല. കാരണം ബാക്കിയുള്ള 58% നല്ലൊരു ഇടതുപക്ഷ മതേതര ജനാധിപത്യ ശക്തികളുടെ അണികളാണ്. മനസ്സിലാക്കണം. അതുപോലെ ഇസ്ലാം ഹൈന്ദവവൽക്കരിക്കണം, ക്രിസ്ത്യൻ ഹൈന്ദവവൽക്കരിക്കണം എന്നൊക്കെ പറയാൻ നിങ്ങൾക്ക് എവിടുന്ന് കിട്ടി ഈ ധൈര്യം. ഇവർക്ക് അവിടെയുള്ള ഒരു മതേതര ശക്തി എന്നുപറയുന്നത് കോൺഗ്രസാണ്. അവിടെയുള്ള ന്യൂനപക്ഷത്തെ രക്ഷിക്കാൻ മുസ്ലീം ലീഗിനെ അതുപോലെ മൈനോറിറ്റി പാർട്ടീസിന്റെ ഏതെങ്കിലും ഓർഗനൈസേഷനുമായി ആ സംസ്ഥാനങ്ങളിൽ ഐക്യം ഉണ്ടാക്കാൻ കോൺഗ്രസ് തയ്യാറാണോ ? പറയൂ. എന്നാൽ മുസ്ലീംങ്ങളെ രക്ഷിക്കാം എന്നാ പറയുന്നത്, ഇവിടെ നിങ്ങൾക്ക് രക്ഷയ്ക്കു മുസ്ലീം വേണ്ട, ഇവിടെ മുസ്ലീമിനെ കൊല്ലുമ്പോൾ നിങ്ങൾ നോക്കിയും നിൽക്കും. ഇതല്ലേ നിങ്ങളുടെ സ്ഥിതി ? ഇതല്ലേ കോൺഗ്രസ്സിന്റെ നയം ? ഞങ്ങൾക്കാർക്കും മൈനോറിറ്റിയെ രക്ഷിക്കാൻ മുസ്ലീംലീഗിന്റെയൊന്നും No objection സർട്ടിഫിക്കറ്റ് ആവശ്യമില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ, ഞങ്ങളുടെ ഈ Coalition-ന്റെ കമിറ്റ്മെന്റ് ഞങ്ങളുടെ ബാദ്ധ്യതയിൽപ്പെട്ടതാണ്. ന്യൂനപക്ഷ സംരക്ഷണം, അത് ജീവൻ കൊടുത്തും ഞങ്ങൾ ചെയ്യും. തൊഴിലാളി വർഗ്ഗത്തിന്റെ സിരകളിൽ ഒരു തുള്ളി രക്തം ബാക്കിയുള്ളിടത്തോളം കാലം ന്യൂനപക്ഷത്തിന്റെ ഒരു തുള്ളി രക്തം ഈ മണ്ണിൽ

LIBRARY ARCHIVES Kerala Legislative Assembly

വീഴാൻ ഞങ്ങൾ സമ്മതിക്കില്ല, സമ്മതിക്കില്ല, സമ്മതിക്കില്ല, യാതൊരു സംശയവും വേണ്ട. അതുപോലെ പഴയ നല്ലകാലം, തമ്പ്രാന്റെ കാലം, അടിയാന്റെ കാലം, അടിയാന്റെ കല്ലരി, അടിയാന്റെ പഴമുണ്ട്, അടിയാന്റെ പകുത്തല ആ കാലഘട്ടത്തിലേക്ക് കാര്യങ്ങൾ കൊണ്ടുപോകാതെ, ആ കാലഘട്ടം മാറി പുതിയ ഒരു കാലഘട്ടം ഉണ്ടാക്കാൻ വേണ്ടി ആയിരങ്ങൾ നടത്തിയ സമരത്തിന്റെ ബലിപീഠത്തിൽ ജീവൻ ഹോമിച്ച രക്തസാക്ഷികളെ സാക്ഷിനിർത്തിക്കൊണ്ട് ഞാൻ ഇതാ പറയുന്നു ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് അത്രത്തോളം ആളുകളെ ബലി കൊടുക്കേണ്ടി വന്നാൽ ബലികൊടുത്തും, നിങ്ങൾ വരുത്തിയ ആ പരിവർത്തനത്തെ, രക്തസാക്ഷികളെ ഒരു കാരണവശാലും ഒരിഞ്ച് പിറകോട്ട് കൊണ്ടുപോകാൻ ഞങ്ങൾ സമ്മതിക്കില്ല, സമ്മതിക്കില്ല, സമ്മതിക്കില്ല. ഞങ്ങളുടെ ശവത്തിൽ ചവിട്ടിയല്ലാതെ നിങ്ങൾക്ക് വരാൻ കഴിയില്ല. ആ ഒരു സിറ്റുവേഷനിൽ നിൽക്കുമ്പോൾ നിങ്ങൾ എല്ലാവരേയും പറ്റിച്ച് അരിയും തിന്ന്, ആളിനേയും കടിച്ച് പിന്നേയും മുന്നോട്ടു പോകുന്നു. അതുകൊണ്ട് ഈ വക ബഡായികൾക്ക് നിൽക്കരുത്. സത്യം പറഞ്ഞ് മനസ്സിലാക്കുമ്പോൾ ബേജാറായി പുറത്തേയ്ക്കാണ് പോകുക. ഇത് ഉശിരാ, ഇത് ആണുങ്ങൾക്ക് പറ്റിയ പണിയാ. ഏതായാലും തരക്കേടില്ല, ശ്രീ. ആന്റണിയുടെ ആക്രമണം കാണുമ്പോൾ ഞാൻ പോകേണ്ടതല്ലേ. ഞാൻ തികച്ചും മറുപടി പലിശയും വച്ച് പറഞ്ഞിട്ടേ പോകുകയുള്ളൂ. അതുകൊണ്ട് ഈ വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കിത്തരണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ ?

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഭേദഗതികൾ നിരാകരിച്ചിരിക്കുന്നു.

ധനകാര്യമന്ത്രി അവതരിപ്പിച്ച Demands for Grants on Accounts-നുള്ള ധനാഭ്യർത്ഥന സംബന്ധിച്ച ഉപക്ഷേപം പാസ്സാക്കണമെന്ന പ്രമേയത്തെ.

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഉപക്ഷേപം പാസ്സായിരിക്കുന്നു. വോട്ട് ഓൺ അക്കൗണ്ട് അനുവദിച്ചിരിക്കുന്നു.

(ഓർഡർ ..... ഓർഡർ .....)

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2001 മാർച്ച് മാസം 8-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 6.08 ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly